بســم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

# സത്യമിത്രം
മാസിക

ഒരു അൻസാറുല്ലാ പ്രസിദ്ധീകരണം

എഡിറ്റർ ഇൻ ചാർജ്:
എം. നാസിർ അഹ്മദ്

**2006**
**മെയ് – ജൂൺ**

1180 ഇടവം- മിഥുനം
1426 ജ.ആഖിർ -ജ.അവ്വൽ
1384 ഹിജ്റത്ത് - ഇഹ്സാൻ

പുസ്തകം 6
ലക്കം 3
വില 10 രൂപ

**SATHYAMITHRAM**
ANSARULLAH PUBLICATION

Printed and Published by
Majlis Ansarullah State
Committee,Kerala at
BRB Offset Printers & Publishers
Thavakkara, Kannur-17.
Ph: 0497-2761010,
2761020
and Edited by
M. Nasir Ahmad
Manager: Muhammed Salim,
Kannur
Ph: 98460 89896.

***Postal Address :***
Editor/Manager
Sathyamithram Monthly
Ahmadiyya Muslim
Complex, Fort Road
Kannur-1

## വി ഷ യ വി വ രം

**ആമുഖം**
മർദ്ദിതരുടെ നെടുവീർപ്പുകൾ വൃഥാവിലാവുകയില്ല ........ 4

**വിശുദ്ധ ഖുർആൻ**
സൂറത്തുൽ ബഖറ അർത്ഥം വ്യാഖ്യാനം ........ 6

**പ്രഭാഷണം**
സ്ത്രീകൾക്കുള്ള ഉപദേശം ........ 10
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ലേഖനം** യത്തീംകളുടെ പരിപാലനം ........ 13
മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

തങ്ങൾ സാഹിബ്; ഭക്തിസാന്ദ്രമായ ജീവിതം ........ 15
മുഹമ്മദ് ഇസ്മായിൽ

പാലസ്തീൻ പ്രശ്നം ........ 19
എൻ. അബ്ദുർറഹീം

**കുറിപ്പ്** ഞാൻ വിട ചോദിക്കുന്നു ........ 25
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

**സ്മരണ** 'ഖഡ്ഗ'മേന്തിയ കരങ്ങൾ ........ 27
എൻ. കുഞ്ഞഹ്മദ്

അഹ്മദിയ്യത്തിന്റെ പതാകാവാഹകൻ ........ 28
പ്രൊ. എം. മുഹമ്മദ്

എൻ. അബ്ദുർറഹീം സാഹിബ് സത്യദൂതൻ പുറങ്ങളിലൂടെ ........ 30
ഇഅ്ജാസുൽ ഹഖ്

യുഗങ്ങളെ അതിജയിച്ച സാഹിത്യസപര്യ ........ 33
എച്ച്. ശംസുദ്ദീൻ കാവശ്ശേരി

തൂലിക പടവാളാക്കിയ ത്യാഗി ........ 35
കെ.എ. അബ്ദുൽകലാം, കൊച്ചി

സത്യത്തിന്റെ ഉറ്റമിത്രമായ എൻ.അബ്ദുർറഹീം സാഹിബ് ........ 37
ടി. ശറഫുദ്ദീൻ

വിളക്കുമരം കണ്ണടക്കുമ്പോൾ ........ 39
ഉമർപാറപ്പുറത്ത്

**കുറിപ്പ്**
ഞാൻ വിരമിക്കുന്നു ........ 41
എൻ. അബ്ദുർറഹീം സാഹിബ്

വസിയ്യത്ത് ചെയ്തവർ ........ 43
മജ്ലിസ് അൻസാറുല്ലാഹ് മേഖലാ ഇജ്ത്തിമാകൾ ........ 44
ലജ്നാ സമ്മേളനം സമാപിച്ചു ........ 47

ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ്

# മർദ്ദിതരുടെ നെടുവീർപ്പുകൾ വൃഥാവിലാവുകയില്ല

## ലോകഅഹ്മദിയ്യാ സമ്മേളനത്തിൽ ഇസ്റായീലിന് താക്കീത്

**28.7.06** വെള്ളിയാഴ്ച ഇന്ത്യൻ സമയം രാത്രി പത്ത് മണിക്ക് യു.കെ. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ 40-ാമത് വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് സത്യവിശ്വാസികളുടെ നേതാവും മുഹമ്മദീ മസീഹിന്റെ ഖലീഫയുമായ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹു) പറഞ്ഞു:

“വിശുദ്ധഖുർആന്റെ ഈ പാഠം പൗരസ്ത്യർക്കും പാശ്ചാത്യർക്കും നാം പറഞ്ഞുകൊടുക്കേണ്ടതാണ്. ഖുർആനികാദ്ധ്യാപനത്തിന്റെ ഉന്നത അവസ്ഥകളുടെ പരമാർത്ഥജ്ഞാനം മുസ്ലിംകൾക്കും അറിയിച്ചുകൊടുക്കേണ്ടതാണ്. മനോഹരമായ ഇസ്ലാമികാദ്ധ്യാപനത്തിന്റെ സൗന്ദര്യം അന്യമതക്കാർക്കും പരിചയപ്പെടുത്തികൊടുക്കേണ്ടതാണ്. നിങ്ങൾ ലോകത്തോട് പറയണം: ഇന്ന് നിങ്ങളെല്ലാവരും സംഘടിച്ചുകൊണ്ട് ദരിദ്രരാഷ്ട്രങ്ങളുടേയും ഇസ്ലാമികരാഷ്ട്രങ്ങളുടേയും അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കുന്നു. അവരെ നശിപ്പിക്കാൻ അവരുടെ പിന്നാലെ കൂടിയിരിക്കുന്നു.

ഇസ്റായീൽ ഇപ്പോഴെന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് നോക്കുക. സാധാരണക്കാരേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും നിർദ്ദാക്ഷിണ്യം കൊന്നൊടുക്കുന്നു. ചില പാശ്ചാത്യഭരണകൂടങ്ങൾ അവരെ സഹായിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് പിന്തുണ നല്കിക്കൊണ്ടിരിക്കുന്നു. എന്നിട്ട് സ്വന്തം അവകാശം പിടിച്ചെടുക്കാനും പ്രതിരോധിക്കാനുമാണ് യുദ്ധം ചെയ്യുന്നതെന്ന് വിളംബരപ്പെടുത്തുന്നു. ഇത് സ്വന്തം അവകാശം പിടിച്ചെടുക്കലല്ല. മറിച്ച് അന്യന്റെ അവകാശത്തെ തട്ടിപ്പറിച്ചെടുക്കലാണ്. അക്രമംകൊണ്ട് അന്തരീക്ഷത്തെ അന്ധകാരമയമാക്കിത്തീർക്കുകയാണ്. വെളിച്ചത്തെ ഇരുട്ടാക്കി മാറ്റുകയാണ്. സയ്ദ് ചെയ്ത കുറ്റം ബക്കറിന്റെ തലയിൽ കെട്ടിവെച്ച് അവന്റെ നിരപരാധികളായ ഭാര്യമാരേയും മക്കളേയും ഏങ്ങിയേങ്ങിയുള്ള കരച്ചിലിലും നെടുവീർപ്പിലും അകപ്പെടുത്തുകയാണ്. ഈ ഏങ്ങിയേങ്ങിയുള്ള കരച്ചിലുകളും നെടുവീർപ്പുകളും വ്യർത്ഥമായിപ്പൊയ്ക്കൊള്ളുമെന്ന തോന്നൽകൊണ്ടാണ് നിങ്ങൾക്ക് പരലോകത്തെക്കുറിച്ച് ചിന്തയില്ലാത്തതെന്ന് അവരോട് പറയണം. എന്നാൽ, അങ്ങനെയല്ല. മർദ്ദിതരുടെ നെടുവീർപ്പുകൾ ഒരിക്കലും നിഷ്ഫലമായിപ്പോകുകയില്ലെന്നുള്ളത് ഞങ്ങളുടെ ദൃഢവിശ്വാസമാണ്. അതുകൊണ്ട് ഈ അതിക്രമങ്ങളിൽനിന്ന് നിങ്ങൾ പിന്തിരിയുക. നിങ്ങളുടെ പിടിവാശിയും അഹങ്കാരവും ഉപേക്ഷിക്കുക. ഈ അക്രമം ഒരിടത്ത് ഒതുങ്ങിനില്ക്കുകയില്ലെന്നും അത് മുഴുലോകത്തേയും തന്റെ പിടിയിലൊതുക്കുമെന്നും ഈ അക്രമങ്ങൾക്കെതിരെ കടുത്തശബ്ദം ഉയർത്തണമെന്നും ഓരോ അഹ്മദിയും തങ്ങളുടെ പരിസരവാസികളായ ഓരോരുത്തരോടും പറയേണ്ടതാണ്. നിങ്ങൾ ഉണർന്നുപ്രവർത്തിക്കുക. സത്യത്തോടൊപ്പം നില്ക്കുക. ന്യായമായത് പിടിച്ചെടുക്കുന്നതിനെക്കുറിച്ചും ന്യായപക്ഷത്തൂടെ നടക്കുന്നതിനെക്കുറിച്ചുമുള്ള പാഠങ്ങൾ ഞങ്ങൾ നിങ്ങൾക്കു പറഞ്ഞുതരാം.

ഇവിടെയിരിക്കുന്ന ആദരണീയരായ വ്യക്തികളോട് ഞാൻ പറയട്ടെ ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കണമെങ്കിൽ സത്യത്തെ തിരിച്ചറിയുകയും സത്യത്തിലേക്ക് നയിക്കാൻ നിങ്ങൾക്കുള്ള സ്വാധീനവും കഴിവുമുപയോഗിച്ച് ഭരണകൂടങ്ങളെ ഈ ഭാഗത്തേക്ക് തിരിച്ചുവിടുകയും ചെയ്യുക. ന്യായമായതെടുക്കുന്നതിനേയും ന്യായപക്ഷത്തൂടെ നടക്കുന്നതിനെയും കുറിച്ചുള്ള പാഠം അല്ലാഹു വിശുദ്ധഖുർആനിൽ നല്കിയിട്ടുണ്ട്. അത് ഞങ്ങളിൽനിന്ന് പഠിക്കുക. ലോകം നീതിയുടേയും ശാന്തിയുടേയും അന്തരീക്ഷമാഗ്രഹിക്കുന്നെങ്കിൽ ഞങ്ങൾ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുക. ലോകത്ത് സമാധാനം സ്ഥാപിക്കാനായി ന്യായമായതെടുക്കാനും ന്യായമായത് കൊടുക്കാനും നമുക്ക് പറയേണ്ടതായിവരും. മുസ്ലിംകളോട് പറയുക: അല്ലയോ മുസ്ലിംകളേ! നിങ്ങളും ഈ മുഹമ്മദീ മസീഹിന്റെ കാല്പാദങ്ങളിലേക്ക് വരിക. പാശ്ചാത്യനാടുകളിൽ വസിക്കുന്നവരേ, വിവിധ മതങ്ങളുടെ അനുയായികളേ, നിങ്ങളും നബി(സ)തിരുമേനിയുടെ ഈ സത്യവാനായ പ്രേമിയുടെ സന്ദേശത്തെ സശ്രദ്ധം കേൾക്കുക. ആ മഹാത്മാവ് പറയുന്നത് അനുസരിക്കുക.”

●



# എന്റെ സ്വർഗ്ഗം

ഹസ്റത്ത് വാഗ്ദത്ത മസീഹ്(അ)

ത്രിയേകത്വവിശ്വാസം കൊണ്ടുണ്ടായിട്ടുള്ള ദൂഷ്യങ്ങളെ പരിഷ്ക്കരിക്കുന്നതിന്നായാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. 40 കോടിയിലധികം വരുന്ന ജനങ്ങൾ ഹസ്റത്ത് ഈസാ(അ)യെ ദൈവമായി പൂജിക്കുന്ന അതിദാരുണമായ ഈ കാഴ്ച എന്നെ അത്യധികം വേദനിപ്പിച്ചിരിക്കുകയാണ്. മറ്റു വല്ലതും എന്റെ ജീവിതത്തിൽ ഇതിലും കൂടുതൽ എന്നെ വേദനിപ്പിച്ചതായി എനിക്കറിയില്ല. ദുഃഖവും വ്യസനവും കാരണം എനിക്ക് മരിക്കാൻ സാധ്യമായിരുന്നുവെങ്കിൽ, ഏകനും പങ്കുകാരനില്ലാത്തവനുമായ ദൈവത്തെ വിട്ടുകൊണ്ട് ഒരു പാവം മനുഷ്യനെ എന്തുകൊണ്ട് ഇവർ പൂജിക്കുന്നു എന്നും സ്വച്ഛമായ മാർഗ്ഗദർശനവും സത്യമാർഗ്ഗവും കൊണ്ട് ലോകത്ത് അവതീർണ്ണരായ ആ പ്രവാചകനെ എന്തുകൊണ്ട് അവർ വിശ്വസിക്കുന്നില്ല എന്നുമുള്ള ദുഃഖം എന്റെ അന്ത്യം കുറിക്കുമായിരുന്നു. ഈ ദുഃഖത്തിന്റെ ആഘാതത്താൽ ഞാൻ ഇല്ലാതായിത്തീരുമോ എന്നുപോലും ഞാൻ ഭയപ്പെടാറുണ്ട്. ഈ വേദന കാരണം എന്റെ അവസ്ഥ മറ്റുള്ളവർ പരലോകത്ത് സ്വർഗ്ഗം ആഗ്രഹിക്കുമ്പോൾ എന്റെ സ്വർഗ്ഗം എന്റെ ജീവിതത്തിൽ തന്നെ ഈ കൊടിയശിർക്കിൽനിന്നും ജനങ്ങൾ മോചിതരായിക്കാണുന്നതിലും ഏകദൈവത്തിന്റെ പ്രതാപം പ്രകടമാകുന്നതിലുമാണ്. എന്റെ ആത്മാവ് എപ്പോഴും ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. നാഥാ! ഞാൻ നിന്നിൽനിന്നുള്ളവനാണെങ്കിൽ നിന്റെ അനുഗ്രഹത്തിന്റെ ഛായ എനിക്കുമീതെയുണ്ടെങ്കിൽ ഹദ്റത്ത് മസീഹ്(അ)ന്റെ തലക്കുമീതെ തൂങ്ങിക്കിടക്കുന്ന അദ്ദേഹം ദൈവമാണെന്ന് വാദിച്ചു (നഊദുബില്ലാഹ്) എന്ന ആരോപണത്തിൽനിന്നും അദ്ദേഹം മുക്തമാക്കപ്പെടുന്ന ആ സുന്ദരസുദിനം എനിക്ക് കാണിച്ചുതരേണമേ! ഒരു ദീർഘകാലമായി ഞാൻ അഞ്ചുനേരവും ഇപ്രകാരം പ്രാർത്ഥിക്കാറുണ്ട്. അല്ലാഹു ഇക്കൂട്ടർക്ക് കാഴ്ച നൽകുമാറാകട്ടെ. ഇവർ അവന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും അവന്റെ റസൂലിനെ തിരിച്ചറിയുകയും ത്രിയേകത്വവിശ്വാസത്തിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുന്നവരാകുമാറാകട്ടെ. (*തബ്ലീഗെ രിസാലത്ത്, വാല്യം -7, പേ-71-72*)

●

# സൂറ: ബഖറ

## (മദീനയിൽ അവതരിച്ച അദ്ധ്യായം)

## അർത്ഥം, വ്യാഖ്യാനം

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَقُولُوا۟ رَٰعِنَا وَقُولُوا۟ ٱنظُرْنَا
وَٱسْمَعُوا۟ ۗ وَلِلْكَٰفِرِينَ عَذَابٌ أَلِيمٌ ﴿١٠٥﴾

**105 "സത്യവിശ്വാസികളെ നിങ്ങൾ 'റാഇനാ' എന്ന് പറയരുത്. 'ഉൻളുർന' എന്ന് പറയുകയും ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്യുക. നിഷേധികൾക്ക് വേദനാജനകമായ ശിക്ഷയുണ്ട്.**

*പദാർത്ഥം*

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ വിശ്വസിച്ചവരെ لَا تَقُولُوا۟ നിങ്ങൾ പറയരുത് رَٰعِنَا ഞങ്ങളെ പരിഗണിക്കുക وَقُولُوا۟ നിങ്ങൾ പറയുക ٱنظُرْنَا ഞങ്ങളെ നോക്കുക وَٱسْمَعُوا۟ നിങ്ങൾ കേൾക്കുകയും ചെയ്യുക وَلِلْكَٰفِرِينَ നിഷേധികൾക്കുണ്ട് عَذَابٌ ശിക്ഷ أَلِيمٌ വേദനാജനകമായ

*വ്യാഖ്യാനം*

തിരുനബി(സ.അ)യോട് ഏതുരീതിയിലാണ് ആദരവ് പ്രകടിപ്പിക്കേണ്ടതെന്നും അവിടത്തോട് സംസാരിക്കുമ്പോൾ എത്രമാത്രം സൂക്ഷ്മത പാലിക്കണമെന്നുമുള്ള പാഠമാണ് ഈ ആയത്തിൽ അല്ലാഹു നൽകുന്നത്. യഹൂദർ തിരുനബിയുടെ ആദരവ് സഹചരരിൽനിന്നും കുറക്കുന്നതിനും തിരുദൂതരെ ഇകഴ്ത്തിക്കാണിക്കുന്നതിനുംവേണ്ടി തിരുനബിയോട് സംസാരിക്കുമ്പോൾ ദ്വയർത്ഥങ്ങളും കുത്തുവാക്കുകളും നിറഞ്ഞ പദങ്ങൾ ഉയോഗിക്കാറുണ്ടായിരുന്നു. ഈ വാക്കുകൾ കുബുദ്ധികളായവർ പരിഹാസത്തിനും അവഹേളനത്തിനും കരുവാക്കിത്തീർത്തു. ഒരിക്കൽ ഒരു യഹൂദി തിരുനബിയോട് 'അസ്സാമു അലൈക്കും' (നിങ്ങൾക്ക് നാശമുണ്ടാവട്ടെ) എന്ന് പറഞ്ഞു. കേൾക്കുമ്പോൾ പെട്ടെന്ന് തോന്നുക 'അസ്സലാമു അലൈക്കും' (നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ) എന്ന അഭിവാദ്യവചനം ഉപയോഗിച്ചുവെന്നാണ്. യഹൂദിയുടെ ഈ വാക്ക് കേട്ട ഹസ്റത്ത് ആയിശ(റ) ശക്തമായ ഭാഷയിൽ അതിനെ പ്രതികരിക്കുകയും അലൈയ്ക്കുമുസ്സാമു വല്ലഅ്നത്ത (നിങ്ങൾക്ക് നാശവും ശാപവും ഉണ്ടാകട്ടെ) എന്ന് പറയുകയും ചെയ്തു. ആയിശ(റ)യുടെ പ്രതികരണം കേട്ട തിരുനബി (സ.അ) ഹസ്റത്ത് ആയിശയോട് പറഞ്ഞു: "ആയിശ! മയത്തിൽ പറയുക. അല്ലാഹു മയത്തോടുകൂടിയുള്ള പെരുമാറ്റം ഇഷ്ടപ്പെടുന്നു." ഇതു കേട്ടപ്പോൾ ഹസ്റത്ത് ആയിശ(റ) പറഞ്ഞു. "അല്ലാഹുവിന്റെ റസൂലേ! അവർ എന്താണ് പറഞ്ഞതെന്ന് അങ്ങ് ശ്രദ്ധിച്ചില്ലേ?" തിരുനബി പറഞ്ഞു. "അതെ ആയിശ ഞാൻ ശ്രദ്ധിച്ചു." അപ്പോൾ ആയിശ(റ) പറഞ്ഞു. എന്നാൽ എന്തുകൊണ്ട് മറുപടി പറഞ്ഞില്ല. തിരുനബി പറഞ്ഞു. "ഞാൻ മറുപടി പറഞ്ഞത് നീ ശ്രദ്ധിച്ചില്ലേ- അലൈക്കും (നിങ്ങളിലും). ഇത്ര പറഞ്ഞാൽമതി."

ഇങ്ങനെയുള്ള സംഭവങ്ങൾ അടിക്കടി നടന്നുകൊണ്ടിരുന്നു. ഈ ഖുർആൻ സൂക്തത്തിൽ അല്ലാഹു മുസ്‌ലിംകളെ ഉപദേശിക്കുന്നത് നിങ്ങൾ '*റാഇനാ*' എന്ന് പറയരുതെന്നാണ്. റാഇനാ എന്ന വാക്ക് യഹൂദർ തിരുനബിയെ പരിഹസിക്കാൻ ഉപയോഗിക്കുന്ന ഒരു വാക്കായിരുന്നു. അതിന്റെ നേരിട്ടുള്ള അർത്ഥം മോശമല്ല. ഞങ്ങളെ പരിഗണിക്കണമെന്നും ഞങ്ങളോട് കാരുണ്യത്തോടെ പെരുമാറണമെന്നുമൊക്കെയാണ്. പക്ഷേ, അവർ ഈ വാക്കുകൾ അൽപം നീട്ടിയും കുറുക്കിയും നാവിനെ വളച്ചും തിരിച്ചും ഒക്കെയാണ് ഉപയോഗിച്ചിരുന്നത്. അങ്ങനെയാകുമ്പോൾ ഇതിന്റെ അർത്ഥവും ഉദ്ദേശ്യവും മാറും. അവർക്ക് ഈ വാക്ക് ഉപയോഗിച്ച് അവരുടെ കാപട്യം മറച്ചുവെക്കാൻ കഴിയുന്നതോടൊപ്പം തിരുനബിയെ പരിഹസിക്കാൻ അവസരവും കിട്ടും. മുസ്‌ലിംകൾ നല്ല അർത്ഥത്തിൽ മാത്രമേ ഈ വാക്ക് ഉപയോഗിക്കുകയുള്ളൂ എങ്കിലും കുബുദ്ധികളും ഹൃദയത്തിൽ രോഗമുള്ളവരും ഇതിനെ ദുരുപയോഗം ചെയ്യാൻ ഇടയുണ്ട്. അതുകൊണ്ട് തിരുനബിയോടുള്ള ഇത്തരം അനാദരവ്പോലും ദൂരവ്യാപകമായ പ്രത്യാഘാതം സൃഷ്ടിക്കുന്ന ഒന്നായതുകൊണ്ട് തുടക്കത്തിൽതന്നെ ഇത് ഉപേക്ഷിക്കാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

യഹൂദർ ***റാഇനാ*** എന്ന വാക്ക് ചിലപ്പോൾ റാഊനാ എന്ന രീതിയിൽ പറയാറുണ്ട്. ***റാഊനാ*** എന്നാൽ ഞങ്ങളുടെ ഇടയാ! എന്നാണർത്ഥം. ചിലപ്പോൾ ***റഇനാ*** എന്ന് പറയും. ഇതിന്റെ അർത്ഥം വിഡ്ഢി, തന്നിഷ്ട

ക്കാരൻ, അഹങ്കാരി എന്നെല്ലാമാണ്. ഇതിന്റെ മറ്റൊരർത്ഥം ***റാഇനാ*** എന്നു പറഞ്ഞാൽതന്നെ പരസ്പരമുള്ള പരിഗണനയും കൂടിയാണ്. അതായത് ഞങ്ങളെ പരിഗണിക്കുകയാണെങ്കിൽ ഞങ്ങൾ അങ്ങോട്ടും പരിഗണിക്കുന്നതാണ്. ചില നിബന്ധനയോടുകൂടിയുള്ള പരിഗണനയായിരിക്കും അത്. ഇങ്ങനെ വ്യത്യസ്ത ശൈലിയിൽ വ്യത്യസ്ത അർത്ഥങ്ങൾ വരുന്ന വാക്കുകൾ നിങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അത് തിരുനബി(സ)യോട് കാണിക്കുന്ന അപമര്യാദയായിരിക്കും. അതുകൊണ്ട് ഇതിൽനിന്നെല്ലാം മുക്തമായ വാക്കുകൾ ഉച്ചരിക്കുക.

തുടർന്ന് അല്ലാഹു പറയുന്നു. ***വസ്മഊ*** നിങ്ങൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്യുക. തിരുനബി (സ.അ) ഒരുകാര്യം പറയുമ്പോൾ വീണ്ടും വീണ്ടും എന്താണ് പറഞ്ഞതെന്ന് ചോദിക്കാതെ പ്രഥമശ്രവണത്തിൽതന്നെ അത് മനസ്സിലാക്കാൻ ശ്രമിക്കണം. നിങ്ങൾ പരസ്പരം കാര്യങ്ങൾ പറയുന്നതുപോലെ ആയിരിക്കരുത് പ്രവാചകന്മാരോടുള്ള സമീപനം. പറയുമ്പോൾ സൂക്ഷിക്കുക. അദ്ദേഹം പറയുന്ന കാര്യങ്ങൾ ചെവികൂർപ്പിച്ചു കേൾക്കുക.

'***വലിൽ കാഫിരീന അദാബുൻ അലീം***' എന്ന് പറഞ്ഞുകൊണ്ട് ഈ നിർദ്ദേശങ്ങളെ തിരസ്കരിക്കുന്നവർക്ക്, ഇതിനെ നിഷേധിക്കുന്നവർക്ക് വേദനാജനകമായ ശിക്ഷയെക്കുറിച്ച് അല്ലാഹു താക്കീത് നൽകുകയാണ്. ഇത്തരം പ്രവൃത്തികൾ സമൂഹത്തിൽ അശാന്തിയും ഭിന്നതയും ഉണ്ടാകുന്നതിന് കാരണമാകുന്നതാണ്. അതുകൊണ്ട് വളച്ചൊടിച്ച് കാര്യങ്ങൾ പറയുന്നതിൽനിന്നും കുത്തുവാക്കുകളും മറ്റുള്ളവരെ വേദനിപ്പിക്കുന്നതിനും ഇകഴ്ത്തിക്കാണിക്കുന്നതിനും വേണ്ടി ദ്വ്യർത്ഥവാക്കുകൾ ഉച്ചരിക്കുന്നതിൽനിന്നും വിട്ടുനിൽക്കുക.

---

مَا يَوَدُّ الَّذِينَ كَفَرُوا مِنْ أَهْلِ الْكِتَابِ وَلَا الْمُشْرِكِينَ
أَنْ يُنَزَّلَ عَلَيْكُمْ مِنْ خَيْرٍ مِنْ رَبِّكُمْ ۗ وَاللَّهُ يَخْتَصُّ
بِرَحْمَتِهِ مَنْ يَشَاءُ ۚ وَاللَّهُ ذُو الْفَضْلِ الْعَظِيمِ ﴿١٠٥﴾

**106. "വേദക്കാരിൽനിന്നും ബഹുദൈവ വിശ്വാസികളിൽനിന്നും നിഷേധിച്ചിട്ടുള്ളവർ, നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് എന്തെങ്കിലും നന്മ ഇറക്കപ്പെടുന്നത് ഇഷ്ടപ്പെടുന്നില്ല. എന്നാൽ, അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് തന്റെ കാരുണ്യം പ്രത്യേകമായി നൽകുന്നു. അല്ലാഹു മഹത്തായ അനുഗ്രഹത്തിന്റെ നാഥനാകുന്നു."**

***പദാർത്ഥം***

مَا يَوَدُّ الَّذِينَ كَفَرُوا നിഷേധികൾ ഇഷ്ടപ്പെടുന്നില്ല مِنْ أَهْلِ الْكِتَابِ വേദക്കാരിൽനിന്ന് وَلَا الْمُشْرِكِينَ ബഹുദൈവവിശ്വാസികളിൽനിന്നും أَنْ يُنَزَّلَ عَلَيْكُمْ നിങ്ങൾക്ക് ഇറക്കപ്പെടുന്നത് مِنْ خَيْرٍ നന്മയിൽനിന്ന് مِنْ رَبِّكُمْ നിങ്ങളുടെ നാഥനിൽ നിന്ന് وَاللَّهُ يَخْتَصُّ അല്ലാഹു പ്രത്യേകമായി നൽകുന്നു بِرَحْمَتِهِ തന്റെ കാരുണ്യം مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَاللَّهُ ذُو الْفَضْلِ അല്ലാഹു അനുഗ്രഹത്തിന്റെ നാഥനാണ് الْعَظِيمِ മഹത്തായ

---

***വ്യാഖ്യാനം***

യഹൂദർക്കും ബഹുദൈവവിശ്വാസികൾക്കും മുസ്‌ലിംകൾക്ക് ഏതെങ്കിലും നന്മ വരുന്നത് തീരെ സഹിക്കില്ല. കാരണം യഹൂദർ കരുതുന്നത് ആത്മീയതയുടെ കുത്തകാവകാശികൾ അവരാണെന്നാണ്. തിരുനബി(സ.അ)ന് അല്ലാഹു നൽകിയിരിക്കുന്ന വെളിപാടുകളും ആത്മീയാനുഗ്രഹങ്ങളും കണ്ട് അസൂയപൂണ്ട ഇവർ ജനങ്ങളെ തിരുനബിയിൽനിന്നും അകറ്റിനിർത്തുന്നതിന് ചെയ്യാവുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുന്നു. അവർ ഇസ്‌ലാമിന്റെ ശത്രുക്കളുമായി ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്യുന്നു. സംസാരത്തിൽ കുത്തുവാക്കുകളും ദ്വ്യർത്ഥപദങ്ങളും ഉപയോഗിച്ച് ജനങ്ങളെ തിരുനബിയിൽനിന്ന് അകറ്റാൻ ശ്രമിക്കുന്നു. കാരണം അവരുടെ വാദപ്രകാരം ആത്മീയജ്ഞാനങ്ങൾ, വെളിപാടുകൾ എല്ലാം അവർക്കു മാത്രം അവകാശപ്പെട്ടതാണ്. മറ്റുള്ളവർക്ക് ഈ അനുഗ്രഹങ്ങൾ ലഭിക്കാൻ പാടില്ല. എന്നാൽ, അല്ലാഹു പറയുന്നു. അല്ലാഹു ഇച്ഛിക്കുന്നവർക്ക് അവൻ അനുഗ്രഹങ്ങൾ നൽകും. അതിനെ തടയാൻ ആരാലും സാധ്യമല്ല. എല്ലാ അനുഗ്രഹങ്ങളും അവന്റെ പക്കലാണുള്ളത്. ഓരോകാലത്തേക്കും അതിന്നർഹരായിട്ടുള്ളത് ആരാണെന്നു നോക്കി അവൻ അത് നൽകുന്നു.

---

مَا نَنْسَخْ مِنْ آيَةٍ أَوْ نُنْسِهَا نَأْتِ بِخَيْرٍ مِنْهَا أَوْ
مِثْلِهَا ۗ أَلَمْ تَعْلَمْ أَنَّ اللَّهَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿١٠٦﴾

**107. "ഏതെങ്കിലും ആയത്ത് (വചനം) നാം ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മൃതമാക്കുകയോ ചെയ്യുകയാണെങ്കിൽ അതിനേക്കാൾ ഉത്തമമോ തത്തുല്യമോ ആയത് നാം കൊണ്ടുവരുന്നതാണ്. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണ്ണമായും കഴി**

*പദാർത്ഥം*

## വുള്ളവനാണെന്ന് നീ അറിഞ്ഞിട്ടില്ലെ?''

مَا نَنْسَخْ ഏതൊന്ന് നാം ദുർബലപ്പെടുത്തന്നു مِنْ اٰيَةٍ വചനം, ദൃഷ്ടാന്തം اَوْ نُنْسِهَا അല്ലെങ്കിൽ നാം വിസ്മൃതമാക്കുന്നു نَأْتِ നാം കൊണ്ടുവരുന്നു بِخَيْرٍ مِّنْهَآ അതിനേക്കാളും ഉത്തമമായതിനെ اَوْ مِثْلِهَا അല്ലെങ്കിൽ തത്തുല്യമായതിനെ اَلَمْ تَعْلَمْ നീ അറിയില്ലേ اَنَّ اللّٰهَ നിശ്ചയമായും അല്ലാഹു عَلٰى كُلِّ شَىْءٍ താനുദ്ദേശിക്കുന്ന എന്തിനും قَدِيْرٌ കഴിവുള്ളവൻ.

---

*വ്യാഖ്യാനം*

മുസ്‌ലിംകളിൽ ചിലരും അമുസ്‌ലിംകളിൽ പലരും ഏറ്റവും കൂടുതൽ തെറ്റിദ്ധരിച്ച വചനമാണിത്. ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിലെ പല ആയത്തുകളും ദുർബലപ്പെട്ടുപോയെന്നും പല കല്പനകളും കാലഹരണപെട്ടുപോയെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ലോകത്ത് വന്ന് ഇസ്‌ലാമിനുവേണ്ടി ചെയ്ത ഏറ്റവും വലിയ സേവനങ്ങളിൽ ഒന്ന് വിശുദ്ധഖുർആനിൽ ഒരായത്ത് എന്നല്ല അതിന്റെ ഒരു വാക്കുപോലും ദുർബലപ്പെടുകയോ കാലഹരണപ്പെട്ടുപോവുകയോ ചെയ്തിട്ടില്ലെന്ന് തെളിയിച്ചതാണ്.

ഇസ്‌ലാമിലെ പല പണ്ഡിതന്മാരും വിശുദ്ധഖുർആനിലെ ആയത്തുകൾ ദുർബലപ്പെട്ടുപോയിട്ടുണ്ട്, മൻസൂഖ് ആയിട്ടുണ്ട് എന്ന് വാദിക്കുന്നവരാണ്. വിശുദ്ധഖുർആനിൽ മൻസൂഖ് ഇല്ലാ എന്ന് ആരെങ്കിലും പറഞ്ഞാൽ പറഞ്ഞവരെ കാഫിറാക്കുന്നവരാണവർ. അവരുടെ പക്കൽ മൻസൂഖ് വിവിധതരത്തിലാണ്.

1. ആയത്ത് ഖുർആനിൽ ഇല്ല, എന്നാൽ കല്പന നിലവിലുണ്ട്താനും.

വിശുദ്ധഖുർആനിൽ ആദ്യം ആയത്ത് ഉണ്ടായിരുന്നുവെങ്കിലും പിന്നീട് അത് നീക്കം ചെയ്യപ്പെടുകയും എന്നാൽ കല്പന ഇന്നും പ്രാബല്യത്തിലിരിക്കുകയും ചെയ്യുന്നുവെന്ന് അവർ പറയുന്നു. ഉദാഹരണത്തിന് അവർ പറയുന്നത് "***അശൈഖു വ ശ്ശൈഖത്തു ഇദാ സനയാ ഫർജുമൂഹുമാ നകാലൻമിനല്ലാഹി വല്ലാഹു അസീസും ഹകീം***" (*റൂഹുൽമആനി*)

അർത്ഥം: വൃദ്ധരായ പുരുഷനും സ്ത്രീയും വ്യഭിചരിച്ചാൽ അവരെ എറിഞ്ഞുകൊല്ലുക. ഇത് അല്ലാഹുവിൽനിന്നുള്ള ശിക്ഷയാണ്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാകുന്നു.

വിശുദ്ധഖുർആനിൽ മൻസൂഖ് ഉണ്ട് എന്ന് പറയുന്നവർ വിശുദ്ധഖുർആനിൽ ആദ്യം ഇങ്ങനെ ഒരായത്ത് ഉണ്ടായിരുന്നുവെന്നും പിന്നീടത് നീക്കം ചെയ്യപ്പെട്ടതാണെന്നും എന്നിരുന്നാലും ഈ കല്പന ഇന്നും പ്രാബല്യത്തിലുണ്ടെന്നും പറയുന്നു.

നീക്കപ്പെട്ട മറ്റൊരായത്ത് അവർ പറയുന്നത് ഇപ്രകാരമാണ്. "***ലൗകാന ലി ഇബ്നി ആദമ വാദിയാനി മിൻമാലിൻ ലബ്തഗാ വാദിയൻ സാലിസൻ വലായംലഉ ജൗഫഹു ഇല്ലത്തുറാബ്***" (*ഫത്തഹുൽബയാൻ*)

ആദം സന്തതിക്ക് രണ്ട് താഴ്‌വരകൾ നിറയെ പണം ലഭിച്ചാലും അവൻ മൂന്നാമതൊരു താഴ്‌വരകൂടി ലഭിച്ചിരുന്നെങ്കിൽ എന്നാഗ്രഹിക്കും. മണ്ണല്ലാതെ ആദം സന്തതിയുടെ വയറ് നിറക്കുകയില്ല.

2. മൻസൂഖിന്റെ രണ്ടാമത്തെ രൂപം, ആയത്ത് ഖുർആനിൽ ഉണ്ടെങ്കിലും അതിന്റെ കല്പന ഇന്ന് പ്രാബല്യത്തിലില്ല എന്നതാണ്.

ഉദാഹരണമായി ***ലാ ഇക്റാഹ ഫിദ്ദീൻ-*** ദീനിൽ ബലാൽക്കാരമില്ല. ഈ ആയത്തിലെ കല്പന ജിഹാദിന്റെ ആയത്ത് ഇറങ്ങിയതോടുകൂടി ദുർബലപ്പെട്ടുപോയി. ഈ ആയത്തിനെ മൻസൂഖാണെന്ന് പറയുന്നവർ, ബലം പ്രയോഗിച്ച് എല്ലാവരേയും ഇസ്‌ലാമിൽ പ്രവേശിപ്പിക്കണം എന്ന് വിശ്വസിക്കുന്നവരാണ്.

3. മൻസൂഖിന്റെ മൂന്നാമത്തെ രൂപം, ആയത്തും കല്പനയും ഇന്ന് പ്രബാല്യത്തിലില്ല. ആദ്യം ആയത്ത് ഉണ്ടായിരുന്നു. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ഇന്ന് അത് രണ്ടും ഇല്ല. ഉദാ: കഅ്ബയിലേക്ക് തിരിയാൻ വേണ്ടി ഇറങ്ങിയ ആയത്തിനു മുമ്പ് ബൈത്തുൽ മുഖദ്ദസിലേക്ക് തിരിയാൻ നിർദ്ദേശമുണ്ടാവുകയും അതനുസരിച്ച് മുസ്‌ലിംകൾ ബൈത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയും ചെയ്തു. എന്നാൽ, കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്കരിക്കുവാനുള്ള കല്പന വന്നപ്പോൾ ഇത് രണ്ടും ദുർബലപ്പെടുകയുണ്ടായി.

ചുരുക്കത്തിൽ ഓരോരുത്തരും ഏതെങ്കിലും വിധത്തിൽ വിശുദ്ധഖുർആന്റെ ആയത്തുകളെ ദുർബലപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഒരാൾക്ക് വിശുദ്ധഖുർആന്റെ ഒരായത്തിന്റെ ആശയം മനസ്സിലായിട്ടില്ലെങ്കിൽ ഉടനെ അത് ദുർബലപ്പെട്ടതായി കരുതി അതിനെ തള്ളിക്കളയുന്നു. എന്തുമാത്രം വലിയ അപകടമാണ് ഇതുമുഖേന അവർ ഇസ്‌ലാമിന് വരുത്തിവെച്ചിരിക്കുന്നത്. അഞ്ചായത്തുമുതൽ ആയിരത്തിഒരുനൂറ് ആയത്തുവരെ ദുർബലപ്പെട്ടുപോയെന്ന് പറഞ്ഞവരുണ്ട്. വിശുദ്ധഖുർആനിലെ ആയത്തുകൾ ദുർബലപ്പെട്ടുപോയിട്ടുണ്ടെങ്കിൽ വിശുദ്ധഖുർആന്റെ വിശ്വാസ്യത തന്നെ നഷ്ടമാവില്ലേ? പിന്നെ ഇതിന് എന്ത് പ്രസക്തിയാണു

ണ്ടാവുക. നാം എടുക്കുന്ന ആയത്ത് ദുർബലപ്പെട്ട താണോ അല്ലേ എന്ന് എന്താണൊരുറപ്പ്. ദുർബലപ്പെട്ട ആയത്തുകൾ ഇതാണെന്ന ലിസ്റ്റൊന്നും അല്ലാഹു വിശുദ്ധഖുർആനോടൊപ്പം നൽകിയിട്ടില്ല. തിരുനബി(സ) പറഞ്ഞുതന്നിട്ടുമില്ല. വിശുദ്ധഖുർആനിൽ ദുർബലപ്പെ ട്ട ആയത്തുകളുണ്ട് എന്ന് പറയുമ്പോൾ അല്ലാഹു വിന്റെ അറിവുകൂടി ഇവിടെ ചോദ്യം ചെയ്യപ്പെടുക യാണ്. എന്നാൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) വന്നുകൊണ്ട് ലോകത്തോട് പറഞ്ഞു: വിശുദ്ധഖുർ ആനിൽ ഒരായത്തുപോലും ദുർബലപ്പെട്ടിട്ടില്ല. ബിസ്മില്ലായുടെ 'ബി' മുതൽ വന്നാസിന്റെ 'സീൻ' വരെയുള്ള എല്ലാ വചനവും ഇന്നും പ്രാബല്യത്തി ലുള്ളതുതന്നെ. അത് ഖിയാമത്തുനാൾ വരെ പ്രാബ ല്യത്തിലുണ്ടായിരിക്കുകയും ചെയ്യും.

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. "***സനുക്ക്രി ഉക ഫലാ തൻസാ***" നീ ഒരിക്കലും മറന്നുപോകാത്ത രീതിയിൽ നിന്നെ ഞാൻ പഠിപ്പിക്കുന്നതാണ്.

വീണ്ടും അല്ലാഹു പറയുന്നു: "***ഇന്നാ നഹ്നു നസ്സൽന്ന ദിക്റ വഇന്നാലഹൂ ലഹാഫിളൂൻ***" നാമാണ് ഈ ദിക്റിനെ ഇറക്കിയിരിക്കുന്നത്. നാം തന്നെ ഇതിനെ സംരക്ഷിക്കുകയും ചെയ്യും.

അല്ലാഹു ഇറക്കിയ ഈ ഗ്രന്ഥത്തിന്റെ സംരക്ഷണവും അല്ലാഹു ഏറ്റെടുത്തിരിക്കുകയാണ്. ഇതിൽ ദുർബല പ്പെട്ട പലതുമുണ്ടെങ്കിൽ പിന്നെ ഇതിനെ സംരക്ഷി ക്കേണ്ടത് എന്തിന്? ഇതിൽപെടാതെ പോയ പലതുമു ണ്ടെങ്കിൽ ഇതിന്റെ സംരക്ഷണം എവിടെ?

ചുരുക്കത്തിൽ വിശുദ്ധഖുർആനിൽ ദുർബലപ്പെട്ട ആയത്തുകൾ ഉണ്ട് എന്ന് പറയുന്നത് പരമവിഡ്ഢി ത്തമാണെന്നതിന് യാതൊരു സംശയവുമില്ല. ഇനി നമുക്ക് നോക്കാനുള്ളത് ഈ ആയത്തിന്റെ അർത്ഥ മെന്ത്? ഇതിന്റെ തൊട്ടുമുമ്പിലെ ആയത്തുകളുമായി ഇതിനെന്തു ബന്ധം എന്നാണ്.

ഈ ആയത്തിന് തൊട്ടുമുമ്പ് പറഞ്ഞത് യഹൂദരുടെ കാര്യമാണ്. യഹൂദരുടെ വാദം അല്ലാഹുവിന്റെ പ്രത്യേക കാരുണ്യത്തിനും അനുഗ്രഹത്തിനും അർഹർ അവർ മാത്രമാണെന്നാണ്. അവരുടെ അടു ത്തേക്ക് അല്ലാഹു കുറേ പ്രവാചകന്മാരെ അയക്കുകയും അവരെ അവർ അംഗീകരിക്കുകയും ചെയ്തു. അതി നാൽ മറ്റുള്ളവർ ഈ അനുഗ്രഹം അവകാശപ്പെടു ന്നുണ്ടെങ്കിൽ അത് ശരിയല്ല. അതുകൊണ്ടാണ് ഇതിനു തൊട്ടുമുമ്പിലെ ആയത്തിൽ അല്ലാഹു പറ യുന്നത് മുസ്ലിംകൾക്ക് ദൈവത്തിൽനിന്ന് വല്ല അനു ഗ്രഹം ലഭിക്കുകയാണെങ്കിൽ അവരതിനെ തീരെ ഇഷ്ട പ്പെടുകയില്ല എന്ന്. അല്ലാഹു അതിന് നൽകിയ മറു പടി അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് തന്റെ ഫള്ൽ നൽകും എന്നാണ്. ഇവിടെ മുഹമ്മദ്നബി(സ.അ)ക്ക് അല്ലാഹു തന്റെ അനുഗ്രഹം നൽകി. ആരാണ് അനു ഗ്രഹത്തിന് അർഹരെന്നും ആർക്കാണ് നൽകേണ്ട തെന്നും അല്ലാഹുവിന്നറിയാം. എന്നാൽ യഹൂദികളുടെ ഒരു ചോദ്യംകൂടി ഇവിടെ അവശേഷിക്കുന്നുണ്ട്. ഇവിടെ ഒരു ഗ്രന്ഥം നിലനിൽക്കേ ഇനി എന്തിനാണ് പുതിയ ഒരു ഗ്രന്ഥം? ഈ ചോദ്യത്തിന് മറുപടിയാണ് പ്രസ്തുത ആയത്ത്.

ഇതിന് മറുപടിയായി അല്ലാഹു പറയുന്നു. ഇതിന് മുമ്പുള്ള ഗ്രന്ഥത്തിലെ ചില കല്പനകൾ കാലികമാ യിരുന്നു. അത് എല്ലാ കാലത്തേക്കും യോജിച്ചതായി രുന്നില്ല. അതുകൊണ്ട് അത് ദുർബലപ്പെടുത്തിയിരി ക്കുന്നു. അതോടൊപ്പംതന്നെ നൂറ്റാണ്ടുകൾ പിന്നിട്ട പ്പോൾ പഴയ ഗ്രന്ഥത്തിലെ പലതും ജനങ്ങൾ മറന്നു പോവുകയും ചെയ്തു. അത് നവമായരീതിയിൽ ഓർമ്മപ്പെടുത്തേണ്ടതും ആവശ്യമായിരുന്നു. അതു കൊണ്ട് ഇവിടെ ഒരു പുതിയ ഗ്രന്ഥത്തിന്റെ ആവശ്യം നേരിട്ടിരിക്കുകയാണ്. ദുർബലപ്പെടുത്തിയ കല്പന കൾക്ക് പകരം അതിനേക്കാളും ഉത്തമമായതും മറ ന്നുപോയ കല്പനക്ക് തത്തുല്യമായ കല്പനകളും ഉൾക്കൊള്ളുന്ന പുതിയൊരു ഗ്രന്ഥമാണ് ഈ ഇറക്കി യിരിക്കുന്നത്. അതുകൊണ്ട് ഇതിൽനിന്നും മുഖംതി രിക്കാൻ ആർക്കും അവകാശമില്ല.

***അലം തഅ്ലം അന്നല്ലാഹ ലഹൂ മുൽകു സ്സമാ വാത്തി വൽഅർളി*** എന്നു പറഞ്ഞുകൊണ്ട് അല്ലാഹു തന്റെ അധികാരത്തേയും ലക്ഷ്യത്തേയും തുടർന്ന് വിവരിക്കുന്നു. അല്ലാഹു ഉദ്ദേശിക്കുന്നത് പുതിയൊരു ആകാശവും പുതിയൊരു ഭൂമിയും സൃഷ്ടിക്കാനാണ്. അതിന് പുതിയൊരു ഗ്രന്ഥത്തിന്റെ ആവശ്യമുണ്ട്.

ചുരുക്കത്തിൽ ഇവിടെ വിശുദ്ധഖുർആന്റെ ആയത്തു കൾ ദുർബലപ്പെട്ടു എന്നല്ല പറയുന്നത്. മറിച്ച് ഇതിനു മുമ്പുള്ള ഗ്രന്ഥത്തിലെ ആയത്തുകൾ ദുർബലപ്പെ ടുത്തി, എന്നെന്നും നിലനിൽക്കുന്ന കല്പനകൾ അട ങ്ങിയ ഒരു ഗ്രന്ഥം ഇറക്കി എന്നാണ്. ഇങ്ങനെ ഒരു ഗ്രന്ഥം ഇറക്കാനും ലോകത്ത് വൻവിപ്ലവം ഉണ്ടാ ക്കാനും കഴിവുള്ളവൻ കൂടിയാണ് അല്ലാഹു. അതിന് കഴിവുള്ളവരെയാണ് അല്ലാഹു ഇതിന്നായി തിരഞ്ഞെ ടുത്തിരിക്കുന്നത്. ചുരുക്കത്തിൽ വിശുദ്ധഖുർആന്റെ ആയത്തുകളുടെ കാര്യമല്ല. മറിച്ച്, മുൻവേദഗ്രന്ഥങ്ങ ളുടെ കാര്യമാണ് ഇവിടെ അല്ലാഹു പറയുന്നത്. ഈ ആയത്തിന്റെ മുകളിലും താഴേയും നോക്കാതെ അർത്ഥം നൽകി കണ്ടതെല്ലാം ദുർബലപ്പെടുത്തി തടി രക്ഷപ്പെടുത്തുന്ന പണ്ഡിതരിൽനിന്നും അല്ലാഹു നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ.

●

മിർസാ ഗുലാം അഹ്മദ്(അ)

പ്രഭാഷണം

# സ്ത്രീകൾക്കുള്ള ഉപദേശം

(1903 ജൂലൈ 12 അസ്റിനുശേഷം)

നബി(സ) തിരുമേനിയുടെ ഭാര്യമാരേക്കാൾ ഉന്നതരാകാൻ ആർക്കും സാധ്യമല്ല. എന്നിട്ടും അവിടത്തെ ഭാര്യമാർ അടിച്ചുവാരൽ ഉൾപ്പെടെയുള്ള എല്ലാ ജോലികളും ചെയ്യാറുണ്ടായിരുന്നു. അതിനോടൊപ്പം ആരാധനാകർമ്മങ്ങളും നിർവഹിച്ചിരുന്നു. ഒരു ഭാര്യ തന്റെ സുരക്ഷിതത്വത്തിനായി ഒരു കയർ കെട്ടിതൂക്കിയിട്ടിരുന്നു- ആരാധനയിൽ മുഴുകുമ്പോൾ ഉറക്കം വരാതിരിക്കാൻ. സ്ത്രീകൾക്ക് ആരാധനയുടെ ഒരു ഭാഗം ഭർത്താക്കന്മാരോടുള്ള കടമ നിറവേറ്റലാണ്; ഒരു ഭാഗം അല്ലാഹുവിനോട് നന്ദി കാണിക്കുക എന്നതും. അല്ലാഹുവിനോട് നന്ദി കാണിക്കുകയും അവനെ സ്തുതിക്കുകയും ചെയ്യുക എന്നതും ആരാധനയാണ്. ആരാധനയുടെ രണ്ടാമത്തെ ഭാഗം നമസ്കാരമനുഷ്ഠിക്കുക എന്നതാണ്.

ഏതോ ഒരു നവാബുണ്ടായിരുന്നു. അയാൾ സുബ്ഹി നമസ്കാരത്തിന് ഉണരുമായിരുന്നില്ല. ഒരു മൗലവി അദ്ദേഹത്തെ ഉപദേശിച്ചു. അപ്പോൾ അദ്ദേഹം തന്റെ പരിചാരകനോട്, സുബ്ഹിക്ക് തന്നെ ഉണർത്തണമെന്ന് പറഞ്ഞു. പരിചാരകൻ രണ്ടുമൂന്ന് പ്രാവശ്യം അയാളെ ഉണർത്തി. ആദ്യം ഉണർത്തിയപ്പോൾ അയാൾ ഒരുഭാഗത്തേക്ക് ചരിഞ്ഞുകിടന്നു. രണ്ടാമതുണർത്തിയപ്പോൾ മറുഭാഗത്തേക്ക് ചരിഞ്ഞുകിടന്നു. മൂന്നാമതും ഉണർത്തിയപ്പോൾ അയാൾ എഴുന്നേറ്റ് അവനെ അടിക്കുകയും, ദുഷ്ടാ! ഒരുപ്രാവശ്യം ഉണർത്തിയപ്പോൾ ഞാൻ ഉണർന്നില്ല. അതുകണ്ടപ്പോൾ ഉണരുകയില്ലെന്ന് നിനക്കറിയില്ലേ? പിന്നെന്തിനാണ് നീ വീണ്ടും ഉണർത്തിയത്? എന്ന് ചോദിക്കുകയും മർദ്ദിക്കുകയും ചെയ്തു. അവന് ബോധംകെടുവോളം അയാൾ തല്ലി.

അയാൾതന്നെയാണ് മൗലവിയുടെ ഉപദേശം കേട്ടുകൊണ്ട് തന്നെ ഉണർത്തണമെന്ന് അവനോട് പറഞ്ഞത്. അങ്ങനെ ഉണർത്തിയപ്പോൾ ആ പാവത്തിന് അത് നാശമായി. ഇതിനുകാരണം ആരുടെ കൈയിലാണോ ഒരുപാട് സ്വത്തുള്ളത് അവന് അല്ലാഹുവിനോടുള്ള കടമയെക്കുറിച്ച് വിചാരമേ ഇല്ലാത്തവിധം അശ്രദ്ധനായിത്തീരുന്നുവെന്നതാണ്. അധികവും അഹങ്കാരത്തിന്റെ അംശമാണ് സമ്പന്നരിലുള്ളത്. അക്കാരണത്താൽ അല്ലാഹുവിനെ ആരാധിക്കാൻ അവർക്ക് സാധിക്കുന്നില്ല. സൃഷ്ടികളെ സേവിക്കുക എന്ന രണ്ടാമത്തെ ഭാഗവും അവരിൽനിന്നുണ്ടാകുന്നില്ല. സൃഷ്ടികളെ സേവിക്കുക എന്നതിന്റെ അവരുടെ അവസ്ഥ എന്താണെന്നുവെച്ചാൽ, ഏതെങ്കിലും ഒരു സാധുമനുഷ്യൻ സലാം പറഞ്ഞാൽ അതും അവർക്ക് കുറച്ചിലാണ്. അപ്രകാരംതന്നെയാണ് സ്ത്രീകളുടേയും അവസ്ഥ. ഏതെങ്കിലും പ്രായംകുറഞ്ഞ സ്ത്രീ വന്നാൽ പ്രായംകൂടിയവർക്ക് സലാം പറയേണ്ടതാണ്. അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും ശരീഅത്തിന്റെ രണ്ടുഭാഗങ്ങളാണ്. നബി(സ) തിരുമേനി എത്രമാത്രം തന്റെ പ്രായം സേവനത്തിൽ കഴിച്ചുകൂട്ടിയിരുന്നുവെന്ന് നോക്കുക. ഹസ്റത്ത് അലിയുടെ അവസ്ഥ തന്നെയെടുക്കാം. കണ്ടംവെച്ച് കണ്ടംവെച്ച് തന്റെ വസ്ത്രത്തിൽ അതിന് സ്ഥലമില്ലാതായിത്തീർന്നിരുന്നു. ഹസ്റത്ത് അബൂബക്കർ വൃദ്ധയായ ഒരു സ്ത്രീക്ക് സ്ഥിരമായി ഹൽവാ കൊടുക്കുമായിരുന്നു. അതെത്രമാത്രം കൃത്യനിഷ്ഠയോടെയായിരുന്നുവെന്ന് നോക്കുക. അദ്ദേഹം മരണപ്പെട്ടപ്പോൾ ആ വൃദ്ധ, അബൂബക്കർ മരിച്ചിരിക്കുന്നുവെന്ന് പറഞ്ഞു. നിങ്ങൾക്കെന്താ ഇൽഹാമോ വഹ്യോ ഉണ്ടായോ എന്ന് അയൽവാസികൾ അവരോടു ചോദിച്ചു. അവർ പറഞ്ഞു. ഇല്ല. ഇന്ന് ഹൽവായും കൊണ്ടുവന്നില്ല. അതുകൊണ്ട് മരിച്ചുപോയെന്ന് മനസ്സിലായി. അതായത്, അബൂബക്കർ ജീവിച്ചിരിപ്പുണ്ടെങ്കിൽ ഹൽവാ കൊടുത്തയക്കാതിരിക്കുന്ന പ്രശ്നമേയില്ല. നോക്കുക, എങ്ങനെയുള്ള സേവനമായിരുന്നു അത്. ഇങ്ങനെ എല്ലാവരും സൃഷ്ടിസേവനം ചെയ്യേണ്ടതാണ്. ഒരു രാജാവ് വിശുദ്ധഖുർആൻ പകർത്തിയെഴുതി തന്റെ ജീവിതം കഴിച്ചിരുന്നു.

ആർക്കെങ്കിലും ആരോടെങ്കിലും വെറുപ്പുണ്ടെങ്കിൽ- അതവരുടെ വസ്ത്രംകൊണ്ടാവട്ടെ, മറ്റെന്തെങ്കിലും കാര്യത്താലാവട്ടെ അവരിൽനിന്ന് അകന്നുമാറേണ്ടതാണ്, മുഖത്തുനോക്കി പറയരുത്. ഇത് മനസ്സിനെ മുറിവേല്പിക്കലാണ്. മനസ്സിനെ മുറിപ്പെടുത്തൽ പാപമാണ്. ആരോടെങ്കിലുമൊപ്പമിരുന്ന് ഭക്ഷണം കഴിക്കാൻ മനസ്സുവരുന്നില്ലെങ്കിൽ മറ്റെന്തെങ്കിലും ഒഴികഴിവ് പറഞ്ഞ് മാറിപ്പോകുക. അല്ലാഹു പറയുന്നു:

***ലയ്സ അലയ്ക്കും ജുനാഹുൻ അൻ തഅ്കുലൂ ജമീഅൻ അവ അശ്താത്താ*** (നിങ്ങൾ ഒരുമിച്ചോ വെവ്വേറെയോ ഭക്ഷണം കഴിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല- 24:62)

എന്നാൽ അത് പ്രകടിപ്പിക്കുന്നത് നല്ലതല്ല. അല്ലാഹുവിനെ അന്വേഷിക്കുന്നുവെങ്കിൽ അനാഥരുടെ

ഹൃദയത്തിന്റെ അടുത്തന്വേഷിക്കുക. ഇതുകൊണ്ടു തന്നെയാണ് നബിമാർ അനാഥരുടെ വസ്ത്രം അണിഞ്ഞിരുന്നത്. ഇപ്രകാരംതന്നെ വലിയ തറവാട്ടുകാർ ചെറിയ തറവാട്ടുകാരെ പരിഹസിക്കാതിരിക്കട്ടെ. തന്റെ കുടുംബം വലുതാണെന്നും ആരും പറയരുത്. എന്റെ അടുക്കൽ നിങ്ങൾ വരുമ്പോൾ നിങ്ങളുടെ തറവാട് ഏതാണെന്ന് ചോദിക്കയില്ലെന്നും അല്ലാഹു പറയുന്നു- ചോദിക്കുന്നത് നിങ്ങളുടെ കർമ്മം എന്തായിരുന്നുവെന്നാണ്. ഇപ്രകാരംതന്നെ നബി(സ) തിരുമേനി തന്റെ മകൾ ഫാത്വിമയോടു പറഞ്ഞു: ഫാത്വിമാ! അല്ലാഹു വ്യക്തിത്വത്തെക്കുറിച്ച് ചോദിക്കുകയില്ല. നീ ഏതെങ്കിലും ചീത്തക്കാര്യം ചെയ്താൽ റസൂലിന്റെ മകളാണെന്ന് കരുതി അല്ലാഹു നിന്നോട് വിട്ടുവീഴ്ച ചെയ്യുകയില്ല. അതുകൊണ്ട് എപ്പോഴും നിന്റെ പ്രവൃത്തി വളരെ ശ്രദ്ധിച്ചുചെയ്യുക. ഏതെങ്കിലും ഒരു തോട്ടി നല്ല കാര്യം ചെയ്താൽ അവന് പൊറുക്കപ്പെടും. എന്നാൽ സയ്യിദായിക്കൊണ്ട് ആരെങ്കിലും ചീത്തക്കാര്യം ചെയ്താൽ അവനെ നരകത്തിലിടുന്നതായിരിക്കും.

ഹസ്റത്ത് ഇബ്റാഹിം(അ) തന്റെ പിതാവിനു വേണ്ടി പ്രാർത്ഥിച്ചു. അത് സ്വീകരിക്കപ്പെട്ടില്ല. ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇബ്റാഹിം(അ) പുനരുത്ഥാനനാളിൽ പറയും. അല്ലാഹുവേ, എന്റെ പിതാവിനെ ഈ അവസ്ഥയിൽ കാണാൻ എനിക്ക് കഴിയുകയില്ല. എന്നിട്ടും അല്ലാഹു കയറുകെട്ടി നിന്ദയോടു കൂടി നരകത്തിലേക്ക് വലിച്ചുകൊണ്ടുപോകും. (ഇത് കർമ്മം ചെയ്യാത്ത കാരണത്താലാണ്. അതിനാൽ നബിയുടെ ശിപാർശയും ഫലം ചെയ്തില്ല.) കാരണം അയാൾ അഹങ്കരിച്ചു. നബിമാർ ദാരിദ്ര്യത്തെ സ്വീകരിച്ചു. ആരാണോ ദാരിദ്ര്യത്തെ സ്വീകരിക്കുന്നത് അവൻ എല്ലാവരേക്കാളും നല്ലവനായി നിലകൊള്ളും. നമ്മുടെ നബി(സ) ദാരിദ്ര്യത്തെ സ്വീകരിച്ചു.

ഏതോ ഒരു ക്രിസ്ത്യാനി നമ്മുടെ നബി(സ)യുടെ അടുക്കൽ വന്നു. അവിടന്ന് അദ്ദേഹത്തിന് നല്ലവണ്ണം ആതിഥ്യം നല്കി. അയാൾ നല്ലവണ്ണം വിശന്നിരുന്നു. അവിടന്ന് അദ്ദേഹത്തെ നല്ലവണ്ണം തീറ്റി. അയാളുടെ വയർ വല്ലാതെ നിറഞ്ഞു. രാത്രിയിൽ തന്റെ പുതപ്പ് പുതക്കാൻ കൊടുത്തു. ഉറക്കത്തിൽ വളരെ ശക്തമായ വയറിളക്കം അയാൾക്കുണ്ടായി. അയാൾക്കത് തടുത്തുനിർത്താൻ കഴിഞ്ഞില്ല. പുതപ്പിൽത്തന്നെ വിസർജ്ജിച്ചുപോയി. രാവിലെ തന്റെ അവസ്ഥ കാണുമ്പോൾ തന്നോട് വെറുപ്പുണ്ടാകുമെന്ന് അയാൾ കരുതി. നാണക്കേട് കൊണ്ട് അയാൾ എഴുന്നേറ്റുപോയി. ആളുകൾ ഇത് കണ്ടപ്പോൾ നബിയോട് അവരത് പറഞ്ഞു. കഴുകി വൃത്തിയാക്കാൻ അത് തനിക്ക് തരാൻ അവിടന്ന് പറഞ്ഞു. അങ്ങ് എന്തിനാണ് ബുദ്ധിമുട്ടുന്നതെന്ന് അവർ ചോദിച്ചു. തങ്ങളത് കഴുകിക്കൊള്ളാമെന്നും അവരറിയിച്ചു. അവിടന്ന് പറഞ്ഞു. അദ്ദേഹം എന്റെ അതിഥിയായിരുന്നു. അതുകൊണ്ട് ഞാൻ തന്നെ വൃത്തിയാക്കണം. അങ്ങനെ വെള്ളം വാങ്ങി സ്വയം കഴുകാൻ തുടങ്ങി. ഒരു മൈൽ അപ്പുറം ചെന്നപ്പോഴാണ് തന്റെ സ്വർണ്ണകുരിശ് കട്ടിലിൽ മറന്നുവെച്ചത് അയാൾ ഓർത്തത്. അതുകൊണ്ട് അയാൾക്ക് മടങ്ങിവരേണ്ടിവന്നു. താൻ വൃത്തികേടാക്കിയ പുതപ്പ് സ്വന്തം കൈകൊണ്ട് നബിതിരുമേനി വൃത്തിയാക്കുന്നതാണ് അയാൾ കണ്ടത്. അയാൾ ലജ്ജിച്ചു. ഞാനായിരുന്നെങ്കിൽ ഒരിക്കലും അത് കഴുകുമായിരുന്നില്ലെന്ന് അയാൾ പറഞ്ഞു. ഇത്രമാത്രം നിസ്വാർത്ഥനായ ആൾ അല്ലാഹുവിൽനിന്നുള്ള ആളു തന്നെയായിരിക്കുമെന്ന് അയാൾക്ക് ബോധ്യമായി. അയാൾ മുസ്ലിമായി.

നബി(സ) തിരുമേനി വഴിയിൽ ആൺകുട്ടികളെ കാണുമ്പോൾ താൻ അവരുടെ പിതാവാണെന്ന് അവർക്ക് തോന്നുംവിധം വാത്സല്യത്തോടെ അവരോട് പെരുമാറിയിരുന്നു.

മറ്റുതരത്തിലുള്ള സ്ത്രീകളെ നിന്ദാദൃഷ്ടിയോടെ നോക്കരുതെന്ന് വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു. പുരുഷന്മാരും അങ്ങനെ ചെയ്യാൻ പാടില്ല. കാരണം അത് മനസ്സ് വേദനിപ്പിക്കുന്ന കാര്യമാണ്. അങ്ങനെ ചെയ്താൽ അവരോട് അല്ലാഹു കാരണം ചോദിക്കുന്നതാണ്. ഇത് വളരെ വലിയ മോശപ്പെട്ട സ്വഭാവമാണ്. ഇങ്ങനെ പരിഹസിക്കൽ അല്ലാഹു വളരെ മോശമായി കാണുന്നു. എന്നാൽ, മനസ്സിനെ വേദനിപ്പിക്കാത്ത അത്തരം കാര്യങ്ങൾ അനുവദിക്കുകയും ചെയ്തു. കഴിയുന്നിടത്തോളം ഇത്തരം കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. അങ്ങനെ പ്രവർത്തിക്കുന്നവർക്ക് എങ്ങനെയുള്ള ശിക്ഷയാണ് നല്കുന്നതെന്ന് അല്ലാഹു പറയുന്നു. ***ഫ അമ്മാ മൻ ത്വഗാ - വ ആഥറൽ ഹയാത്തദ്ദുൻയാ - ഫ ഇന്നൽ ജഹീമ ഹിയൽ മഅ്വാ*** എന്റെ കല്പനകളെ അംഗീകരിക്കാത്തവനെ ഏറ്റവും മോശപ്പെട്ട രീതിയിൽ ഞാൻ നരകത്തിൽ ഇടുകയും അവസാനം നരകം നിങ്ങളുടെ സങ്കേതമായിരിക്കുകയും ചെയ്യും. (79:38-40) ***വ അമ്മാ മൻ ഖാഫ മഖാമ റബ്ബിഹീ വനഹന്നഫ്സ അനിൽഹവാ -ഫ ഇന്നൽജന്നത്ത ഹിയൽമഅ്വാ*** ആരാണോ എന്റെ കോടതിയുടെ ന്യായപീഠത്തിനു മുന്നിൽ നില്ക്കുന്നതിനെ ഭയപ്പെടുകയും ഗൗനിക്കുകയും ചെയ്യുന്നത് ഞാൻ അവന്റെ സങ്കേതം സ്വർഗ്ഗമാക്കുന്നതാണ്.(79:41,42) വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു ***അബസ വ തവല്ലാ - അൻജാഅഹുൽഅഅ്മാ- വമാ യുദ്രീക്ക ലഅല്ലഹൂ യസ്സക്കാ -അവ് യദ്ദക്കറു ഫത്തൻഫഅഹുദ്ദിക്റാ*** (80:2-5) ഈ അദ്ധ്യായം ഇറങ്ങാൻ കാരണം ഇതാണ്.

നബി(സ) തിരുമേനിയുടെ അടുത്ത് ഖുറൈശികളിലെ ചില വലിയ വലിയ ആളുകൾ ഇരുന്നിരുന്നു. അവിടന്ന് അവരെ ഉപദേശിക്കുകയായിരുന്നു. അപ്പോൾ ഒരു അന്ധൻ വന്നു. തനിക്ക് ദീനിന്റെ കാര്യങ്ങൾ പറഞ്ഞുതരാൻ ആവശ്യപ്പെട്ടു. നബിതിരുമേനി അയാളോട് ക്ഷമിക്കാൻ പറഞ്ഞു. അപ്പോൾ അല്ലാഹു വളരെ ദേഷ്യപ്പെട്ടു. അവസാനം നബി(സ) അയാളുടെവീട്ടിൽ പോകുകയും അയാളെ വിളിച്ചുകൊണ്ടുവന്ന് ചാദുർ വിരിച്ച് അതിലിരിക്കാൻ പറയുകയും ചെയ്തു. ഞാനെങ്ങനെയാണ് അങ്ങയുടെ ചാദുറിൽ

ഇരിക്കുക? എന്ന് അയാൾ ചോദിച്ചു. എന്തിനാണ് അവിടന്ന് ആ ചാദുർ വിരിച്ചത്? അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിമാത്രം. അഹങ്കാരവും ഉപദ്രവവും മോശമായ കാര്യമാണ്.

നിസ്സാരകാരണത്താൽ എഴുപത് വർഷം ചെയ്ത കർമ്മങ്ങൾ നിഷ്ഫലമായിപ്പോകുന്നു. ഒരു ഭക്തനുണ്ടായിരുന്നു. അയാൾ പർവ്വതത്തിലാണ് താമസിച്ചിരുന്നു. ദീർഘകാലമായി അവിടെ മഴ ഉണ്ടായിരുന്നില്ല. ഒരു ദിവസം മഴ പെയ്തു. അത് കല്ലുകളിലും കട്ടകളിലുമാണ് പെയ്തത്. അപ്പോൾ അയാൾ മനസ്സിൽ ആക്ഷേപിച്ചു: ജലത്തിന്റെ അത്യാവശം വയലുകളിലും തോട്ടങ്ങളിലുമായിരുന്നു. ഇതെന്താണ് കല്ലുകളിൽ പെയ്തത്? ഇത് വയലുകളിൽ പെയ്തിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. അതോടുകൂടി അല്ലാഹു അയാളുടെ വലിയ്യ് എന്ന സ്ഥാനം പിൻവലിച്ചു. അയാൾ അതീവദുഃഖിതനായി. മറ്റൊരു മഹാത്മാവിന്റെ സഹായം തേടി. നീയെന്തിനാണ് ആക്ഷേപിച്ചത്? നിന്റെ ഈ തെറ്റുകാരണത്താലാണ് അല്ലാഹു കോപിച്ചതെന്ന് അയാൾക്ക് സന്ദേശം ലഭിച്ചു. തന്റെ കാലിൽ കയറുകെട്ടി കല്ലുകളിലൂടെ വലിച്ചുകൊണ്ടു പോകാൻ അയാൾ ആരോടോ പറഞ്ഞു. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന് അയാൾ ചോദിച്ചു. ആ ഭക്തൻ പറഞ്ഞു, ഞാൻ പറയുന്നത് നീ കേൾക്കുക. അവസാനം അയാൾ അങ്ങനെതന്നെ ചെയ്തു. കല്ലുകളിലൂടെ വലിച്ചുകൊണ്ടുപോയ കാരണത്താൽ അയാളുടെ രണ്ട് കാലുകളിലേയും തൊലി ഊർന്നുപോയി. അപ്പോൾ 'മതിയാക്കുക, ഞാൻ മാപ്പാക്കിയിരിക്കുന്നു' എന്ന് അല്ലാഹു പറഞ്ഞു. നോക്കൂ, ആളുകൾ എത്രയെത്ര ആക്ഷേപമാണ് ഉന്നയിക്കുന്നത്. മഴ അല്പം കൂടിയാൽ പറയുന്നു, ഞങ്ങളെ മുക്കിക്കൊല്ലാൻ പോകുന്നെന്ന്. അല്പം വൈകിയാൽ പറയുന്നു, ഞങ്ങളെ കൊല്ലാൻ പോകുന്നെന്ന്. ഈ ആക്ഷേപം എത്രമാത്രം മോശമാണ്.

തഖ്‌വ എങ്ങനെയാണ് കളഞ്ഞുപോയതെന്ന് നോക്കുക. ഒന്നോ രണ്ടോ അണ വഴിയിൽ കിടക്കുന്നത് കണ്ടാൽ പെട്ടെന്നത് എടുക്കുന്നു. അതാരോടും പറയുകയില്ല. വാസ്തവത്തിൽ എല്ലാവരോടും പറയുകയും ആളെ കണ്ടുകിട്ടിയാൽ അയാൾക്കത് കൊടുക്കുകയും ചെയ്യുക എന്നതായിരുന്നു തഖ്‌വ. പിന്നീട് പറയുന്നു മഴ ഉണ്ടാകുന്നില്ലെന്ന്. മഴ എങ്ങനെ ഉണ്ടാകാനാണ്? ഒരുപാട് പാപങ്ങൾ അല്ലാഹു മാപ്പാക്കുന്നു. കൂടുതൽ മഴയുണ്ടായാൽ ബഹളം വയ്ക്കുന്നു. വെയില് കൂടുതലായാൽ അപ്പോഴും ബഹളം ഉണ്ടാക്കുന്നു. എല്ലാ അവസ്ഥകളിലും തഖ്‌വ മനുഷ്യനിൽ ഇല്ലാതായിരിക്കുകയാണ്. അതുകൊണ്ട് ക്ഷമ കൈക്കൊള്ളേണ്ടതാണ്. ക്ഷമിക്കുന്നില്ലെങ്കിൽ കാഫിറായിപ്പോകും. അങ്ങനെ ഭക്ഷണം കഴിക്കുന്നത് ഹറാമായിത്തീരും. അല്ലാഹുവിന്റെമേൽ ഒരിക്കലും ആക്ഷേപം ഉന്നയിക്കാതിരിക്കേണ്ടതാണ്.

നോക്കൂ, നമ്മുടെ നബി(സ)ന് 12 പെൺമക്കളുണ്ടായി. അവിടന്ന് ഒരിക്കൽപോലും ആൺകുട്ടി എന്തുകൊണ്ട് ഉണ്ടായില്ല എന്ന് ചോദിച്ചില്ല. എന്തെങ്കിലും വിഷമമുണ്ടായാൽ ***ഇന്നാലില്ലാഹ്*** എന്ന് പറയും. എന്നാൽ ഇന്ന് ആരുടെയെങ്കിലും ആൺകുട്ടി മരിച്ചാൽ വർഷങ്ങളോളം കരഞ്ഞുകൊണ്ടിരിക്കും. അല്ലാഹു ഐശ്വര്യം നൽകിയാൽ അവനെ സ്തുതിക്കുന്നു. എന്നാൽ അല്പം ഞെരുക്കം വന്നാൽ പെട്ടെന്ന് തിരിഞ്ഞുനടക്കുന്നു. ഒരാളുടെ ഭാര്യ ഇവിടെ മരിച്ചു. അയാൾ ഉടനെ നിരീശ്വരനായി. എന്തെങ്കിലും ഞെരുക്കമുണ്ടായാൽ ഒരിക്കലും മുറിയാത്തവണ്ണം അല്ലാഹുവുമായി ബന്ധം സ്ഥാപിക്കേണ്ടതാണ്.

ഹസ്റത്ത് അയ്യൂബ് എത്രമാത്രം വലിയ ക്ഷമാശീലനായിരുന്നു. എന്റെ ദാസൻ അയ്യൂബ് എത്ര വലിയ ക്ഷമാശീലനാണെന്ന് നോക്കുക എന്ന് അല്ലാഹു ശയ്ത്വാനോട് പറഞ്ഞു. അവൻ പറഞ്ഞു. എന്തുകൊണ്ടായിക്കൂടാ? ഒരുപാട് ആടുകളുണ്ടല്ലോ. തിന്നും കുടിച്ചും സുഖമായി കഴിഞ്ഞുകൂടേ? അയ്യൂബിന്റെ ആടുകളുടെ മേൽ നിനക്ക് അധികാരം തരുന്നുവെന്ന് അല്ലാഹു ശയ്ത്വാനോട് പറഞ്ഞു. അവൻ എല്ലാത്തിനേയും നശിപ്പിച്ചു. ഈ വിവരം അയ്യൂബിന്റെ പരിചാരകൻ അദ്ദേഹത്തെ അറിയിച്ചു. അവിടന്ന് പറഞ്ഞു. നീയെന്തിനാണ് എന്റെ ആടുകൾ മരിച്ചെന്ന് പറയുന്നത്? അത് അല്ലാഹുവിന്റേതായിരുന്നു. അവൻ തന്റെ അമാനത്ത് തിരിച്ചെടുത്തു.

പിന്നീട് അല്ലാഹു ശയ്ത്വാനോട് പറഞ്ഞു. എന്റെ ദാസൻ അയ്യൂബ് എത്രമാത്രം വലിയ ക്ഷമാശീലനാണ്. ശയ്ത്വാൻ പറഞ്ഞു. അവനറിയാം, ഒട്ടകം ഒരുപാടുണ്ടെന്ന്. ആടുകൾ നശിച്ചെങ്കിലെന്ത്? ഒട്ടകങ്ങളെ കൊണ്ട് എല്ലാ കാര്യങ്ങളും നടത്താമല്ലോ. അല്ലാഹു പറഞ്ഞു. ഞാൻ നിനക്ക് അവന്റെ ഒട്ടകങ്ങളുടെമേലും അധികാരം തരുന്നു. പിന്നീട് എല്ലാ ഒട്ടകങ്ങളും ചത്തൊടുങ്ങി. പരിചാരകൻ ആ വിവരം പറഞ്ഞപ്പോൾ അത് തന്റേതല്ലെന്നും അല്ലാഹുവിന്റേതായിരുന്നുവെന്നും അവനത് തിരിച്ചെടുത്തതാണെന്നും അതിൽ വിഷമിക്കാനൊന്നുമില്ലെന്നും അയ്യൂബ് പറഞ്ഞു.

പിന്നീട് ശയ്ത്വാനോട് അല്ലാഹു പറഞ്ഞു: നോക്കൂ, എന്റെ ദാസൻ അയ്യൂബ് എത്രവലിയ ക്ഷമാശീലനാണ്. അപ്പോൾ ശയ്ത്വാൻ പറഞ്ഞു. അവന് മനക്കരുത്തുണ്ട്. പശുക്കൾ ഒരുപാടുള്ളതുകൊണ്ട് എല്ലാം ലഭിക്കുമെന്ന് അവനറിയാം. അവസാനം ആദ്യത്തെപോലെ അവയുടെമേലും ശയ്ത്വാന് അധികാരം നല്കി. അതും നശിച്ചൊടുങ്ങി. ഹസ്റത്ത് അയ്യൂബ് ക്ഷമിച്ചു. പിന്നീട് അല്ലാഹു പറഞ്ഞപ്പോൾ ശയ്ത്വാൻ പറഞ്ഞു. അവന് ഒരുപാട് മക്കളുണ്ട്. അവർ ജീവിച്ചിരിക്കുകയാണെങ്കിൽ ഒരുപാട് സ്വത്തുക്കൾ സ്വരുക്കൂട്ടാൻ കഴിയുമെന്ന് അവനറിയാം. അല്ലാഹു അയ്യൂബിന്റെ മക്കളേയും മരിപ്പിച്ചു. പിന്നീട് ശയ്ത്വാൻ പറഞ്ഞു. അല്ലാഹുവേ, അവൻ നല്ല ആരോഗ്യവാനാണ്. അത് മുഖേന അവന് എല്ലാം ലഭിക്കുന്നതാണ്. അവസാനം അയ്യൂബ് അങ്ങേയറ്റം രോഗബാധിതനായി. ആരോഗ്യവും പോയി. എന്നിട്ടും ക്ഷമിച്ചു. അപ്പോൾ അല്ലാഹു ശയ്ത്താനോട് പറഞ്ഞു: നോക്കൂ, എന്റെ ദാസൻ അയ്യൂബ് എത്രവലിയ ക്ഷമാശീലനാണ്. അതു കേട്ടപ്പോൾ ശയ്ത്താന് മിണ്ടാട്ടമില്ലാതെയായി.

ലേഖനം

മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

# യത്തീംകളുടെ പരിപാലനം

(അനാഥരെ പരിപാലിക്കാനും സംരക്ഷിക്കാനും ഇസ്‌ലാം അതിന്റെ വക്താക്കളോട് വളരെ ഊന്നൽ നൽകിക്കൊണ്ട് ഉപദേശിക്കുന്നുണ്ട്. തിരുനബി(സ.അ) ഒരിക്കൽ അരുളി: ഞാനും യത്തീമിനെ പരിപാലിക്കുന്നവനും ഇപ്രകാരമായിരിക്കും. ഇതുപറഞ്ഞുകൊണ്ട് തിരുനബി തന്റെ കയ്യിലെ ചൂണ്ടുവിരലും നടുവിരലും അല്പം വിടർത്തിപിടിച്ചുകൊണ്ട് ഇതാ ഇങ്ങിനെ എന്നു കാണിച്ചു. യത്തീംഖാനകൾ നിർമ്മിച്ച് യത്തീമുകളെ പരിപാലിക്കാനല്ല ഇസ്‌ലാം പറയുന്നത്. മറിച്ച്, തങ്ങളുടെ മക്കളെപ്പോലെ അവരേയും കരുതി അവരെ സ്വന്തം വീടുകളിൽ വളർത്തുകയും അവർക്ക് പൂർണ്ണ താങ്ങുംതണലുമായി സമൂഹം മാറുകയും ചെയ്യണം. തിരുനബി(സ.അ)യും സഹാബാക്കളും ഇങ്ങനെയാണ് യത്തീം പരിപാലനം നിർവ്വഹിച്ചിരുന്നത്. ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) സൂറത്തുൽ മാഊന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരം എഴുതി:)

യത്തീമുകളുടെ കാര്യത്തിൽ ശ്രദ്ധിക്കാതിരിക്കുന്ന സമൂഹം നശിക്കുന്നതാണ്. ചില വ്യക്തികളുടെ ത്യാഗ മനസ്ഥിതിയും അർപ്പണബോധവും കൊണ്ടാണ് ഒരു നല്ല സമൂഹം രൂപപ്പെടുന്നത്. വ്യക്തികൾക്ക് തങ്ങളുടെ ജീവൻപോലും ബലിയർപ്പിക്കേണ്ടിവരുമ്പോൾ തങ്ങൾക്കുശേഷം തങ്ങളുടെ മക്കളെ ആരുനോക്കും, ജീവിക്കാനായി അലഞ്ഞുതിരിയേണ്ട ഗതികേട് അവർക്ക് വരില്ലേ എന്ന ചിന്ത അവരെ അലട്ടുകയാണെങ്കിൽ സമൂഹത്തിന്നായി ത്യാഗം ചെയ്യുന്നതിൽനിന്ന് അവർ തങ്ങളെ വേറിട്ടുനിർത്തും. പൊതുവിൽ സമൂഹത്തിനായി സ്വയം മരിക്കാൻ ഓരോരുത്തരും തയ്യാറായിരിക്കും. എന്നാൽ തന്റെ മക്കളുടെ ഭാവിയോർത്താണ് പലരും ഇതിൽനിന്നും വിട്ടുനിൽക്കുന്നത്. നോക്കൂ! ജീവത്യാഗത്തിന് എപ്പോഴും മുൻപന്തിയിൽ നിൽക്കുന്നത് യുവതലമുറയാണ്. പ്രായംചെന്നവരെക്കാളും ബുദ്ധിയുള്ളതുകൊണ്ടൊന്നുമല്ല അവർ ഈ ത്യാഗത്തിന് തയ്യാറാവുന്നത്. അവരിൽ പലരും വിവാഹം കഴിക്കാത്തവരോ, ഇനി വിവാഹം കഴിച്ചിട്ടുണ്ടെങ്കിൽതന്നെ സന്താനങ്ങൾ ആയിട്ടില്ലാത്തവരോ ആയിരിക്കും. അതുകൊണ്ട് മക്കളെയോർത്ത് അവർക്ക് ആശങ്കപ്പെടേണ്ട കാര്യമില്ല. എന്നാൽ മുതിർന്നവരുടെ സ്ഥിതി മറിച്ചാണ്. അവർക്കും ത്യാഗം ചെയ്യണമെന്നൊക്കെ ഉണ്ടെങ്കിലും തന്റെ മരണശേഷം തന്റെ ഭാര്യാമക്കളെ ആരേറ്റെടുക്കും എന്ന ചിന്ത വരുമ്പോൾ അവർ പുറകോട്ടടിക്കുന്നു. അതിനാൽ അനാഥരെ സംരക്ഷിക്കുന്നതിന് സമൂഹം തയ്യാറാവുകയാണെങ്കിൽ ആ സമൂഹത്തിൽ ത്യാഗത്തിന്റെ നിലവാരം പതിന്മടങ്ങ് മെച്ചപ്പെടുകയും സധൈര്യം ജീവത്യാഗം ചെയ്യാൻ പോലും ജനങ്ങൾ തയ്യാറാവുകയും ചെയ്യും.

അനാഥരുടെ സംരക്ഷണം മതപരമായ ഒരു കർമ്മം എന്ന നിലക്ക് മാത്രമല്ല ഭൗതികതലത്തിലും ഇത് നടന്നുവരുന്നുണ്ട്. യൂറോപ്പിൽ അനാഥ സംരക്ഷണത്തിന് പ്രത്യേകശ്രദ്ധ ചെലുത്തപ്പെടുന്നു. ജീവൻപോലും ബലി കഴിച്ച് അനാഥസംരക്ഷണത്തിന്നായി സർവ്വതും ത്യജിക്കുന്ന ചിലരും അവരിലുണ്ട്. ചിലർ അതിനായി

---

എന്നാൽ, എപ്പോഴും ഭക്ഷണം പാകംചെയ്തു നൽകിക്കൊണ്ടിരുന്ന അയ്യൂബിന്റെ ഭാര്യയെ ശയ്ത്താൻ വഴിയിൽ വെച്ച് കണ്ടുമുട്ടി. ഒരു കിഴവിയുടെ രൂപത്തിൽ വന്ന് 'നിന്റെ ഭർത്താവ് അങ്ങനെയാണ്, ഇങ്ങനെയാണ്' എന്നൊക്കെ അവളോട് പറഞ്ഞു. നീ എന്തിനാണ് അയാളെ സേവിക്കുന്നതെന്നും ചോദിച്ചു. അവൾ ഈ വിവരം ഹസ്റത്ത് അയ്യൂബിനോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: അത് ശയ്ത്വാനായിരുന്നു. നീ എന്തിനാണ് അത് എന്നോട് പറഞ്ഞത്. ഞാൻ സുഖപെട്ടിട്ട് നിന്നെ നൂറടി അടിക്കുന്നതാണ്. പിന്നീട് അല്ലാഹു കരുണ ചെയ്ത് അയ്യൂബ്(അ)ന്റെ അടുക്കൽ മലക്ക് വരികയും തന്റെ കാലുകൊണ്ട് തറയിൽ ചവിട്ടി ഒരരുവി പുറപ്പെടുവിക്കുകയും എന്നിട്ടതിൽ കുളിക്കാൻ പറയുകയും ചെയ്തു. ഹസ്റത്ത് അയ്യൂബ് അതിൽ കുളിക്കുകയും അദ്ദേഹത്തിന്റെ രോഗം സുഖപ്പെടുകയും ചെയ്തു. പിന്നീട് ഭാര്യയെ നോക്കി. അപ്പോൾ, 'നിന്റെ ഭാര്യ നിരപരാധിയാണെന്നും അതുകൊണ്ട് ശപഥം പൂർത്തിയാക്കാൻ നൂറടി കൊടുക്കുന്നതിനു പകരം ചൂലുകൊണ്ട് അവളുടെ ശരീരത്തിൽ മെല്ലെ തൊട്ടാൽ മതിയെന്നും പറഞ്ഞു.'

നോക്കുക, അദ്ദേഹത്തിന്റെ എത്ര വലിയ ക്ഷമയാണ് വെളിപ്പെട്ടത്. നൂറുകണക്കിന് വർഷങ്ങൾ കഴിഞ്ഞുകടന്നെങ്കിലും അദ്ദേഹത്തിന്റെ സ്മരണ വിശുദ്ധഖുർആനിൽ രേഖപ്പെടുത്തി. പിന്നീട് അല്ലാഹു പറയുന്നു. ചിലപ്പോൾ നാം നിങ്ങളെ പട്ടിണിയും പരിവട്ടവുംകൊണ്ട് പരീക്ഷിക്കും. ചിലപ്പോൾ നിങ്ങളുടെ മക്കൾ മരിച്ചുപോകും. അപ്പോൾ സത്യവിശ്വാസിയായിട്ടുള്ളവർ പറയും: അത് അല്ലാഹുവിന്റെ സ്വത്തായിരുന്നു. നമ്മളും അവന്റേതുതന്നെയാണ്. അല്ലാഹു പറയുന്നു: ആരാണോ ക്ഷമിക്കുകയും എന്റെ ഉദ്ദേശ്യത്തെ മനസ്സിലാക്കുകയും ചെയ്യുന്നത് അവരുടെ മേൽ എന്റെ വലിയ കാരുണ്യമുണ്ട്. അതിന് ഒരറ്റവും കണക്കുമില്ല. നോക്കൂ, ഇതാണ് കാര്യങ്ങൾ. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ദരിദ്രരോട് അഹങ്കാരത്തോടുകൂടി പെരുമാറരുത്. (മൽഫൂസാത്ത്, വാല്യം 5, പേജ്.369-373)

●

തങ്ങളുടെ ജീവിതം അർപ്പിക്കുന്നു. ചിലർ വലിയ വലിയ അനാഥ മന്ദിരങ്ങൾ തുറക്കുകയും മറ്റുള്ളവ രിൽനിന്ന് പണം കൈപ്പറ്റിയും സ്വന്തം ചെലവഴിച്ചും അത് നടത്തിപ്പോരുകയും ചെയ്യുന്നു. എന്നാൽ ഖേദ കരമെന്നു പറയട്ടെ, നമ്മുടെ നാട്ടിലെ അനാഥമന്ദിര ങ്ങൾ അതിനെ പണം കൊയ്യാനുള്ള ഒരു മാർഗ്ഗമാ ക്കിത്തീർക്കുകയാണ് ചെയ്യുന്നത്. അവിടെ കുട്ടികളെ ഭിക്ഷാടനത്തിന് നിർബന്ധിക്കുന്ന സാഹചര്യവും ഉണ്ടാക്കുന്നു. യഥാർത്ഥത്തിൽ ഒരു സമൂഹത്തിൽ ത്യാഗീവര്യരായ വ്യക്തികളെ വാർത്തെടുക്കേണമെ ങ്കിൽ അനാഥരെ പരിപാലിക്കുന്ന നിലവാരവും ഉയർ തായിരിക്കണം. അതുകൊണ്ടാണ് ഇക്കാര്യം വിശുദ്ധ ഖുർആനിൽ അല്ലാഹു എടുത്തുപറയുന്നത്. അല്ലാഹു പറയുന്നു. 'ദീൻ' എന്ന പദത്തിന്റെ ഏതൊരർത്ഥത്തെ നിഷേധിക്കുന്നവരും വ്യക്തിപരമായും സാമൂഹികപ രമായുമുള്ള എല്ലാ നന്മകളിൽനിന്നും അകറ്റപ്പെടുന്ന താണ്. അതിൽ ഒരു നന്മ യത്തീം സംരക്ഷണമാണ്. മറ്റൊന്ന് അഗതികളെ സഹായിക്കുക. എന്നാൽ 'ദീൻ' അംഗീകരിക്കുന്നവർ വ്യക്തിപരമായി വിശുദ്ധി കൈവരിക്കുകയും സമൂഹത്തിന്റെ ഉന്നത താല്പര്യ ങ്ങൾക്കായി എന്തു ത്യാഗത്തിനും തയ്യാറാവുകയും ചെയ്യുന്നു. മറ്റു നന്മകളോടൊപ്പം യത്തീമുകളെ സംര ക്ഷിക്കുന്ന കാര്യത്തിലും അവർ ജാഗരൂക രായിരിക്കും. യത്തീമുകളോട് അനാദരവ് കാട്ടിയാൽ തനിക്കും തന്റെ പിൻതലമുറക്കും അതിന്റെ തിക്ത ഫലം അനുഭവിക്കേണ്ടിവരും എന്ന ബോധവും അവർക്കുണ്ടാകും.

ഹസ്റത്ത് റസൂൽ(സ.അ) തിരുമേനിയുടെ കാലത്ത് യത്തീമുകളെ പരിപാലിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തിയിരുന്നു. മക്കയിലെ മുശ്രിക്കുകൾ മരിച്ചുവീണപ്പോൾ അവരുടെ മക്കളെക്കുറിച്ച് ആ സമൂഹം ശ്രദ്ധിക്കാതിരുന്നതിന്റെ കാരണത്താൽ അവർക്ക് മരിക്കാൻ പേടിയായിരുന്നു. എന്നാൽ, മദീ നയിലെ അവസ്ഥ എന്തായിരുന്നു. അവിടെത്തെ യത്തീം മക്കളെ മദീന മുസ്ലിംകൾ തങ്ങളുടെ കണ്ണിലുണ്ണി പോലെ നോക്കിയിരുന്നു. ഇക്കാരണംകൊണ്ട് അവർ ജീവത്യാഗത്തിന് തയ്യാറായി.

ഇക്കാലത്ത് വിധവകളെ വിവാഹം കഴിക്കുന്നതിന് തയ്യാറാകാത്ത പല ഉദാഹരണങ്ങളും നമ്മുടെ മുമ്പി ലുണ്ട്. എന്നാൽ തിരുനബി(സ)ന്റെ കാലത്ത് ഇങ്ങ നെയായിരുന്നില്ല. ഒരു സ്ത്രീ വിധവയായിക്കഴി ഞ്ഞാൽ അവരുടെ 'ഇദ്ദാ'കാലം പൂർത്തിയായ ഉടനെ അവരേയും അവരുടെ മക്കളേയും പരിപാലിക്കാനായി ആ സ്ത്രീയെ വിവാഹം കഴിക്കാൻ തങ്ങൾ തയ്യാറാ ണെന്ന് പറഞ്ഞുകൊണ്ട് ജനങ്ങൾ സന്ദേശം അയക്കാ റുണ്ടായിരുന്നു. തിരുനബി(സ.അ) വിവാഹം കഴിച്ചത് കൂടുതലും വിധവകളെയാണ്. ഇതുകാരണം പലരും സംരക്ഷിക്കപ്പെടുകയുണ്ടായി. ഒരിക്കൽ ഒരു യുവാ വിനോട് തിരുനബി(സ.അ) ചോദിച്ചു. "എന്തുകൊണ്ട് നീ ഒരു യുവതിയെ വിവാഹം ചെയ്തില്ല." അപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ സഹോദരന്റെ യത്തീംകു ട്ടികൾ ഉണ്ട്. അവരെ പരിപാലിക്കാൻ പരിചയസമ്പ ന്നയായ ഒരു സ്ത്രീയുടെ ആവശ്യമുള്ളതുകൊണ്ടാണ് ഞാൻ വിധവയെ വിവാഹം കഴിച്ചത്. ഒരു സഹാബി ശഹീദായാൽ അദ്ദേഹത്തിന്റെ വിധവയായ ഭാര്യയെ തനിക്ക് വിവാഹം കഴിച്ചുതരിക എന്ന് സഹാബത്ത് തിരുനബിയോട് പറയുമായിരുന്നു. അവരെ വിവാഹം കഴിച്ച് അദ്ദേഹത്തിന്റെ മക്കളെ സംരക്ഷിക്കുക നിമിത്തം തങ്ങൾക്ക് ദൈവപ്രീതി കരസ്ഥമാക്കാൻ അവസരം ലഭിക്കും എന്നവർ കരുതിയിരുന്നു.

തിരുനബി(സ.അ) വല്ല ആവശ്യത്തിനുമായി അങ്ങാടിയിൽ പോകുമ്പോൾ ഒരു യത്തീം എന്തെ ങ്കിലും തിരുനബിയോട് ആവശ്യപ്പെട്ടാൽ തിരുനബി (സ) ആദ്യം അയാളുടെ ആവശ്യം നിറവേറ്റിക്കൊടു ക്കുകയാണ് ചെയ്തിരുന്നത്. ഇങ്ങനെ യത്തീം സംര ക്ഷണത്തിന് ആ സമൂഹത്തിൽ വലിയ പ്രാധാന്യം നൽകിയിരുന്നു. സഹാബത്ത് ഇക്കാരണം കൊണ്ടാണ് ജീവൻ ത്യജിക്കുവാൻ അല്പംപോലും മടിക്കാതിരു ന്നത്. സഹാബത്ത് ദൈവമാർഗ്ഗത്തിൽ ജീവൻപോലും ത്യജിച്ചതിനുള്ള പ്രധാന കാരണം ദൈവപ്രീതി കര ഗതമാക്കുക എന്നത് തന്നെയാണ് എന്നതിൽ യാതൊരു സംശയവുമില്ല. അല്ലാഹുവിന്റെ സാമീപ്യവും സായൂ ജ്യവുമായിരുന്നു അവരുടെ ലക്ഷ്യം. അതോടൊപ്പം ഭൗതികമായ സംരക്ഷണവും കൂടിയായപ്പോൾ അതിന് പത്തരമാറ്റിന്റെ തിളക്കം ലഭിച്ചു എന്ന് മാത്രം.

എന്നാൽ, യത്തീമുകളെ സംരക്ഷിക്കുന്ന കാര്യ ത്തിൽ നമ്മുടെ ജമാഅത്തിലും വേണ്ടത്ര ശ്രദ്ധയില്ല എന്നത് നമ്മുടെ ജമാഅത്തിലെ ബലഹീനത തന്നെ യാണ്. അതുകൊണ്ട് നമ്മുടെ ജമാഅത്തിലുള്ള വർക്കും മരിക്കാൻ പേടിയാണ്. തങ്ങൾ യത്തീമു കളെ സംരക്ഷിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കുകയാണെ ങ്കിൽ 'തങ്ങൾക്കുശേഷം തന്റെ മക്കളെ പൊന്നു പോലെ നോക്കാൻ ആളുണ്ട്' എന്ന ചിന്ത സമൂഹ ത്തിലുണ്ടായാൽ അവരും ത്യാഗത്തിന് തയ്യാറാകും. ഞാൻ യത്തീംഖാന തുറക്കാതിരിക്കാനുള്ള പ്രധാനകാരണം അത് മുമ്പ് തുടങ്ങിയപ്പോഴെല്ലാം ജന ങ്ങൾ യത്തീംകുട്ടികളെ വ്യക്തിപരമായ കാര്യലാഭത്തി ന്നായി ഉപയോഗിക്കുന്നത് കണ്ടതുകൊണ്ടാണ്. അതു കൊണ്ട് അങ്ങനയുള്ള കുട്ടികളെ ഞാൻ പൊതു ഹോസ്റ്റലിൽ തന്നെയാണ് താമസിപ്പിക്കുന്നത്.

(*തഫ്സീർ കബീർ, വാല്യം. 1, വിവ: എം. നാസിർ അഹ്മദ്*)


**വീട് വില്പനയ്ക്ക്**

**പള്ളിയാംമൂല റോഡിൽ പയ്യാമ്പലം ബീച്ചിനടുത്ത് കുഞ്ഞിക്കണ്ണൻ ജ്വല്ലറിയുടെ റിസോർട്ടിനടുത്തായി 8 സെന്റ് സ്ഥലവും വീടും വില്പനയ്ക്കുണ്ട്. താല്പര്യമു ള്ളവർ ബന്ധപ്പെടുക.**

**9387475623**

സമ്പാദനം

മുഹമ്മദ് ഇസ്മായിൽ

# തങ്ങൾ സാഹിബ് ഭക്തിസാന്ദ്രമായ ജീവിതം (തുടർച്ച)

**അ**പ്പൊ നമസ്കാരമാണ്. നിങ്ങള് ജമാഅത്തായിട്ട് നമസ്കരിക്കണമെന്നൊക്കെ പറഞ്ഞത് സാമൂഹ്യമായ നന്മകളാണ് അതിലുൾക്കൊള്ളുന്നത്. വ്യക്തിപരമായ ബന്ധം അല്ലാഹുവുമായിട്ട് സ്ഥാപിക്കുന്നതിന് രാത്രി പാതിരായില് ഒരു നിസ്കാരമുണ്ട്, തഹജ്ജുദ് നിസ്കാരം. അത് നിസ്കരിച്ചാൽ അല്ലാഹുവുമായിട്ട് വ്യക്തിപരമായ ബന്ധമുണ്ടാകും. ആ ബന്ധത്തിൽ കൂടെയാണ് ഇത്തരം പ്രവണതകൾ ഉണ്ടാവുക എന്ന് അദ്ദേഹം പറഞ്ഞ്. അൽഹംദുലില്ലാഹ്, നല്ല കാര്യം. അന്ന് തോന്നി ഇയാൾക്ക് വിവരമുണ്ടെന്നും എനിക്ക് വിവരമില്ലാന്നും. അന്നുവരെ ഞാൻ കണക്കാക്കിയിരുന്നത് എന്റെ വിവരം ഒരാൾക്കുമില്ലാന്നാണ്. പിന്നെ അന്വേഷണമായി. മാത്രമല്ല (ആ മൗലവി ആരാണ്? അത് ഞാൻ പറഞ്ഞുതരാം) പിന്നെ ബന്ധമായി ഞങ്ങള്. അപ്പൊ ഞാൻ നിസ്കരിക്കലും തുടങ്ങി. അന്നുമുതൽ തഹജ്ജുദ് നിസ്കരിക്കാനും തുടങ്ങി. പിന്നെ ഓരോ സംശയവും അങ്ങേരോടാണ് ചോദിക്കുക. അങ്ങേരാണ് പിന്നെ എന്നെ നിയന്ത്രിക്കണ ആള്. അങ്ങനെ അയാളോട് ചോദിച്ചു: നിങ്ങള് ഈ മിർസാ ഗുലാം അഹ്മദ് എന്ന് പറയുന്ന ആള് നബിയാണെന്ന് വിശ്വസിക്കുന്നുണ്ടോ? അദ്ദേഹം പ്രവാചകനാണ്. അപ്പൊ അദ്ദേഹത്തിന് വഹയ് ഒക്കെയുണ്ടായിട്ടുണ്ടോ? ഉണ്ടായിട്ടുണ്ട്. അപ്പൊ അദ്ദേഹം ഡയറക്ടായിട്ട് വല്ല ഗ്രന്ഥവുമെഴുതിയിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ ഒരുപാട് എഴുതിയിട്ടുണ്ടെന്ന് പറഞ്ഞു. എന്നാൽ, തമിഴോ, മലയാളത്തിലോ ഉള്ള



ഒരു ഗ്രന്ഥം എനിക്ക് കിട്ടിയാൽ തരക്കേടില്ല. അപ്പൊ എനിക്ക് അദ്ദേഹത്തിന്റെ ആ സ്ഥിതി എന്താണെന്ന് മനസ്സിലാക്കാലോ എന്ന് പറഞ്ഞു. ഒന്നാലോചിക്കട്ടെ, രണ്ട് ദിവസം കഴിഞ്ഞിട്ട് വരാമെന്ന് പറഞ്ഞ് അയാൾ പോയി. രണ്ട് ദിവസം കഴിഞ്ഞപ്പോൾ ഇയാള് 'ഇസ്‌ലാം മത ജ്ഞാനബോധം' എന്ന് പറഞ്ഞിട്ട്- ദാവൂദ്ശാഹ് എന്ന ലാഹോരി പരിഭാഷപെടുത്തിയിട്ടുള്ളതാ- എനിക്ക് തന്നു. അത് ഒരുതരം തമിഴാണ്. തമിഴ് എനിക്ക് വായിക്കാൻ അറിവുള്ളതാണ്. ഒരു ദിവസമോ ഒന്നൊാര ദിവസമോ ആണ് അതിന് സമയമെടുത്തത്. ഫുള്ളായിട്ട് വായിച്ചുതീർത്തു. അത് വായിച്ച് തീർത്ത് വെക്കുമ്പൊ അവിടെയുള്ള ആൾക്കാരോട് പറഞ്ഞു- നിറയെ ആൾക്കാരുണ്ട്- ഈ പ്രവാചകന്മാർ ഇനി വരില്ല എന്നൊക്കെ ഒരു വാദവും അത് പാടില്ലാന്നും പാടുണ്ടൂന്നുമൊക്കെയുണ്ട്. പക്ഷേ, ആ വാദപ്രതിവാദത്തിന് പരിഹാരം എപ്പോഴുണ്ടായാലും വേണ്ടില്ല, ഇദ്ദേഹം പ്രവാചകനാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ലാന്ന് പറഞ്ഞു. അതന്താ തങ്ങൾ അങ്ങനെ പറയുന്നതെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു. അത് ഇദ്ദേഹമൊരു പ്രവാചകനല്ലാതെ ഇത് അതിൽ കുറഞ്ഞയാൾക്ക് എഴുതാൻ പറ്റില്ല. ഇതുവരെ ആരെഴുതിയാലും ഇത്രയധികം വിജ്ഞാനം നിറഞ്ഞൊരു ഗ്രന്ഥവും ഞാനിതുവരെ വായിച്ചിട്ടില്ല. ഇതാർക്കും എഴുതാൻ പറ്റില്ല. ഇത് അല്ലാഹ്‌വിന്റെ സഹായം കൊണ്ടെഴുതിയതാണ്. ഇതിന്റെയിടക്ക് ഞാനയാളോട് പോയി ചോദിച്ച് അല്ലാ, നിങ്ങളിത് അംഗീകരിച്ച് ബയ്അത്ത്- ബയ്അത്ത് അന്ന് എനിക്കറിയില്ല- ചെയ്ത് ഇതിൽ നിങ്ങൾ അംഗമായോ? അപ്പോൾ ഞാൻ പഠിച്ചോണ്ടിരിക്കയാണെന്ന് പറഞ്ഞു ഇയാള്. പക്ഷേ, അയാളത് മറച്ചുവെച്ചതാണ്. അപ്പളൊക്ക്, നിങ്ങളുടെ കൂട്ടത്തിൽ ഇത് യഥാർത്ഥത്തിൽ പഠിച്ചൊരു പണ്ഡിതനെ എനിക്കൊന്നു കാണാൻ സൗകര്യം ചെയ്തുതരുമോ എന്ന് ഞാൻ ചോദിച്ചു. നോക്കട്ടെ എന്ന് പറഞ്ഞു. ഈ വിവരം വലിയ മൗലവി സാഹിബിന് ആരെങ്കിലും അറിയിച്ചു കാണും. ആ ഒരാഴ്ച കഴിഞ്ഞപ്പോൾ വലിയ മൗലവി സാഹിബ് വന്നിട്ടുണ്ടെന്ന് പറഞ്ഞു.

ആരാണെന്ന് ചോദിച്ച് ഞാന്. ബി. അബ്ദുല്ലാ എച്ച്.എ എന്ന് പറഞ്ഞു. റബ്ബേ, ഇദ്ദേഹത്തിനെക്കുറിച്ചാണ് പലരും എഴുതിയിട്ട് ഞാൻ കേട്ടിട്ടുള്ളത്. ഇദ്ദേഹമൊരു പ്രഗത്ഭനാണെന്നും ഭയങ്കരനാ ണെന്നുമൊക്കെയാണ് കേട്ടിട്ടുള്ളത്. ഏതായാലും ഇദ്ദേഹം വന്നതുകേട്ട്, ഇവിടെ ഇന്ന സ്ഥലത്തുണ്ടെന്ന് പറഞ്ഞപ്പോൾ എനിക്ക് സ്ഥലമൊക്കെ മനസ്സിലായി. മേലപ്പാളയം മുഴുവൻ നല്ലപോലെ അറിയണതാണ്. ഞാൻ ഫാക്ടറിയിലാണുള്ളത്. അവിടന്ന് മാനേജർക്ക് ഫോൺ ചെയ്ത് പറഞ്ഞ് എനിക്കിന്നു മുതൽ ലീവാണ്. എത്ര ദിവസം വേണമെന്ന് ചോദിച്ചപ്പോൾ മൂന്ന് ദിവസം എന്ന് ഞാൻ പറഞ്ഞു. മൂന്നു ദിവസം നിങ്ങൾ എവിടെ പോകുന്നു. വീട്ടിൽ പോകാനാണോ എന്ന് ചോദിച്ചു. ഇല്ല, ഞാൻ വീട്ടില് പോണില്ല ഞാൻ ഇവിടത്തന്നെയുണ്ടാകും. എന്നാ, ഉള്ള സ്ഥലം പറഞ്ഞാൽ മതി. ലീവൊന്നും എടുക്കണ്ടാന്ന് പറഞ്ഞു. എനിക്കതിന് മെയിൻ വർക്കൊന്നുമില്ല. അപ്പൊ നിന്നെക്കൊണ്ട് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഞാൻ നിങ്ങളെ വിളിക്കാം. സ്ഥലം പറഞ്ഞിട്ട് പോയാൽമതി. അവിടെ ഞാൻ അന്വേഷിച്ചുകൊള്ളാമെന്ന് പറഞ്ഞു. അങ്ങനെ ലീവൊന്നും വേണ്ടിവന്നില്ല.

ഞാൻ പോയി. വലിയ മൗലവി സാഹിബുള്ള ആ വീട്ടില്. ലബ്ബ ഗനി അബൂബക്കർ എന്ന് പറയും,അയാളെ വീട്ടിലാണ് അന്ന് വരിക. അന്ന് പള്ളിയൊന്നുമില്ല. അവിടെ ചെല്ലുമ്പോൾ ഈ ഒരൊറ്റ മനുഷ്യനാണ്. ഇദ്ദേഹം മാത്രം. ഒരു മനുഷ്യനും കൂട്ടില്ല. പായ വിരിച്ചിട്ടുണ്ട്. അവിട ഈ മനുഷ്യൻ അങ്ങനെ ഒരു മുണ്ടും- സാധാരണ വേഷ്ടി- കൈയ്യുള്ള ഇതുപോലത്തൊരു (കാണിക്കുന്നു) വെള്ള ബനിയനുമിട്ടിട്ടുണ്ട്. ഒരു തോർത്ത് തലേകെട്ടിയിട്ടുണ്ട്. ഇങ്ങനെ കുനിഞ്ഞിരിക്ക്ണ്. വയസ്സും, നരച്ച താടിയുമാണ്. (ഇത് ഏത് വർഷമാണ്?) 1960 ജനുവരി 18. അന്നാണ് ഞാൻ ആദ്യം മൗലവി സാഹിബിനെ കാണുന്നത്. അങ്ങനെ ഞാൻ ചെന്ന് അസ്സലാമുഅലൈക്കൂ....ന്ന് പറഞ്ഞു. അപ്പോൾ തലയുയർത്തി വ അലൈക്കുമുസ്സലാം വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹു, ഇരിക്കീന്ന് പറഞ്ഞു. താഴെത്തന്നെയാണ്. ഞാനും ഇരുന്ന്. എവിടന്നാ വരുന്നതെന്ന് ചോദിച്ചു. ഞാനിവിടന്ന് വരണത്. നിങ്ങളുടെ സ്ഥലമെവിടെയാ? സ്ഥലം ചാവക്കാടാ. ഓ... ചാവക്കാടാ. ഞാൻ പണ്ടെങ്ങാണ്ട് പോയിട്ടുണ്ടവിടെ എന്നൊക്കെ പറഞ്ഞ്. എന്താ ജോലി. ഇന്ന ജോലിയാണ് എന്ന് ഞാൻ പറഞ്ഞ്. എന്താ? അല്ല, ഇങ്ങനെയൊരു വിഷയത്തെക്കുറിച്ച് അറിഞ്ഞപ്പം ആ ജമാഅത്തിലെ പണ്ഡിതന്മാരിലാരെങ്കിലുമൊരാളുമായിട്ട് സംസാരിക്കണമെന്ന് തോന്നി. അങ്ങനെ വന്നതാണെന്നൊക്കെ പറഞ്ഞു. ശരി, സംസാരിക്കാം. അദ്ദേഹത്തിനോട് എന്ത് ചോദിക്കണമെന്ന് എനിക്കറിയില്ല. ചോദിക്കൂ. ചോദിക്കാന്, എവിടെന്ന് ചോദിക്കണം. മൂന്ന് നിസ്കാരമാണെന്നും നമ്മുടെ കലിമ മാറ്റമാണെന്നും ഇങ്ങനെ പലതുമുണ്ടല്ലോ. അപ്പൊ, ഇതിലേതാണ് തുടക്കം കുറിക്കേണ്ടത്. ഏതാണ് ചോദിക്കേണ്ടത് എന്ന് എനിക്കൊരു പിടിത്തവും കിട്ടുന്നില്ല. അവസാനം ഞാന് എന്തെങ്കിലും ഒന്ന് ചോദിക്കാന്ന് വിചാരിച്ചിട്ട് അല്ല, മൗലവി സാഹിബേ ഈ സംഘത്തിൽപ്പെട്ട ഒരാൾ മെമ്പറാകുമ്പോൾ അയാൾ ശഹാദത്ത് ചൊല്ലിയിട്ടാണോ വരിക എന്ന് ചോദിച്ചു. മുമ്പ് ചൊല്ലാത്തവരാണെങ്കിൽ, ചൊല്ലണം.....ന്ന് പറഞ്ഞു. ശഹാദത്ത് ചൊല്ലണംന്ന് പറഞ്ഞാൽ, അതെന്തിനാണെന്ന് ചോദിക്കാലോ എന്നാണ് ഞാൻ കരുതിയത്. അപ്പൊ അതിന് മറുപടി മുമ്പ് ചൊല്ലാത്തവരാണെങ്കിൽ ചൊല്ലണം അത്രയേയുള്ളൂ. പിന്നൊന്നും പറഞ്ഞില്ല. അപ്പൊ എനിക്ക് മനസ്സിലായി ഇത് ചോദിച്ചതിനു മാത്രം മറുപടി പറയണ സ്വഭാവമാണ്. നമ്മൾ ചോദിക്കാതിരിക്കണത് നല്ലതെന്ന് തോന്നി. എനിക്കിതിൽ മെമ്പറാകണമെന്ന് പറഞ്ഞു. അത് നിങ്ങൾ പഠിച്ചിട്ടാവാം. പഠിക്കാനല്ല, ഇവിടെനിന്നുകൊണ്ടും പഠിക്കാലൊ. ഞാൻ പലതും ആയ ആളാണ്. ഇപ്പൊ ഞാനിങ്ങായിട്ട് ഇത് പറ്റില്ലാന്ന്തോന്നിയാ പോകാലോ. പഠിക്കാനിപ്പൊ ഞാനിതായാലെന്താ കുഴപ്പം....ന്ന് ചോദിച്ചു. അല്ല, അത് പെട്ടെന്ന് വേണ്ട. നിങ്ങള്ടെ തൊഴിലിനെ ബാധിക്കും. നിങ്ങളെ മറ്റേ ബാധിക്കും, മറിച്ചേ ബാധിക്കും. ഞാൻ പറഞ്ഞ് അതൊന്നും ആയിരിക്കൂല. ഞാനൊരു നിരീശ്വരവാദം പറഞ്ഞ് നടക്ക്ണ കാലത്താണ് ഈ കമ്പനിയിൽ ജോലിക്ക് വന്നത്. അതുകൊണ്ടിപ്പം ഞാനിങ്ങനെ മാറിയതുകൊണ്ടൊന്നും ഒന്നും തോന്നാനില്ലെന്ന് പറഞ്ഞ്. അതൊന്നും തോന്നൂല. നിങ്ങള് അഹ്മദിയാണ്, ഈ ഖാദിയാനി എന്നങ്ങോട്ട് പറഞ്ഞാ, പിന്നെ അവർക്ക് ഹാലിളകും. പിന്നെ നിങ്ങളെ പുറത്താക്കും. അപ്പൊ നിങ്ങൾക്കൊരു തൊഴിലു വേണം. ഹാ, എന്തെങ്കിലും തൊഴിലൊക്കെ ചെയ്യാമെന്ന് പറഞ്ഞു. അങ്ങന പോരാ! നിങ്ങളിപ്പൊ ഒരു തരക്കേടില്ലാത്ത തൊഴില് ചെയ്തുകൊണ്ടിരിക്കയാണ്. അത് വിട്ടാൽ എന്തെങ്കിലുമൊരു തൊഴിലു വേണം. അതിനെപ്പറ്റിയൊന്നും വിഷമമില്ല മൗലവിസാഹിബേ. ഞാന് എങ്ങനെയെങ്കിലും ജീവിച്ചുപോരും എന്നൊക്കെ പറഞ്ഞു. ശരിയാണെന്നേ, നമുക്കൊരു വഴി വേണം. ഇനി ചാവക്കാടെന്ന് പറഞ്ഞാൽ ഇതിന്റെ (എതിർപ്പിന്റെ) വലിയ സ്ഥലമാണ്. ഞാൻ പോയിട്ട് എനിക്കവിടെ വളരെ ബുദ്ധിമുട്ടാ തോന്നിയത്. അങ്ങനത്തെയൊരു സ്ഥലമാണത്. അതുകൊണ്ട് അവിടേക്കാണ് നിങ്ങൾ പോണത്. അത് സൂക്ഷിക്കണം. ഞാൻ പറഞ്ഞ്. നോക്കാലോ, അതൊന്നും കുഴപ്പമില്ല. കുഴപ്പമില്ലായെന്ന് നിങ്ങൾ പറയണതല്ലേ. അവിടെച്ചെന്നാൽ അങ്ങനെയാണ് ഉണ്ടാവുക. ഞാൻ പറഞ്ഞ്, മൗലവിസാഹിബേ! ഞാനും ചാവക്കാട്ട്കാരനാണ്. അതുകൊണ്ട് അവരെന്തൊക്കെയാ

ചെയ്യുകയെന്ന് എനിക്കറിയാം. ഞാൻ എന്ത് ചെയ്യുമെന്ന് അവർക്കും അറിയാം. അതുകൊണ്ട് ആ കളി ഇവിടെ നടക്കൂലാ. എന്നോടാരും അങ്ങനെ വരുമെന്ന് ഞാൻ വിചാരിക്കുന്നില്ല. വന്നാ, ഞാനത് നോക്കിക്കൊള്ളാമെന്ന് പറഞ്ഞു. അല്ല, സ്വന്തം കഴിവിലല്ല. അല്ലാഹുവിന്റെ സഹായമുണ്ടെങ്കിൽ. ഹാ. അതെ. അല്ലാഹ്ന്റെ സഹായം ഉണ്ടാകും. പക്ഷേ, ജീവിക്കാൻ മാർഗ്ഗം വേണം. അവടെന്ന് നിങ്ങൾ പുറത്താകും. പുറത്താക്കൂലാന്ന് കണ്ട് മൗലവി സാഹിബ് ഇന്നിങ്ങനെ പുറത്താക്കും. ലാസ്റ്റ് ഞാൻ പറഞ്ഞു. എനിക്ക് ഹോമിയോപ്പതി അറിയാന്ന്. അൽഹംദുലില്ലാഹ്. ഖൈർ അത് നല്ലപണിയാണെന്ന് പറഞ്ഞു. വാസ്തവത്തിൽ ഞാൻ ഹോമിയോപ്പതി തുടങ്ങിയതിന്റെ ശേഷമാണ് ജീവിതത്തിൽ ആശ്വാസം കണ്ടെത്തിയത്. ഇന്നിപ്പൊ അതാണല്ലോ തൊഴില്. അന്ന് മൗലവി സാഹിബ് പറഞ്ഞത് അംഗീകരിച്ചിരുന്നെങ്കിൽ ഞാനിന്ന് വലിയ ഡോക്ടറായേനേ. അത്രയും നല്ല അനുഭവമാണ് രംഗത്തു വന്നപ്പോഴുണ്ടായത്. എന്തായാലും അവിടെ ജനുവരി 18-ാം തിയ്യതി ഞാൻ ബയ്അത്ത് ചെയ്യണമെന്ന് പറഞ്ഞു. മൗലവി സാഹിബ് അതിന് സമ്മതിച്ചു. രാത്രി വരൂന്ന് പറഞ്ഞ്. മഗ്‌രിബ് കഴിഞ്ഞ് ഇശാ നിസ്കാരത്തിന് അവിടെ എത്തി. (മൗലവി സാഹിബ് അങ്ങനെയങ്ങ് ബയ്അത്ത് ചെയ്യാൻ സമ്മതിക്കാറില്ല അല്ലേ? ഇല്ലില്ല. തീരെ സമ്മതിക്കാറില്ല. അങ്ങനെയാണത്) അവിടെ വന്ന മറ്റഞ്ചാറാളുകളുമുണ്ട്. അവർക്കും ബയ്അത്ത് ചെയ്യണം. അത്രയേയുള്ളു. അവിടെയൊരു ജമാഅത്ത് സംവിധാനമൊന്നുമായിട്ടില്ല. അങ്ങനെ ബയ്അത്ത് ചെയ്യാൻ ഈ വീട്ടുകാരൻ അബൂബക്കർ (അപ്പൊ അബൂബക്കർ നേരത്തെ ബയ്അത്ത് ചെയ്തിട്ട് മറച്ചുവെച്ചതാണോ? ബയ്അത്ത് ചെയ്തിട്ടില്ല) ആ വീട്ടിൽ സൗകര്യം ചെയ്തുകൊടുത്തു. അയാളൊരു അനുഭാവിയാണ്. ഞാൻ ബയ്അത്ത് ചെയ്തതോടെ അയാളും ബയ്അത്ത് ചെയ്തു. അപ്പൊ ഒരു നാല്പെണ്ണുങ്ങള് ഇബ്ടന്ന് ബയ്അത്ത് ചെയ്തിട്ടുണ്ട്. ക്രിസ്തീയനഗർ എന്ന സ്ഥലത്ത്ന്നാണ് അവിടെ വന്നത്. സാത്താൻകുളം അടുത്താണ്. അതിന് വേറൊരു പേരുമുണ്ട്. അവിടന്ന് വന്നിട്ടാണ് അവർ ഇവിടെ കൂടിയിട്ടുള്ളത്. അവരുടെ ഫോറത്തിൽതന്നെയാണ് ഞാനും ബയ്അത്ത് ചെയ്തത്. അതീന്ന് ഒരു സ്ത്രീയെയാണ് ശങ്കർകോയിലിൽ ഉമർ ഖത്താബ് കല്ല്യാണം കഴിച്ചത്. അന്ന് എന്റൊപ്പം ബയ്അത്ത് ചെയ്ത ആ പെണ്ണാ. അതിൽപ്പെട്ടവരാണ് ഇപ്പൊ ശങ്കരൻകോവിലിലുള്ള ആൾക്കാര്. അവിടന്ന് കിട്ടിയ തബ്‌ലീഗാ അവർ ബയ്അത്ത് ചെയ്യാൻ കാരണം. പിന്നീട് പ്രവർത്തനമൊക്കെയായി.

അപ്പൊ അന്നുമുതൽ അവിടെയൊരു ഉഷാറ് വന്നു. അപ്പോഴേക്കും എതിർപ്പും വന്നു. അത് പിന്നെ സാധാരണയുള്ള എതിർപ്പല്ല. ഭയങ്കര എതിർപ്പ്. അതിനെക്കുറിച്ച് പറഞ്ഞാ, കമ്പനീന്ന് അന്നൊന്നും പുറത്താക്കിയില്ല. 60 ജനുവരി 18-നാണ് അവിടന്ന് ബയ്അത്ത് ചെയ്തത്. ഇത്തിരി കഴിഞ്ഞതിനുശേഷം മാനേജരൊക്കെ എന്റെ വിശ്വാസം മറച്ചുവെച്ചിട്ട് മുതലാളി അറിയാറില്ല. മുതലാളി അവിടെ വരും. വരുമ്പോൾ ജുമുആക്ക് ഞാൻ ഇങ്ങോട്ടു വരും. മുതലാളി വരുമ്പോഴേക്ക് ഞാനിപ്പറത്തൂടെ വരും. ഇങ്ങനെയൊക്കെ കഴിച്ചുകൂട്ടി. അവരെല്ലാം എന്നെ സഹായിച്ചിരുന്നു. അങ്ങനെ ഞങ്ങളൊരു കല്യാണത്തിന് പങ്കെടുക്കാൻ വേണ്ടി ശിവകാശിയിൽ വന്നു. അവിടന്ന് തിരിച്ച് ഞാനും മാനേജരും കൂടെ ആ കല്യാണം കഴിഞ്ഞ് ചാവക്കാട് വന്നു. അവിടെ മഗ്‌രിബ് ബാങ്ക് കൊടുത്തപ്പോൾ മുതലാളി നിസ്കരിച്ചിട്ട് വരാമെന്ന് എന്നോട് പറഞ്ഞു. ഇല്ല. ഞാൻ യാത്രയിലായതുകൊണ്ട് കുടുംബത്ത് പോയിട്ട് ഇശാ അവിടെ നിസ്കരിക്കുകയേയുള്ളൂ ഇപ്പം നിസ്കരിക്കുന്നില്ലെന്ന് പറഞ്ഞു. ശരി എന്ന് പറഞ്ഞു മൂപ്പരവിടെ ഇരുന്നു. എന്നാൽ, ഞാൻ വീട്ടിപോട്ടെ എന്ന് പറഞ്ഞപ്പോൾ എന്നോട് ചോദിച്ച് ളുഹറും അസറുമൊക്കെ എവിടെയാ നിസ്കരിച്ചേ? ഞാൻ പറഞ്ഞ് പൊള്ളാച്ചിയിൽ. അവിടെ എത്തിയപ്പോൾ റോഡിനടുത്തൊരു പള്ളിയുണ്ട്. അവിടെ കാർ നിർത്തിയിട്ട് നിസ്കരിച്ചാണ് കയറിയത്. ജം ആക്കി നിസ്കരിച്ച്, കസറാക്കീട്ടെന്ന് പറഞ്ഞു. അപ്പൊ എന്നോട് ചോദിച്ചു. നസറുല്ലാ നിസ്കരിച്ചോ? ഇല്ലാന്ന് പറഞ്ഞു. അയാള് നിസ്കരിക്കാറില്ലെന്ന് ഇയാൾക്കറിയാം. ഇത് പറഞ്ഞിട്ട് ഞാൻ വീട്ടിലേക്ക് പോന്നു. നസ്റുവിനോട് പിന്നെ ഈയാള് ചോദിച്ച് ഇജ്ജ്, എന്താ നിസ്കരിക്കലൊന്നുമില്ലേ? നിസ്കരിക്കാറുണ്ട്. ഇപ്പൊ വരുമ്പൊ നിസ്കരിച്ചോ? വരുമ്പോ യാത്രയിലായതുകൊണ്ട് നിസ്കരിച്ചില്ലാന്ന് പറഞ്ഞ്. അപ്പൊ മുതലാളി ചോദിച്ച്, യാത്രയിലെന്താ നിസ്കരിച്ചാല്? അബ്ദുർറഹ്മാൻ നിസ്കരിച്ചല്ലോ? അപ്പൊ ഞാനാണ് ഇയാള് നിസ്കരിച്ചില്ലായെന്ന് പറഞ്ഞതെന്ന് അയാൾക്ക് മനസ്സിലായി. അപ്പൊ ഇയാള് ഉടനെതന്നെ പറഞ്ഞു അയാള് പിന്നെ ഖാദിയാനിയല്ലേ? അയാള്ക്ക് എങ്ങനെയും നിസ്കരിക്കാലോ? അപ്പോഴാണ്, ഹേ, ഖാദിയാനിയാ! അവനങ്ങനെയാണോന്ന് ചോദിച്ചു. എന്നാ ഇതായത്? കുറച്ചുകാലായി. ഇതുവരെ ഞാനറിഞ്ഞില്ലല്ലോ? അപ്പൊ മൂന്നുകൊല്ലം നാലുകൊല്ലം കഴിഞ്ഞു. (മുതലാളി അ-----) ഹാ അങ്ങനെയാണല്ലേ? ഞാൻ ഇവടന്ന് രാവിലെ മുതലാളിയെ കാണാൻ പോകുമ്പോൾ നസ്റുല്ലാ അവിടെയുണ്ട്. നസ്റുല്ലാ എന്നെ വിളിച്ചിട്ട് പറഞ്ഞു നിങ്ങള് ഇന്നലെ മുതലാളിയോട് ഞാൻ നിസ്കരിച്ചിട്ടില്ലാന്ന് പറഞ്ഞു. അപ്പൊ ഞാൻ നിങ്ങള് ഖാദിയാനിയാണെന്ന് പറഞ്ഞ്ന്ന് പറഞ്ഞു. അതുകൊണ്ട് നിങ്ങളെപ്പറ്റി ചോദിക്കാൻ വേണ്ടി ഇവിടെ ആളുകളെയൊക്കെ വിളിച്ചുവരുത്തിയിട്ടുണ്ട്. വലിയ ആൾക്കൂട്ടമുണ്ടാകും ഇവിടെ. നിങ്ങളോട്

ചോദിക്കുമ്പോ മറുപടി ഉണ്ടാകണം. അപ്പൊ കണ്ടു വെച്ചോളണമെന്ന് പറഞ്ഞു. ഞാനാക പകച്ചുപോയി. ഇപ്പ മറുപടി പറയ്ക പടച്ചോനെ ഈ ഘട്ടത്തിൽ. ഫിർഔന്റെ അടുക്കൽ മൂസാ ചെന്നു കുടുങ്ങിയതു പോലെ കുടുക്ക്. അല്ലാ, ഇയാൾ ഇവിടെ ഒരു വലിയ പ്രഗത്ഭനും പ്രധാന ആളുമാണ്. നമ്മള് അയാളെ ശമ്പളക്കാരനുമാണ്. എന്താ പറയ്ക എന്നു വിചാരിച്ച്. ഇത്തിരിനേരം കഴിഞ്ഞപ്പോൾ മുതലാളി അവിടെ വന്നിരുന്ന്. എന്നെ വിളിച്ച്

ആദ്യം തന്നെ ആ മുണ്ടൊക്കെയെടുത്ത് കണ്ണൊക്കെ പൊത്തി ഒന്നു കരഞ്ഞു. അബ്ദുർറഹ്മാനെ, നിന്നെ സ്നേഹിക്കുന്നവരിൽവെച്ച് ഞാനധികം സ്നേഹിക്കുന്നയാളാണ്. ഓ... അതുകൊണ്ട് നീ ചീത്തയാകുക എന്ന് പറഞ്ഞാൽ ഏറ്റവും കൂടുതൽ വേദന എനിക്കാണുണ്ടാവുക എന്ന് പറഞ്ഞു. എന്നോട് ശഹാദത്ത് കലിമ മാറിയിട്ടുണ്ടോന്ന് ചോദിച്ചു. എന്ത് പറയണമെന്നറിയാതെ ഞാനിങ്ങനെ നിന്നു. ഇല്ലാന്നും ഉണ്ട്...ന്നും എന്നൊന്നും പറഞ്ഞില്ല. തുടക്കം.. ഞാനന്ന് വിചാരണ നേരിടുന്നത് ആദ്യാണേ. മറുപടിപറയാൻ വിഷമിച്ചുപോയി. എനിക്കെന്ത് പറയണമെന്നറിഞ്ഞൂടാ. പെട്ടെന്നുണ്ടായതല്ലേ. കുറച്ചുനേരമിങ്ങനെ ആലോചിച്ചു നിന്നു. വീണ്ടും ചോദിച്ച്, ശഹാദത്ത് കലിമ മാറിയിട്ടുണ്ടോന്ന്. അപ്പോഴും ഞാൻ തയ്യാറായിട്ടില്ല. പെട്ടന്നല്ലേ. ഞാനൊന്നും മിണ്ടാണ്ട് നിന്ന്. മൂന്നാമത് ചോദിച്ചു ആരെങ്കിലും ചോദിച്ചാൽ ഇങ്ങനെ മൗനം ദീക്ഷിച്ച് നില്ക്കാനാണോ നിന്റെ ആൾക്കാര് പഠിപ്പിച്ചത്? അല്ല, മുതലാളി! വായടക്കുന്ന മറുപടി പറയാൻ എനിക്കറിയാം. മുതലാളിക്കെന്നോടുള്ള പോലെ സ്നേഹം അങ്ങോട്ടുമുണ്ട്. കൂടുതൽ ബഹുമാനവുമുണ്ട്. അതുകൊണ്ട് പറയാനുള്ള വിഷമമാണ്. മുതലാളി ഒരു പണ്ഡിതനെ വിളിച്ചിട്ട് ഞാനുമായി സംസാരിക്കാൻ നിർത്തുക. എന്നിട്ട് നിങ്ങൾ കേൾക്കുകയാണെങ്കിൽ ഞാൻ സുഖമായിട്ട് സംസാരിച്ചോളാം. ആരുവന്നാലും ഞാൻ സംസാരിച്ചോളാം. അപ്പൊ ഒരാൾ അവിടെയുണ്ട്. അയാൾ മരിച്ചുപോയി. ഇയാളും മരിച്ചുകെട്ടോ. അപ്പൊ അയാളോട് ചോദിക്കാൻ പറഞ്ഞു. അയാൾക്കൊരു ചുക്കും അറിഞ്ഞുകൂടാ. ദീനും അറിഞ്ഞുകൂടാ. ഒന്നും അറിയാത്തയാൾ. അയാൾ അവടെനിന്നിട്ട് ഈ കോർട്ടില് ഹാജരുണ്ടോ എന്ന് ചോദിക്കുന്നമാതിരി, ശഹാദത്ത് കലിമ മാറിയിട്ടുണ്ടോ? ഇല്ലാന്ന് പറഞ്ഞു. ഞങ്ങളൊക്കെ ചൊല്ലുന്ന കലിമ തന്നെയാണോ? ഞങ്ങളൊക്കെ ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ് എന്നാണ് ചൊല്ലുന്നത്. നിങ്ങളിപ്പൊ എന്താ ചൊല്ലുന്നതെന്ന് ഞാൻ കേട്ടിട്ടില്ലാന്ന് പറഞ്ഞ്. അപ്പൊ മുതലാളി ചോദിച്ചു. അപ്പൊ ഖാത്തമുന്നബിയ്യീനിൽ വിശ്വസിക്കുന്നില്ലേ? ഉണ്ട്. പിന്നെയൊരു നബി വരാന്ന് ആരാ പഠിപ്പിച്ചത്? റസൂലുല്ലാഹ് തന്നെയാണോ? അതെ. റസൂലുല്ലാഹ് പറഞ്ഞതാണ്. ഖാത്തമുന്നബിയ്യീൻ വന്നെന്ന് പറഞ്ഞാൽ നബിമാർ അവസാനിച്ച് എന്നല്ല അതിന്റെ അർത്ഥം. അത് വിവരമില്ലാണ്ട് പറയണതാ എന്ന് പറഞ്ഞ് ഹദീസുകൾ കേൾപ്പിച്ചു. ഹദീസുഗ്രന്ഥം അവിടെയുണ്ട്. ആയിശാബി പറഞ്ഞതും ഇബ്രാഹിം ജീവിച്ചിരിക്കുന്നുവെങ്കിൽ നബിയായേനെ എന്നുള്ള ഹദീസൊക്കെ റസൂലുല്ലാ ഓതിയതാണല്ലോ. ഇതൊക്കെ പറഞ്ഞുകൊടുത്തപ്പോൾ ഇയാളാകെ അമ്പരന്നു. അപ്പൊ, നിന്റെ ഈ വിശ്വാസമനുസരിച്ച് മറ്റുള്ളവരൊക്കെ എന്താകൂ.....ന്ന് ചോദിച്ച്. ഞാനതാലോചിച്ചിട്ടില്ല. ഞാൻ എന്റെ കാര്യത്തിലാണ് വിഷമിക്കുന്നത്. അപ്പൊ ചോദിച്ച് നീ വിശ്വസിക്കുന്നത് സ്വർഗ്ഗം കിട്ടാനല്ലേ? അപ്പൊപിന്നെ നമ്മളൊന്നും അത് വിശ്വസിക്കാതെ ആകുമ്പോഴോ? അതാ പറഞ്ഞത് ഞാനിപ്പോ ആ കാര്യം ആലോചിച്ചിട്ടില്ല. നിങ്ങൾക്ക് സൗകര്യമുള്ളിടത്ത് നിങ്ങൾ പോകുക. എനിക്കവിടെ പോകുന്നതിൽ ബേജാറില്ല. അപ്പൊ അയാൾ ചോദിച്ചു. ഇയാളെ വിശ്വസിച്ചിട്ടില്ലായെങ്കിൽ ഒരാൾക്ക് സ്വർഗ്ഗം കിട്ടുമോ എന്ന്? അതൊക്കെ അല്ലാഹു കൊടുക്കുന്നതാണ്. ചിലപ്പൊ ഒന്നും വിശ്വസിക്കാത്തവനിക്കും പ്രവർത്തിക്കാത്തവനിക്കും അല്ലാഹ് കൊടുക്കുന്നതാണ്. അല്ലാഹ്ന്റെ ഇഷ്ടത്തിൽപ്പെട്ടതാണിതൊക്കെ. അല്ലാണ്ട് ഈ കണക്ക് നോക്കിയിട്ട് ഇബ്നിക്ക് സ്വർഗ്ഗം അബ്നിക്ക് നരകമെന്നല്ല. അവർ ചെയ്തതിന്റെ പേരിൽ ഒന്നും കിട്ടില്ല. അല്ലാഹു അനുഗ്രഹിച്ച് കിട്ടുന്നവർക്കൊക്കെ കിട്ടും. അപ്പൊ ചോദിച്ച് നിരീശ്വരവാദിക്ക് സ്വർഗ്ഗം കിട്ടോടോ? ഞാൻ പറഞ്ഞ് നിരീശ്വരവാദമെന്ന് പറഞ്ഞാൽതന്നെ ഈശ്വരനെ മാത്രമല്ല, സ്വർഗ്ഗത്തേയും നരകത്തേയും എല്ലാ നിഷേധിക്കുന്നവരാണ്. അവർക്ക് അക്കാര്യത്തിൽ വിശ്വാസമില്ല. പിന്നെ, സ്വർഗ്ഗമിരുന്നോട്ടേ എന്ന് പറഞ്ഞ് കൊണ്ടുനടക്കേണ്ട കാര്യമൊന്നും നമുക്കില്ല. അല്ലാഹുവും അവനും തമ്മിലുള്ള കാര്യമാണ്. അക്കാര്യത്തിലേക്കൊന്നും ഞാൻ പോകുന്നില്ല എന്നു പറഞ്ഞു. അങ്ങനെ മറുപടിയില്ലാണ്ട് ഇയാൾ കുടുങ്ങിപ്പോയി. അപ്പോൾ ഇയാളുടെ ഒരു പ്രധാന സെക്രട്ടറിയുണ്ട്. കുട്ടൻനായർ എന്ന് പറയും. മഹാബുദ്ധിമാനാണ്. അയാളുടെ ബുദ്ധിയാണവിടെ. അയാൾക്ക് വേറെ ജോലിയൊന്നുമില്ല. ഓരോ പോയന്റ് പറയും. അയാൾ വന്ന് മുണ്ട് അരയിൽ കെട്ടി അങ്ങോട്ട് കയറിവന്നിട്ട് എന്താ ഒരു ചർച്ചാ ഇവിടെ എന്ന് ചോദിച്ചു. അല്ല, ഞങ്ങളും ഇദ്ദേഹവും കൂടിയിട്ട് വിശ്വാസപരമായ ചെറിയ അന്തരമുണ്ട്. അതിനെക്കുറിച്ച് ചർച്ച ചെയ്യുകയാണെന്ന് പറഞ്ഞു. അപ്പൊ നിങ്ങൾക്ക് സ്ഥിരമായിട്ട് പ്രമാണമൊക്കെയില്ലേ? ഖുർആൻ. ഹാ അതൊക്കെയുണ്ട്. എന്നാൽ അതിനനുകൂലമാണ് തങ്ങൾ സംസാരിക്കുന്നതെങ്കിൽ നമ്മളൊക്കെ അംഗീകരിക്കേണ്ടേ? (തുടരും)

●

എൻ. അബ്ദുർറഹീം

ലേഖനം

# പാലസ്തീൻ പ്രശ്നം

*(എൻ. അബ്ദുർ റഹീം സാഹിബ് സത്യദൂതനിൽ എഴുതിയ ആദ്യത്തെ ലേഖനം– 1947 ഡിസംബർ)*

പലസ്തീൻ ഇന്ന് ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഒരു വിഷമപ്രശ്നമായിത്തീർന്നിരിക്കുകയാണ്. ലോകത്തിന്റെ സവിശേഷമായ ശ്രദ്ധ ഇന്ന് പലസ്തീനെയാണ് കേന്ദ്രമാക്കിയിരിക്കുന്നത്. ഐക്യരാഷ്ട്രസംഘടനയുടെ പലസ്തീൻകമ്മീഷന്റെ ഭൂരിപക്ഷം അംഗങ്ങളും അനുകൂലിച്ച വിഭജനശുപാർശ യു.എൻ.ഒ ജനറൽ അസംബ്ലി ഇക്കഴിഞ്ഞ നവംബർ 29–ന് പാസ്സാക്കിയിരിക്കുന്നു. ഈ ശുപാർശയെ റഷ്യയും അമേരിക്കയും ഏകഭാവത്തിൽ അനുകൂലിച്ചിരിക്കുന്നതിനാൽ പലസ്തീൻ അറബികളുടെ സ്ഥിതി വിഭ്രമാത്മകമായിത്തീർന്നിരിക്കുന്നു. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം മുതൽ പലസ്തീനെ ഒരു മാൻഡേറ്റ് എന്ന നിലയിൽ ഭരിച്ചുപോരുന്ന ബ്രിട്ടീഷുകാർ അവിടെനിന്നും പിൻവാങ്ങുവാൻ പോകുന്നു എന്ന വാർത്ത, മദ്ധ്യപൂർവ്വദേശത്തിന്റെ ഭാവി അനിശ്ചിതവും സന്നിഗ്ദ്ധവുമാക്കിത്തീർത്തിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയ്ക്കു പലസ്തീനെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ ഒരു പരിഹാരം കാണുവാൻ സാധിക്കുന്നില്ലെങ്കിൽ പലസ്തീനിലെ ബ്രിട്ടീഷുപട്ടാളവും ഭരണവും പിൻവലിക്കപ്പെടുമെന്നു കോളോണിയൽ സെക്രട്ടറി ക്രീച്ച്ജോൺസ് ഇയ്യിടെ പറയുകയുണ്ടായി. ഈ പ്രസ്താവനയെ അറബികൾ സ്വാഗതം ചെയ്കയാണുണ്ടായത്. അടുത്ത 30 വർഷങ്ങളായി പലസ്തീനിലെ അറബികൾ സ്വയംനിർണ്ണയാവകാശത്തിനുവേണ്ടി പൊരുതിക്കൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷുഭരണത്തിൻകീഴിൽ അവർ ജൂതഭീകരപ്രസ്ഥാനക്കാരുടെ പ്രവർത്തനങ്ങൾക്കും വർദ്ധിച്ചുവരുന്ന ജൂതക്കുടിയേറ്റത്തിന്റെ ഭീഷണിക്കും വിധേയരായി നരകിച്ചുകഴിയുകയാണ്. സീയോണിസ (Zionism)ത്തെ അനുകൂലിച്ചും ജൂതരുടെ നാഷനൽഹോം പ്രസ്ഥാനത്തെ ശരിവെച്ചുംകൊണ്ടുള്ള ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ ഇതപര്യന്തമുള്ള അനഭിലഷണീയമായ നയമാണ് പലസ്തീൻപ്രശ്നത്തെ ഇത്രയും ഗൗരവാവഹമാക്കിത്തീർത്തത്. ഐക്യരാഷ്ട്രസംഘടനയെ പലസ്തീൻകാര്യത്തിൽ നീതിപൂർവ്വമായ ഒരു തീരുമാനത്തിലേക്കു നയിക്കാൻ അറബി പ്രതിനിധികൾ ചെയ്ത അങ്ങേയറ്റത്തെ ശ്രമവും അമേരിക്കയുടേയും റഷ്യയുടേയും ഗർഹണീയമായ നിലകൊണ്ടും പരാജയമടഞ്ഞിരിക്കുകയാണ്. അറബ്രാജ്യങ്ങളുടെ ഏകകണ്ഠമായ മുറവിളിക്കും, അറബികളോടു അനുഭാവമുള്ള ഇതരരാഷ്ട്രങ്ങളുടെ ശക്തിയേറിയ എതിർപ്പിനും എതിർശക്തികളുടെ നിലയ്ക്കു വ്യത്യാസം വരുത്തുവാൻ സാധിച്ചില്ലെന്നതു വ്യസനകരമായിരിക്കുന്നു. ഏതായാലും, ഐക്യരാഷ്ട്രസംഘടനയെ അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ പലസ്തീനെപ്പോലെ ഇത്രയും വിഷമമേറിയ മറ്റൊരു പ്രശ്നം ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം.

ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പേ, പലസ്തീൻ തുർക്കിസാമ്രാജ്യത്തിന്റെ ഒരു ഘടകം മാത്രമായിരുന്നു. അവിടത്തെ അറബികൾ 1916–ൽ സഖ്യപക്ഷത്തിന്നനുകൂലമായി യുദ്ധം ചെയ്യാൻ തീരുമാനിച്ചുകൊണ്ട് തുർക്കിക്കെതിരായി വിപ്ലവം ആരംഭിച്ചു. ഒന്നാമത്തെ മഹായുദ്ധത്തിനുശേഷം പലസ്തീൻ ഒരു മാൻഡേറ്റ് എന്ന നിലയിൽ ബ്രിട്ടീഷുസാമ്രാജ്യത്തിന്നധീനമായി ഭവിച്ചു. അവിടെ ഒരു ജൂത ദേശീയ ഗേഹം പണിയുവാനുള്ള ജൂതന്മാരുടെ നേഷനൽഹോം പ്രസ്ഥാനത്തെ സൃഷ്ടിച്ചതും പരിപോഷിപ്പിച്ചതും ബ്രിട്ടീഷു രാജ്യതന്ത്രജ്ഞന്മാർ തന്നെയാണ്. രണ്ടാം ആഗോളയുദ്ധത്തിന്റെ ആരംഭംവരേയും അവർ പലസ്തീനിൽ ഒരു ജൂതാധിപത്യസ്റ്റേറ്റ് സ്ഥാപിക്കുവാനുള്ള പരിശ്രമത്തിൽ വ്യാപൃതരായിരുന്നു. ബ്രിട്ടീഷുരാഷ്ട്രതന്ത്രജ്ഞതയുടെ സഹായത്താൽ സൃഷ്ടിക്കപ്പെടുന്ന ഒരു ജൂതസ്റ്റേറ്റ് വിശ്വസ്തതയോടും സഹോദരഭാവത്തോടുംകൂടി വർത്തിക്കുന്ന ഒരു സഖ്യരാഷ്ട്രമായിരിക്കുമെന്ന് അവർ ആശിച്ചു. അത്തരം ഒരു സ്റ്റേറ്റ് കിഴക്കൻ മദ്ധ്യധരണ്യാഴിയിൽ ഒരു നല്ല സങ്കേതമായിരിക്കുമെന്നും അവർ കരുതി. എന്നാൽ ഇതിന്റെ പ്രത്യക്ഷമായ പ്രത്യാഘാതം അറബ്ലീഗിന്റെ സ്ഥാപനമായിരുന്നു. ഇതിന്റെ സ്ഥാപനം മുതൽ ഇന്നുവരേയും അറബ്രാജ്യങ്ങൾ പലസ്തീന്റെ സ്വാതന്ത്ര്യത്തിനും അറബികളുടെ അവകാശങ്ങൾക്കും വേണ്ടി പൊരുതിക്കൊണ്ടിരിക്കുന്നു. പലസ്തീനെ സംബന്ധിച്ചിടത്തോളം അറബ്ലീഗിന്റെ പ്രഖ്യാപിതനയത്തിൽനിന്നും ഏതെങ്കിലുമൊരു അറബ്ദേശത്തെ ഒറ്റപ്പെടുത്താൻ ഇന്നുവരേയും ആർക്കും സാധിച്ചിട്ടില്ല.

പലസ്തീൻ മൂന്ന് പ്രധാനമതസ്ഥരുടെ പുണ്യദേശമാണ്. അതിന്റെ തലസ്ഥാനമായ ജറുസലേമിനു ഒരു നീണ്ട ചരിത്രമുണ്ട്. കഴിഞ്ഞ 1300 സംവത്സരങ്ങളായിട്ട് ആ നഗരം യഹൂദരുടേയും ക്രിസ്ത്യാനികളുടേയും മുസ്‌ലിംകളുടേയും ആശാകേന്ദ്രമാണ്. 2000 കൊല്ലം മുമ്പ് ജൂതന്മാർ അതിന്റെ അധിപതികളായിരുന്നു. എന്നാൽ റോമക്കാർ– അവർ പിന്നീട് ക്രിസ്തുമതം വിശ്വസിക്കുകയുണ്ടായി– അതിനെ അധീനപ്പെടുത്തുകയും അങ്ങനെ യൂദ്യാ റോമൻസാമ്രാജ്യത്തിന്റെ

ഒരു സാമന്തദേശമായിത്തീരുകയും ചെയ്തു. യേശു ക്രിസ്തുവിനുശേഷം 600 വർഷങ്ങൾ കഴിഞ്ഞപ്പോൾ അത് ക്രിസ്ത്യാനികളിൽനിന്നും മുസ്‌ലിംഅറബിക ളുടെ കീഴിലായി മാറി. ജൂതന്മാരുടെ സർവ്വചരിത്ര ങ്ങൾക്കും കേന്ദ്രമായി നിലകൊള്ളുന്നത് ജറുസലേം ആയിരിക്കയാലാണ് അത് ജൂതന്മാരുടെ പുണ്യസ്ഥ ലമായിരിക്കുന്നത്. യേശുക്രിസ്തു ആ നഗരിയിൽ മത പ്രബോധനം ചെയ്യുകയും അവിടെവെച്ച് ക്രൂശിൽ തറ യ്ക്കപ്പെടുകയും* ചെയ്തുവെന്നതുകൊണ്ടാണ് ക്രിസ്ത്യാനികൾക്ക് അത് പുണ്യസ്ഥലമാവുന്നത്. മുസ്‌ലിംകൾക്കാണെങ്കിൽ അവിടെ ഉമർ മസ്ജിദും, ഇബ്രാഹീം നബി, മൂസാനബി, ഈസാനബി തുടങ്ങിയ പ്രവാചകന്മാരുമായി ബന്ധപ്പെട്ട നിരവധി സ്ഥാപന ങ്ങളും സ്മാരകങ്ങളും ഉള്ളതുകൊണ്ട് അവരുടേയും പുണ്യനഗരമാണ്. തുർക്കികൾ തങ്ങളുടെ ഭരണ ത്തിൻകീഴിൽ ഈ മൂന്നു മതസ്ഥരുടേയും അവകാ ശങ്ങളെ സംരക്ഷിക്കുകയും മൂന്ന് ജനതകളുടേയും സമബലനിലയെ പാലിച്ചുപോരുകയും ചെയ്തിരുന്നു.

ജറുസലേം മദ്ധ്യധരണ്യാഴിയിൽനിന്ന് 33 നാഴി കയും ശവക്കടലിൽ(Dead Sea)നിന്ന് 15 നാഴികയും അകലെയാണ് കിടക്കുന്നത്. ക്രി.മു. 1015 മുതൽ 1055 വരെ പലസ്തീൻ ഭരിച്ച പ്രവാചകനായ ദാവീദ് രാജാവ് തന്റെ തലസ്ഥാനം ഹൈബ്രോണിൽനിന്ന് ജറു സലേമിലേക്കു മാറ്റി. അതിനുമുമ്പ് അത് കനാൻകാ രുടെ അധീനത്തിലായിരുന്നു. മഹാനായ ശലമോന്റെ- സുലൈമാൻനബിയുടെ- കീഴിൽ ജൂതസാമ്രാജ്യം അഭിവൃദ്ധിയുടെ ഉച്ചം പ്രാപിക്കുകയും ജറുസലേമിന്റെ ഐശ്വര്യം ലോകവിഖ്യാതമായി ഭവിക്കുകയും അതിന്റെ അധിനായകത്വം പേർഷ്യയുടെ മദ്ധ്യപ്രദേ ശത്തോളവും അറേബ്യൻമരുഭൂമിയുടെ പാർശ്വങ്ങളി ലോളവും വ്യാപിക്കുകയും ചെയ്തു. ദാവീദ് ഗോത്ര ത്തിലെ അപ്രാപ്തരായ രാജാക്കന്മാരുടെ കീഴിൽ സാമ്രാജ്യം അധഃപതിക്കുകയും ചിന്നിച്ചിതറുകയും ചെയ്തുതുടങ്ങി. നിനേവാ(Niveva)യിലെ അസ്സീറിയ ക്കാർ ക്രി.മു. 721-ൽ അതിനെ അക്രമിച്ചു കീഴടക്കി യെങ്കിലും താമസിയാതെ ഈജിപ്തുകാർ അവരെ പലസ്തീനിൽനിന്ന് ഓടിച്ചുകളഞ്ഞു. ബാബിലോണി യായിലെ കാൽദേക്കാർ ഈജിപ്തുകാരെ തോല്പി ക്കുകയും ജറുസലേം പിന്നേയും പരാധീനമാവു കയും ചെയ്തു. അവസാനത്തെ എബ്രായരാജാവായ സെദക്കിയ അയാളുടെ പഴയ ഈജിപ്തുകാരായ മേധാവികളോടുള്ള അനുകൂലഭാവം നിമിത്തം ബാബി ലോണിയക്കാരുടെ കോപത്തിനു വിധേയനായി. ക്രി. മു. 588-ൽ ജറുസലേം വളയപ്പെടുകയും നീണ്ടുനിന്ന ഒരു യുദ്ധത്തിനുശേഷം ആ നഗരം കീഴടങ്ങുകയും ചെയ്തു. ബാബിലോണ്യർ നഗരത്തെ തകർത്തു തരി പ്പണമാക്കുകയും ജൂതരെയെല്ലാം കൂട്ടത്തോടെ ബാബിലോണിലേക്കു കൊണ്ടുപോവുകയും ചെയ്തു. യഹൂദർ അവിടെ വർഷങ്ങളോളം അടിമത്തത്തിൽ പാർത്തുപോന്നു.

ജൂതന്മാർ അവരുടെ ഇടയിൽ എഴുന്നേല്പിക്കപ്പെട്ട പ്രവാചകന്മാരുടെ മാർഗ്ഗദർശനത്തിൽ ഏറ്റവും പ്രബ ലമായ ഒരു ജനതയായി ഉയർന്നുവെങ്കിലും ആ പ്രാബ ല്യത്തിനുശേഷം അവരുടെ തലയ്ക്കുമീതെ അധഃപ തനഭൂതം വട്ടംചുറ്റാൻ തുടങ്ങി. മേദ്യ(Media)യിലെ രാജാവ് ക്രി.മു. 538-ൽ ബാബിലോണിയയെ ആക്രമി ക്കുകയും രാജ്യത്തിനകത്തുള്ള ജൂതന്മാർ സാമ്രാ ജ്യത്തെ അധീനപ്പെടുത്തുന്നതിൽ വിദേശികളെ സഹായിക്കുകയും ചെയ്തു. ആ ആക്രമണകാലത്ത് അവർ ചെയ്ത അമൂല്യസേവനത്തെ പരിഗണിച്ച് കോറേശ് (Cyrus) ജൂതന്മാരെ ജറുസലേമിലേക്ക് പോകാൻ അനുവദിക്കുകയും നബുക്കദ്നസർ പിടി ച്ചടക്കിയ സർവ്വമുതലുകളും തിരിച്ചുകൊടുക്കുകയു മുണ്ടായി. ജൂതന്മാർ തങ്ങളുടെ പുരാതനക്ഷേത്രങ്ങൾ പുതുക്കിപ്പണിയിക്കുകയും സ്വപിതാമഹന്മാരുടെ രാജ്യത്ത് തങ്ങളുടെ നിലയെ ഉറപ്പിക്കുകയും ചെയ്തു.

എന്നാൽ യഹൂദരുടെ ആ സ്വാതന്ത്ര്യം അധിക കാലം നീണ്ടുനിന്നില്ല. യേശുക്രിസ്തുവിന്റെ ആവിർഭാവം അവരെ വിസ്മയസ്തബ്ധരാക്കി. ദാവീ ദ്ഗോത്രത്തിലെ രാജകുമാരന് ചേർന്ന മഹത്വത്തോടും പ്രഭാവത്തോടുംകൂടിയ ഒരു മശീഹാവിനെയായി രുന്നു അവർ പ്രതീക്ഷിച്ചുപോന്നത്. അവരുടെ ആ പ്രതീക്ഷകൾക്കും പ്രത്യാശകൾക്കും പ്രാതീപികമായി ഒരു ആട്ടിൻകുട്ടിയുടെ സൗമ്യതയോടും ഭൗമികമായ ആധിപത്യത്തിനുപകരം സ്വർഗ്ഗരാജ്യവാഗ്ദാനത്തോ ടുംകൂടിയായിരുന്നു അദ്ദേഹം ആഗതനായത്. അത്തരം ഒരുദ്ധാരകനിൽ വിശ്വസിക്കുവാൻ അവർ തയ്യാറായിരുന്നില്ല. അവർ അദ്ദേഹത്തെ പ്രഹരിക്കു കയും ദ്രോഹിക്കുകയും അദ്ദേഹത്തിന്റെ മുഖത്ത് തുപ്പുകയും ശിരസ്സിൽ മുൾക്കിരീടം ധരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ സംബന്ധിച്ച് പല അപവാദ ങ്ങളുമടങ്ങിയ റിപ്പോർട്ടുകൾ റോമൻ അധികൃത ന്മാർക്കു അയക്കുകയും അദ്ദേഹത്തെ ക്രൂശിൽ തറച്ചു കൊല്ലിക്കുന്നതിനു അതീവയത്നം ചെയ്യുക യുമുണ്ടായി. അതിനാൽ ഇസ്രായേൽസന്തതികൾക്കു അവരുടെ അവിശ്വാസത്തിനും ധാർഷ്ട്യത്തിനും തക്ക പ്രതിക്രിയ ലഭിക്കേണ്ടതുണ്ടായിരുന്നു. ഈ കാലങ്ങ ളിൽ റോമൻസാമ്രാജ്യം ആഭ്യന്തരയുദ്ധത്തിന്റെ ഈറ്റു നോവുകൾ അനുഭവിക്കുകയായിരുന്നു. അത് റോമൻ സാമ്രാജ്യത്തിന്റെ അവസാനമാണെന്ന് കണ്ട് തങ്ങൾക്ക് സ്വാതന്ത്ര്യം കരസ്ഥമാക്കാനുള്ള സുവർണ്ണാവസരമായി യഹൂദന്മാർ കണക്കാക്കി. അവർ ആ സാമ്രാജ്യത്തിന്നെതിരായി വിപ്ലവം ആരം ഭിച്ചു. കലാപത്തെ അമർത്താൻ നിയോഗിക്കപ്പെട്ട റോമൻജനറലായ വെസ്പേശ്യൻ പലസ്തീനിൽ ജൂത രുടെ നഗരങ്ങളെ ആക്രമിച്ചു. ക്രിസ്ത്വാബ്ദം 7-ാമാ ണ്ടിൽ അയാൾ ജറുസലേം നഗരം വളഞ്ഞു. കുറേ മാസങ്ങളോളം യുദ്ധം നടന്നു. അതോടുകൂടി ഭയങ്കര മായ ഒരു ക്ഷാമവും ആരംഭിച്ചു. നികൃഷ്ടജന്തുക്കൾ തൊടുകപോലും ചെയ്യാത്ത സാധനങ്ങൾകൂടിയും

* ജൂതന്മാരും ക്രിസ്ത്യാനികളും യേശുക്രിസ്തു ക്രൂശിൽവെച്ച് മരണമടഞ്ഞുവെന്നാണ് വിശ്വസിക്കുന്നതെങ്കിലും ആ പുണ്യാ ത്മാവ് അതിന്മേൽ മരിക്കാതെ രക്ഷപ്പെട്ടിട്ടുണ്ടെന്നാണ് വിശുദ്ധഖുർആൻ പറയുന്നത്.

അന്ന് യഹൂദന്മാർക്ക് ഭക്ഷിക്കേണ്ടിവന്നു എന്നാണ് പറയപ്പെടുന്നത്. പഴന്തുണികളും പാപ്പാസുകളും കൂടി അവർ ചവച്ചുതിന്നുവാൻ നിർബന്ധിതരായിരുന്നുവത്രേ.

തിത്തൂസി(Titus)ന്റെ കീഴിൽ റോമക്കാർ ആക്രമണത്തിന്റെ പിരിമുറുക്കുമ്പോൾ യഹൂദർ ക്ഷാമത്തിലും സംഗരത്തിലുമായി അനുദിനം ശതക്കണക്കിൽ മരിച്ചൊടുങ്ങുകയായിരുന്നു. നഗരഭിത്തികൾ യന്ത്രമുട്ടികളാൽ ഭേദിക്കപ്പെടുകയും രണ്ടുദിവസംകൊണ്ട് നഗരം റോമൻജനറലിനു കീഴടങ്ങുകയുമുണ്ടായി. പുണ്യക്ഷേത്രം നശിപ്പിക്കപ്പെട്ടപ്പോൾ യഹൂദർ പ്രതികാരബുദ്ധരായി വാളെടുക്കുകയും എതിർത്തു നശിക്കാൻ തന്നെ തീർച്ചയാക്കുകയും ചെയ്തു. നിരായുധരും നിസ്സഹായരുമായ നിരവധിപേർ സഹസ്രനാമം നിഗ്രഹിക്കപ്പെട്ടു. യജ്ഞപീഠത്തിനു ചുറ്റുമുള്ള നിവേദ്യങ്ങൾകണക്കെ അവരുടെ ശവങ്ങൾ കുമിഞ്ഞുകൂടി. രക്തപ്പുഴയുടെ പ്രവാഹത്താൽ ക്ഷേത്രപരിസരത്തിലെ മൃതദേഹങ്ങൾ കുത്തിയൊലിച്ചുപോയി.

ഏഷ്യയിൽ പരക്കെ സ്വർണ്ണത്തിനും വെള്ളിക്കും വമ്പിച്ച വിലയിടിവ് സംഭവിച്ചുപോകുമാറ് ജറുസലേമിലെ കൊള്ളമുതലുകൾ അത്രയ്ക്കു അധികമായിരുന്നുവത്രെ. ക്ഷേത്രത്തിലെ അമൂല്യനിധികൾകൂടിയും നശിപ്പിക്കപ്പെടുകയാണുണ്ടായത്. വിപ്ലവം കുറച്ചുകൂടി നീണ്ടുനിന്നെങ്കിലും ഇതരഭാഗങ്ങളിലുള്ള ജൂതന്മാർ പലവിധ കഷ്ടതകളേയും തരണം ചെയ്യേണ്ടിവന്നു. ക്രമേണ അവരുടെ എല്ലാ ഉപരോധങ്ങളും അമർക്കപ്പെടുകയും അങ്ങനെ ലക്ഷക്കണക്കിലായി നശിച്ചൊടുങ്ങിയശേഷം ഒരു രാഷ്ട്രമെന്നനില അവർക്ക് നഷ്ടപ്പെടുകയും ചെയ്തു. അതുമുതൽ അവർ തങ്ങളുടെ സംസ്ക്കാരത്തേയും മതത്തേയും പുനഃസംഘടിപ്പിക്കുന്നതിലാണ് മുഴുശ്രദ്ധയും കേന്ദ്രീകരിച്ചത്.

ജറുസലേമിന്റെ പതനത്തിനുശേഷം പലസ്തീൻ ഒരു റോമൻ പ്രവിശ്യയായി അവശേഷിക്കുകയും ജൂതന്മാർ അയൽരാജ്യങ്ങളിൽ ചെറുസംഘങ്ങളായി ചിതറിപ്പോവുകയുമുണ്ടായി. അറേബ്യയിലും സിറിയയിലും അവർക്ക് കോളനികളുണ്ടായിരുന്നു. പക്ഷേ, ഒരു രാഷ്ട്രമെന്ന നില അവർക്ക് വിനഷ്ടമായിഭവിച്ചിരുന്നു. ആയവസരത്തിൽ ഖലീഫമാരുടെ കീഴിൽ അറബികൾ ഉയർന്നുവന്നതിനാൽ ഒരു സംഘടിതരാഷ്ട്രമായി സമുത്ഥാനം ചെയ്യാനുള്ള എബ്രായരുടെ അവസാനത്തെ സംരംഭവും വിഫലമാവുകയാണുണ്ടായത്. പലസ്തീനും സിറിയയും ജയിച്ചടക്കുന്നകാലത്ത് മുസ്ലിംകൾക്ക് റോമൻക്രിസ്ത്യാനികളോടായിരുന്നു, ജൂതന്മാരോടല്ല, പൊരുതേണ്ടിവന്നത്.

യൂറോപ്പിലെ ക്രിസ്തീയഭരണാധിപന്മാരാൽ ജൂതന്മാർ ആട്ടിയോടിക്കപ്പെട്ട കാലത്തെല്ലാം അവർക്ക് മുസ്ലിംരാജ്യങ്ങളിലായിരുന്നു രക്ഷാസങ്കേതങ്ങൾ ലഭിച്ചത്. കാർഷികഭൂമികളുടെമേൽ തങ്ങൾക്കുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടതോടെ അവർ വാണിജ്യവൃത്തിയിൽ പ്രവേശിക്കുകയും അങ്ങനെ സ്വതേ അവർ എവിടേയും വലിയ ധനാഢ്യരായിത്തീരുകയും ചെയ്തു. ലോകത്തിൽവെച്ച് ഏറ്റവും അന്യായപലിശ വാങ്ങുന്നവരാകയാൽ, ജൂതർ ഭൂമുഖത്തുവെച്ച് വലിയ ശിലാഹൃദയരായി ഗണിക്കപ്പെട്ടുവരുന്നു. പണം കടം കൊടുക്കുന്നവരെന്നനിലയിൽ അവർ യൂറോപ്പിലും അമേരിക്കയിലും മഹാഉപദ്രവകാരികളും രാജ്യദ്രോഹികളുമായി കരുതപ്പെട്ടുപോരുന്നു.

ഈ ജാതിക്കാർ ദാവീദിന്റേയും അനന്തരം യേശുക്രിസ്തുവിന്റേയും വായാൽ ശപിക്കപ്പെട്ടിരിക്കുന്നുവെന്നാണ് വിശുദ്ധഖുർആൻ പറയുന്നത്. ബാബിലോണിയക്കാരാലും അതിനുശേഷം തിത്തൂസിന്റെ കീഴിൽ റോമക്കാരാലും ജറുസലേമിനു സംഭവിച്ച നാശം ഖുർആന്റെ ഈ പ്രസ്താവനയുടെ യാഥാർത്ഥ്യത്തെ പ്രഖ്യാപനം ചെയ്യുന്നുണ്ട്. വിശുദ്ധഖുർആൻ പറയുന്നു: "ഇസ്രായീൽ സന്തതികളിൽനിന്ന് അവിശ്വസിച്ചവർ ദാവൂദിന്റേയും ഈസബ്നുമർയമിന്റേയും നാവാൽ ശപിക്കപ്പെട്ടിരിക്കുന്നു" (5:78) ക്രി.മു. 588-ലും പിന്നെ ക്രിസ്ത്വാബ്ദം 70-ലും ജറുസലേമിനുണ്ടായ നാശം ഉപര്യുക്തമായ ദൈവവാക്യത്തിലടങ്ങിയ സത്യത്തിലേക്ക് സാക്ഷ്യമാണ്. ജൂതന്മാരടക്കമുള്ള ലോകത്തിനു ബൈബിളിലെ പ്രവചനമനുസരിച്ച് ആത്മഗുരുവായ് അവതരിച്ച മുഹമ്മദ്നബി(സ) മുഖേന യഹൂദർക്ക് അവരുടെ നഷ്ടപ്പെട്ട പ്രതാപം പുനഃസമ്പാദനം ചെയ്യാനുള്ള ഒരവസരംകൂടി പ്രദാനം ചെയ്യപ്പെടുകയുണ്ടായി. എന്നാൽ അവർ ആ പുണ്യാത്മാവിനെ വിശ്വസിച്ചില്ലെന്നു മാത്രമല്ല, തങ്ങളുടെ വേദപുസ്തകത്തിലെ പൂർവ്വപ്രവാചകന്മാരോട് പെരുമാറിയതിൻവണ്ണംതന്നെ ആ തിരുമേനിയോടും പെരുമാറി. തന്മൂലം, ഇസ്രായീൽജനത ദൈവകോപത്തിന് പാത്രീഭവിച്ചെങ്കിലും മുസ്ലിംകളുടേയും ക്രിസ്ത്യാനികളുടേയും അവജ്ഞയ്ക്കു വിധേയരായതിലും ആശ്ചര്യപ്പെടാനില്ല.

ഷേക്സ്പിയരുടെ 'വെനീസിലെ വർത്തകൻ' (The Merchant of Venice) എന്ന നാടകകൃതി വായിച്ചുപഠിച്ച അതേ ക്രിസ്ത്യാനികൾതന്നെ ഏറ്റവും ശപിക്കപ്പെട്ട ഈ ഷൈലോക്കുകളെ പ്രീതിപ്പെടുത്തുവാനും പ്രീണിപ്പിക്കുവാനും പാടുപെടുന്നുവെന്നത് വിധിവൈപരീത്യമെന്നേ പറയാനുള്ളൂ. ഒന്നാം ലോകമഹായുദ്ധത്തിൽ ജൂതന്മാർ സഖ്യകോയ്മകൾക്കു ചെയ്ത അമൂല്യസേവനങ്ങൾക്കുള്ള കൃതജ്ഞതാപ്രകടനമായിരിക്കാം ഈ ചെയ്തികളെല്ലാം. കേവലം അറബ്ദേശമായ പലസ്തീനിൽ സഹസ്രാപിസഹസ്രം ജൂതന്മാർ കുടിയേറിപ്പാർക്കുന്നതിനു കാരണമായിരിക്കുന്നത് 1917-ലെ ബാർഫർപ്രഖ്യാപനമാണ്. 1914-ൽ പലസ്തീനിലെ ജനസംഖ്യ 689,000 ആയിരുന്നു. ഇതിൽ 85,000 ജൂതന്മാരാണ്. 1922-ൽ ജനസംഖ്യ 7,57,000 (ജൂതന്മാർ 11 %)വും, 1929-ൽ 9,60,000 (ജൂതന്മാർ 16%) വും, 1931-നും 1936-നും ഇടയിൽ 13,66,000 (ജൂതന്മാർ 28%) ആയി വർദ്ധിച്ചു. ഇപ്പോൾ പലസ്തീനിൽ 6,00,000 (ജനസംഖ്യയുടെ മൂന്നിലൊരുഭാഗം) ജൂതന്മാരുണ്ട്. പലസ്തീനിലെ യഹൂദജനസംഖ്യ ക്രമവൃദ്ധമായി വളരുന്നത് അറബിനേതാക്കളെ ഭയസ്തിമിതരാക്കിയെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. മഹായുദ്ധകാലത്ത് ജൂതന്മാരിൽനിന്ന് ലഭിച്ച സഹായത്തി

നുള്ള പ്രതിഫലമായിട്ടായിരുന്നു ബാൽഫർ പ്രഖ്യാപനം ഉണ്ടായത്. ആ പ്രഖ്യാപനത്തിൽ നിഗൂഢമായിരിക്കുന്നത് കേവലം ഒരു അറബ്ദേശമായ പലസ്തീനിൽ ഒരു ജൂതദേശീയഗേഹം സ്ഥാപിക്കുവാനുള്ള പ്ലാൻതന്നെയാണ്.

പലസ്തീനെ സംബന്ധിച്ച് ഒരു ശരിയായ തീരുമാനത്തിലെത്താനുള്ള എല്ലാ പരിശ്രമങ്ങളും ഇതുവരേയും വിഫലതയിൽ കലാശിക്കുകയാണുണ്ടായത്. അതിനു കാരണം ബ്രിട്ടീഷ്ഗവർമ്മെന്റിന്റെ അവസരോചിതവും പൂർവ്വാപരവിരുദ്ധവുമായ നയപ്രഖ്യാപനങ്ങളാണ്. ജൂതന്മാർക്ക് അനുകൂലമായ പ്രസ്താവനകളെ ജൂതന്മാരും അറബികൾക്ക് അനുകൂലമായ പ്രസ്താവനകളെ അറബികളും മുറുകെ പിടിച്ചുകൊണ്ടു വാദിക്കുകയാണ് ചെയ്തുവന്നത്. പ്രത്യക്ഷവിരുദ്ധങ്ങളായ ഈ അവകാശവാദങ്ങൾ, പലസ്തീന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം വ്യസനാത്മകമായ ഒരു നിലയാണ് സൃഷ്ടിച്ചത്. അറബികളും ജൂതന്മാരും അഭിമുഖമായിനിന്ന് സംസാരിക്കാൻ പോലും കൂട്ടാക്കാത്തനിലയിൽ അവരുടെ വാദഗതികൾ അത്രയും വിഭിന്നവും വ്യതിരിക്തവുമാണ്. പലസ്തീനെ ഒരു അറബ്രാജ്യമായി ഗണിക്കുവാൻ ഹുസൈൻ-മേക്ക്മോഹൻ കത്തിടപാടുകളിൽ ബ്രിട്ടീഷുകാർ സമ്മതിച്ചിട്ടുണ്ടെന്നും അതിനാൽ സിയോണിസ്റ്റുകാരായ ജൂതന്മാരുടെ കുടിയേറ്റംകൊണ്ട് തങ്ങളുടെ രാജ്യത്തെ അപകടത്തിലാക്കുകയും തങ്ങളുടെ സ്വാതന്ത്ര്യത്തെ വിദൂരസ്ഥമാക്കുകയും ചെയ്കയെന്നുള്ളതായിരുന്നു ബാൽഫർ പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യമെന്നും അറബികൾ വാദിക്കുകയുണ്ടായി. പലസ്തീനുമായുള്ള ജൂതന്മാരുടെ ബന്ധം 2000 കൊല്ലങ്ങൾക്കു മുമ്പുതന്നെ നശിച്ചുപോയിരുന്നുവെന്നും ചരിത്രപരമായോ ഭൂമിശാസ്ത്രപരമായോ ജൂതന്മാർക്ക് ഇന്ന് പലസ്തീന്റെമേൽ യാതൊരവകാശവുമില്ലെന്നും അറബികൾ പറയുന്നുവെങ്കിൽ അത് തികച്ചും ശരിയാണ്.

പലസ്തീനിൽ ജൂതന്മാർ ആയിരക്കണക്കിന് കുടിയേറിപ്പാർക്കുന്നു. നിയമവിധേയമായും നിയമവിരുദ്ധമായുമുള്ള ജൂതകുടിയേറിപ്പാർപ്പുകാർ പലസ്തീനിൽ കൂട്ടംകൂട്ടമായി എത്തുന്നുണ്ട്. ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പ് പലസ്തീനിൽ ഇത്തരം ഒരു വർഗ്ഗീയ പ്രശ്നം ഉണ്ടായിരുന്നില്ല. തുർക്കിസാമ്രാജ്യത്തിൻകീഴിൽ ജൂതന്മാർ സമാധാനകാംക്ഷികളായ പ്രജകളായിരുന്നു. എന്നാൽ, മാൺഡേറ്റ് ഭരണത്തിന് ശേഷമുണ്ടായ സംഭവവികാസങ്ങൾ വിശിഷ്യ, ജൂതകുടിയേറ്റം അവിടെ ഒരു വർഗ്ഗീയപ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. തികച്ചും ഒരറബ്ദേശമായ പലസ്തീനെ ഒരു ജൂതസ്റ്റേറ്റാക്കി മാറ്റാനുള്ള ഈ ദീർഘകാലപദ്ധതി നടപ്പിൽവരുത്തുന്നതിനായി അമേരിക്കയും ഇപ്പോൾ ബ്രിട്ടന്റെ കൈകോർത്തുപിടിച്ചിരിക്കുന്നു. രണ്ടാം ആഗോളയുദ്ധത്തിൽ ജൂതന്മാർ സഖ്യപക്ഷത്തിനു ചെയ്ത സാമ്പത്തികസഹായങ്ങളെ പരിഗണിച്ച് പലസ്തീനെ ഒരു ജൂതദേശീയഗേഹമാക്കുക എന്നത് മദ്ധ്യപൂർവ്വദേശത്തെ ബ്രിട്ടീഷമേരിക്കൻ രാഷ്ട്രീയനയമായിത്തീർന്നിരിക്കുന്നു. അറബികളുടെ കഷ്ടപ്പാടുകളിൽ നഷ്ടദൃഷ്ടിയായ ട്രൂമാൻ അവരുടെ കഴുത്തുകൾ ഞെരുക്കിയെങ്കിലും യഹൂദന്മാരുടെ ദുരവസ്ഥക്ക് പരിഹാരം കാണാൻ ബദ്ധദീക്ഷകനായിരിക്കുകയാണ്. അറബികളുടെ രക്തം വാർത്തിട്ടെങ്കിലും ആ കൊച്ചു ജൂതരാഷ്ട്രം സ്ഥാപിച്ചുകാണാൻ ഇപ്പോൾ റഷ്യയ്ക്കും വല്ലാത്ത കൊതിപൂണ്ടിരിക്കുകയാണ്. സമീപസ്ഥമായ അറബ്ദേശങ്ങളുടെ ഏകകണ്ഠമായ വിരോധസ്വനം നേതൃരാജ്യങ്ങളുടെ ഇടയിൽ വെറും വനരോദനമായി കലാശിച്ചിരിക്കുന്നു. ഈ അനാശാസ്യപരിതസ്ഥിതികൾ ജൂതന്മാരുടെ പ്രവർത്തനങ്ങൾക്ക് വളം നൽകുകയും അവരെ ഉത്സാഹഭരിതരാക്കുകയും ചെയ്തുവെങ്കിൽ ആശ്ചര്യപ്പെടാനെന്തുള്ളൂ.

തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കു ജൂതന്മാർ അങ്ങേയറ്റത്തെ ഭീകരപ്രവർത്തനങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. പട്ടാളപരമായ രഹസ്യസംഘടനകൾ അവരുടെ ഇടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷുഭരണകൂടത്തെത്തന്നെയും അവർ അടുത്തകാലത്തായി എതിർത്തുതുടങ്ങിയിരുന്നു. ബ്രിട്ടീഷുരക്തം പലസ്തീനിൽ വിലയില്ലാത്തതായിത്തീർന്നിരിക്കുന്നു. ബ്രിട്ടീഷുദ്യോഗസ്ഥന്മാരെ വധിക്കുവാൻ ജൂതന്മാർ ഗൂഢാലോചന ചെയ്യുന്നു. പലസ്തീനിലേക്കു നിയമവിരുദ്ധമായി കുടിയേറിപ്പാർപ്പിന്നുപോകുന്ന ജൂതന്മാരെ വഴിതിരിക്കുന്നതിനു പ്രതികാരമായി അവിടെത്തെ ബ്രിട്ടീഷ് ഓഫീസർമാരെ അവർ വധിക്കുന്നു. നിയമവിരുദ്ധകുടിയേറ്റക്കാരായ ആയിരത്തിലധികം ജൂതന്മാരെ ജർമ്മിനിയിലേക്കു കൊണ്ടുപോയതിനു പകരം വീട്ടാനായി പാരീസിലെ ജൂതന്മാർ ലണ്ടൻനഗരത്തിന്മീതെ ബോംബു വർഷിക്കാൻ പ്ലാനിടുകയുണ്ടായി. തങ്ങളുടെ ആവശ്യങ്ങളെ ഉടനെ അനുവദിക്കുന്നതിന്നായി ബ്രിട്ടനെ പ്രേരിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയുമാണ് ജൂതഭീകരപ്രവർത്തനങ്ങളുടെ ഉദ്ദേശ്യം. ബ്രിട്ടീഷ് ഗവർമ്മെന്റ് താലോലിച്ചുവളർത്തിയ യഹൂദജനതയാലാണ് അവർക്ക് ഈ കഷ്ടപ്പാടുകളെല്ലാം സഹിക്കേണ്ടിവന്നിരിക്കുന്നതെന്നുള്ളത് വിധിവൈപരീത്യമല്ലേ? പലസ്തീന്റെ സ്വാതന്ത്ര്യത്തിനായി അവിടെത്തെ അറബികൾ മുപ്പതുകൊല്ലങ്ങളോളമായി പൊരുതിക്കൊണ്ടിരിക്കുന്നു. ആ സ്വാതന്ത്ര്യത്തിന് വിഘാതമായി നിന്നത് ജൂതന്മാരുടെ ആവശ്യത്തോടുള്ള ബ്രിട്ടന്റെ പ്രവണത മാത്രമാണ്. സ്വാതന്ത്ര്യം നൽകാനുള്ള ബ്രിട്ടന്റെ ജൂതപാർശ്വകനയത്തോടു കൂടിയ സംരംഭം ഇതിനുമുമ്പും പലവുരു ഉണ്ടായിട്ടുണ്ട്. അതെല്ലാംതന്നെ അറബികളുടെ നിഷേധം കാരണമായി പരാജയപ്പെടുകയാണുണ്ടായത്. പലസ്തീൻ പലസ്തീൻകാർക്ക് എന്ന വാദമാണ് അറബികളുടേത്. ബ്രിട്ടീഷ് ബയനറ്റിന്റേയും അമേരിക്കൻ പിന്തുണയുടേയും സഹായത്താൽ കുടിപാർപ്പിക്കപ്പെട്ട ജൂതന്മാർ തങ്ങളുടെ ഭാവിഭാഗധേയം നിർണ്ണയിക്കുകയെന്നത് അറബികൾ ഒരുകാലത്തും സമ്മതിക്കുകയില്ല. പലസ്തീനിലെ ജൂതന്മാർ കേവലം ഒരു ന്യൂനപക്ഷമാണ്. തങ്ങൾ അനുവദിക്കാത്തരത്തിൽ ശക്തിപ്രയോഗിച്ചു ജൂതന്മാരെ പലസ്തീനിൽ കുടിയേറിപ്പാർപ്പിക്കു

കയും അങ്ങനെ അവരെ ഒരു ഭൂരിപക്ഷമാക്കി വളർത്തുകയും ക്രമേണ തങ്ങളുടെ മാതൃരാജ്യത്തെ ഒരു ജൂതസ്റ്റേറ്റാക്കി മാറ്റുകയും ചെയ്യാനുള്ള ധിക്കാരപരമായ പദ്ധതികൾക്കു അറബികൾ ഒരിക്കലും വഴങ്ങുകയില്ല. അതാണ് പലസ്തീനെ സംബന്ധിച്ച എല്ലാത്തരം തീരുമാനങ്ങളും ഇതുവരേയും പരാജയപ്പെടുവാൻ കാരണം. കഴിഞ്ഞവർഷത്തിൽ പലസ്തീൻ സന്ദർശിച്ച ആംഗ്ലോ അമേരിക്കൻ കമ്മിറ്റി പലസ്തീൻ ഭാഗിക്കുന്നതിന് ശുപാർശ ചെയ്കയുണ്ടായി. ഒരു ജൂതസംസ്ഥാനം, ഒരറബ്സംസ്ഥാനം, ജറുസലേം ഉൾക്കൊണ്ട മദ്ധ്യസംസ്ഥാനം, നെജബ്സംസ്ഥാനം ഇങ്ങനെ നാല് സംസ്ഥാനങ്ങളും വിദേശകാര്യം, രാജ്യരക്ഷ, ചുങ്കം എന്നീ അധികാരങ്ങളോടുകൂടിയ ശക്തമായ ഒരു കേന്ദ്രവും ഉള്ള ഒരു ഫെഡറൽ ഗവർമ്മെന്റാണ് അവർ ശുപാർശ ചെയ്തത്. ഇതിനെ തുടർന്ന് ലണ്ടനിൽ അറബികളുടേയും ജൂതന്മാരുടേയും ഒരു വട്ടമേശസമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. എന്നാൽ അറബികളുടെ നിസ്സഹകരണം കാരണമായി അത് പരാജയപ്പെട്ടു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിനെ സ്പർശിച്ചുകൊണ്ട് മോറിസൺ (Lord President of the Council) ഇങ്ങനെ പറയുകയുണ്ടായി: "ഈ വഴിയിൽകൂടെ ഭരണഘടനാപദ്ധതിയെ സംബന്ധിച്ച് അറബികളുമായും ജൂതന്മാരുമായും കൂടിയാലോചന നടത്തിക്കൊണ്ട് മുന്നോട്ടുപോവുകയാണ് ഞങ്ങളുടെ ഉദ്ദേശ്യമെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. പലസ്തീനിലെ ഇരുസമുദായക്കാർക്കും ഒട്ടധികം ആനുകൂല്യങ്ങൾ അതനുവദിക്കുന്നുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ജൂതന്മാർക്ക് അവരുടെ സംസ്ഥാനത്തിൽ കുടിയേറിപ്പാർപ്പിനെ സംബന്ധിച്ചിടത്തോളം വലുതായ നിയന്ത്രണം ചെലുത്തുവാനും അങ്ങനെ അതിനെ ഒരു ജൂതദേശീയഗേഹമാക്കി രൂപാന്തരപ്പെടുത്തുവാനും സാധിക്കുന്നതാണ്. അറബ്സംസ്ഥാനത്തിലെ ഗവർമ്മെന്റിന് ജൂതന്മാർക്ക് അവിടെ ഭൂമിവാങ്ങുന്നതിന് അനുമതി നൽകുകയോ നിഷേധിക്കുകയോ ചെയ്യാം. എന്നാൽ, ഇപ്പോൾ ജൂതന്മാർക്ക് ഭൂമി വാങ്ങുവാൻ സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്ന പ്രദേശത്തേക്കാളധികം വിസ്തൃതമായിരിക്കും ജൂതസംസ്ഥാനം. അങ്ങനെ അറബികളിൽ ഒരു വലിയ ഭൂരിപക്ഷത്തിന് ജൂതമേധാവിത്വത്തിൽനിന്ന് ശാശ്വതമായ നിലയിൽ സ്വതന്ത്രമാവാൻ സാധിക്കുമെന്നതാണ് അറബികൾക്കുണ്ടാകുന്ന ഗുണം. അറബ്സംസ്ഥാനത്തിലെ പൗരാവലിക്ക് വലിയതോതിലുള്ള സ്വയംഭരണാധികാരം ഉടനടി ലഭിക്കുന്നതും, ജൂതസംസ്ഥാനത്തിൽ അവശേഷിക്കുന്ന അറബിന്യൂനപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സുശക്തമായ രക്ഷാഏർപ്പാടുകൾ ചെയ്യപ്പെടുന്നതുമായിരിക്കും. ഇതിൽനിന്ന് ഒരു ജൂതസ്റ്റേറ്റ് സ്ഥാപിക്കാനുള്ള ബ്രിട്ടന്റെ അഭിവാഞ്ഛ എത്രത്തോളമാണെന്ന് മനസ്സിലാക്കാവുന്നതാണ്.

പലസ്തീൻപ്രശ്നം ഐക്യരാഷ്ട്രസംഘടനയെ സമീപിക്കപ്പെട്ടതോടെ അത് അങ്ങേയറ്റത്തെ വിഷമതകൾ സൃഷ്ടിച്ചിരിക്കുന്നു. ബ്രിട്ടീഷുകാർക്ക് പലസ്തീനിൽ ഭരണപരമായി മുന്നോട്ടുപോകാനുള്ള അസാധ്യത അവർ ഐക്യരാഷ്ട്രസംഘടനയെ സമീപിച്ചിരിക്കുന്നതിൽനിന്നും പലസ്തീനിൽനിന്നു പിൻവലിക്കുവാൻ തീരുമാനിച്ചിരിക്കുന്നതിൽനിന്നും വ്യക്തമാകുന്നുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ പലസ്തീൻ കമ്മിറ്റി രണ്ട് റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. കമ്മിറ്റിയിലെ ഭൂരിപക്ഷം മെമ്പർമാരും നിർദ്ദേശിച്ചിരിക്കുന്നത് പലസ്തീൻ ഒരു ജൂതസ്റ്റേറ്റും ഒരറബിസ്റ്റേറ്റുമായി വിഭജിക്കുവാനാണ്. ആ നിർദ്ദേശമാണ് ഇപ്പോൾ യു.എൻ. ജനറൽ അസംബ്ലി ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കിയിരിക്കുന്നത്. പലസ്തീൻപ്രശ്നത്തെ സംബന്ധിച്ചിടത്തോളം റഷ്യയും അമേരിക്കയും സ്വീകരിച്ചിരിക്കുന്ന നയം ഏറ്റവും പരിതാപകരമായിട്ടുള്ളതാണ്. റഷ്യയും അമേരിക്കയുടെ ഭാഗത്ത് ചേർന്നതോടുകൂടി അറബികളുടെ ഇടയിൽ അങ്ങേയറ്റത്തെ നൈരാശ്യമാണ് പ്രത്യക്ഷമായിരിക്കുന്നത്. റഷ്യയും അമേരിക്കയും ഇത്രയും പ്രധാനമായ ഒരു വിഷയത്തിൽ ഏകോപിച്ചതിൽ രാഷ്ട്രനിരീക്ഷകന്മാർ ആശ്ചര്യപ്പെടുകയാണ്. ജർമ്മനിയെ പരാജയപ്പെടുത്തിയതിനുശേഷം അമേരിക്കയും റഷ്യയും ആദ്യമായി ഒന്നിച്ചത് നീതിക്കും പ്രജായത്തസിദ്ധാന്തങ്ങൾക്കും പ്രത്യക്ഷത്തിൽ വിരുദ്ധമായ ഒരു സംഗതിയിലാണെന്നുള്ളത് എത്രയും വ്യസനകരമായിരിക്കുന്നു. പലസ്തീനെ സംബന്ധിച്ചിടത്തോളം മൂന്ന് വൻകിട രാഷ്ട്രങ്ങൾക്കും സ്ഥാപിതതാല്പര്യങ്ങളുണ്ടെന്നുള്ളത് പ്രത്യക്ഷമാണ്. മൂന്ന് രാഷ്ട്രങ്ങളുടേയും കാര്യസാദ്ധ്യത്തിനായി ജൂതന്മാരുടെ സാഹായവും ആനുകൂല്യവും അനുപേക്ഷണീയവുമാണ്. ഇതാണ് ജൂതന്മാരെ സഹായിക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന രഹസ്യം. പലസ്തീൻകാരണമായിത്തന്നെ ഈ മൂന്ന് രാഷ്ട്രങ്ങളും തമ്മിലടിക്കേണ്ടിവരുകയില്ലെന്ന് ആര് കണ്ടു? ഏതായാലും അറബികളുടെ പ്രഖ്യാപിത അഭീഷ്ടത്തിന് എതിരായി അവരുടെ ചിരാർത്ഥിതലക്ഷ്യത്തിന് പ്രതികൂലമായി, പലസ്തീനിൽ ഒരു ജൂതസ്റ്റേറ്റ് സൃഷ്ടിക്കുവാൻ ഐക്യരാഷ്ട്രസംഘടന ഒരുങ്ങുന്നപക്ഷം മദ്ധ്യപൂർവ്വദേശത്ത് ഒരു സായുധസമാഘാതം അനിവാര്യമായിരിക്കുമെന്നതിൽ പക്ഷാന്തരമില്ല. അറബ്രാജ്യങ്ങൾ അതിനുവേണ്ട എല്ലാ കരുതലുകളും ചെയ്യുന്നുവെന്നത് ആ അഭിപ്രായത്തെ ദൃഢീകരിക്കുന്നു.

പലസ്തീനിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുവാൻ വിഭജനം മാത്രമാണ് ഒരേ പോംവഴി എന്നത്രേ ജൂതന്മാരെ അനുകൂലിക്കുന്നവർ അഭിപ്രായപ്പെടുന്നത്. ആറുലക്ഷത്തോളംവരുന്ന കുടിയേറിപ്പാർപ്പുകാരായ ജൂതന്മോർ പന്ത്രണ്ടുവർഷം തദ്ദേശ്യരായ അറബികളോടൊപ്പം സഹകരിച്ചു ജീവിക്കുന്നില്ലെന്നതാണ് സർവ്വകുഴപ്പത്തിന്റേയും കാരണം. യു.എൻ. സബ്കമ്മിറ്റി ചെയ്ത ശിപാർശയനുസരിച്ച് പലസ്തീൻ ഭാഗിക്കുന്നപക്ഷം ജൂതസ്റ്റേറ്റിൽ 5,50,000 ജൂതന്മാരും 5,00,000 അറബികളും, അറബ്സ്റ്റേറ്റിൽ 6,00,000 അറബികളും 15,000 ജൂതന്മാരും ഉണ്ടായിരിക്കും. 5,00,000 അറബികൾ തങ്ങളുടെ ജന്മഭൂമിയായ ആ ദേശത്ത് ജൂതന്മാരുടെകീഴിൽ സമാധാനത്തോടും സുഹൃൽഭാ

വത്തോടുംകൂടി ജീവിക്കുമെന്ന് ഒരിക്കലും വിചാരിക്കാവതല്ല. അപ്പോൾ ജൂതകുടിയേറ്റത്തിന്റെ ഭീഷണിക്കു അറബികൾ പിന്നേയും വിധേയരാവും. അതുകൂടാതെ രാജ്യത്തിന്റെ 60% ഭാഗവും പോകുന്നത് ജൂതർക്കായിരിക്കും. അറബികളുടെ പ്രധാനസ്ഥലങ്ങളായ നജബ്(Nageb) പ്രദേശവും ജാഫാ(Jaffa) തുറമുഖവും ജൂതർക്ക് ലഭിക്കുന്നതരത്തിലാണ് കമ്മിറ്റിയുടെ ശിപാർശ. ഇപ്പോൾ അതിൽ ജാഫായും നജബിന്റെ ചില ഭാഗവും അറബ്സ്റ്റേറ്റിൽ ഉൾപ്പെടുത്താനുള്ള ചില്ലറ ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ അത് ഒരു കടുത്ത അനീതി നിലവിലിരിക്കെ ചെയ്യപ്പെടുന്ന നിസ്സാരമായ ഒരു തെറ്റുതിരുത്തൽ മാത്രമാണ്. ലിദ്ദാ വിമാനത്താവളം ആദ്യം അറബ്രാഷ്ട്രത്തിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്തുവെങ്കിലും ഇപ്പോൾ ജൂതരാഷ്ട്രത്തിൽപെടുത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഫലഭൂയിഷ്ഠമല്ലാത്തതും കുന്നിൻപ്രദേശങ്ങൾ നിറഞ്ഞതുമായ ഭാഗമാണ് അറബികൾക്ക് ലഭിക്കുകയെന്ന് മാത്രമല്ല, അറബ്സ്റ്റേറ്റ് സ്വയംപര്യാപ്തമായിരിക്കയുമില്ല. സാമ്പത്തികമായി അവർക്ക് വമ്പിച്ച കഴിവുകേടുകൾ ബാധിക്കുന്നതാണ്. തുടർന്ന് ജറുസലേം ഇന്റർനാഷണൽ ട്രസ്റ്റിഷിപ്പിന് കീഴിലാക്കാനും തീരുമാനിച്ചിരിക്കുകയാണ്. പലസ്തീനിലെ ഭൂരിപക്ഷജനതയും അതിന്റെ ജന്മാവകാശികളുമായ അറബികൾ ഈ അന്യായമായ തീരുമാനങ്ങളെ പ്രത്യക്ഷത്തിൽതന്നെ എതിർക്കുമെന്നത് വ്യക്തമാണ്. അറബ് കമ്മ്യൂണിസ്റ്റ് പാർട്ടികൾപോലും വിഭജനത്തിന്നെതിരാണെന്നുള്ളത് അറബികളുടെ സുദൃഢനിലയേയും ഏകീകൃതഭാവത്തേയും പ്രഖ്യാപനം ചെയ്യുന്നു.

1948 ആഗസ്റ്റ് 1–ഓടുകൂടി ബ്രിട്ടീഷുകാർ പലസ്തീനിൽനിന്ന് പിൻവാങ്ങുന്നതാണെന്നും രണ്ടുമാസത്തിനുശേഷം രണ്ട് സ്റ്റേറ്റുകളായി പലസ്തീൻ വിഭജിക്കപ്പെടുമെന്നും ആണ് പറയപ്പെടുന്നത്. അഞ്ചംഗങ്ങളടങ്ങിയ യു.എൻ. കമ്മീഷന്റെ മേൽനോട്ടത്തിലായിരിക്കും വിഭജനം നടപ്പിൽവരുത്തുക. എന്നാൽ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അഞ്ച് രാഷ്ട്രങ്ങളും വിഭജനത്തിന്നനുകൂലമാണെന്ന് മുമ്പുതന്നെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കയാൽ കമ്മീഷൻ ഒരുപക്ഷത്തെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂ എന്ന് പാക്കിസ്ഥാൻ പ്രതിനിധിസംഘം നേതാവ് സർ സഫറുല്ലാഖാൻ ചൂണ്ടിക്കാണിക്കുകയുണ്ടായിട്ടുണ്ട്. സായുധമായ എതിർപ്പിനേയും ആഭ്യന്തര ലഹളയേയും എങ്ങനെയാണ് അവർ നേരിടുകയെന്നത് വലിയൊരു പ്രശ്നമാണ്. ബ്രിട്ടീഷുപട്ടാളം അവിടെ ഉണ്ടായിരിക്കുമെങ്കിലും യു.എൻ.ഓവിന്റെ ഏതൊരു തീരുമാനത്തേയും അറബികളും ജൂതന്മാരും ഏകകണ്ഠമായി സ്വീകരിക്കാത്തനിലയിൽ, നടപ്പിൽവരുത്തുവാനുള്ള ചുമതല ഏറ്റെടുക്കുകയില്ലെന്നു ബ്രിട്ടൻ പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. പലസ്തീനിലെ അറബികളുടെ സഹായത്തിനായി ഈജിപ്ത്, ഇറാക്ക്, ട്രാൻസ്ജോർഡാൻ, സിറിയ, ലബ്നാൻ എന്നിവിടങ്ങളിൽനിന്ന് പട്ടാളത്തേയും വളണ്ടിയർമാരേയും അയക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. അത്തരം ആഘാതങ്ങളെ പ്രതിരോധിക്കുവാൻ വൻകിട ശക്തികൾക്ക് സാധിക്കുമെങ്കിലും അവർ അതിന്നൊരുങ്ങുമോ എന്നത് വലിയൊരു പ്രശ്നംതന്നെയാണ്. കോളിളക്കങ്ങളുടെ കരിങ്കാറ്റ് നിറഞ്ഞ ഇന്നത്തെ ഈ അന്തരീക്ഷത്തിൽ ഏകവെള്ളിനക്ഷത്രമായി ലോകം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഐക്യരാഷ്ട്രസംഘടനയ്ക്ക് പിന്നെ എന്തൊരു വിലയാണുണ്ടാവുക? അതിന്റെ പ്രത്യക്ഷഫലം ആറ്റം യുദ്ധമായിരിക്കയില്ലേ?

നാലുപാടും അറബ്ദേശങ്ങളാൽ ചുറ്റപ്പെട്ട ഒരു ചെറിയ ജൂതരാഷ്ട്രം സമാധാനത്തിൽ കഴിഞ്ഞുകൂടുമെന്ന് ഒരിക്കലും വിശ്വസിച്ചുകൂടാ. അറബ്പ്രതിനിധികൾതന്നെ ഇത് പലവുരു പ്രസ്താവിച്ചിട്ടുണ്ട്. പലസ്തീൻ അറബ്ദേശങ്ങളുടെ 'ഉടലും ഉയിരു'മായിരിക്കെ അതിനെ സംരക്ഷിക്കുവാൻ അറബികൾ അങ്ങേയറ്റത്തെ ത്യാഗങ്ങളും വരിക്കുവാൻ ധൃഷ്ടരാവും. പുണ്യനഗരങ്ങളായ മക്കായും മദീനയും ഉൾക്കൊണ്ട ഹിജാസിന്റെ അതിർത്തിയിൽ ഒരു ജൂതസ്റ്റേറ്റിന്റെ അസ്തിത്വം മുസ്ലിംലോകത്തിന്റെ കേന്ദ്രത്തിനു ശാശ്വതമായ ഒരു അപകടവും ഭീഷണിയുമായിരിക്കും. സുഹൃൽരാജ്യങ്ങളെ നശിപ്പിക്കാനുള്ള ജൂതകുതന്ത്രങ്ങൾ കുപ്രസിദ്ധമാണ്. അക്കാരണത്താലാണ് ഹസ്റത്ത് ഖലീഫാഉമർ(റ) ഇസ്ലാമികലോകത്തിന്റെ തലസ്ഥാനനഗരിയായ മദീനായിൽനിന്നും ജൂതന്മാരെ അകറ്റുകയുണ്ടായത്.

ഐത്യരാഷ്ട്ര ജനറൽ അസംബ്ലി വിഭജനശിപാർശയെ ഭൂരിപക്ഷത്തോടെ പാസ്സാക്കിക്കഴിഞ്ഞു. അതോടുകൂടി നൂറുകോടിയോളം വരുന്ന ജനസഞ്ചയങ്ങളുടെ ഏകസ്വരത്തിലുള്ള എതിർപ്പിനെക്കാളും ഒരാറ്റംബോംബിനാണ് വിലയെന്നു ഐക്യരാഷ്ട്രസംഘടന തെളിയിച്ചിരിക്കുകയാണ്. വിഭജനത്തീരുമാനത്തെപ്പറ്റി സർ സഫറുല്ലാഖാൻ പറഞ്ഞ വാക്കുകൾ മാത്രമേ ഇപ്പോൾ വ്രണിതഹൃദയങ്ങളിൽ ഓളംവെട്ടുന്നുള്ളൂ. അതായത്:

"ഈ വിഭജനത്തീരുമാനംമൂലം യു.എൻ.ഒ. അതിന്റെ സംഘടനയുടെ അന്തസ്സിനു വമ്പിച്ച ഒരടി അടിച്ചിരിക്കുന്നു. അധികാരത്തിനുവേണ്ടിയുള്ള വടംവലിയാണ് ഇപ്പോഴും നടക്കുന്നതെന്നും അതിന്റെ മാർഗ്ഗങ്ങളും ആയുധങ്ങളും മാറിയിട്ടുണ്ടെന്നു മാത്രമേയുള്ളൂവെന്നും അത് ലോകത്തിന് കാണിച്ചുകൊടുത്തിരിക്കുന്നു. തിരശ്ശീലക്കുപിന്നിൽ നടക്കുന്ന ചരടുവലികളും ഈ തീരുമാനം ഉണ്ടാക്കുന്നതിന്നുപയോഗിച്ച മാർഗ്ഗങ്ങളും അന്താരാഷ്ട്രീയകാര്യങ്ങളിൽ തങ്ങൾക്ക് നീതി ലഭിക്കുകയില്ലെന്ന് പൗരസ്ത്യരാജ്യങ്ങളെ ബോധ്യപ്പെടുത്തിയിരിക്കുന്നു."

●

മൗലാന അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

കുറിപ്പ്

# ഞാൻ വിട ചോദിക്കുന്നു

**(1957 ഡിസംബർ ലക്കത്തിൽ എൻ. അബ്ദുർറഹീം സാഹിബിനെ എഡിറ്ററായി നിയോഗിച്ചുകൊണ്ടെഴുതിയ കുറിപ്പ് )**

**1925** ജനുവരി മാസമാണ് 'സത്യദൂതൻ' ആരംഭിച്ചത്. ഈ ഡിസംബറിൽ അതിന്നു 31 വയസ്സ് പ്രായമായിരിക്കുന്നു. അത് യാതൊരു വിഘ്നവും കൂടാതെ നടന്നിരുന്നുവെങ്കിൽ ഈ ലക്കത്തോടുകൂടി അതിന്റെ മുപ്പത്തൊന്ന് വാല്യം പൂർത്തിയാകുമായിരുന്നു. എന്നാൽ, ഇടയിൽ പല കാലഘട്ടങ്ങളിലും ചില വിഷമതകൾ നേരിട്ടതുകൊണ്ട് കൊല്ലങ്ങളും മാസങ്ങളുമായി അതിന്റെ പ്രസിദ്ധീകരണം നിലച്ചുപോയിട്ടുണ്ടായിരുന്നു. അത് പ്രസിദ്ധമാകാതിരുന്ന കാലം മുഴുവനും ചേർക്കുകയാണെങ്കിൽ, 9 കൊല്ലമാണ്. അങ്ങനെ, സത്യദൂതന്റെ 24-ാം വാല്യം ഇതോടെ പൂർത്തിയായിരിക്കുകയാണ്.

ഒന്നാമാണ്ടിൽ അതിന്റെ പത്രാധിപരായിരുന്നത് ജ: എച്ച്.ഹുസൈൻ സാഹിബ്(മർഹൂം) ആയിരുന്നു. രണ്ടാമാണ്ടിൽ ജ: വി.കെ. മാഹിൻസാഹിബും (വി. അബ്ദുൽഖയ്യും സാഹിബ്) അതിന്നുശേഷം 18 കൊല്ലത്തോളം തുടർച്ചയായി ജ: എൻ. ഹാമിദ് സാഹിബും സത്യദൂതന്റെ പത്രാധിപത്യം വഹിച്ചു. കൂടാതെ സത്യദൂതന്റെ ആരംഭം മുതൽ 20-ാം വാല്യം അവസാനിക്കുന്നതുവരെ അതിന്റെ മാനേജരായിരുന്നതും ജ: ഹാമിദ് സാഹിബ് തന്നെയായിരുന്നു. തദനന്തരം അനിവാര്യമായ കാരണങ്ങളാൽ, സത്യദൂതനെ സംബന്ധിച്ച ചുമതലകളിൽനിന്ന് അദ്ദേഹത്തിന് പൂർണ്ണമായും ഒഴിയേണ്ടിവന്നു. അപ്പോൾ, അതിന്റെ നില ഒന്നുകിൽ അത് നിർത്തണം, അല്ലെങ്കിൽ അതിന്റെ ഭാരവാഹിത്വം ഞാൻ ഏറ്റെടുക്കണം എന്നുള്ള സന്ദിഗ്ദ്ധസന്ധിയിലായി ത്തീർന്നു. അങ്ങനെ, 1954 ജനുവരി മുതൽ- അതായത്, സത്യദൂതൻ 21-ാം വാല്യത്തിന്റെ ആരംഭം മുതൽ അതിന്റെ ഉത്തരവാദിത്തം മുഴുവൻ ഞാൻ ഏറ്റെടുക്കേണ്ടിവന്നു. അങ്ങനെ, ഈ ഡിസംബറോടുകൂടി നാലുകൊല്ലം സത്യദൂതന്റെ പത്രാധിപത്യവും മറ്റു ഭാരങ്ങളും ഞാൻ ഏറ്റെടുത്തുനടത്തിപ്പോന്നു. സത്യദൂതൻ അഹ്മദിയ്യാ ജമാഅത്തിന്റെ കേരളത്തിലെ ഒരു പത്രമായതുകൊണ്ടും അതിന്നുവേണ്ടി കഴിയുന്ന സേവനം ചെയ്യേണ്ടത് എന്റെ ധർമ്മമായതുകൊണ്ടും ജ: ഹാമിദ് സാഹിബ് അതിന്റെ ചുമതലയിൽനിന്നും ഒഴിഞ്ഞപ്പോൾ അന്നത്തെ പരിതസ്ഥിതിയിൽ, ആ ചുമട് ഞാൻ ചുമക്കാത്തപക്ഷം സത്യദൂതന്റെ പ്രസിദ്ധീകരണം നിലച്ചുപോകുമെന്നു മനസ്സിലാക്കിയതുകൊണ്ടും ആയിരുന്നു ആ ചുമട് ഞാൻ ചുമക്കാൻ മുന്നോട്ടുവന്നത്. എന്തെന്നാൽ, എന്റെ ആരോഗ്യനിലയും കൃത്യാന്തരബഹുലതയും, ഒരു സ്ഥലത്ത് ഒട്ടുനാൾ നിൽക്കുവാൻ നിവൃത്തിയാകാത്ത എന്റെ പ്രവർത്തനങ്ങളും സത്യദൂതന്റെ ഭാരം ചുമക്കുന്നതിൽ ഒരു പ്രകാരത്തിലല്ലെങ്കിൽ മറ്റൊരുപ്രകാരത്തിൽ എനിയ്ക്ക് പ്രതിബന്ധമായിരുന്നു.

ഈനിലയിലുള്ള ഞാൻ തികഞ്ഞ നാലുവർഷം സത്യദൂതന്റെ ഭാരം ചുമന്നുകൊണ്ട് എന്നെക്കൊണ്ടാവുന്ന സേവനങ്ങൾ ചെയ്തു. അങ്ങനെ ഞാൻ ചെയ്തതു മറ്റാർക്കുവേണ്ടിയും ആയിരുന്നില്ല. അത് എന്റെ ധർമ്മമാണെന്നു കരുതിക്കൊണ്ട് എനിയ്ക്കു വേണ്ടിത്തന്നെയായിരുന്നു. ഏകദേശം 11 കൊല്ലമായി എനിക്ക് പ്രമേഹരോഗം ബാധിച്ചിട്ട്. അതിനു മുമ്പു തന്നെ വാതരോഗം എന്നെ പിടികൂടിയിരുന്നുവെങ്കിലും എന്റെ ശാരീരികമായ നിലയ്ക്ക് അത് പറയത്തക്ക ഹാനിയൊന്നും വരുത്തിയിരുന്നില്ല. എന്നാൽ, രണ്ടാമത്തെ രോഗം എന്നെ വല്ലാതെ ക്ഷയിപ്പിച്ചുകളഞ്ഞു. ദൈനംദിനം ഞാൻ ക്ഷയിച്ചുകൊണ്ടേപോവുകയാണ്. മറുഭാഗത്ത് വാർദ്ധക്യം കൂടുതൽ കൂടുതൽ എന്നെ കെട്ടിപ്പുണർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആകയാൽ, ഇനിയും സത്യദൂതന്റെ ഭാരം ഞാൻ ചുമന്നുകൊണ്ടുപോവുകയാണെങ്കിൽ, അത് എനിയ്ക്ക് കൂടുതൽ വിഷമതകൾക്കു കാരണമായിത്തീരും. മറുഭാഗത്ത്, സത്യദൂതന്റെ ക്ഷേമത്തിനും അത് ഹാനികരമായി എന്നുംവരാം. അതുകൊണ്ട് ഞാൻ, സത്യദൂതനോട് ഒരുപ്രകാരത്തിലല്ലെങ്കിൽ മറ്റൊരുപ്രകാരത്തിൽ ബന്ധമുള്ള എന്റെ ചില സുഹൃത്തുക്കളോട് കൂടിയാലോചന നടത്തിയശേഷം ഈ ഭാരത്തിൽനിന്നും ഞാൻ ഒഴിയുന്നതാണ് നന്നായിരിക്കുക എന്ന നിഗമനത്തിലെത്തി. ആകയാൽ, ഞാൻ ഇതാ ഈ പ്രസ്താവനയോടുകൂടി സത്യദൂതന്റെ പത്രാധിപരും ഉത്തരവാദിയും എന്ന ഭാരത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്നു എന്നും ജനുവരിലക്കം മുതൽ അതിന്റെ പത്രാധിപരായിരിക്കുക മി. എൻ. അബ്ദുർറഹീം ആണെന്നും ഉള്ള വിവരം സത്യദൂതൻ വായനക്കാരെ അറിയിച്ചുകൊണ്ട് അവരോട് വിടവാങ്ങിക്കൊള്ളുന്നു. ഞാൻ പത്രാധിപരായിരുന്ന കാലത്ത് സത്യദൂതന്റെ ഉപപത്രാധിപരെന്നനിലയിൽ പ്രവർത്തിക്കുകയും, ലേഖനമെഴുതുന്നതിൽ എന്നെ സഹായിക്കുകയും സത്യദൂതൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട മറ്റെല്ലാ ഭാരങ്ങളും ചുമക്കുകയും ചെയ്തിരുന്നതു മി. അബ്ദുർറഹീം തന്നെയാണ്. ആനിലയ്ക്കും ഇനി സത്യദൂതന്റെ പത്രാധിപത്യം

വഹിച്ചുകൊണ്ടു പത്രം പ്രസിദ്ധീകരിക്കേണ്ട ഭാരം അദ്ദേഹത്തെ ഏല്പിക്കുന്നതു ഒരുപ്രകാരത്തിലും അസംഗതമായിരിക്കയില്ല. അദ്ദേഹം അധ്വാനിച്ച് നല്ല ലേഖനങ്ങൾ സംഭരിക്കുകയും, സത്യദൂതൻ വായനക്കാരും അതിന്റെ ക്ഷേമകാംക്ഷികളും ധനംകൊണ്ട് അതിനെ സഹായിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന പക്ഷം, സത്യദൂതൻ നല്ലനിലയിൽ മനുഷ്യർക്കുവേണ്ടി കഴിയുന്ന സേവനം ചെയ്തുകൊണ്ടിരിക്കണമെന്നു തന്നെയാണ് എന്റെ പ്രതീക്ഷയും വിശ്വാസവും. മി. അബ്ദുർറഹീമിനു സത്യദൂതൻ പ്രേമികളുടെ ആനുകൂല്യങ്ങളും ഹൃദയപൂർവ്വകമായ ആശിർവാദങ്ങളും ഉണ്ടായിരിക്കുമെന്ന് ഞാൻ ആശിക്കുന്നു. നല്ല ലേഖനങ്ങൾ എഴുതാൻ കഴിവുള്ളവർ അങ്ങനെ ചെയ്തുകൊണ്ട് സത്യദൂതനെ സഹായിക്കണമെന്നും ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ധനംകൊണ്ട് സത്യദൂതനെ സഹായിച്ചുകൊണ്ടിരുന്ന മാന്യന്മാരോട് അവർക്ക് പൂർവ്വാധികം സത്യദൂതന്റെ നേരെ ദയതോന്നേണ്ടതാണെന്നും ഞാൻ ഉണർത്തിച്ചുകൊള്ളട്ടെ!!

ഞാൻ സത്യദൂതന്റെ ഭാരമേറിയചുമട് എന്റെ ഇന്നത്തെ നിലയെ മുൻനിർത്തി ഇറക്കിവെച്ചുവെങ്കിലും സത്യദൂതനോട് എനിക്ക് മറ്റുപ്രകാരത്തിലുള്ള ബന്ധത്തിനു യാതൊരു കോട്ടവും തട്ടിയിട്ടില്ല; തട്ടുകയുമില്ല. സത്യദൂതൻ മി. അബ്ദുർറഹീമിന്റേതല്ല. അഹ്മദിയ്യാ ജമാഅത്തിന്റേതാണ്. അതിന്റെ അഭിവൃദ്ധി ഓരോ അഹ്മദിയുടേയും അഭിലാഷമാണ്. എന്നാൽ, അഹ്മദിയ്യാ പ്രസ്ഥാനം സത്യപ്രസ്ഥാനമാണെന്ന് സമ്പൂർണ്ണഹൃദയത്തോടുകൂടി ഞാൻ വിശ്വസിക്കുകയും ആ സിദ്ധാന്തങ്ങൾ മറ്റുള്ളവരും സ്വീകരിക്കുമാറാകണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നതുകൊണ്ട് സത്യദൂതന്റെ ക്ഷേമവും അതിന്റെ അഭിവൃദ്ധിയും എന്റെ ക്ഷേമവും അഭിവൃദ്ധിയും ആണ്. ആ നിലയിൽ, അതിനോട് എനിക്കുള്ള ബന്ധം അഭേദ്യമാണ്. ഞാൻ പത്രാധിപരായിരിക്കുന്നതിനു മുമ്പ്, ഇരുപത് വാല്യങ്ങൾ സത്യദൂതന്റേതു പ്രസിദ്ധമായിട്ടുണ്ട്. അവയിൽ ധാരാളം ലേഖനങ്ങൾ എന്റേതാണ്. ഇന്ന് എന്റെ പരിതസ്ഥിതി എന്നെ നിർബന്ധിക്കുന്നതുകൊണ്ട് സത്യദൂതന്റെ ഭാരിച്ച ഉത്തരവാദിത്വത്തിൽനിന്ന് ഞാൻ ഒഴിഞ്ഞിട്ടുണ്ടെങ്കിലും, എന്റെ കഴിവിനനുസരിച്ച് അതിൽ ലേഖനങ്ങൾ എഴുതേണ്ടത് എന്റെ ധർമ്മമാണ്. അതിന് കഴിവതും ഞാൻ ശ്രമിച്ചുകൊണ്ടിരിക്കും. അല്ലാഹു എനിക്ക് അതിന്നായി തൗഫീഖ് നൽകുമാറാകട്ടെ!

മി. അബ്ദുർ റഹീമിന്റെ പത്രാധിപത്യത്തിൽ സത്യദൂതൻ പൂർവ്വാധികം ശോഭിച്ചുകൊണ്ട് മനുഷ്യർക്ക് സേവനം ചെയ്യുമാറാകട്ടെ എന്നും അതിന്നായി അബ്ദുർറഹീമിനെ അല്ലാഹു സഹായിക്കുമാറാകട്ടെ എന്നും ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ട്, ഞാൻ ഇതാ സത്യദൂതൻ വായനക്കാരോട് വിടവാങ്ങിക്കൊള്ളുന്നു. (*സത്യദൂതൻ, 1957, ഡിസംബർ, പുസ്തകം 24, ലക്കം 12*)

●

# സംസ്ഥാന ഇജ്തിമാഅ് 2006

## മജ്ലിസ് അൻസാറുല്ലാഹ് കേരള

# 2006 ആഗസ്റ്റ് 5,6 (ശനി, ഞായർ)

## എറണാകുളം മാസ് ഓഡിറ്റോറിയത്തിൽ

### ആഗസ്റ്റ് 5 ശനി

| | | |
|---|---|---|
| രാവിലെ | 9.00 | റജിസ്ട്രേഷൻ |
| | 9.45 | പതാക ഉയർത്തൽ |
| | 10.00 | ഉദ്ഘാടന സമ്മേളനം |
| | 1.30 | നമസ്കാരം, ഭക്ഷണം |
| | 3.00 | മത്സരങ്ങൾ |
| | 4.30 | ചായ |
| | 5.45 | തർബിയ്യത്ത് സമ്മേളനം |
| | 7.30 | നമസ്കാരം, ഭക്ഷണം |
| | 8.30 | ക്ലാസ്സ് – ആരോഗ്യപരിപാലനം |

### ആഗസ്റ്റ് 6 ഞായർ

| | | |
|---|---|---|
| രാവിലെ | 4.00 | തഹജ്ജുദ് നമസ്കാരം |
| | 5.00 | സുബ്ഹി നമസ്കാരം |
| | 5.15 | ഖുർആൻ ദർസ് |
| | 7.30 | പ്രാതൽ |
| | 9.00 | മത്സരങ്ങൾ |
| | 10.15 | പൊതുസമ്മേളനം |
| | 12.30 | സമാപന സമ്മേളനം |
| | 2.00 | നമസ്കാരം, ഭക്ഷണം |

എൻ. കുഞ്ഞഹ്മദ്, അമീർ കണ്ണൂർ മേഖല

സ്മരണ

# ‘ഖഡ്ഗ’മേന്തിയ കരങ്ങൾ

നാലുദശവർഷങ്ങൾക്കു മുമ്പേ കാസർക്കോട് മൊഗ്രാൽ പുത്തൂർഗ്രാമത്തിലെ ‘മൗലാനാ മൻസിലി’ന്റെ പുറത്തെമുറിയിൽ പഴയ ചില കടലാസ്സുകെട്ടുകൾ കാഴ്ചയിൽപ്പെട്ടു. കൂട്ടത്തിൽ പൊടിപുരണ്ട് ജീർണ്ണിച്ച റാപ്പർ പൊളിക്കാത്ത കുറേ മാസികകളും. ഒന്നെടുത്തു തുറന്നുനോക്കിയപ്പോൾ ‘സത്യദൂതൻ’. വീട്ടുകാർ അശ്രദ്ധമായി ഉപേക്ഷിച്ച തപ്പാൽഉരുപ്പടി. തിരുനബി(സ)യുടെ പേരിലുള്ള ഒരു മാസികയെന്നതിലുപരി പ്രഥമദൃഷ്ടിയിൽ ‘സത്യദൂത’നെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു.

മാസികയുടെ എല്ലാ ലക്കത്തിലും ഒന്നാം പേജിൽ ‘യുഗശബ്ദം’ എന്ന തലക്കെട്ടിൽ ഏതാനും വരികൾ, തലക്കെട്ടിനു ചുവടെ ഹദ്റത്ത് അഹ്മദ്(അ). വിശുദ്ധഖുർആനിലും തിരുനബി(സ)യുടെ തിരുവാക്യങ്ങളിലും ദീർഘദർശനം ചെയ്യപ്പെട്ട ‘അന്ത്യകാലത്തെ ആത്മീയഗുരു’വിന്റെ അഭിനാമം ഈ പേരിൽ ഉൾക്കൊള്ളുന്നുവെന്നത് അജ്ഞാതമായിരുന്നു. അവസരം കിട്ടുമ്പോഴൊക്കെ മാസികയിലെ ‘യുഗശബ്ദം’ വായിച്ചു കിട്ടിയേടത്തു തിരിച്ചുവെച്ചുപോന്നു.

1961 ഒക്ടോബർമാസം കോഴിക്കോട്ട് ടൗൺഹാളിൽ സർവ്വമതസമ്മേളനം നടക്കാനിരിക്കുന്നതായി ഒരു നോട്ടീസ് ശ്രദ്ധയിൽപ്പെട്ടു. പ്രസംഗവിഷയങ്ങളിൽ ഒന്ന് ഹദ്റത്ത് ശ്രീകൃഷ്ണൻ(അ). ‘ശ്രീകൃഷ്ണൻ’ എന്ന പേരിനു മുമ്പിൽ ‘ഹദ്റത്തും’ ശേഷം ‘അലയ്ഹിസ്സലാമും’ കാഴ്ചയിൽ ഒരു പുതുമയുള്ള വാക്ക്. പ്രസംഗിക്കുന്നത് ഒരു മുസ്ലിം! അബ്ദുർറഹീം. സത്യദൂതൻ മാസികയുടെ ഒന്നാം പേജ് മാത്രം നോക്കി കിട്ടിയേടത്ത് ഇട്ടേച്ചുപോന്ന മാസികയുടെ പത്രാധിപരുടെ പേർ എന്റെ ശ്രദ്ധയിൽ പെട്ടിരുന്നു, അബ്ദുർറഹീം. അദ്ദേഹമാണ് ശ്രീകൃഷ്ണനെ സംബന്ധിച്ച് പ്രസംഗകൻ. നാളിതുവരെ കേട്ടിട്ടില്ലാത്ത ആ വിഷയത്തെക്കുറിച്ച് ജിജ്ഞാസ വർദ്ധിച്ചപ്പോൾ നാട്ടുകാരും വീട്ടുകാരും അറിയാതെ കോഴിക്കോട് സമ്മേളനസ്ഥലത്തെത്തി. ബീച്ച്റോഡിലുള്ള അഹ്മദികളുടെ അന്നത്തെ ആസ്ഥാനമായ ‘ദാറുസ്സലാമി’ലേക്കാണ് ആദ്യം ചെന്നത്. ‘ദാറുസ്സലാമി’ൽ എത്തുന്നവർ അധികപേരും ആഹാരപാനീയങ്ങൾക്ക് തൊട്ടടുത്തുള്ള ബോംബെ ഹോട്ടലിനെയാണ് ആശ്രയിച്ചിരുന്നത്. വൈകിട്ട് ഹോട്ടലിൽ ചായയ്ക്ക് ചെന്നിരുന്നപ്പോൾ ഒരു പരിചിതസുഹൃത്ത് അടുത്ത കസേരയിലിരിക്കുന്ന ചെറുപ്പക്കാരനെ അറിയാമോ എന്ന് തിരക്കി. ഉടനെ ഇദ്ദേഹമാണ് ‘സത്യദൂതൻ’ മാസികയുടെ പത്രാധിപർ എൻ. അബ്ദുർറഹീം എന്നായി അപരൻ. ഈ ചെറിയ ആളോ അബ്ദുർറഹീം എന്ന പത്രാധിപർ എന്ന കൗതുകത്തോടെ അബ്ദുർറഹീം സാഹിബിനെ നോക്കുകയും പരിചയപ്പെടുകയും ചെയ്തു. ലോകത്ത് നാം കാണുന്ന ചെറിയവരെല്ലാം ചെറിയവരല്ല എന്ന് ബോധ്യപ്പെടുന്ന ഒരു സന്ദർഭം.

1962 സപ്തംബർ 12-ന് ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചതോടെ മർഹൂം അബ്ദുർറഹീം സാഹിബിന്റെ ചെറുതും വലുതുമായ കൃതികളും സന്ദർഭോചിതം ജമാഅത്ത് അച്ചടിച്ചു പ്രസിദ്ധീകരിച്ച ലഘുലേഖകളും വായിച്ചു തുടങ്ങി. സത്യദൂതൻ മാസികയിൽ ആകൃഷ്ടനായ എന്നെ ജ:അബ്ദുർറഹീം സാഹിബിന്റെ ലേഖനങ്ങൾ ഹഠാദാകർഷിച്ചു. അപ്പോഴാണ് ജൂൺ 24, ശനിയാഴ്ച കാലത്തെ അന്തരിച്ച ഈ ത്യാഗിവര്യൻ ഇസ്ലാമിന്റെ ഒരു പടവാളാണെന്ന് മനസ്സിലായത്. ഇദ്ദേഹത്തിന്റെ കർമ്മരംഗത്തെക്കുറിച്ച് ജിജ്ഞാസ വർദ്ധിച്ചു. ആധുനിക പ്രസിദ്ധീകരണസംവിധാനങ്ങളൊന്നും പ്രചാരത്തിൽ വന്നിട്ടില്ലാത്ത സത്യദൂതൻ മാസികയുടെ പ്രാരംഭദശയിൽ അക്ഷരങ്ങൾ അച്ചുകൂടങ്ങളിൽ പെറുക്കിവെച്ച് ഒരുവശത്ത് കരിപുരണ്ട കടലാസുകളിലെ മാറ്റർ പ്രൂഫ് റീഡിംഗ് നടത്തി മാസിക രൂപംകൊണ്ട ശേഷം റാപ്പർ ഒട്ടിച്ച് മേൽവിലാസം എഴുതി പോസ്റ്റാഫീസിൽ എത്തിക്കുന്നതുവരെയുള്ള കൃത്യം നിർവ്വഹിച്ചിരുന്ന ആളായിരുന്നു ‘അബ്ദുർറഹീം’ എന്ന പത്രാധിപർ. ഇസ്ലാമിനും അഹ്മദിയ്യത്തിനുമെതിരിൽ തല പൊക്കുന്ന ഏത് ക്ഷുദ്രകൃതിയേയും മതപുരോഹിതനെയും തൂലികകൊണ്ട് കീഴ്പ്പെടുത്തിയ വീരപോരാളിയായിരുന്നു പരേതൻ. കാടാച്ചിറയിലുള്ള വാടകവസതിയിൽനിന്ന് തനിക്ക് ഏറ്റവും പ്രിയപ്പെട്ട തന്റെ നാഥന്റെയടുക്കലേക്ക് യാത്രപറയുമ്പോൾ

**‘സെയ്ഫ് കാ കാം ഖലംസെ ദിഖായാ ഹംനെ’**

(വാളിന്റെ പ്രവൃത്തി തൂലികകൊണ്ട് നാം കാണിച്ചു)

എന്ന വാഗ്ദത്തമസീഹിന്റെ ഈരടികളെ അന്വർത്ഥമാക്കിയ ധീരയോദ്ധാവേ, സ്വർഗ്ഗത്തിലും താങ്കളെ ഉന്നതസ്ഥാനം നല്കി അല്ലാഹു അനുഗ്രഹിക്കട്ടെ എന്ന് ജനാസ അനുഗമിച്ചവർ മനസാ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ●

സ്മരണ

പ്രൊഫ. എം. മുഹമ്മദ്

# അഹ്മദിയ്യത്തിന്റെ പതാകാവാഹകൻ

**കാ**ലം 57-58. ഞാൻ ബയ്അത്ത് ചെയ്യുന്നതിനും ഒരഞ്ചുവർഷം മുമ്പ്. വൈകിട്ട് പതിവുള്ള നടത്തം അന്നൊക്കെ കണ്ണൂർ പോലീസ്മൈതാനിയിലായിരുന്നു. ഇന്നത്തെ ഓഫീസ് സൗധങ്ങളൊന്നുമില്ലാതിരുന്ന കണ്ണൂർ പോലീസ് മൈതാനം. രണ്ട് പ്രധാന എടുപ്പുകൾ മുനിസിപ്പൽ ഓഫീസും നാഷനൽ ടാക്കീസും (ഇന്നത്തെ ടൗൺഹാൾ) മാത്രം. ഹൈസ്ക്കൂൾ പരിസരത്ത് ആൾക്കൂട്ടം. എന്താണെന്നറിയാൻ സ്കൂളിലേക്ക് ചെന്നു. അകത്ത് ഹാളിൽ ഒരു പൊതുയോഗം നടക്കുന്നു. വേദിയിൽ ഒരു സാക്ഷാൽ അറബി പ്രസംഗിക്കുന്നു. (സിറിയയിൽനിന്നുമുള്ള അസ്സയ്യിദ് സലീം ഹസനുൽജാബി). അറബിപ്രസംഗം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുന്നത് മെലിഞ്ഞ് നീണ്ട് നീളൻകുപ്പായവും ധവളതാടിയുമുള്ള ഒരു മാന്യവയോധികൻ (മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. ആയിരുന്നു അതെന്ന് പിന്നീട് മനസ്സിലാക്കി) അറബി പ്രഭാഷണത്തെ തുടർന്ന് ഒരു സായ്പിന്റെ മനോഹരമായ ഇംഗ്ലീഷ് പ്രസംഗം (പ്രസംഗകൻ ബശീർ അഹ്മദ് ഓർച്ചഡ് സാഹിബ്). അതിനേക്കാൾ മനോഹരമായി അത് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നു ഊർജസ്വലനായ ഒരു യുവാവ്. വേഷം വെളുത്തഷർട്ടും വെള്ള പാന്റ്സും. അഹ്മദിയ്യാ മുഖപത്രം, സത്യദൂതൻ പത്രാധിപരാണ് ആ യുവാവെന്ന് അടുത്തുനിന്ന ഒരാൾ പറഞ്ഞു. വേദിയിലുണ്ടായിരുന്ന ആരേയും ഞാൻ പരിചയപ്പെട്ടില്ല. യോഗം കഴിഞ്ഞ് ആൾക്കൂട്ടത്തോടൊപ്പം മടങ്ങി.

കുറേകഴിഞ്ഞാണ് എൻ. അബ്ദുർറഹീം സാഹിബിനെ ഞാൻ പരിചയപ്പെടുന്നത്. സ്ഥലം നടുവിലകത്ത് വീടു തന്നെ. ഞാനും അനുജൻ അബ്ദുർറശീദും അവിടെ ചെന്നത് 'വലീക്കാക്ക' എന്ന് അബ്ദുർറഹീം സാഹിബ് വിളിച്ചിരുന്ന എൻ.ഹാമിദ് സാഹിബിനെ കാണാനായിരുന്നു. അനുജൻ അബ്ദുർറശീദായിരുന്നു ആദ്യമായി എനിക്കും സത്യദൂതൻ വായിക്കാൻ തന്നത്. അന്ന് സ്കൂൾ വിദ്യാർത്ഥിയായിരുന്ന അനുജന് സഹപാഠി പുൽസാറകത്ത് അബ്ദുൽമജീദ് സാഹിബ് നല്കിയതായിരുന്നു മാസിക. കൂട്ടത്തിൽ പറയട്ടെ എന്നെയും അനുജനേയും ആരും തബ്ലീഗ് ചെയ്തിരുന്നില്ല. ഞങ്ങൾ പ്രസ്ഥാനത്തിലെ അംഗങ്ങളുമായി ബന്ധപ്പെടുകയായിരുന്നു. പ്രസ്ഥാന സാഹിത്യങ്ങൾ തേടിച്ചെന്ന് വായിക്കുകയായിരുന്നു. അന്ന് ഞങ്ങൾ കണ്ട മൗലവി അബ്ദുല്ലാഹ് സാഹിബ് എച്ച്.എ, എൻ.ഹാമിദ് സാഹിബ്, എൻ. അബ്ദുർറഹീം സാഹിബ് തുടങ്ങിയവരുടെ മതപാണ്ഡിത്യവും ലളിതജീവിതശൈലിയും ആർജ്ജവമാർന്ന പെരുമാറ്റവും അവർ അംഗങ്ങളായ പ്രസ്ഥാനത്തിന്റെ സത്യത വിളിച്ചോതുന്നതരത്തിലുള്ളതായിരുന്നു. ഇവരാരുംതന്നെ



നാസിർ അഅ്ലാ ഹസ്റത്ത് മിർസാ വസീം അഹ്മദിനോടൊപ്പം

ബയ്അത്ത് ചെയ്യാൻ ഞങ്ങളെ പ്രേരിപ്പിച്ചിരുന്നില്ല. പ്രേരണ എന്റേയും അനുജന്റേയും അന്തരംഗങ്ങളിൽനിന്നുള്ളതായിരുന്നു.

അബ്ദുർറഹീം സാഹിബുമായി പരിചയപ്പെട്ട നാൾ തൊട്ട് അദ്ദേഹം എന്റെ ആത്മമിത്രമായി. മുഖമാകെ പടർന്ന് വ്യാപിക്കുന്ന നിഷ്ക്കളങ്കമായ ആ ചിരിയും കറുത്ത ജിന്നാക്യാപ് (അന്നൊക്കെ തൊപ്പി കൂടാതെ അബ്ദുർറഹീം സാഹിബിനെ കണ്ടിരുന്നില്ല) ഇടയ്ക്കിടെ പിടിച്ചമർത്തിയും അഴിച്ച് വീണ്ടുമിട്ടും കൊണ്ടുള്ള ആ സംസാരരീതിയും ആകർഷകമായിരുന്നു. കുടുംബ പ്രാരാബ്ധങ്ങളും സാമ്പത്തികഞെരുക്കങ്ങളും ഒട്ടേറെ അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്നുവെങ്കിലും ആ മുഖം എന്നും പ്രസന്നമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വിഷമങ്ങൾ ഞാനറിഞ്ഞതുമില്ല. അബ്ദുർറഹീം സാഹിബിന്റെ വിശ്വാസദാർഢ്യമാകട്ടെ ഞാനന്നേ അറിയുകയും ചെയ്തു. അറുപതുകളുടെ തുടക്കത്തിൽ അഹ്മദിയ്യാ സന്ദേശപ്രചാരണാർത്ഥം അദ്ദേഹം തിരുവനന്തപുരത്ത് വന്നു. ഞാനവിടെ അന്ന് വിദ്യാർത്ഥിയായിരുന്നു. ബയ്അത്ത് ചെയ്തിരുന്നില്ല. അദ്ദേഹത്തോടൊപ്പം മൗലവി അബുൽവഫാ സാഹിബ്, മൗലവി ബശീർ അഹ്മദ് എച്ച്.എ, എ.ക്യു.മുസ്ലിം സാഹിബ് തുടങ്ങിയവരുമുണ്ടായിരുന്നു. ഞങ്ങൾ അവിടെ അന്നുണ്ടായിരുന്ന ചില മുസ്ലിം ഉദ്യോഗസ്ഥ പ്രമുഖരേയും പൗരപ്രധാനികളേയും കണ്ട് ആശയവിനിമയം നടത്തി. ഉച്ചയോടെ ളുഹർ നമസ്ക്കാരത്തിന്നായി പാളയം പള്ളിയിൽ എത്തി. വിശുദ്ധഖുർആൻ ഉൾപ്പെടെയുള്ള ജമാഅത്ത് സാഹിത്യങ്ങൾ പള്ളിയുടെ ഒരു മൂലയിൽവെച്ച് നമസ്ക്കാരം നിർവഹിച്ചു. അപ്പോൾ പള്ളിയിൽ ക്യാമ്പ് ചെയ്തിരുന്ന തബ്ലീഗ് ജമാഅത്ത് സംഘം തങ്ങളുടെ നേതാവ് ഞങ്ങളെ കാണാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞു. വലിയ താടിയും പ്രൗഢിയുമുണ്ടായിരുന്ന ആ നേതാവിന്റെ കാലുകൾ ശിഷ്യഗണം തിരുമ്മിക്കൊണ്ടിരുന്നു. രൂക്ഷമായി ഞങ്ങളെ

നോക്കിക്കൊണ്ട് അദ്ദേഹം വലിയ സ്വരത്തിൽ ചോദിച്ചു: "നിങ്ങൾ ഖാദിയാനികളാണോ?" ആ നോട്ടത്തിലും ചോദ്യത്തിലും ഞാൻ ചൂളിപ്പോയി. തെല്ലും കൂസാതെ അബ്ദുർറഹീം സാഹിബാണ് ഉറക്കെ മറുപടി പറഞ്ഞത്. "അതെ, ഞങ്ങൾ അഹ്മദീമുസ്ലിംകളാണ്. ഹസ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യുടെ അനുയായികളെന്ന നിലയിൽ ഖാദിയാനികളാണ്.'' തബ്ലീഗ് മൗലവി ഉടൻ സൗമ്യത കൈക്കൊണ്ട് ഞങ്ങളോട് തന്റെ അടുത്ത് ചെന്നിരിക്കാൻ പറഞ്ഞു. മസീഹ് മൗഊദിന്റെ പേരിനൊപ്പം അലൈഹിസ്സലാം എന്ന് ഞങ്ങൾ പറഞ്ഞത് തബ്ലീഗുകാർക്ക് സഹിക്കാനായില്ല. അതിലൊരാൾ ആരെയാണെടാ നീ അലൈഹിസ്സലാം എന്ന് വിശേഷിപ്പിക്കുന്നത്?" എന്നട്ടഹസിച്ചുകൊണ്ട് ചാടി എഴുന്നേറ്റു. ഓടിമറഞ്ഞുനിന്ന ഞാൻ പിന്നെ കണ്ടത് നമ്മുടെ പുസ്തകങ്ങളെല്ലാം പള്ളിമുറ്റത്തെ ചെളിയിൽ (മഴക്കാലമായിരുന്നു) ചവിട്ടിത്തെറുപ്പിക്കുന്നതായിരുന്നു. വിശുദ്ധഖുർആനെയാണ് നിങ്ങൾ ചവിട്ടിയിരിക്കുന്നത്! എന്ന അബ്ദുർറഹീം സാഹിബിന്റെ ഉച്ചസ്ഥായിലുള്ള രോദനവും "ഖാദിയാനി ഖുർആനല്ലെടാ" എന്ന തബ്ലീഗ് മൗലവിയുടെ ഗർജ്ജനവും ഇന്നും എന്റെ കാതുകളിൽ അലയ്ക്കുന്നു. ഒരു മുസ്ലിം ഭീകരനെ അന്നാണ് ഞാനാദ്യമായി കണ്ടത്; അബ്ദുർറഹീം സാഹിബിൽ ഒരു യഥാർത്ഥ മുസ്ലിമിനേയും. അദ്ദേഹം അതീവദുഃഖിതനായിരുന്നു. ചായപോലും അന്ന് വൈകിട്ട് അദ്ദേഹം കഴിച്ചില്ല. അഹ്മദിയ്യത്ത് അദ്ദേഹത്തിന് തീവ്രവികാരവും അടങ്ങാത്ത ആവേശവുമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും അതലയടിച്ചുനിന്നു. അവാർഡുകളും പുരസ്കാരങ്ങളും പിടിച്ചെടുക്കാൻ ആളുകൾ പരക്കംപായുന്ന ഈ കാലത്ത് അബ്ദുർറഹീം സാഹിബ് എല്ലാ നിലക്കും കാലഹരണപ്പെട്ടവൻതന്നെ!

അംഗീകാരങ്ങളൊന്നും അദ്ദേഹത്തിന് ലഭിച്ചില്ലെന്നതുതന്നെ അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലത്തിന്റെ സവിശേഷത വിളിച്ചോതുന്നു. 'സത്യദൂതൻ' പത്രാധിപരായപ്പോൾതൊട്ട് ഓരോ ലക്കത്തിലേയും മിക്ക ലേഖനങ്ങളും അദ്ദേഹം തന്നെയായിരുന്നു പല തൂലികാനാമങ്ങളിലും എഴുതിയിരുന്നത്. 'ഏ.ആർ. ഖാദിം' അബ്ദുർറഹീം സാഹിബ് തന്നെയാണെന്ന് ഞാൻ മനസ്സിലാക്കിയത് ഏറെകഴിഞ്ഞാണ്. ആ ലേഖനങ്ങളിൽ പ്രതിഫലിച്ച ഇസ്ലാംമത പാണ്ഡിത്യവും അവ രചിക്കപ്പെട്ട പ്രൗഢവും സുഗ്രാഹ്യവുമായ ശൈലിയും ഇന്നത്തെ മതപരവും അല്ലാത്തതുമായ എത്ര ലേഖനങ്ങളിൽ നമുക്ക് കാണാനാവും? "അബ്ദുർറഹീം ഖാദിയാനി ആയതുകൊണ്ടു മാത്രമാണ് സമൂഹത്തിൽ അർഹിക്കുന്ന സ്ഥാനം അദ്ദേഹത്തിന് ലഭിക്കാതെ പോയത്" എന്ന് പരിതപിച്ച കണ്ണൂരിലെ ഒരു മുസ്ലിം മാന്യനെ ഞാൻ ഓർക്കുന്നു.

സ്വന്തം അമ്മാവൻ, ജ:എൻ.ഹാമിദ് സാഹിബിന്റെ ശിക്ഷണത്തിലാണ് അബ്ദുർറഹീം സാഹിബ് എഴുതിത്തുടങ്ങിയത്. 'പൗരശക്തി'യുടേയും 'ചന്ദ്രിക'യുടേയും ലേഖകനായി അദ്ദേഹം വളർന്നു. ഒടുവിൽ മാതൃഭൂമിയുടെ കണ്ണൂർ ബ്യൂറോ ചീഫായി. അപ്പോഴെല്ലാം തന്നെ അദ്ദേഹത്തിന്റെ ഹൃദയരക്തം വാർന്നൊഴുകിയത് 'സത്യദൂതന്' വേണ്ടിയും ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനുള്ള മഹദ്ഗ്രന്ഥ സൃഷ്ടികളിലുമായിരുന്നു. 'യേശുക്രിസ്തു കാശ്മീരിൽ' എന്ന ഒറ്റ ഗ്രന്ഥം മതി അബ്ദുർറഹീം സാഹിബിന്റെ കീർത്തി നിലനിർത്താൻ. അതുപോലെതന്നെ ഹസ്റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രരചനയും മലയാളത്തിന് അദ്ദേഹം നല്കിയ നിരുപമ സംഭാവനകളാണ്. റവന്യൂവകുപ്പിൽ സർക്കാർഉദ്യോഗം തരപ്പെട്ടപ്പോൾ "അതിപ്പോൾ വേണ്ട റഹീമേ, നീ സത്യദൂതനെ നിലനിർത്തുക" എന്ന വലിയമൗലവിസാഹിബിന്റെ വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതഗതി തിരിച്ചുവിടുകയായിരുന്നു. ഇതെഴുതാൻ എനിക്കെന്തെളുപ്പം! ആ ത്യാഗം അനുഷ്ഠിക്കാൻ എന്നെ പോലുള്ളവർക്കാകുമോ? ഹസ്റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രഗ്രന്ഥത്തിന് മുഖവുര എഴുതാൻ അദ്ദേഹം എന്നെ സമീപിച്ചപ്പോൾ അതിന് എന്നെക്കാൾ എന്തുകൊണ്ടും യോഗ്യരും അർഹരുമായിട്ടുള്ള ആളുകളുണ്ടല്ലോ എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാൻ ഞാൻ ശ്രമിച്ചപ്പോൾ "നമ്മൾ തമ്മിലുള്ള സ്നേഹം മതി താങ്കൾക്കത് ഏറ്റെടുക്കാൻ'' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. ഞാൻ മുഖവുര എഴുതി. അബ്ദുർറഹീം സാഹിബിനെ തെല്ലൊന്നു വിമർശിക്കുന്ന പരാമർശങ്ങളും നടത്തി. മറ്റൊരു ഗ്രന്ഥകാരനായിരുന്നുവെങ്കിൽ തന്റെ നിലപാടുകളെ ന്യായീകരിച്ചുകൊണ്ട് ആമുഖമെഴുതുമായിരുന്നു. അബ്ദുർറഹീം സാഹിബ് അത് ചെയ്തില്ല എന്നതുതന്നെ അഭിപ്രായഭിന്നതകൾക്കതീതമായി അദ്ദേഹം വ്യക്തിസൗഹൃദം കണ്ടുവെന്നതിന് തെളിവാണ്. നബിതിരുമേനി(സ)യെ കുറിച്ചും മസീഹ് മൗഊദ(അ)നെക്കുറിച്ചും സംസാരിക്കാൻ തുടങ്ങിയാൽ അദ്ദേഹം വികാരവിവശനാകും. തൊണ്ടയിടറും. പൊട്ടിക്കരയുകയും ചെയ്യും. ഇതുകാരണം അവസാനനാളുകളിൽ പ്രസംഗിക്കാൻതന്നെ സാധിക്കാതെവന്നു. കണ്ണിന് തിമിരബാധയുണ്ടായപ്പോൾ ഓപ്പറേഷൻ വൈകിച്ചു. മകളാണ് അന്ന് ലേഖനങ്ങൾ കേട്ടെഴുതിയിരുന്നത്. പറഞ്ഞുകൊടുത്തെഴുതിക്കുന്നത് എഴുത്തിനെ ദോഷകരമായി ബാധിക്കുന്നുവെന്ന് തോന്നിയപ്പോഴാണ് ശസ്ത്രക്രിയക്ക് അദ്ദേഹം ഒരുങ്ങിയത്.

പ്രസ്ഥാനത്തിന്റെ ഉയർച്ചക്കും പ്രചാരണത്തിനും പുസ്തകങ്ങൾ കൂടിയേതീരൂ എന്നദ്ദേഹം കരുതി. കൂടുതൽ കൂടുതൽ പുസ്തകങ്ങൾ. അദ്ദേഹത്തിന്റെ ഗ്രന്ഥസൃഷ്ടികളെല്ലാം– അവ പരിഭാഷകളാകട്ടെ, തനത് കൃതികളാവട്ടെ– ഈ ലക്ഷ്യം മുന്നിൽവെച്ചുകൊണ്ടുള്ളതായിരുന്നു. തന്റെ ഈ അഭിലാഷത്തിന് വിഘ്നം നേരിട്ടപ്പോൾ അദ്ദേഹം തളർന്നുപോയി. രോഗാതുരനാവുകയും ചെയ്തു. രോഗം മൂർച്ഛിച്ച് ആശുപത്രിയിലായപ്പോൾ സാന്ത്വനവാക്കുകളുമായി അടുത്തെത്തിയ എന്നോട് ഏറെ പതിഞ്ഞസ്വരത്തിൽ അദ്ദേഹം പറഞ്ഞു. "ഇനി എനിക്കെഴുതാനോ പ്രസംഗിക്കാനോ ആവില്ല. പിന്നെ ജമാഅത്തിന് എന്നെക്കൊണ്ടെന്ത് പ്രയോജനം? പ്രസ്ഥാനത്തിന് പ്രയോജനപ്പെടാത്ത

ഇഅ്ജാസുൽ ഹഖ്

സ്മരണ

# എൻ. അബ്ദുർറഹീം സാഹിബ്

## 'സത്യദൂതൻ' പുറങ്ങളിലൂടെ ഹൃദയംഗമമായ ചില സ്മരണകൾ

**അ**ഹ്മദിയ്യാ പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മലയാളത്തിലെ ആശയപ്രതിരോധത്തിന്റെ കരുത്തായിരുന്നു പരേതനായ എൻ. അബ്ദുർറഹീം സാഹിബ്. മൗലാനാ അബ്ദുല്ലാഹ് സാഹിബിനുശേഷം മലയാളികളായ അഹ്മദികൾക്കിടയിൽ തങ്ങളുടെ ആദർശത്തിന്റെ ആവേശമായിരുന്നു അദ്ദേഹം. 'സത്യദൂതൻ' പത്രാധിപർ എന്ന നിലയിൽ, ഈ ആവേശം വാക്കുകളായി, അക്ഷരങ്ങളായി പ്രത്യക്ഷപ്പെടുമ്പോൾ അതിന് ത്യാഗോജ്ജ്വലമായ ആത്മസമർപ്പണത്തിന്റെ തിളക്കം കൂടിയുണ്ടായിരുന്നു.

ഈ കാലഘട്ടത്തിലെ നിഷേധികളെ നിരുദ്ധകണ്ഠരാക്കുകയും ഇക്കാലത്തെ യുവജനങ്ങളുടെ ഭാവപ്രകടനങ്ങൾക്കനുയോജ്യവുമായ ന്യായയുക്തികൾ തനിയ്ക്കു പഠിപ്പിച്ചുതരുവാനായിരുന്നു വാഗ്ദത്തമസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പ്രാർത്ഥിച്ചത്. ബുദ്ധിമാന്മാരേയും അല്പബുദ്ധികളേയും തന്റെ മഹത്തരമായ പ്രബന്ധത്തിലൂടെ ബോധ്യപ്പെടുത്തി അവരെ അപരാധികളാക്കുന്നതിനും അതുവഴി കുറ്റവാളികളുടെമേൽ ന്യായപൂർത്തി വരുത്താൻ കഴിയുന്നതിനും അവിടന്ന് പ്രാർത്ഥിച്ചു. വാഗ്ദത്തമസീഹ്(അ) പറയുകയാണ്. "എന്റെ നാഥൻ എന്റെ പ്രാർത്ഥനയെ സ്വീകരിക്കുകയും അഭീഷ്ടം സാധിച്ചുതരികയും ചെയ്തു. എന്റെ അഭിലാഷങ്ങളുടെ വാതിൽ തുറന്നുകിട്ടാൻ ഞാൻ ആശിച്ചതുപോലെതന്നെ എനിയ്ക്കവൻ തുറന്നുതന്നു..." (മിനനുർറഹ്മാൻ)

അഹ്മദിയ്യാ ജമാഅത്തിന്റെ മലയാളത്തിലെ മുഖപത്രമായ 'സത്യദൂത'നെ സംബന്ധിച്ചിടത്തോളം സാംസ്കാരികവും ബുദ്ധിപരവുമായ ഈയൊരു ദൈവികദൗത്യം തന്നെയാണ് നിറവേറ്റാനുണ്ടായിരുന്നത്. പ്രബുദ്ധമായ കേരളത്തിലെ മതസാഹിത്യത്തിൽ ഖുർആനികാശയങ്ങളുടെ അജയ്യമായ പ്രാകാരങ്ങൾ തീർക്കുന്നവയായിരുന്നു സത്യദൂതന്റെ ഓരോ പ്രതികളും. അതുകൊണ്ടുതന്നെ അതിലെ ആത്മീയജ്ഞാനത്തിന്റെ അമൃതനിഷ്യന്ദികൾ എല്ലാ വിശ്വാസാഭാസങ്ങൾക്കുമെതിരിലെന്നപോലെ, കേവല ദൈവനിഷേ

ജീവിതം തുടർന്നുപോകാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ജമാഅത്തിനുവേണ്ടി എരിഞ്ഞുതീരുന്ന ഒരു തിരിയാകാൻ അദ്ദേഹം ആഗ്രഹിച്ചു. ഇരുൾമൂടിയ അന്തരീക്ഷത്തെ അതൊട്ടൊന്നുമല്ല പ്രകാശമാനമാക്കിയതെന്ന് നാം അംഗീകരിക്കുക. വൈകിയാണെങ്കിലും നമുക്ക് സത്യത്തെ അംഗീകരിക്കാതെവയ്യ.

അബ്ദുർറഹീം സാഹിബ് ഇക്കഴിഞ്ഞ ഡിസംബർ-ജനുവരി മാസങ്ങളിൽ പ്രകടിപ്പിച്ച മനക്കരുത്തും ആത്മവീര്യവും എന്നെ സ്തബ്ധനാക്കുകയുണ്ടായി. നടക്കാനും സംസാരിക്കാനും ഏറെ വിഷമിക്കുന്ന അവസരം. അപ്പോഴാണ് അങ്ങകലെ ഖാദിയാനിൽ ഖലീഫത്തുൽ മസീഹ് ആഗതനാകുന്നുവെന്ന വാർത്ത അറിഞ്ഞത്. ഖലീഫയുടെ മുന്നിൽ തനിക്കെത്തണമെന്ന ആഗ്രഹം മക്കളോട് പറഞ്ഞു. ഒരുപ്രകാരത്തിലും അതിന് തുനിഞ്ഞുകൂടെന്ന താക്കീത് അവർ നല്കിയപ്പോൾ "എന്റെ അവസാനത്തെ ഏകആഗ്രഹമാണിത്. അത് സാധിച്ചുതരാൻ നിങ്ങളെകൊണ്ടാവില്ലെങ്കിൽ വേണ്ട." ഈ വാക്കുകൾക്കു മുന്നിൽ സ്നേഹസമ്പന്നരായ മക്കൾ കീഴടങ്ങി. വടക്കെ ഇന്ത്യയുടെ കൊടുംതണുപ്പിൽ അവസാനമായി തന്റെ ആത്മീയ ഗുരുവിനെ സന്ദർശിക്കാൻ അബ്ദുർറഹീം സാഹിബ് സകല വിഷമങ്ങളും സഹിച്ച് ഖാദിയാനിലെത്തി. വിമാനത്തിലല്ല തീവണ്ടിയിൽ തന്നെയാണദ്ദേഹം ദൂരം താണ്ടിയത്. ഹുസൂറിന്റെ മുന്നിൽ തങ്ങളുടെ പിതാവിനെ കൈകളിൽ താങ്ങി മക്കളെത്തിച്ചു. ഏറ്റവും ഒടുവിൽ താനെഴുതിയ കൃതി വിറയാർന്ന കൈകളാൽ ഹുസൂറിന്റെ കൈകളിലർപ്പിച്ചുകൊണ്ട് അബ്ദുർറഹീം സാഹിബ് ചാരിതാർത്ഥനായി.

അമ്പതുകളുടെ അന്ത്യത്തിലോ അറുപതുകളുടെ തുടക്കത്തിലോ അഹ്മദിയ്യത്തിന്റെ മറ്റൊരു ധീരപോരാളി, ജ: വി. അബ്ദുൽഖയ്യൂം സാഹിബ് നിര്യാതനായി. അന്നൊരു ജൂൺമാസ സത്യദൂതന്റെ പുറംചട്ടയിൽ അബ്ദുൽഖയ്യൂം സാഹിബിന്റെ സുസ്മേരവദനം ഒരു ചെറിയ ഫോട്ടോയിൽ. (അന്ന് സത്യദൂതൻ ചെറുതായിരുന്നു കാഴ്ചയിൽ. പക്ഷേ ഉള്ളടക്കത്തിൽ ഏറെ വലുതും.) രോഗശയ്യയിൽവെച്ച് അബ്ദുൽഖയ്യൂം സാഹിബ് തന്നോടു സംസാരിച്ചതിനെക്കുറിച്ച് ആലക്കത്തിൽ അബ്ദുർറഹീം സാഹിബ് എഴുതി. "അബ്ദുറഹീം, ഞങ്ങളിതാ പോവുന്നു. അഹ്മദിയ്യത്തിന്റെ പതാക താഴാതെ, വീഴാതെ ഉയർത്തിപ്പിടിക്കാനുള്ള വീര്യം നേടുക." ആ വീര്യം നേടലിലായിരുന്നു അബ്ദുർറഹീം സാഹിബ് തന്റെ ശിഷ്ടജീവിതകാലം ചിലവിട്ടത്. അഹ്മദിയ്യത്തിന്റെ പതാക വീഴാതെ, താഴാതെ അദ്ദേഹം ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥനാനിരതരാകുവാനുള്ള കർത്തവ്യം നമുക്കുണ്ട്. ആ പതാക ഏറ്റുവാങ്ങുവാനും, ഉയർത്തിപ്പിടിക്കുവാനും.

●

ധികളായ യുക്തിവാദികൾക്കും വിശ്വാസനിരാസ കർക്കുമെതിരിൽ തീനാമ്പുകളായി പ്രത്യക്ഷപ്പെട്ടതിൽ അത്ഭുതമില്ലായിരുന്നു.

അന്ധമായ ദൈവനിഷേധവും അന്ധമായ മതനിരാസനവുമാണ് യുക്തിവാദമായി അവതരിച്ചിരിക്കുന്നത്. യൂറോപ്പിൽ യുക്തിവാദപ്രസ്ഥാനം ഉടലെടുത്തതു തന്നെ ദൈവവിശ്വാസികളിൽനിന്നാണെങ്കിലും പിൽക്കാല യുക്തിവാദകുത്തകക്കാർക്ക്, ദൈവവിശ്വാസം ഒരന്ധവിശ്വാസവും മതവിശ്വാസികളെല്ലാം തനി വങ്കന്മാരും ഭ്രാന്തന്മാരുമായി. നമ്മുടെ നാടൻ യുക്തിവാദികളാകട്ടെ, മതത്തെ വകതിരിവില്ലാതെ എതിർക്കുകയും മതാചാര്യന്മാരായ പ്രവാചകന്മാർക്കെതിരിൽ വായിൽതോന്നിയത് പറയുകയും ചെയ്യുക എന്നതാണ് യുക്തിവാദമായി കൊണ്ടാടുന്നത്. മതവിശ്വാസത്തിനെതിരിൽ സായിബാബയെപോലുള്ള ആൾദൈവങ്ങളെ കാണിച്ചു എന്തെങ്കിലും പറഞ്ഞ് ആക്രമിക്കാറുള്ള യുക്തിവാദിനേതാക്കന്മാർക്ക് സത്യമായ മതവിശ്വാസത്തിന്റെ, ഇസ്‌ലാമികാശയത്തിന്റെ അജയ്യത തിരിച്ചറിയേണ്ടിവന്ന നിമിഷങ്ങളാണ് ജനാബ് എൻ. അബ്ദുർറഹീം സാഹിബ് സത്യദൂതന്റെ പുറങ്ങളിലൂടെ സമ്മാനിച്ചത്.

ഒരു ദൈവവിശ്വാസിക്ക് യുക്തിപൂർവ്വം ചിന്തിക്കാൻ സാധിക്കുകയില്ലെങ്കിൽ തോമസ്‌പെയിൻ, വിൻവുഡ്റീഡ് തുടങ്ങിയ വിശ്വാസികൾക്ക് യുക്തിവാദത്തിന്റെ ആചാര്യന്മാരായിത്തീരാൻ കഴിഞ്ഞതെങ്ങനെയെന്ന ചോദ്യത്തിന് കേരളയുക്തിവാദികളുടെ ആചാര്യനായിരുന്ന ശ്രീ. എം.സി. ജോസഫ് ഉത്തരമൊന്നും നൽകിയില്ല. അബ്ദുർറഹീം സാഹിബ് ചോദിച്ചു: "യുക്തിവാദി നിരീശ്വരനായിരിക്കണമെന്ന വകുപ്പ് ഏതു നിയമശാസ്ത്രഗ്രന്ഥത്തിലാണുള്ളത്? ഈ റേഷനലിസം എന്നാണ് ഉടലെടുത്തതെന്ന് പറയാമോ?" (*സത്യദൂതൻ*) മതത്തിൽ ഒരു നന്മയും കാണാൻ കൂട്ടാക്കാത്ത യുക്തിവാദികളുടെ സമീപനത്തെ കുറിച്ച് പറഞ്ഞപ്പോൾ യുക്തിവാദി മാസികയിൽ എം.സി. ജോസഫ് ഇങ്ങനെ എഴുതി: "ദൈവവിശ്വാസവും മതവും ഒരു നന്മയും ചെയ്തിട്ടില്ലെന്നല്ല, നന്മയിൽ പത്തിരട്ടി തിന്മ വരുത്തിവെയ്ക്കുന്നു എന്ന വസ്തുതയാണ് ഞങ്ങൾ പറയുന്നതും എടുത്തുകാണിക്കുന്നതും...."

അബ്ദുർറഹീം സാഹിബ് സത്യദൂതനിൽ ഇതിനു മറുപടിയായി എഴുതി: "നന്മയും തിന്മയും അഥവാ ഗുണവും ദോഷവും തൂക്കിനോക്കിയിട്ടാണ് ഒരു കാര്യം സ്വീകരിക്കുകയോ തള്ളുകയോ ചെയ്യേണ്ടതെന്ന തത്വം വിശുദ്ധഖുർആനാണ് പഠിപ്പിക്കുന്നത്. ഈ തത്വത്തെ അടിസ്ഥാനമാക്കിക്കൊണ്ടുതന്നെയാണ് ഇസ്‌ലാമിൽ വിധിനിഷേധങ്ങൾ ഉണ്ടായിട്ടുള്ളതും. മതം നന്മയിൽ പത്തിരട്ടി തിന്മ ചെയ്തിരിക്കുന്നു എന്ന് 'യുക്തിവാദി' പറയുമ്പോൾ എന്തു തെളിവാണ് യുക്തിവാദിക്ക് നൽകാനുള്ളതാവോ? മതം ചെയ്തിട്ടുള്ള ദോഷങ്ങൾ യുക്തിവാദിക്ക് നിരത്തിപ്പറയാമോ? അതിൽ പത്തിരട്ടി ഗുണങ്ങൾ മതം ചെയ്തതായി ഞങ്ങൾ തെളിയിച്ചാൽ യുക്തിവാദി സ്വീകരിക്കുമോ? യുക്തിവാദി നിർമ്മതത്വവും നാസ്തികത്വവും കൊണ്ടുണ്ടായ ഗുണങ്ങൾ പത്തെണ്ണം പറയട്ടെ. അതിൽ പത്തിരട്ടി ദോഷം അവ കൊണ്ടുണ്ടായതായി ഞങ്ങൾ തെളിയിച്ചാൽ 'യുക്തിവാദി' അത് സ്വീകരിക്കുമോ?" (*സത്യദൂതൻ, 1959*)

നാസ്തികത്വം അഥവാ ദൈവനിഷേധം തികച്ചും ബുദ്ധിശൂന്യവും യുക്തിഹീനവുമായ വാദമാണെന്നതാണ് നേര്. ധിഷണാശാലികൾക്ക് എപ്പോഴും അതിൽ ഉറച്ചുനിൽക്കാൻ കഴിയാറില്ല. അതിൽ പടുത്തുയർത്തിയ തത്ത്വശാസ്ത്രങ്ങൾ അവസാനം അടിയിളകി വീഴുമെന്നതാണുതാനും അനുഭവം. നാസ്തികവാദത്തിന് ബുദ്ധിശാലികളായ ആരുടേയും യുക്തിബോധത്തെ തൃപ്തിപ്പെടുത്താനാവില്ലെന്ന് തെളിയിക്കാനാണ്, യുക്തിവാദികൾ തങ്ങളുടെ സ്വന്തം ആളായി കൊണ്ടുനടന്ന ജവഹർലാൽ നെഹ്റു ഒരു വേള അജ്ഞേയവാദിയായും അവസാനം ആത്മീയവാദിയായും മാറിയതെന്നു സത്യദൂതന്റെ പുറങ്ങളിലൂടെ അബ്ദുർറഹീം സാഹിബ് ശ്രമിച്ചത്. അബ്ദുർറഹീം സാഹിബും ശ്രീ.എം.സി.ജോസഫും സത്യദൂതനിലും യുക്തിവാദി മാസികയിലുമായി 1958–64 കാലഘട്ടത്തിൽ നടത്തിയ സംവാദത്തിന്റെ കാമ്പ് അതായിരുന്നു. ഒടുവിൽ കൂടുതലൊന്നും പറയാനില്ലാതെ, ഏകപക്ഷീയമായി അതിന് വിരാമമിട്ടുകൊണ്ട് തങ്ങളുടെ മുൻവിധികളെല്ലാം അപ്പടി വിഴുങ്ങി യുക്തിവാദിനേതാവ് നിശ്ശബ്ദത പാലിച്ചു. ഈ ചർച്ച പിന്നീട് 'എല്ലൊടിഞ്ഞ യുക്തിവാദം' എന്ന ശീർഷകത്തിൽ പുസ്തകമായി പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. കേരളംകണ്ട ഏറ്റവും വലിയ യുക്തിവാദി മൗലാനാ അബ്ദുല്ലാഹ് സാഹിബിനാണ് ആ കൃതി അദ്ദേഹം സമർപ്പിച്ചത്.

യുക്തിവാദത്തിന്റെ ആധുനികാചാര്യനായി, ലോകനേതാവായി രംഗപ്രവേശനം ചെയ്ത ശാസ്ത്രജ്ഞനായിരുന്നു ഡോ. എ.ടി.കോവൂർ. ദിവ്യാത്ഭുതാനാവരണ സംരംഭവുമായി അദ്ദേഹം ഇന്ത്യയിൽ നടത്തിവന്ന പര്യടനത്തിനിടയിൽ കണ്ണൂരും സന്ദർശിക്കുകയും ഒരു പത്രസമ്മേളനത്തിൽ സംബന്ധിക്കുകയുമുണ്ടായി. സായിബാബ തുടങ്ങിയ ആൾദൈവങ്ങളുടെ അത്ഭുതസിദ്ധികൾ തുറന്നുകാട്ടുന്നതിലൂടെ താൻ മതസത്യങ്ങളെയെല്ലാം ഖണ്ഡിച്ചുകാണിക്കുകയാണെന്നാണ് അദ്ദേഹം കരുതിയത്. പത്രലേഖകർക്കിടയിൽനിന്ന് അബ്ദുർറഹീം സാഹിബ് മതവിശ്വാസവുമായി ബന്ധപ്പെട്ട് ഡോ. കോവൂറിനോട് പല ചോദ്യങ്ങളും ഉന്നയിക്കുകയുണ്ടായി. ഈ ചോദ്യങ്ങളും അദ്ദേഹത്തിന്റെ മറുപടിയും സത്യദൂതൻ പാക്ഷികത്തിൽ ഒന്നിലേറെ ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചുകാണാം.

മതങ്ങളെല്ലാം തികഞ്ഞ ഭോഷ്കാണെന്നും ആത്മീയസിദ്ധികൾ തട്ടിപ്പാണെന്നും പറയുന്ന ഡോ. കോവൂറിനോട് മതസ്ഥാപകരായ പ്രവാചകന്മാരെപ്പറ്റി എന്താണഭിപ്രായം എന്ന് അദ്ദേഹം ആരാഞ്ഞു. കോവൂർ ചോദ്യത്തിൽനിന്ന് ആദ്യം ഒഴിഞ്ഞുമാറാൻ നോക്കിയെങ്കിലും പിന്നീട് ഒരൊഴുക്കൻമട്ടിൽതന്നെ മറുപടി പറയുകയായിരുന്നു. തികച്ചും സൗഹൃദാന്തരീക്ഷത്തിൽ തുടർന്നുള്ള ചോദ്യങ്ങളും അദ്ദേഹത്തിന്റെ മറുപടിയും ഇങ്ങനെ വായിക്കാം:

എൻ.എ: അവർ കപടവാദം പുറപ്പെടുവിച്ചവരോ മാനസികരോഗികളോ ആയിരുന്നുവോ?

കോവൂർ: കുസൃതിയുള്ള ചോദ്യമാണിത്. എന്നെ കൊണ്ട് ഒന്നു പറയിപ്പിച്ച് ഞാൻ പ്രവാചകന്മാരെ ശകാരിച്ചു എന്ന് കൊട്ടിഘോഷിക്കണം!

എൻ.എ: എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു സിദ്ധാന്തപരമായ ചോദ്യമാണ്. എന്തെന്നാൽ മതങ്ങൾ നിലകൊള്ളുന്നത് ഈ മഹാത്മാക്കളുടെ അത്യാകർഷകമായ വിശുദ്ധജീവിതത്തിന്റെ സൗന്ദര്യത്തിലാണ്.

കോവൂർ: അവർ കരുതിക്കൂട്ടി കപടവാദം പുറപ്പെടുവിച്ചതാണെന്ന് ഞാൻ പറയുന്നില്ല.

എൻ.എ: അപ്പോൾ അവർ മാനസികരോഗികളായിരുന്നു എന്നും മിഥ്യാസങ്കല്പങ്ങൾ ആയിരുന്നു അവരുടെ വാദമുഖങ്ങൾക്കടിസ്ഥാനമെന്നുമാണോ പറയുന്നത്?

കോവൂർ: തീർച്ചയായും!

എൻ.എ: സാത്വികജീവിതത്തിന്റെ മഹത്വം ഉയർത്തിക്കാണിച്ചുകൊണ്ട് തങ്ങളുടെ ജീവിതസിദ്ധാന്തങ്ങളെ ഉറപ്പിക്കുകയും ലോകത്ത് വമ്പിച്ച ധാർമ്മികപരിവർത്തനങ്ങൾ വരുത്തികാണിക്കുകയും ചെയ്യാൻ ഇവർക്ക് സാധ്യമായതെങ്ങനെ?

കോവൂർ: വളരെ ബുദ്ധിപൂർവ്വമായി പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞന്മാരായ ഭ്രാന്തന്മാരുണ്ട്. അത്തരം ഒരാളാണ് ഡോ. ഭാഭയുടെ ആത്മാവുമായി സമ്പർക്കം സ്ഥാപിച്ചുകൊണ്ട് ആറ്റംറിയാക്ടറിന്റെ തകരാറുകൾ തീർക്കാൻ തനിയ്ക്ക് കഴിയുമെന്ന് പ്രഖ്യാപിച്ചു ഒടുവിൽ ഭ്രാന്താശുപത്രിയിൽ കഴിയേണ്ടിവന്ന ട്രോംബെയിലെ ഒരിന്ത്യൻ അണുശാസ്ത്രവിദഗ്ധൻ.

എൻ.എ: ഒടുവിൽ അത്തരക്കാർ ഭ്രാന്താസ്പത്രിയിൽ എത്തിയെന്ന് സമ്മതിച്ചതിന് നന്ദി. എന്നാലീ മഹാപ്രവാചകന്മാരുടെ അന്ത്യം അങ്ങനെയായിരുന്നില്ല. അവർ വിജയശ്രീലാളിതരായി തീരുകയും ലോകം അവരിലേക്ക് ആകൃഷ്ടരാവുകയും അവരുടെ ജീവിതസിദ്ധാന്തങ്ങൾ അംഗീകരിക്കപ്പെടുകയുമുണ്ടായി.

കോവൂർ: അങ്ങനെ ഹിറ്റ്ലർ എത്രവലിയ വിജയങ്ങൾ കൈവരിച്ചിട്ടുണ്ട്. വലിയൊരു ജനതതിതന്നെ അദ്ദേഹത്തിനു പിന്നിൽ അണിനിരന്നില്ലേ?

എൻ.എ: ഹിറ്റ്ലറിസം ഒരു തലമുറയിൽതന്നെ ഉയരുകയും തകർന്നു മണ്ണടിയുകയും ചെയ്യുന്നത് നമുക്ക് കാണാൻ കഴിഞ്ഞുവല്ലോ! നേരെമറിച്ച് പ്രവാചകന്മാരുടെ സിദ്ധാന്തങ്ങൾ ആയിരക്കണക്കായ കൊല്ലങ്ങളായി കോടിക്കണക്കിലാളുകൾ തലമുറകളായി അംഗീകരിച്ചു നിലനിറുത്തി വരികയാണ്. അവർ മാനസികരോഗികളായിരുന്നെങ്കിൽ ഇതെങ്ങനെ സംഭവിച്ചു?

കോവൂർ: നിങ്ങൾക്കിതിൽ ഭൂരിപക്ഷത്തിന്റെ ബലമാണുള്ളത്.

എൻ.എ: ഡോ. കോവൂർ, ഞാൻ ന്യൂനപക്ഷങ്ങളിൽ ന്യൂനപക്ഷമായ ഒരു വിഭാഗത്തിൽപെട്ടവനാണ്. അഹ്മദിയ്യാ പ്രസ്ഥാനത്തിലെ ഒരംഗം!

മുഹമ്മദ് നബി, യേശുക്രിസ്തു, സൊറാസ്റ്റർ, കൺഫ്യൂഷസ്, ബുദ്ധൻ, ശ്രീകൃഷ്ണൻ തുടങ്ങിയ മതസ്ഥാപകരായ പ്രവാചകന്മാർ മനോരോഗികളും അവരുടെ ദിവ്യാത്ഭുതങ്ങൾ മിഥ്യാസങ്കല്പങ്ങളും ആയിരുന്നുവെങ്കിൽ, അവർ മാനസികരോഗികളായിരിക്കെത്തന്നെയാണ് ലോകത്തിന് ബുദ്ധിപരമായ നേതൃത്വം നൽകിയിരുന്നതെങ്കിൽ ഡോ.കോവൂർ ഒരു മാനസികരോഗിയല്ലെന്നതിലേക്ക് യാതൊരു തെളിവും ഉന്നയിക്കാൻ കഴിയുകയില്ലെന്ന് അദ്ദേഹത്തെ കൊണ്ടുനടക്കുന്നവർ നല്ലപോലെ ധരിച്ചുകൊള്ളേണ്ടതാണെന്ന് അബ്ദുർറഹീം സാഹിബ് ഓർമ്മിപ്പിച്ചു.(*സത്യദൂതൻ, 20.11.76*)

കണ്ണൂരിലെ പത്രസമ്മേളനത്തിൽ ഡോ.കോവൂറിന് തുടർന്നും പല ചോദ്യങ്ങളും നേരിടേണ്ടിവന്നു. സായിബാബയെ സംബന്ധിച്ച ചോദ്യങ്ങളോടെയാണ് അതിനു തുടക്കം കുറിച്ചത്. കള്ളദൈവങ്ങളിൽ താൻ വിശ്വസിക്കുന്നില്ലെന്ന് അബ്ദുർറഹീം സാഹിബ് പറഞ്ഞു. അപ്പോൾ, "പിന്നെ എന്താണീ സത്യദൈവം" എന്ന ചോദ്യവുമായി പത്രലേഖകരിൽ ചിലർ മുമ്പോട്ടുവന്നു. "അതെ, സത്യദൈവം ഉണ്ടെന്നു തന്നെയാണ് എന്റെ വിശ്വാസം" എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ, "എന്നാൽ ആ ദൈവത്തെ ഒന്നു കാണിച്ചുതരാമോ" എന്നായി പത്രലേഖക സുഹൃത്തുക്കൾ.

എൻ.എ: കാണാത്തതിലൊന്നും വിശ്വസിക്കുകയില്ലെന്നത് വിലകുറഞ്ഞ താണതരം വാദമാണ്. കാണാത്തതിലൊന്നും വിശ്വസിക്കില്ലെന്ന് ഡോ. കോവൂർ പറയുമോ?

മനുഷ്യൻ ചന്ദ്രനിൽ ചെന്നെത്തിയതു കണ്ടിട്ടല്ല താനതു വിശ്വസിക്കുന്നതെങ്കിലും തെളിയിച്ചുകാണിക്കാവുന്നതിലേ വിശ്വസിക്കാൻ പറ്റുകയുള്ളൂ എന്ന് ഡോ. കോവൂർ മറുപടി പറഞ്ഞു.

എൻ.എ: തെളിയിച്ചു കാണിക്കാനാവാത്ത പലതിലും അതിവിശ്വസ്തരായവർ പറയുന്നതടിസ്ഥാനമാക്കി വിശ്വസിക്കേണ്ടിവരാറില്ലേ?

ഡോ. കോവൂർ: അതെങ്ങനെയാണ്?

എൻ.എ: എന്റെ പിതാവ് എന്റെ പിതാവുതന്നെയാണെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നത് എന്റെ ഉമ്മ പറഞ്ഞതിനെ അടിസ്ഥാനമാക്കി മാത്രമാണ്. എനിക്ക് ഈ വിശ്വാസം മറ്റൊരു പ്രകാരത്തിലും തെളിയിച്ചു കാണിക്കാനാവില്ല. ഞാനത് കണ്ടിട്ടില്ല. ആ സത്യം ആവർത്തിച്ചുകാണിക്കാൻ പറ്റില്ല. എങ്കിലും അതൊരു സത്യമാണ്. ഒരിക്കലും സംശയിച്ചുകൂടാത്ത ഒരു പരമസത്യമാണതെന്നു ഞാൻ വിശ്വസിക്കുന്നു. ഡോ. കോവൂർ എന്തു പറയുന്നു?

ആ സന്ദർഭത്തിൽ കോവൂർ മറ്റൊരു ചോദ്യത്തിനു മറുപടി പറയാൻ ബദ്ധപ്പെടുകയായിരുന്നു!

ക്രിസ്ത്യാനികളുടെ ചില അബദ്ധവിശ്വാസങ്ങൾ ഡോ. കോവൂർ വിവരിക്കുകയുണ്ടായി. ആനുഷംഗികമായി കന്യാപ്രസവത്തെപറ്റി പറഞ്ഞപ്പോൾ അത് അസംഭവ്യമാണോ എന്ന് അദ്ദേഹം ചോദിച്ചു.

ഡോ. കോവൂർ: അത് അസംഭവ്യമാണ്.

എൻ.എ: പുരുഷബീജസ്പർശം കൂടാതെ കന്യക പ്രസവിക്കുകയെന്നത് സംഭവ്യമാണെന്ന് ശാസ്ത്രജ്ഞന്മാർ സമ്മതിച്ചിട്ടുണ്ടല്ലോ?

സ്മരണ

എച്ച്.ശംസുദ്ദീൻ കാവശ്ശേരി

# യുഗങ്ങളെ അതിജയിച്ച സാഹിത്യസപര്യ

**പാ**ലക്കാട് മേഖലാ അമീർ ജനാബ് പ്രൊഫ. അബ്ദുൽകരീം സാഹിബുമൊത്തുള്ള ഒരു ജമാഅത്തീയാത്രാവേളയിലാണ് അദ്ദേഹത്തിന്റെ മൊബൈലിലൂടെ ജനാബ് എൻ.അബ്ദുർറഹീം സാഹിബ് വഫാത്തായെന്ന വിവരം അറിയാനിടയായത്. കേരള അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഏറ്റവും മുൻനിര പോരാളിയായ അദ്ദേഹത്തിന്റെ മരണത്തിന് ഒരു ശഹാദത്തിന്റെ പരിവേഷമുണ്ടെന്ന് പറഞ്ഞാൽ അതൊരിക്കലും തെറ്റായിരിക്കില്ല. തന്റെ അവസാനശ്വാസംവരേയും ആ യുദ്ധപോരാളി ജിഹാദിൽ തന്നെയായിരുന്നു.

ജനാബ് റഹീം സാഹിബ് ഒരു യുഗമായിരുന്നു. ഒരു മുഴുനീള റഫറൻസ് കേദാരവും. സത്യദൂതൻ കുറിപ്പുകൾ കൂടെക്കൂടെ വായിക്കാൻ നിർബന്ധിച്ചിരുന്ന ആ വാഗ്പാടവം ആരെയാണ് അത്ഭുതപ്പെടുത്താത്തത്!

വളരെ ചെറുപ്പത്തിൽ മാതാപിതാക്കളും സ്വന്തക്കാരും ബന്ധുക്കളും ഒക്കെ അഹ്മദിയ്യാ ബാലപാഠങ്ങൾ ജനാബ് റഹീം സാഹിബിന് പകർന്നുനല്കുമ്പോൾ വരുംകാല അഹ്മദിയ്യാ ജമാഅത്തിന്റെ കേരള സിലബസ് തയ്യാറാക്കേണ്ടത് അദ്ദേഹമാണെന്ന് അവരറിഞ്ഞുകാണില്ല. അതേ, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ആ മഹാത്മന്റെ വാക്കുകളിലൂടെ, ജീവിതത്തിലൂടെ കേരളീയ സമൂഹത്തിന് മുന്നിൽ സമർപ്പിച്ചത് അദ്ദേഹമായിരുന്നു.

അദ്ദേഹത്തിന്റെ വാചകങ്ങൾ റഫറൻസായി അഹ്മദികൾ മാത്രമല്ല അനഹ്മദികളും ഉപയോഗിക്കുന്നുവെന്ന പരമാർത്ഥം ഒരു അഹ്മദിയെന്ന നിലയിൽ എന്നെ ഏറെ ഉൾപ്പുളകിതനാക്കിയിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കിയ 'ഇസ്ലാമിക ദർശന'മെന്ന പുസ്തകത്തിൽ (1995-ലെ പതിപ്പ്) രണ്ടുഭാഗത്ത് ജനാബ് റഹീം സാഹിബിന്റെ വിവർത്തനകൃതിയായ ഇസ്ലാമും മനുഷ്യാവകാശങ്ങളും (ഗ്രന്ഥകർത്താവ് ഡോ. സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ) എന്ന ഗ്രന്ഥവും (ഇസ്ലാമികദർശനം, പേ-751,752) 776-ാം പേജിൽ അബ്ദുർ റഹീം സാഹിബിന്റെ സ്വന്തം കൃതിയായ ഇസ്ലാം യുക്തിയുടെ മതം (പിന്നീട് ഇസ്ലാം ബുദ്ധിജീവികളുടെ മതം) എന്ന ഗ്രന്ഥവും റഫറൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു.



നാസിർ അഅ്ലാ ഹസ്റത്ത് മിർസാ വസീം അഹ്മദ്, ജേഷ്ഠൻ എൻ. അബ്ദുൽ കരീം, നാസിർ ബയ്ത്തുൽമാൽ ജലാലുദ്ദീൻ നയ്യർ എന്നിവരോടൊപ്പം

ഒറ്റനോട്ടത്തിൽ കണ്ടെത്തിയ ഒരു ഗ്രന്ഥം പരാമർശിച്ചുവെന്നേയുള്ളൂ. അതുപോലെ എത്രയെത്ര ആധികാരിക രേഖകൾ!

അദ്ദേഹത്തോട് നേരിട്ട് ഏറ്റുമുട്ടിയിട്ടുള്ള എത്ര

---

ഇതിനിടയിൽ ഈ ചോദ്യത്തിന്നടിസ്ഥാനമായ "മൂഢവിശ്വാസം" തുറന്നുകാണിക്കാനെന്നോണം ചില പത്രപ്രതിനിധി സുഹൃത്തുക്കൾ മറുപടി നൽകാൻ തുനിഞ്ഞപ്പോൾ തനിക്ക് ഡോ.കോവൂറിൽനിന്നാണ് മറുപടി കിട്ടേണ്ടതെന്നു അബ്ദുർറഹീം സാഹിബ് പറഞ്ഞു.

"ഡോ. കോവൂർ ഒരു ശാസ്ത്രജ്ഞനാണ്. അദ്ദേഹം മറുപടി പറയട്ടെ."

ഡോ. കോവൂർ: മനുഷ്യരൊഴിച്ചുള്ള സസ്തനജീവികളിൽ പുരുഷബീജസങ്കലനമില്ലാതെ പ്രസവിക്കുകയെന്നത് സാധ്യമാണെങ്കിലും മനുഷ്യജീവികളിൽ അതൊരിക്കലും സാധ്യമല്ല.

എൻ.എ: അത് സംഭവ്യമാണെന്ന് വിശ്രുത ശാസ്ത്രജ്ഞയും ഡോ. ജെ.ബി.എസ്. ഹാൾഡെയിന്റെ ഭാര്യയുമായ ഹെലൻ സ്പർവെ തെളിയിച്ചിട്ടുണ്ട്. 16 ലക്ഷം സ്ത്രീകളിലൊരാൾ ഇപ്രകാരം പുരുഷസ്പർശമേൽക്കാതെ പ്രസവിക്കാനിടയുണ്ടെന്നാണ് അവർ സിദ്ധാന്തിച്ചത്. കന്യാപ്രസവം തന്നെയെന്ന് ഖണ്ഡിതമായി തെളിയിക്കാൻ ഇന്ന് സാധിക്കുമെന്ന് ഡോ. സ്പർവെ പ്രഖ്യാപിച്ചിട്ടുണ്ട്. അതുസംബന്ധമായ പത്രറിപ്പോർട്ടുകളുടെ കട്ടിങ്ങുകൾ എന്റെ കയ്യിൽ ഇപ്പോൾ ഇല്ല. ഞാനത് പിന്നീട് ഡോക്ടർക്ക് സമർപ്പിച്ചുകൊള്ളാം. (*സത്യദൂതൻ, 5.12.76*) ●

യെത്ര വീരശൂര പരാക്രമികളാണ് അവസാനം വാലും ചുരുട്ടി രംഗം വിട്ടത്. പൊള്ളയായ യുക്തിവാദചിന്തകൾ എന്നും അദ്ദേഹത്തെ അലോസരപ്പെടുത്തി. അതിനെ നഖശിഖാന്തം എതിർക്കാൻ കേരളക്കരയിൽ ജനാബ് റഹീം സാഹിബിനെപ്പോലെ ആർജ്ജവം കാട്ടിയവർ മുസ്‌ലിംകൾക്കിടയിൽ ആരും ഇല്ല. പലരും യുക്തിവാദികൾക്ക് മറുപടി എഴുതിയപ്പോൾ സെൽഫ് ഗോളടിക്കാനാണ് നിർഭാഗ്യവശാൽ തുനിഞ്ഞത്.

പക്ഷേ, ജനാബ് റഹീം സാഹിബിന്റെ തൂലികക്കു മുന്നിൽ ഇടമറുകും, കലാനാഥനും ജോസഫും കോവൂരുമൊക്കെ അക്ഷരാർത്ഥത്തിൽ പകച്ചു നിൽക്കുതന്നെയായിരുന്നു. 'എല്ലൊടിഞ്ഞ യുക്തിവാദം' എന്ന ഇഞ്ചോടിഞ്ച് പോരാട്ടത്തിൽ ആ യുദ്ധപാടവം ഏറെ ഹൃദ്യമാണ്.

കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ കപടതയും തുറന്നുകാട്ടാൻ അദ്ദേഹം എന്നും ഉത്സുകനായിരുന്നു. മറ്റൊരു ഇഷ്ടവിഷയമായി കാണാൻ കഴിയുന്നത്, മതത്തിന്റെ മേലങ്കിയണിഞ്ഞ്, ഫാസിസ്റ്റ് ആശയങ്ങളോടെ രംഗത്തെത്തിയ 'ജമാഅത്തെ ഇസ്‌ലാമിക്കു' നേരെയുള്ള തൂലികാസമരമാണ്. അവരുടെ ഗ്രന്ഥങ്ങളെ ഇത്രയധികം സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുള്ളവർ അവർക്കിടയിൽപോലും ഉണ്ടാകുമോ എന്ന് തോന്നുമാറ് ജനാബ് റഹീം സാഹിബിന്റെ ലേഖനങ്ങൾ ഇന്നും നിലനിൽക്കുന്നു. പ്രത്യേകിച്ച്, അവരുടെ ജിഹാദീ സങ്കല്പത്തിന്റെ പുറന്തോട് ഇളക്കിമാറ്റി കേരളീയ മുസ്‌ലിം ജനസമാന്യത്തിനു മുന്നിൽ അതിന്റെ നിജസ്ഥിതി വെളിപ്പെടുത്താൻ അദ്ദേഹം എന്നും ശ്രമിച്ചിരുന്നു.

അദ്ദേഹത്തെ ഏറെ ആകർഷിക്കുകുയം ഉത്സാഹഭരിതനാക്കുകയും ചെയ്തിരുന്നത് നബി(സ)ന്റെ ചരിത്രം കഴിഞ്ഞാൽ, ഹസ്റത്ത് അഹ്മദ്(അ)ന്റെ ചരിത്രമാണ്. വളരെക്കാലത്തെ വിശാലമായ പഠനങ്ങളാണ് ഹസ്റത്ത് അഹ്മദ്(അ) എന്ന രണ്ട് വാല്യം ഗ്രന്ഥം.

തർജ്ജമകളിൽ അദ്ദേഹം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹസ്റത്ത് മുസ്‌ലീഹ് മൗഊദ്(അ)ന്റേയും ഗ്രന്ഥങ്ങൾക്കാണ് ഏറെ പ്രാമുഖ്യം കാണിച്ചിരുന്നത്. ഖാദിയാൻ വിദ്യാർത്ഥിയായിരുന്ന സമയത്തെ ഒരു സംഭവം ഓർമ്മവരുന്നു. അവസാന വർഷ കോഴ്സിൽ ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(അ)ന്റെ 'അഹ്മദിയ്യത്ത് യഅ്നി ഹഖീഖി ഇസ്‌ലാം' എന്ന ഗ്രന്ഥവും ഉണ്ടായിരുന്നു. മുബല്ലിഗ് ആകാൻ പഠിക്കുന്ന ഞങ്ങൾ ഏഴുപേർക്ക് 2 പുസ്തകമേ (ഒറിജിനൽ) അവിടെ ഉണ്ടായിരുന്നുള്ളൂ. ആയിടെക്കാണ് അതിന്റെ മലയാള പരിഭാഷ വന്നത്. ഞങ്ങളുടെ വന്ദ്യഗുരുനാഥൻ, മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബ് ശാഹിദ്, ഞങ്ങൾ മലയാളികളോട് പറഞ്ഞത് പുസ്തകത്തിനുവേണ്ടി നിങ്ങളെന്തിനാണ് ബദ്ധപ്പെടുന്നത്, ഉർദുവിൽ കിട്ടിയില്ലെങ്കിലെന്താ, റഹീം സാഹിബ് അത് മലയാളത്തിൽ ആക്കിയിട്ടുണ്ടല്ലോ എന്നായിരുന്നു.

മതസാഹിത്യത്തിന് വാക്കുകളും, വാചകങ്ങളും അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏറെ വലിയ ആഗ്രഹമായിരുന്നു ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 'The Gulf Crisis & The New World Order' എന്ന പ്രഭാഷണപരമ്പര മലയാളത്തിൽ ഗ്രന്ഥമായി പ്രസിദ്ധീകരിക്കുക എന്നത്. പലപ്പോഴും അദ്ദേഹം അതേക്കുറിച്ച് പറഞ്ഞത് ഞാനിന്നും ഓർക്കുന്നു.

ഒരാൾക്ക് ഒന്നിലധികം തുലികാനാമങ്ങൾ ഉപയോഗിക്കാമെന്ന പാഠവും എനിക്ക് കിട്ടിയത് ഏ.ആർ. ഖാദിം, ഒബ്സർവർ, ആഗ്, സ്ഫുലിംഗം, എൻ.എ തുടങ്ങിയ പേരുകളിൽ എഴുതിയിരുന്ന ജനാബ് റഹീം സാഹിബിൽനിന്നുതന്നെയാണ്.

അദ്ദേഹം ഒരിക്കൽ എന്നോട് പഞ്ഞത്, 'ശംസുദ്ദീനേ, എഴുതിക്കൊണ്ടേയിരിക്കുക, അങ്ങനെ മാത്രമേ ഇസ്‌ലാമിനും അഹ്മദിയ്യത്തിനും നേർക്കുള്ള കടന്നുകയറ്റത്തെ പ്രതിരോധിക്കാൻ കഴിയൂ' എന്നായിരുന്നു.

വളർന്നുവരുന്ന, പിച്ചവെക്കുന്ന യുവഎഴുത്തുകാരെ ജനാബ് റഹീം സാഹിബ് നിർലോഭം പ്രോത്സാഹിപ്പിച്ചിരുന്നു. 'സൺഡേ ശാലോ' എന്ന പത്രത്തിൽ ജമാഅത്തിനെതിരെ ലേഖനം വന്നപ്പോൾ, ഞാനതിന് ഒരു മറുപടി തയ്യാറാക്കി ജനാബ് ബി.എം കോയാസാഹിബിന് (അല്ലാഹു അദ്ദേഹത്തിന് സ്വർഗ്ഗത്തിൽ ഉന്നതപദവികളും ആരാമങ്ങളും നൽകുമാറാകട്ടെ. ആമീൻ) അയച്ചുകൊടുത്തു. കോയാസാഹിബ് അത് ജനാബ് റഹീം സാഹിബിന് കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം അതിന്റെ ശൈലിയെ ഏറെ ശ്ലാഘിച്ചുവെന്ന് പിന്നീട് കോയാസാഹിബ് പറഞ്ഞിരുന്നു. നേരിൽ കാണുമ്പോഴും ജനാബ് റഹീം സാഹിബ് പ്രോത്സാഹിപ്പിക്കാൻ മറന്നിരുന്നില്ല.

ഏതായിരുന്നാലും കേരള സാഹിത്യതറവാട്ടിലെ വിശിഷ്യാ മതസാഹിത്യ തറവാട്ടിലെ ആ മഹാപുരുഷൻ അവസാനംവരേയും കർമ്മകുശലതയോടെ തന്നെ തന്റെ ഭാഗം ഏറ്റവും നന്നായി അവതരിപ്പിച്ചുകൊണ്ട് തിരശ്ശീലക്കു പിന്നിലേക്ക് മറഞ്ഞിരിക്കുന്നു.

എന്റെ ഫിർഖയിൽപ്പെട്ടവർ എതിരാളികളെ തെളിവുകളുടെ രംഗത്ത് വായടപ്പിക്കുമെന്ന് മസീഹ് മൗഊദ്(അ) പറഞ്ഞത് ജനാബ് റഹീം സാഹിബിൽ സാർത്ഥകമായിരുന്നു. മാഹാനായ ആ കർമ്മയോഗിയുടെ, അതേ സുൽത്താനുൽ ഖലമിന്റെ, ആ ഭക്തദാസന്റെ മുന്നിൽ ആദരാഞ്ജലികളോടെ, പ്രാർത്ഥനാനിരതരായി ആ ജീവിതസപര്യയെ നമുക്ക് പിന്തുടരാൻ ശ്രമിക്കാം.

ഇന്നും ജ്വലിക്കുന്ന വാക്കുകളായി വാചകങ്ങളായി അനുവാചകർക്ക് വിജ്ഞാനഭണ്ഡാരങ്ങളും, അത്ഭുതങ്ങളും സമ്മാനിക്കുന്ന ജനാബ് റഹീം സാഹിബിന് അല്ലാഹു സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകുമാറാകട്ടെ. ആ പണ്ഡിതവരേണ്യന്റെ വിടവ് അല്ലാഹു നികത്തുമാറാകട്ടെ. അനേകമനേകം അബ്ദുർറഹീംമാർ സൃഷ്ടിക്കപ്പെടുമാറാകട്ടെ. ആമീൻ. ●

സ്മരണ

കെ.എ. അബ്ദുൽകലാം, കൊച്ചി

# തൂലിക പടവാളാക്കിയ ത്യാഗി!

**വേ**ദനയോടെ പറഞ്ഞുതുടങ്ങട്ടെ, കേരള അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിലെ ഒരു ഉജ്ജ്വലമായ കാലഘട്ടത്തിന് തിരശ്ശീലയിട്ടുകൊണ്ടാണ് ജനാബ് നടുവിലകത്ത് അബ്ദുറഹീം സാഹിബ് നമ്മെ വിട്ടുപിരിഞ്ഞത്! ജീവിച്ചിരുന്ന കാലഘട്ടത്തിൽ സഹപ്രവർത്തകർക്ക് മനസ്സിലാക്കാൻ കഴിയാത്തഉയരം എത്തിപ്പിടിച്ച എളിയ ഒരുവനായി അവരിലൂടെ നടന്നുനീങ്ങിയ ആ ആത്മാർത്ഥതയുടെ നിറകുടം, ജീവിതം മുഴുവൻ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജിഹ്വയായ സത്യദൂതന് വേണ്ടി സമർപ്പിച്ച ത്യാഗിയായിരുന്നു.

സ്വാതന്ത്ര്യപ്പുലരിയിൽ മെട്രിക്കുലേഷൻ പാസ്സായ അദ്ദേഹം, തന്നെ തേടിവന്ന ഡെപ്യൂട്ടി തഹസിൽദാർ ഉദ്യോഗം നിരാകരിച്ചുകൊണ്ട് ജീവിതം മുഴുവൻ ജമാഅത്തിനുവേണ്ടി സമർപ്പിക്കുകയായിരുന്നു. ആ കാലഘട്ടത്തിൽ ലോവർ ഡിവിഷൻ ക്ലാർക്കായി ഉദ്യോഗത്തിൽ കയറിയവർ ജില്ലാകലക്ടർമാർവരെ ആയിട്ടുണ്ടെന്നോർക്കണം! (പഞ്ചായത്തിൽ സ്വീപ്പർ ഉദ്യോഗം ലഭിച്ചപ്പോൾ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവെച്ചവർ ഇന്ന് കേരളത്തിൽ ജീവിച്ചിരിപ്പുണ്ട്!)

കേരളീയ മുസൽമാൻ മലയാളം എഴുതാനും വായിക്കാനും തുടങ്ങിയപ്പോൾ അവന്റെ മതവിശ്വാസങ്ങളെ ചോദ്യം ചെയ്യുന്ന, ഇളക്കിമറിക്കുന്ന പരിഹസിക്കുന്ന, കമ്മ്യൂണിസ്റ്റ്, നിരീശ്വരനിർമ്മത, ശാസ്ത്ര ചിന്തകൾ അവനെനോക്കി കൊഞ്ഞനംകുത്തിയപ്പോൾ ഹസ്റത്ത് അഹ്മദ്(അ) കൊളുത്തിയ ദിവ്യ പ്രകാശത്തിൽനിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് എതിരാളികളെ തൂലികകൊണ്ടും, ഉജ്ജ്വലപ്രഭാഷണം കൊണ്ടും ആ അനുഗൃഹീതൻ അരിഞ്ഞുവീഴ്ത്തിയപ്പോൾ അഹ്മദികളേക്കാൾ കൂടുതൽ സന്തോഷിച്ചത് അനഹ്മദികളായിരുന്നു. എന്തുകൊണ്ടെന്നാൽ, സുന്നിക്കോ, മുജാഹിദിനോ, ജമാഅത്തെ ഇസ്‌ലാമിക്കാർക്കോ കഴിയാത്ത ഒരു മഹൽകർത്തവ്യമാണ് ജനാബ് റഹീം സാഹിബ് നിർവ്വഹിച്ചത്. ഞാൻ ഇപ്പോഴും ഓർക്കുന്നു. സാന്റോസ് കമ്പനിയുടെ റീജണൽ മാനേർ ആയിരുന്ന, ചിന്മയാമിഷനിൽ ഗീതാ ക്ലാസ്സെടുക്കുന്ന ശ്രീ വെങ്കിടാചലം (കൊച്ചി) കണ്ണൂർ ജില്ലാ യുക്തിവാദി സമ്മേളനത്തിൽ ശ്രീ എൻ. അബ്ദുറഹീം സാഹിബ് ചെയ്ത മറുപടി പ്രസംഗം വായിച്ചുകൊണ്ട് എന്നോട് ചോദിച്ചു. "മുസ്‌ലിംകളിൽ ഇങ്ങനെ മറുപടി പറയാൻ കഴിവുള്ള ആളുകൾ ഉണ്ടോ?"

'യേശുക്രിസ്തു കശ്മീരിൽ' എന്ന പുസ്തകം മലയാളത്തിൽ ആദ്യമായി റഹീംസാഹിബ് തർജ്ജമ ചെയ്തിറക്കിയപ്പോൾ ലൈബ്രറികളിൽ ആ പുസ്തകത്തിന് വേണ്ടി ആളുകൾ ക്യൂ നിന്നിരുന്നു. ഇസ്‌ലാമിന്റെ സത്യസന്ധമായ വീക്ഷണം മലയാളികളിൽ എത്തിച്ച അദ്ദേഹം ഒരു പുണ്യകർമ്മമല്ലേ നിർവ്വഹിച്ചത്?

ഞാനുമായി ബന്ധപ്പെട്ട ഒരു സ്ഥലമാറ്റ കാര്യത്തിൽ റഹീം സാഹിബുമായി ബന്ധപ്പെട്ടപ്പോഴാണ് ആ മനുഷ്യന് ഉന്നതങ്ങളിൽ എത്രമാത്രം ആദരവുണ്ടെന്ന് മനസ്സിലായത്! കൊച്ചിയിൽനിന്ന് കാസർക്കോട്ടേക്ക് എല്ലാ ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥരേയും നിർബന്ധമായി സ്ഥലം മാറ്റി. ആ അവസരത്തിൽ എന്നെ കണ്ണൂരിൽ നിറുത്തണമെന്ന് റഹീം സാഹിബ് അധികൃതരോട് അപേക്ഷിച്ചു. ഞാൻ കൊടുത്ത അപേക്ഷയിന്മേൽ രണ്ടുമൂന്നു ദിവസത്തിനകം മന്ത്രി കെ.എം മാണി ഓർഡർ ഇട്ടിരിക്കുന്നു. "ഇദ്ദേഹം എവിടെയാണ് അപേക്ഷിക്കുന്നത് അവിടെ പോസ്റ്റ് ചെയ്യുക" എന്ന്. ഈ ഇനത്തിൽ ഒരു നയാപൈസപോലും എന്റെപോക്കറ്റിൽനിന്നും ചില വായതുമില്ല. എന്റെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരു മന്ത്രി ഒരു ഓർഡർ നൽകുന്നത്. ഞാൻ മന്ത്രിയേയോ, മന്ത്രി എന്നെയോ കണ്ടിട്ടില്ല. എനിക്കൊരു പൈസപോലും ചെലവായതുമില്ല. അത് എനിക്കു വേണ്ടി ശിപാർശ ചെയ്ത എൻ.അബ്ദുറഹീംസാഹിബിന്റെ വലിപ്പത്തെയല്ലാതെ മറ്റെന്താണ് കാണിക്കുന്നത്.

അഹ്മദിയ്യാ ജമാഅത്തിന്റെ പ്രമുഖ ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത അദ്ദേഹത്തിന്റെ നാമം കേരള അഹ്മദിയ്യാ ജമാഅത്ത് നിലനിൽക്കുന്ന കാലത്തോളം നിലനിൽക്കുകതന്നെ ചെയ്യും. മസീഹ് മൗഊദ്(അ)ന്റെ എല്ലാ ഗ്രന്ഥങ്ങളും മലയാളത്തിലേക്ക് തർജ്ജമ ചെയ്യാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. കേരളത്തിൽ അതിന് ഏറ്റവും കെല്പുള്ള ആൾ റഹീം സാഹിബ് തന്നെയായിരുന്നു. മർഹൂം അലവി മൗലവിസാഹിബ് പറഞ്ഞിരുന്നത് എൻ. അബ്ദുർറഹീം സാഹിബ് വലിയ മൗലവി സാഹിബിന്റെ എഴുത്തുകാരൻ ആയിരുന്നുവെന്നാണ്. അത്രയും പരിചയവും, പാരമ്പര്യവും ഇനിയാർക്ക് ലഭിക്കാനാണ്? റഹീം സാഹിബിന്റെ വിയോഗം കേരള അഹ്മദിയ്യാ ജമാഅത്തിന് കനത്ത നഷ്ടമാണ്. ഇത്തരത്തിലുള്ള വ്യക്തികളെ അല്ലാഹു ജമാഅത്തിന് ഇനിയും പ്രദാനം ചെയ്യട്ടെ എന്ന് നമുക്ക് ദുആ ചെയ്യാനേ കഴിയൂ.

ഹൃദയം നിറഞ്ഞ പുഞ്ചിരിയോടെ, ഊഷ്മളമായ സ്നേഹവായ്പോടെ ആരുടേയും ഹൃദയം കീഴടക്കുന്ന ആ വലിയ മനുഷ്യൻ ഇന്നൊരോർമ്മ മാത്രമായി. അല്ലാഹു ആ നല്ല മനുഷ്യന് മഗ്ഫിറത്തും ജന്നത്തും നൽകിയനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിന് ആശ്വാസവും അനുഗ്രഹങ്ങളും നൽകുമാറാകട്ടെ. ആമീൻ.

●

സ്മരണ

മദാർ അബ്ദുശ്ശക്കൂർ

# ഒരു ബഹുമുഖപ്രതിഭയുടെ വേർപാട്

**കേ**രളത്തിൽ അഹ്മദിയ്യത്തിന് ആരംഭം കുറിച്ച ഒരു സമുന്നത കുടുംബപരമ്പരയിലെ സുപ്രധാന വ്യക്തിയും, സത്യദൂതന്റെ ദീർഘകാല പത്രാധിപരും, ബഹുഭാഷാപണ്ഡിതനും സാഹിത്യകാരനും, കണ്ണൂർ സിറ്റി ജമാഅത്തിന്റെ മുൻപ്രസിഡന്റുമായിരുന്നു പരേതനായ ജനാബ് എൻ. അബ്ദുർറഹീം സാഹിബ്.

യുവാവായിരുന്നപ്പോൾതന്നെ 'പൗരശക്തി'യിലൂടെയും 'ചന്ദ്രിക'യിലൂടെയും പത്രപ്രവർത്തനരംഗത്ത് കടന്നുവന്ന അദ്ദേഹം പില്ക്കാലത്ത് മാതൃഭൂമിയുടെ കണ്ണൂർ ലേഖകനായും കണ്ണൂർ ബ്യൂറോ ചീഫായും ആകാശവാണിയുടെ കണ്ണൂർജില്ലാ റിപ്പോർട്ടറായും സേവനമനുഷ്ഠിക്കുകയും, പത്രപ്രവർത്തക യൂണിയൻ ജില്ലാസിക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിരുന്നു.

അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചെറുപ്പകാലം മുതൽ സത്യദൂതൻ മാസികക്കുവേണ്ടി തന്റെ സേവനങ്ങളർപ്പിക്കാൻ പ്രതിജ്ഞാബദ്ധനായി ഇറങ്ങിത്തിരിക്കുകയാണുണ്ടായത്. ഭൗതികമായി ഉന്നതശ്രേണിയിലെത്താനുള്ള കവാടങ്ങൾ അദ്ദേഹത്തിനുമുമ്പിൽ തുറന്നുകിടന്നെങ്കിലും, തൂലികാസമരലഹരിയിൽ ആനന്ദം കണ്ടെത്തിയതിനാൽ ലൗകികോന്നതിയെ അദ്ദേഹം അഗണ്യമാക്കിക്കളഞ്ഞു. തന്റെ കുടുംബനാഥനായ മാതൃസഹോദരൻ നടുവിലകത്ത് ഹാമിദ് സാഹിബിന്റേയും ഹദ്റത്ത് മൗലാനാ ബി അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടേയും അനുഗൃഹീത ശിക്ഷണത്തിൽ ആ മഹാഗുരുക്കന്മാരുടെ കാല്പാടുകൾ പിന്തുടർന്ന അദ്ദേഹം സാഹിത്യസൃഷ്ടിയെ ഒരു തപസ്യയാക്കിമാറ്റുകയായിരുന്നു. സുദീർഘമായ നാല്പതിലേറെ വർഷക്കാലം സത്യദൂതൻ മാസികയെ തന്റെ ഐന്ദ്രജാലികമായ തൂലികകൊണ്ട് അദ്ദേഹം ധന്യമാക്കി. ഒട്ടേറെ ലേഖനങ്ങൾക്കും പത്രക്കുറിപ്പുകൾക്കും പുറമെ അനേകം കൃതികളും വിവർത്തനഗ്രന്ഥങ്ങളും അദ്ദേഹം കൈരളിക്ക് സമർപ്പിച്ചു.

അഹ്മദിയ്യാസിദ്ധാന്തങ്ങൾ നാവുകൊണ്ടും തൂലികകൊണ്ടും പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ഉത്സാഹം കാണിച്ചു. അഹ്മദിയ്യത്തിനുനേരെ അധിക്ഷേപശരങ്ങളുടെ സിംഹഗർജ്ജനവുമായി രംഗത്തുവന്ന ശത്രുക്കൾക്കെതിരെ ഒരു ധീരയോദ്ധാവിനെപ്പോലെയാണ് അദ്ദേഹം തൂലികാസമരം നടത്തിയത്. ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും അടിസ്ഥാനവാദങ്ങളെ ഖണ്ഡിക്കാൻ തുനിഞ്ഞവരെ തന്റെ കോളിളക്കം സൃഷ്ടിക്കുന്ന ലേഖനങ്ങളിലൂടെ അദ്ദേഹം ഉത്തരം മുട്ടിക്കുകയും ചെയ്തു.

പൊതുവേദിയിൽ ഗംഭീരമായ പ്രഭാഷണങ്ങൾ നിർവ്വഹിച്ചുകൊണ്ടും അദ്ദേഹം തന്റെ ഊർജ്ജസ്വലത തെളിയിച്ചുകാട്ടി. 1950 ഏപ്രിൽമാസം കോഴിക്കോട് ടൗൺഹാളിൽവെച്ച് ഹദ്റത്ത് മൗലാനാ ബി അബ്ദുല്ലാഹ് സാഹിബ് എച്ച്.എയുടെ നേതൃത്വത്തിൽ നടന്ന ആവേശോജ്വലമായ അഖിലകേരള ഖുദ്ദാമുൽ അഹ്മദിയ്യാ സമ്മേളനത്തിൽ 'കമ്മ്യൂണിസവും മതവും' എന്ന വിഷയത്തെ പുരസ്കരിച്ച് എൻ. അബ്ദുർറഹീം സാഹിബ് പ്രസംഗിച്ചു. അന്നദ്ദേഹത്തിന് കേവലം 22 വയസ്സുമാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. പ്രസ്തുത സമ്മേളനത്തിനൊടുവിൽ നന്ദി പ്രകാശിപ്പിച്ച ഭാരവാഹിയും അദ്ദേഹം തന്നെയായിരുന്നു. തുടർന്നുണ്ടായ ഒരുപാട് സമ്മേളനങ്ങളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിധ്യവും ആശയസംപുഷ്ടമായ പ്രഭാഷണങ്ങളും ജനശ്രദ്ധയാകർഷിച്ചു.

ഇംഗ്ലീഷ് പ്രസംഗം തർജ്ജമ ചെയ്ത് കേൾപ്പിക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേകമായ പാടവമുണ്ടായിരുന്നു. ഒട്ടേറെ വിദേശപ്രതിനിധികളുടെ പ്രഭാഷണങ്ങൾ ഭാഷാന്തരം ചെയ്യാൻ അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഒരു ബഹുമുഖപ്രതിഭയും പൊതുജനങ്ങൾക്കിടയിൽ അറിയപ്പെട്ട വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു അദ്ദേഹം.

കണ്ണൂരിൽ അഹ്മദിയ്യത്തിന് വിത്തുപാകപ്പെട്ട കുടുംബങ്ങളുടെ പൈതൃകമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ കുടുംബങ്ങളായ നടുവിലകത്തും എടപ്പകത്തും അഹ്മ

സ്മരണ

ടി. ശറഫുദ്ദീൻ

# സത്യത്തിന്റെ ഉറ്റമിത്രമായ എൻ. അബ്ദുർറഹീം സാഹിബ്

**140** പതിറ്റാണ്ടുകൾക്കു മുമ്പേ അറേബ്യൻ മണലാരണ്യത്തിനു മുകളിൽ ഉദിച്ചുയർന്ന് ലോകമാകെ സത്യത്തിന്റെ പ്രകാശം പരത്തുകയും കഠിനഹൃദയരെ മറ്റുള്ളവർക്കുവേണ്ടി വേദനിക്കുന്നവരാക്കി മാറ്റുകയും ചെയ്ത, മാനവരാശിക്ക് ഒന്നടങ്കം എന്നെന്നും ജീവിക്കുന്ന ദൈവത്തിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നതിനുള്ള സുഗമമായ പാത തെളിച്ചുതരികയും ചെയ്ത പ്രവാചകശ്രേഷ്ഠനായ ഹസ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി തന്നിലൂടെ പരിപൂർണ്ണമാക്കപ്പെട്ട ഇസ്‌ലാമിന് വന്നുഭവിക്കുന്ന മൂല്യച്യുതിയെക്കുറിച്ച് അന്നുതന്നെ പ്രവചിക്കുകയുണ്ടായി. പ്രവാചകശ്രേഷ്ഠൻ(സ)ന്റെ പ്രവചനം സത്യവൽകരിച്ചുകൊണ്ട് മുസ്‌ലിംകൾ ഇസ്‌ലാമിന്റെ മൂല്യങ്ങളിൽ നിന്നും അധാർമ്മികതയിൽ ആപതിച്ചപ്പോൾ നബിതിരുമേനി(സ)യുടെതന്നെ മറ്റൊരു പ്രവചനപ്രകാരം ഇസ്‌ലാമിനെ പൂർണ്ണശോഭയോടുകൂടി തിരികെ കൊണ്ടുവരുന്നതിന് അല്ലാഹു വാഗ്ദത്ത മഹ്ദി മസീഹ്(അ)നെ നിയോഗിച്ചു. അല്ലാഹു തന്നെ അറിയിച്ച, തന്നിലൂടെ പൂർത്തീകരിക്കപ്പെടേണ്ട ഇസ്‌ലാമിന്റെ പുനരുദ്ധാരണം എന്ന നിയോഗസത്യം അദ്ദേഹം ലോകത്തോട് പ്രഖ്യാപിച്ചപ്പോൾ ആ ദിവ്യശബ്ദം പലരും ഏറ്റുവാങ്ങി. അത് നാടിന്റെ പല ഭാഗത്തും പ്രചരിച്ചു. അറിഞ്ഞവർ അത് മറ്റുള്ളവരെ അറിയിച്ചു. എന്നും ഏത് മതത്തേയും, ആദർശങ്ങളേയും കൈനീട്ടി സ്വീകരിച്ച മലയാള മണ്ണിലും ഹസ്റത്ത് അഹ്മദ്(അ)ന്റെ ശബ്ദം എത്തി. അതെത്തിക്കുവാനുള്ള സൗഭാഗ്യം ലഭിച്ചത് കണ്ണൂർസിറ്റി സ്വദേശിയായ ഇടപ്പകത്ത് അബ്ദുൽഖാദർകുട്ടി സാഹിബിനായിരുന്നു. അറക്കൽ

ദിയ്യാചരിത്രത്തിന്റെ ഭൂതകാലതാളുകളിൽ മായാതെ കിടക്കുന്ന രണ്ട് സമുന്നത തറവാടുകളാണ്. ത്യാഗധനന്മാരെയും മാതൃകാവനിതകളെയും സംഭാവന ചെയ്ത പാരമ്പര്യം ഈ കുടുംബങ്ങൾക്കുണ്ട്.

ആ കൂട്ടത്തിൽ ഒരിക്കലും വിസ്മരിക്കാനാവാത്ത മഹനീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അബ്ദുർറഹീം സാഹിബിന്റെ വന്ദ്യമാതാമഹൻ എടപ്പകത്ത് അബ്ദുൽഖാദിർ കുട്ടിസാഹിബ്(റഹ്). അഹ്മദിയ്യത്തിന്റെ ദിവ്യസന്ദേശം കേരളക്കരയിൽ ഏറ്റവുമാദ്യം പ്രചരിപ്പിച്ച ആ മഹാനുഭാവൻ മലയാളികളായ മുഴുവൻ അഹ്മദികൾക്കും അഭിമാനസ്തംഭമാണ്.

സത്യദൂതന്റെ ദീർഘകാല സാരഥിയായിരുന്ന മർഹൂം എൻ.ഹാമിദ് സാഹിബിന്റെ സഹോദരീപുത്രനും കൂടിയായിരുന്നു എൻ.അബ്ദുർറഹീം സാഹിബ്. ഖാദിയാനിലെ നാസിർ ബൈത്തുൽമാൽ, മൗലവി എൻ. ജലാലുദ്ദീൻ സാഹിബ് നയ്യർ ഇളേമ്മാന്റെ മകനാണ്.

കൂടാതെ അബ്ദുർറഹീം സാഹിബിന്റെ പിതാവ് എടപ്പകത്ത് ഹംസസാഹിബ്, പിതാമഹൻ നടുവിലകത്ത് കുഞ്ഞമ്മദുകുട്ടി സാഹിബ്, മാതാവ് നടുവിലകത്ത് നഫീസബി സാഹിബ, മാതാമഹി നടുവിലകത്ത് ആയിശ്ശബി സാഹിബ തുടങ്ങിയവരെല്ലാം ആദ്യകാല അഹ്മദികളിൽ ഉൾപ്പെട്ടവരായിരുന്നു. സഹോദരീപുത്രനാണ് കണ്ണൂരിലെ ഇഅ്ജാസുൽഹഖ്

എൻ. അബ്ദുർറഹീം സാഹിബിന്റെ സഹധർമ്മിണി യു. നഫീസാ സാഹിബ, വടകരയിലെ പ്രമുഖ അഹ്മദിയും ഒരുന്നത കുടുംബാംഗവുമായിരുന്ന നെട്ടൂർ വീട്ടിൽ അബ്ദുല്ലാഹാജി സാഹിബിന്റെ മകളാണ്.

മക്കൾ: അബ്ദുർറഊഫ്, അബ്ദുൽഗഫൂർ, ജുവൈരിയ, ഖുദ്സിയ, റൂബിയ, നൂരിയ, ഫൗമിയ, സമിയ മരുമക്കൾ: ബുശ്റാ മർക്കര, ടി. റശീദ, ടി. ശംസുദ്ദീൻ, അബ്ദുർറഹീം മർക്കര, ടി. നൗഷാദ്, എം.സി. നിശാത്ത്, കെ. സിദ്ദീഖ്. സഹോദരങ്ങൾ: എൻ. അബ്ദുൽകരീം സാഹിബ് (പഴയങ്ങാടി), എൻ. അസ്മാബി സാഹിബ (കണ്ണൂർ), എൻ. അബ്ദുർറശീദ് സാഹിബ് (കോഴിക്കോട്).

അല്ലാഹുവിന്റെ അനുഗ്രഹത്താൽ എൻ. അബ്ദുർറഹീം സാഹിബിന്റെ മക്കളും മരുമക്കളും സഹോദരങ്ങളുമെല്ലാം അഹ്മദിയ്യാ ജമാഅത്തുമായി സജീവ ബന്ധം പുലർത്തുന്നവരാണ്.

അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും മർഹമത്തും നല്കുമാറാകട്ടെ. ആമീൻ.

●

രാജാവിന്റെ ഒരു മന്ത്രിപുത്രനായ ഖാദർകുട്ടി സാഹിബിലൂടെ ആ ശബ്ദം (മസീഹിന്റെ) നാടാകെ പരന്നു. ആ ചരിത്രങ്ങളൊക്കെ സത്യമിത്രം വായനക്കാർക്കറിയാവുന്നതാണ്. വാഗ്ദത്ത മസീഹിന്റെ ശബ്ദം ഇവിടെ എത്തിച്ച ഖാദർകുട്ടി സാഹിബിന്റെ മകളുടേയും സഹോദരീപുത്രന്റേയും രണ്ടാമത്തെ മകനാണ് ഇന്ന് നമ്മുടെ ഓർമ്മകളിൽ ജീവിക്കുന്ന (എന്നും ജീവിക്കുവാൻ കാരണമായ) സത്യത്തിന്റെ യഥാർത്ഥമിത്രമായ എൻ.അബ്ദുർ റഹീം സാഹിബ്.

വിദ്യാഭ്യാസത്തിന് ഏറെ മൂല്യങ്ങളുള്ള ബ്രിട്ടീഷ് ഗവർമ്മെന്റിന്റെ കാലത്ത് ഇന്റർമീഡിയേറ്റ് പാസായ എൻ.അബ്ദുർ റഹീം സാഹിബ് ഗവർമ്മെന്റ് സർവ്വീസിൽ ഉയർന്ന ഉദ്യോഗം നിർവ്വഹിക്കുവാൻ സാധിക്കുമായിരുന്നിട്ടും താൻ വിശ്വസിച്ച സത്യം മലയാളമനസ്സുകളിലേക്ക് എത്തിക്കണമെന്ന അതിയായ വ്യഗ്രത കാരണം അതിനുതകുന്ന തരത്തിലുള്ള ജോലി സ്വീകരിച്ച്, ഭൗതികജീവിതത്തിൽ ഏറെ ബുദ്ധിമുട്ടനുഭവിച്ച് കൊണ്ടാണ് മസീഹ് മൗഊദിലൂടെ വെളിപ്പെട്ട ഇസ്ലാമിന്റെ യഥാർത്ഥസത്യം മലയാളജനതയ്ക്കുവേണ്ടി താളുകളിൽ കുറിച്ചിട്ടത്. ഭൗതികമായ നേട്ടങ്ങൾക്ക് ഒട്ടനവധി അവസരം കൈവന്നിട്ടും ജമാഅത്തിനെ സേവിക്കുവാനും എൻ.ഹാമിദ് സാഹിബിന്റേയും വലിയ മൗലവി സാഹിബിന്റേയും അപേക്ഷ മാനിച്ചുകൊണ്ട് അതൊക്കെ ഉപേക്ഷിച്ച് ഏറെ ഞെരുക്കം അനുഭവിച്ചുമാണ് അദ്ദേഹം തന്റെ തൂലിക സത്യത്തിനുവേണ്ടി ചലിപ്പിച്ചത്. അതുകൊണ്ടാണ് അദ്ദേഹം സത്യത്തിന്റെ മിത്രമായതും, നമ്മുടെ ഓർമ്മകളിൽ ഒരു ജ്വാലയായി കത്തിനിൽക്കുന്നതും. എൻ. അബ്ദുറഹീം സാഹിബ് എന്ന അഹ്മദിയ്യാ സാഹിത്യ രചയിതാവിന് തുല്യനായി അദ്ദേഹം ജീവിച്ചിരുന്ന ജൂൺ 24-ന് വരെ ഇന്ത്യയിൽതന്നെ മറ്റൊരാളുണ്ടായിരുന്നോ എന്ന് ചോദിച്ചാൽ ഇല്ലെന്നാണ് ഉത്തരം കിട്ടുക. കാരണം അദ്ദേഹത്തിന്റെ ഓരോ വിഷയത്തിലുമുള്ള പാണ്ഡിത്യം അത്ര അഗാധമായിരുന്നു. അബ്ദുറഹീം സാഹിബ് മറ്റെല്ലാ ഇസങ്ങളെക്കുറിച്ചും അഗാധമായി പഠിച്ചു. ലോകചരിത്രത്തിൽ ആഴ്ന്നിറങ്ങി, സാമ്പത്തിക തത്വങ്ങൾ അപഗ്രഥിച്ചു. നിയമവ്യവസ്ഥകളെക്കുറിച്ച് സസൂക്ഷ്മം പഠിച്ചു; മതഗ്രന്ഥങ്ങൾ ഒരു തപസ്യപോലെ വായിച്ചുതള്ളി, എന്നിട്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളേയും, അദ്ദേഹത്തിന്റെ സഹാബത്തിന്റെ ജീവിതത്തേയും കുറിച്ച് വിശദമായി അന്വേഷണബുദ്ധിയോടെ പഠിക്കുകയും വർണ്ണനാതീതമായി ചിന്തിക്കുകയും ചെയ്തിട്ടാണ് സത്യത്തിന്റെ പ്രകാശം മലയാള മനസ്സുകളിലേക്ക് അദ്ദേഹം എയ്തുവിട്ടത്. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തോട് ഏറ്റുമുട്ടാൻ അഹ്മദിയ്യത്തിന്റെ വമ്പന്മാരായ എതിരാളികൾ മടിച്ചുനിന്നതും. അദ്ദേഹം തന്റെ തൂലിക അഹ്മദിയ്യത്തിനുവേണ്ടി ചുരികയാക്കിയും പരിചയാക്കിയും പിടിച്ചു.

പലരും അദ്ദേഹത്തെക്കുറിച്ച് എഴുതുമെന്നതിനാൽ ഞാൻ എന്റെ കുറിപ്പുകൾ ദീർഘിപ്പിക്കുന്നില്ല. എന്നാൽ വർഷങ്ങളോളം അദ്ദേഹത്തെ അടുത്തുനിന്ന് കാണുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്ത അനുഭവത്തിൽനിന്നും മറച്ചുവയ്ക്കാതെ ഒരു കാര്യം വായനക്കാരെ ഞാൻ ബോധ്യപ്പെടുത്തട്ടെ. വർത്തമാനകേരളത്തിൽ എൻ. അബ്ദുർറഹീം സാഹിബിന് പകരക്കാരനില്ല.

പ്രത്യേക സ്വഭാവവിശേഷത്തിന് ഉടമയായ എൻ. അബ്ദുർറഹീം സാഹിബ് എന്നും ഖിലാഫത്തിനോട് അഭേദ്യമായ ബന്ധം പുലർത്തുകയും അതിന്നായി മറ്റുള്ളവരെ ഉപദേശിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്ത വ്യക്തിയായിരുന്നു. ചിലപ്പോൾ ഇമാറത്തിൽ നിന്നും വരുന്ന ചില നിർദ്ദേശങ്ങളിൽ അദ്ദേഹത്തിന് വ്യക്തിപരമായി വിയോജിപ്പുണ്ടാവാറുണ്ട്. അത് അദ്ദേഹം വേണ്ടുന്നരീതിയിൽ വേണ്ടപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. എന്നാൽ, ആരെങ്കിലും കൂടിയിരുന്ന് ഇമാറത്തിനെതിരെ എന്തെങ്കിലും സംസാരിച്ചാൽ തന്റെ പ്രായവും അനാരോഗ്യവും മറന്ന് അദ്ദേഹം അവരോട് എതിരിടുമായിരുന്നു. ഒരിക്കലുംതന്നെ സമൂഹത്തിൽ ജമാഅത്തിനെതിരെ അപശബ്ദം ഉയർത്തുവാൻ അദ്ദേഹം ആരേയും അനുവദിച്ചിരുന്നില്ല.

കണ്ണൂർസിറ്റി പള്ളിയുടെ വരാന്തയിൽവെച്ച് പല സായാഹ്നങ്ങളിലും ഞങ്ങൾ എൻ. അബ്ദുർ റഹീംസാഹിബിന്റെ അഗാധമായ പാണ്ഡിത്യവും അദ്ദേഹത്തിന് ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടുമുള്ള കൂറും നേരിട്ടനുഭവിച്ചറിഞ്ഞതാണ്. ഇസ്ലാമാകുന്ന സത്യത്തെ കേരളജനതയിലെത്തിക്കുന്നതിന് അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച മലയാള ഗ്രന്ഥങ്ങളുടെ മുക്കാൽപങ്കിനും അവകാശിയായ, റഹീം സാഹിബ് ഇന്നും, എന്നും നമ്മുടെ ഓർമ്മകളിൽ ജീവക്കും. നാല്പതിലേറെ വർഷം സത്യദൂതനെ ചുമന്നുനടന്ന റഹീം സാഹിബ് സത്യമിത്രത്തിന്റേയും ഉറ്റബന്ധുവായിരുന്നു. എന്നും എല്ലാത്തിലും പൂർണ്ണത ആഗ്രഹിച്ച അദ്ദേഹം സത്യദൂതനിലുള്ള പ്രസിദ്ധീകരണ ലക്കങ്ങൾ ആമൂലാഗ്രം പരിശോധിച്ച് കുറ്റമറ്റതാക്കുമായിരുന്നു. അദ്ദേഹം എഴുതുന്ന ലേഖനങ്ങളായാലും, പുസ്തകമായാലും, പലതവണ മാറ്റിയെഴുതി കിട്ടാത്ത വാക്കുകൾക്കുവേണ്ടി ചിലപ്പോൾ ദിവസങ്ങളോളം ഡിക്ഷനറിയും മറ്റും പരിശോധിച്ച് അർത്ഥവ്യത്യാസമില്ലാതെ, ആശയവ്യത്യാസമില്ലാതെ അദ്ദേഹം എഴുതി. നമുക്ക് ഇനി ഒന്നേ ചെയ്യാനുള്ളു. അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം ഭാവിയിൽ അദ്ദേഹത്തിന്റെ സ്ഥാനം വഹിക്കുവാൻ പ്രാപ്തരായ ആളുകളെ അല്ലാഹു നമുക്കു നല്കുമാറാകട്ടെ.(ആമീൻ).

●

**ഉമർ പാറപ്പുറത്ത്**


**സ്മരണ**

# വിളക്കുമരം കണ്ണടക്കുമ്പോൾ....

**വ**ർഷങ്ങൾക്കുമുമ്പേ കൃത്യമായി പറഞ്ഞാൽ 17 വർഷം മുമ്പേ ഒരു ഫെബ്രുവരി മാസത്തിൽ എൻ. അബ്ദുർറഹീം സാഹിബിനെ ആദ്യമായി നടുവിലകത്ത് തറവാട്ടിൽവെച്ച് കണ്ടുമുട്ടുമ്പോൾ വലിയ അമ്പരപ്പായിരുന്നു. അതിനു മുമ്പേ പരിചയമുണ്ടായിരുന്നുവെങ്കിലും അന്നാണ് അടുത്തറിയുന്നത്. പാണ്ഡിത്യവും ഗവേഷണതൃഷ്ണയുമുള്ള ആ വലിയ സാന്നിദ്ധ്യത്തെ അടുത്തു കാണുന്ന ആദ്യ അവസരം. 'നടുവിലകത്ത്' വീടിന്റെ മുകളിലെത്തട്ടിൽ പുസ്തകങ്ങൾ നിറഞ്ഞിരിക്കുന്ന അലമാരകൾക്കു നടുവിൽ സത്യദൂതന്റെ പണിപ്പുരയിൽ റഹീം സാഹിബ് വിരാജിക്കുന്നു. പ്രൗഢമായ എന്നാൽ ലളിതമായ വാക്കുകളാൽ അദ്ദേഹം സംസാരിച്ചു. പിന്നീട് അടുത്തിടപഴകുമ്പോഴൊക്കെയും ആദ്യം കാണുമ്പോഴുള്ള അതേ അമ്പരപ്പ് എന്നിലുണ്ടായിരുന്നു. അഹ്മദിയ്യത്തിനു മാത്രമല്ല മുസ്‌ലിം സാഹിത്യത്തിനുതന്നെ റഹീം സാഹിബ് ഒരു നിത്യഹരിതഭൂമിയായിരുന്നു. ആ വലിയ മനുഷ്യന്റെ നിര്യാണത്തെത്തുടർന്ന് ഞാൻ നടത്തിയ അന്വേഷണങ്ങൾ വെളിച്ചംവീശിയത് 'റഹീംക്ക'യുടെ ധീഷണയുടെ ചില അപൂർവ്വതകളിലേക്കായിരുന്നു.

1940-ൽ മലയാളത്തിന്റെ സാഹിതീസപര്യയിലെഅവിഭാജ്യഘടകമായിരുന്നു 'ചന്ദ്രിക' ആഴ്ചപ്പതിപ്പ്. നിരന്തരവും അർത്ഥവത്തുമായ ഇടപെടലുകളിലൂടെ മുസ്‌ലിം ജനജീവിതത്തിനുമീതെ ചന്ദ്രിക വലിയ സ്വാധീനംചെലുത്തിയിരുന്നു അക്കാലത്ത്. ഇങ്ങനെയൊരു പ്രസിദ്ധീകരണത്തിൽ 1945 മുതൽതന്നെ എൻ. അബ്ദുർറഹീം സാഹിബിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുവന്നു. ഓർക്കുക, ഏറെക്കുറെ 20 വയസ്സു മാത്രം പ്രായമുള്ള യുവാവാണ് അദ്ദേഹമപ്പോൾ. അക്കാലത്ത് ചന്ദ്രിക വിശേഷാൽപതിപ്പുകൾ പ്രധാനമായും റമസാൻ, ഈദ് തുടങ്ങിയ അവസരങ്ങളിലായിരുന്നു പ്രസിദ്ധീകരിച്ചിരുന്നത്. ഈ ലക്കങ്ങളിൽ മുസ്‌ലിം ജനസാമാന്യത്തിനുവേണ്ടി നിർമ്മിക്കപ്പെട്ട പ്രബന്ധങ്ങൾ മുഖ്യമായും റഹീം സാഹിബിന്റേതായിരുന്നു. യഥാർത്ഥത്തിൽ വളരെ ചെറുപ്പത്തിലേതന്നെ ആളിക്കത്താൻ തുടങ്ങിയ ധിഷണയായിരുന്നു അത്.

എൻ അബ്ദുർറഹീം സാഹിബിന്റെ ചെറുപ്പക്കാലത്ത് കണ്ണൂർസിറ്റിയുടെ സാംസ്കാരിക ചലനങ്ങൾ കണ്ണൂർമുസ്‌ലിം യുവജനസംഘം വഴിയായിരുന്നു നടന്നിരുന്നത്. ഇവർ നടത്തിയിരുന്ന ഗ്രന്ഥശാലയും അനുബന്ധപ്രവർത്തനങ്ങളും റഹീം സാഹിബിന്റെ സാഹിത്യപന്ഥാവിനെ രൂപപ്പെടുത്തിയിട്ടുണ്ട്. ഈ ഗ്രന്ഥവീഥിയുടെ രക്ഷാധികാരി പില്ക്കാലത്ത് സുപ്രീംകോടതി ജഡ്ജിയായിത്തീർന്ന വി. ഖാലിദായിരുന്നു. കേന്ദ്രമന്ത്രി ഇ. അഹ്മദ്, പ്രശസ്ത അഭിഭാഷകൻ സി.പി. അബ്ദുൽ അസീസ് പഴയകാലത്തെ പ്രമുഖ കഥാകൃത്ത് കുന്നുംപുറത്ത് അബ്ദുൽഅസീസ് തുടങ്ങിയവരൊക്കെ ഈ ഗ്രന്ഥശാലാപ്രവർത്തനത്തിൽ റഹീം സാഹിബിനോടൊപ്പം ഉണ്ടായിരുന്നവരാണ്. സമൂഹത്തിലെ ഉന്നതശ്രേണിയിൽപ്പെട്ട കുലീനരും അതുപോലെ വിദ്യാസമ്പന്നരുമായ വ്യക്തികൾ എന്നും റഹീം സാഹിബിനെ ഇഷ്ടപ്പെട്ടിരുന്നു. ഇക്കൂട്ടത്തിലെ പല ഉന്നതരും റഹീം സാഹിബിനെ ഗുരുതുല്യം കണക്കാക്കിയുമിരുന്നു.



റഹീം സാഹിബിന്റെ പത്രപ്രവർത്തന ജീവിതത്തിന്റെ അസ്തിവാരം പൗരശക്തി ദിനപത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. പൗരശക്തിയുടെ ആദ്യകാല കണ്ണൂർലേഖകൻ പരേതനായ എൻ. ഹാമിദ് സാഹിബ് ആയിരുന്നു. ഹാമിദ് സാഹിബ് ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ സജീവമാകുകയും അദ്ധ്യയനവൃത്തിയിൽ കൂടുതൽ ശ്രദ്ധചെലുത്തുകയും ചെയ്തപ്പോഴാണ് സഹോദരീപുത്രനായ റഹീം സാഹിബ് പൗരശക്തിയിലേക്ക് വരുന്നത്. അക്കാലത്ത് മലബാർ മേഖലയിൽ നല്ലപ്രചാരമുണ്ടായിരുന്ന പൗരശക്തി റഹീം സാഹിബിന്റെ പ്രതിഭയെ ജ്വലിപ്പിക്കാൻ സഹായകമായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യപ്രയത്നങ്ങളിലൊക്കെയും കാണുന്ന 'പത്രഭാഷ' ഇവിടെ തുടങ്ങുകയാണ്. തുടർന്നിങ്ങോട്ട് ഒന്നും രണ്ടുമല്ല അഞ്ചു പ്രാവശ്യം കണ്ണൂർപ്രസ്സ് ക്ലബ്ബിന്റെ പ്രസിഡന്റും ഒരു പ്രാവശ്യം സെക്രട്ടറിയുംവരെയായി.

ഇക്കാലത്തുതന്നെയാണ് മൗലാനാ അബ്ദുല്ലാസാഹിബ് എച്ച്.എയുമായി അമ്മാവനിലൂടെ അടുക്കുന്നത്. ഈ ബന്ധം റഹീം സാഹിബിന്റെ ലക്ഷ്യങ്ങളെ ഒന്നടങ്കം വ്യത്യസ്തമായ രീതിയിൽ മാറ്റിമറിച്ചു.

50-ൽ കേരളം സന്ദർശിച്ച ഓർച്ചാഡ് അഹ്മദ് സാഹിബിന്റെ പരിഭാഷകൻ റഹീം സാഹിബായിരുന്നു. ഓർച്ചാഡിനെപോലുള്ള ഒരു വലിയ മനുഷ്യന്റെ ആത്മീയമൂല്യമുള്ള കനപ്പെട്ട പ്രസംഗങ്ങളെ പരിഭാഷപ്പെടുത്തുകയെന്നത് ഏറെ ശ്രമകരമാണ്. പ്രസംഗകലയിലുള്ള വൈദഗ്ദ്ധ്യം മാത്രംപോരാ ഇതിന്. അഹ്മദിയ്യത്തിനെയും ഇസ്‌ലാമിനേയും കുറിച്ചുള്ള

ആഴത്തിലുള്ള വിജ്ഞാനമായിരുന്നു ഇവിടെ റഹീം സാഹിബിന്റെ കൈമുതൽ. മൗലാനാ അബ്ദുല്ലാസാഹിബിന്റെ സഹവാസം വലിയ മാറ്റങ്ങളാണ് അദ്ദേഹത്തിൽ വരുത്തിയത്. ദാർശനികവും യുക്തിഭദ്രവുമായ ചിന്താശേഷി അദ്ദേഹം വികസിപ്പിക്കുന്നത് ഇതിലൂടെയാണ്. അക്കാലത്തെ കേരളീയ മുസ്‌ലിം സമൂഹം ഏറെ പിന്നിലായിരുന്നിട്ടും അവരെ സ്പർശിക്കുന്ന ലേഖനങ്ങൾ സൃഷ്ടിക്കാനായത് വലിയ കാര്യമാണ്. വായനയിലൂടെ നേടിയെടുത്ത കരുത്തുറ്റ അറിവിന്റെ പിൻബലത്തിലൂടെയാണ് റഹീം സാഹിബ് ഇത് ചെയ്തത്.

നടുവിലകത്ത് വീടിന്റെ തൊട്ടരികിലാണ് പ്രശസ്തമായ കണ്ണൂർസിറ്റി ജുമുഅത്ത് പള്ളി. വടക്കേ മലബാറിലെ പല മുസ്‌ലിംപണ്ഡിതന്മാരും ഇവിടത്തെ ഖതീബുമാരായിട്ടുണ്ട്. അറക്കൽ രാജവാഴ്ചയുടെ അംഗങ്ങൾ സംരക്ഷിച്ചുപോന്ന ഈ പള്ളിയുടെ ഖത്തീബുമാർ പലപ്പോഴും സംശയനിവാരണം നടത്തിയിരുന്നത് എൻ. അബ്ദുർറഹീം എന്ന വിജ്ഞാനപടുവിന്റെയടുത്തായിരുന്നു. പരസ്യമായി അഹ്മദിയ്യത്തിനെ അവഹേളിക്കുന്ന പലരും റഹീം സാഹിബിനെ നേരിട്ട് കണ്ട് സംശയനിവാരണം നടത്താറുണ്ട്. ഇസ്‌ലാമികവും ഇസ്‌ലാമികേതരവുമായ സമസ്യകൾ പരിഹരിക്കുന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ അടയാളമായി കരുതാം.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ അഹ്മദിയ്യത്ത് വഹിച്ച പങ്കിനെക്കുറിച്ചുള്ള പുസ്തകം എഴുതുമ്പോൾ റഹീം സാഹിബ് നടത്തിയ അന്വേഷണങ്ങൾ ഈയൊരു വ്യക്തിത്വത്തിന്റെ വേറൊരു വശം കാണിക്കുന്നു. തന്റെ ഗ്രന്ഥശേഖരം സംരക്ഷിക്കപ്പെടാനുള്ള വ്യഗ്രത തീക്ഷ്ണമായിരുന്നു അദ്ദേഹത്തിൽ.

പല പുതുമകളും ആദ്യമായി അവതരിപ്പിക്കാറുണ്ടായിരുന്ന റഹീംക്ക ഒരുകാലത്ത് കണ്ണൂരിലെ പത്രപ്രവർത്തനരംഗത്ത് ഇംഗ്ലീഷ് ഷോർട്ട്ഹാന്റ് അറിയുന്ന രണ്ട് പത്രലേഖകരിൽ ഒരാളായിരുന്നു. അപരൻ അതുല്യനായ പാമ്പൻ മാധവനും. ഈ ചുരുക്കെഴുത്ത് വിദ്യ പത്രപ്രവർത്തകർക്കിടയിൽ അദ്ദേഹത്തിന് വിശേഷ പരിഗണന നേടിക്കൊടുത്തു. വാർത്തകൾ വീതിക്കുന്നതിലും സമഗ്രമായ ശേഖരണത്തിനും പഴയകാല പത്രപ്രവർത്തകർക്ക് വേറെ ശ്രോതസ്സുണ്ടായിരുന്നില്ല. അക്കാലത്തെ സരസനായിരുന്നു പാമ്പൻ മാധവൻ. ഒരല്പം അശ്ലീലം കലർന്ന ഹാസ്യം പാമ്പന്റെ ശൈലിയായിരുന്നു. സമാരാധ്യനായ അദ്ദേഹംപോലും റഹീം സാഹിബിനെ ഏറെ ബഹുമാനിച്ചിരുന്നു. ഇങ്ങനെയൊരു ബന്ധം കാരണമായിരിക്കാം മാതൃഭൂമിയിലേക്ക് ശിപാർശ ചെയ്യാൻ പാമ്പൻ മാധവനെ പ്രേരിപ്പിച്ചത്.

മുസ്‌ലിം ലീഗിന്റെ സർവ്വകാല നേതാവ് സി.എച്ച്. മുഹമ്മദ്കോയയും റഹീം എന്ന കർമ്മയോഗിയുടെ 'മെറ്റൽ' ശരിക്കും മനസ്സിലാക്കിയിരുന്നു. 70-കളിൽ കണ്ണൂർ സന്ദർശിക്കുമ്പോൾ സിറ്റിയിൽ എത്തിയാൽ നടുവിലകത്ത് വീട്ടിൽ സി.എച്ച് ചെന്നിരുന്നു. ചിലപ്പോൾ മണിക്കൂറുകളോളം നീളുന്ന വിജ്ഞാനനിർഭരമായ സംഭാഷണത്തിൽ ഇരുവരും മുഴുകിയിരിക്കും. നടുവിലകത്തെ മുറ്റത്ത് സി.എച്ചിന്റെ കാർ വരുന്നതും പോകുന്നതും സിറ്റി നിവാസികൾ അത്ഭുതത്തോടെയാണ് കണ്ടിരുന്നത്. മാതൃഭൂമിയിൽ ചെന്നപ്പോഴും ഉന്നതരായ പലരും 'റഹീംക്ക'യുടെ വ്യക്തിത്വത്തെ തൊട്ടറിഞ്ഞിരുന്നു. മാതൃഭൂമിയുടെ മേധാവിയും രാഷ്ട്രീയനേതാവും സാംസ്കാരികനായകനുമായ എം.പി. വീരേന്ദ്രകുമാർ എൻ. അബ്ദുർറഹിം സാഹിബിനെക്കുറിച്ച് പലപ്പോഴും ഏറെ പുകഴ്ത്തി പറഞ്ഞിട്ടുണ്ട്. എന്തായാലും അകം നിറയെ വിജ്ഞാനതൃഷ്ണയുമായി നടന്ന റഹീംക്കായുടെ ബന്ധങ്ങൾ വിപുലവും ഉന്നതശ്രേണിയെ തൊടുന്നതുമാണ്. പക്ഷേ, ആനയുടെ വലിപ്പം ആനയ്ക്കറിവില്ലാത്തതുപോലെ വിനയപൂർവ്വം അദ്ദേഹം നമ്മിലൊരാളായി മാറി.

ഇടക്കാലത്ത് റഹീം സാഹിബ് നടത്തിയിരുന്ന വാദപ്രതിവാദങ്ങൾ ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തുപറയാവുന്ന ഒന്നാണ് യുക്തിവാദി നേതാവ് ശ്രീ ജോസഫ് ഇടമറുകുമായി നടത്തിയ 'ബലപരീക്ഷണം'. ഈയൊരു ഉദ്യമത്തിന്റെ ഭാഗമായാണ് ഇടമറുക് ഖുർആൻ പഠിച്ചതെന്ന് പലരും പറയാറുണ്ട്. റഹീംക്ക മരിച്ചതിനു പിറകെയാണ് ഇടമറുകും ഇഹലോകവാസംവെടിഞ്ഞതെന്നത് ചരിത്രത്തിന്റെ മറ്റൊരനുബന്ധമാണ്. വാദങ്ങളുടെ ആധികാരികതയ്ക്കുവേണ്ട രേഖകളും റഫറൻസുകളും ശേഖരിച്ച് സമഗ്രമായ തർക്കങ്ങളാണ് റഹീം സാഹിബ് ഇഷ്ടപ്പെട്ടത്. ഇത്രമാത്രം അന്വേഷണത്വരയോടെ കാര്യങ്ങൾ നിരീക്ഷിക്കുമ്പോൾ വിജയം ഉറപ്പാക്കപ്പെടുന്നുണ്ട്. ഓരോ വാക്കിന്റേയും വ്യക്തമായ അർത്ഥവിന്യാസം പ്രസംഗത്തിലും എഴുത്തിലും സൂക്ഷിക്കാനായത് അദ്ദേഹത്തിന്റെ മറ്റൊരു സവിശേഷതയത്രെ. ഉർദു, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഒരുപോലെയുള്ള പ്രാഗത്ഭ്യമാണ് ഇതിന്റെ കാതൽ. അദ്ദേഹത്താൽ തർജ്ജമ ചെയ്യപ്പെട്ട ഗ്രന്ഥങ്ങളുടെ വിഷയവൈദഗ്ദ്ധ്യം ഇതിലേക്കാണ് വിരൽചൂണ്ടുന്നത്.

റഷ്യയിൽനിന്നെത്തിയ ബുക്കാറോവിന്റെ പ്രസംഗം കണ്ണൂർ സ്റ്റേഡിയം കോർണറിൽവെച്ച് റഹീംക്ക പരിഭാഷപ്പെടുത്തിയത് ഇന്നും ഒരു ക്ലാസ്സിക് അനുഭവമാണ് പലർക്കും.

ഇക്കഴിഞ്ഞ ജൽസാവേളയിൽ പഞ്ചാബിലെ 'ടാൻഡ' എന്ന റെയിൽവേസ്റ്റേഷനിലായിരുന്നു ഞങ്ങളുടെ അവസാന സംഗമം. പഞ്ചാബിലെ ഉഗ്രമായ തണുപ്പത്ത് അനാരോഗ്യത്തിന്റെ കടുത്തപ്രശ്നങ്ങളുമായി സ്റ്റേഷൻ പ്ലാറ്റുഫോമിലിരുന്ന അദ്ദേഹത്തിന് ഒരു പുതപ്പ് കൊടുത്തുകൊണ്ട് ഞാനേറെ നേരം അരികിലിരുന്നു. വണ്ടി ആറുമണിക്കൂർ താമസിച്ചിട്ടാണ് എത്തിയതെന്ന കാര്യം ഓർക്കുക. അപ്പോൾ അദ്ദേഹത്തിന്റെ ഓർമ്മകൾ ഏറെ വർഷങ്ങൾ പിന്നോട്ടുപോയി. ത്യാഗത്തിന്റേയും കഷ്ടപ്പാടിന്റേയും വിചിത്രമായ അനുഭവങ്ങൾ.... ഇതിലൊക്കെയും നിറയുന്നത് ജമാഅത്തിന് വേണ്ടിയുള്ള അകളങ്കിതമായ സേവനം തന്നെയാണ്.

ചെറുപ്പത്തിൽതന്നെ ഒരപകടത്തിൽ ജീവിതം പൊലിഞ്ഞുപോയ എന്റെ കൊച്ചനുജത്തി സലീനയുടെ ചരമവാർത്തയുമായാണ് ഞാൻ ആദ്യം റഹീം

കുറിപ്പ്


എൻ. അബ്ദുർറഹിം സാഹിബ്

# ഞാൻ വിരമിക്കുന്നു!

*(1997 ഡിസംബർ ലക്കം സത്യദൂതനിൽ എഡിറ്റർ സ്ഥാനത്ത് നിന്ന് വിരമിച്ചുകൊണ്ടെഴുതിയ കുറിപ്പ്)*

'സത്യദൂതൻ' അതിന്റെ അറുപത്തിയഞ്ചാം വാല്യം ഇതോടെ പൂർത്തിയാക്കുകയാണ്. അൽഹംദുലില്ലാഹ്! അത് അതിന്റെ വജ്രജൂബിലി വൈകിയിട്ടാണെങ്കിലും കഴിഞ്ഞകൊല്ലം ആഘോഷിച്ചു. വജ്ര ജൂബിലിപ്പതിപ്പും പുറത്തിറക്കി. അഹ്മദിയ്യാ ശതവാർഷികജൂബിലിയോടനുബന്ധിച്ച് 1989-ൽ ഒരു പ്രത്യേക പതിപ്പ് പ്രകാശനം ചെയ്തിരുന്നു. നീണ്ട അറുപത്തിയഞ്ച് വർഷം പിന്നിട്ട 'സത്യദൂതൻ' ഇതുവരെയും അതിന്റെ വിഷമഘട്ടത്തെ തരണം ചെയ്തിട്ടില്ല എന്നത് ഒരു ദുഃഖസത്യം മാത്രമാണ്. സത്യദൂതൻ അനേകം പ്രതിസന്ധികളെ തരണംചെയ്തുകൊണ്ടാണ് അഭിമാനാർഹമായ ഇത്രയും നേട്ടം കൈവരിച്ചത്. ഈ നേട്ടത്തിന് അതിന്റെ ബന്ധുക്കളും അനുഭാവികളുമായ വായനക്കാരും അതിനെ സഹായിച്ചുപോന്ന നല്ലവരായ ധർമ്മിഷ്ഠരും അതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചവരും കാരണക്കാരാണ്. അല്ലാഹു അവർക്കെല്ലാം തക്കതായ പ്രതിഫലം നല്കുമാറാകട്ടെ. ആമീൻ.

സത്യദൂതനിൽ ഞാൻ പ്രവർത്തിച്ചുതുടങ്ങിയിട്ട് 50 കൊല്ലം ഇതോടെ പൂർത്തിയായിരിക്കുന്നു. 1958 ജനുവരിയിൽ ഞാൻ അതിന്റെ പത്രാധിപരായി. മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ. പത്രാധിപത്യം ഒഴിഞ്ഞപ്പോൾ അദ്ദേഹവും എൻ.ഹാമിദ് സാഹിബും കൂടിയാലോചിച്ച് അന്ന് സബ് എഡിറ്ററായി പ്രവർത്തിച്ചുപോന്ന എന്നെ എഡിറ്ററായി നിശ്ചയിക്കുകയായിരുന്നു. നാല് കൊല്ലം മൗലാനാ അവർകൾ പത്രാധിപരായിരുന്നിട്ടുണ്ട്. അതിനുമുമ്പ് 20 കൊല്ലക്കാലം എന്റെ വന്ദ്യമാതുലനായ ഹാമിദ് സാഹിബ് ആയിരുന്നു സത്യദൂതന്റെ നടത്തിപ്പുകാരനും പത്രാധിപരും. ചെറിയ ഇടവേളകൾ ഒഴിച്ചാൽ 40 കൊല്ലക്കാലം പത്രാധിപരായി ജോലി ചെയ്യാൻ എനിക്ക് ഭാഗ്യമുണ്ടായി. ഇത്രയും നീണ്ടകാലം പത്രാധിപരായിത്തന്നെ ജോലിയെടുത്ത ആരെങ്കിലും കേരളത്തിലെ പത്രപ്രവർത്തനരംഗത്ത് ഉണ്ടെങ്കിൽ അതൊരു ഇതിഹാസമാണ്. അങ്ങനെ നീണ്ടകാലത്തെ ചരിത്രമുള്ള ഒരാളെങ്കിലും വേറെ ഉണ്ടെന്ന് എനിക്കറിയാം. അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരിലുള്ള വിശ്വാസത്തിന്റെ ലഹരിയാണ് ഈ നീണ്ടകാലം സത്യദൂതനെ സേവിക്കാൻ എന്നെ പ്രാപ്തനാക്കിയത്. ഞാൻ 18 കൊല്ലക്കാലം 'മാതൃഭൂമി' ദിനപത്രത്തിന്റെ കണ്ണൂർ ലേഖകനായി ജോലിനോക്കിയിട്ടുണ്ട്. അതിനിടയിൽതന്നെ സത്യദൂതന്റെ പണിയും ഒപ്പം നടത്തിപ്പോന്നു. ഞാൻ അതിന്റെ സ്റ്റാഫ് ലേഖകനായി, കാസർകോട് കൂടി ഉൾപ്പെട്ടിരുന്ന അന്നത്തെ കണ്ണൂർജില്ലയുടെ ബ്യൂറോ ചീഫ് എന്ന നിലയിൽ ഉത്തരവാദിത്തപൂർണ്ണവും വളരെയേറെ തിരക്കുപിടിച്ചതുമായ ജോലി ചെയ്യുന്നതിനിടയിലും സത്യദൂതന്റെ പ്രവർത്തനത്തിൽ മുഴുകിയിരുന്നു. മാതൃഭൂമിയിലെ സർവ്വീസിലായതിനാൽ ഒരു പൈസപോലും പ്രതിഫലം പറ്റാതെയാണ് ഏതാനും കൊല്ലം സത്യദൂതന്റെ പത്രാധിപത്യം പേരുവെക്കാതെ ഞാൻ വഹിച്ചുപോന്നത്. ഇതിനിടയിൽ ഗ്രന്ഥനിർമ്മിതിയിലും എനിക്ക് കമ്പമായിരുന്നു. 50-ൽ ഏറെ ചെറുതും വലുതുമായ പുസ്തകങ്ങൾ ഇതുവരെ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അവയിൽ ചിലത് എന്റെ സ്വന്തം പ്രസിദ്ധീകരണസ്ഥാപനം മുഖേനയുള്ളതാണ്. കോഴിക്കോട്ടെ സഹോദരങ്ങൾ ചേർന്നുണ്ടാക്കിയ 'മിനാരത്ത് പബ്ലിക്കേഷൻസ്' ആണ് കേരളത്തിൽ ഒച്ചപ്പാടുണ്ടാക്കിയ 'യേശുക്രിസ്തു കശ്മീരിൽ' എന്ന പുസ്തകം പ്രസിദ്ധപ്പെടുത്തിയത്. അത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ നിരൂപണം ചെയ്തതു യുക്തിവാദാചാര്യനായിരുന്ന എം.സി. ജോസ് ആയിരുന്നു. ശ്രീ. എൻ.വി. കൃഷ്ണവാര്യർ ആയിരുന്നു അക്കാലത്ത് പത്രാധിപർ. എൻ.ഹാമിദ് സാഹിബിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച സിറാജ് പബ്ലിക്കേഷൻസും ചില പുസ്തകങ്ങൾ പുറത്തിറക്കി. അവയൊന്നും നിലനിന്നില്ലെന്നുമാത്രം. പ്രസിദ്ധീകരിച്ചവ എല്ലാം ഇസ്ലാമിനേയും അഹ്മദിയ്യാ ജമാഅത്തിനേയും കുറിച്ചുള്ള ഗ്രന്ഥങ്ങൾതന്നെ. അധികവും വിവർത്തനങ്ങൾ.



---

ക്കയുടെ മുന്നിലെത്തുന്നത്. എന്നോടൊപ്പം എന്റെ ജേഷ്ഠൻ സിദ്ദീഖുമുണ്ടായിരുന്നു. വിഷമം കടിച്ചമർത്തിക്കൊണ്ട് എന്റെ സഹോദരിയുടെ വേർപാട് വിവരം ഞാൻ പറയുമ്പോൾ അദ്ദേഹം എന്നെ സാന്ത്വനപ്പെടുത്തിക്കൊണ്ട് പറഞ്ഞ വാക്കുകൾ ഞാനിവിടെ കോറിയിടട്ടെ. "മരണം ഒരിക്കലും അവസാനമാകുന്നില്ല. മറിച്ച്, മറഞ്ഞുപോയവരെ എന്നും ഓർക്കാനുള്ള അവസരമാണ്."

റഹീംക്കയുടെ മരണവിവരം അറിഞ്ഞപ്പോൾ ഞങ്ങൾ കർണ്ണാടകത്തിലായിരുന്നു. ആ വാർത്ത എന്നിൽ മുമ്പേ മറഞ്ഞുകിടന്ന ഓരോ സംഭവവും ഉണർത്തിക്കൊണ്ടിരുന്നു. എല്ലാ പരിപാടിയും മാറ്റിവെച്ച് ഞാനും യു. മൻസൂർ സാഹിബും കണ്ണൂരിലേക്ക് തിരിച്ചു. ബസ്സിലായിരിക്കുമ്പോഴും മനസ്സ് നിറയെ ആ ഓർമ്മകളായിരുന്നു. നാലുമണിയോടെ കാടാച്ചിറയിലെത്തി റഹീംക്കായുടെ ജനാസയ്ക്കു മുമ്പിൽ നിൽക്കുമ്പോൾ റഹീംക്ക മാത്രമായിരുന്നു മനസ്സിൽ നിറഞ്ഞുനിന്നിരുന്നത്. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ. ●

ഇനിയും ഡസനിലേറെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനിരിക്കുന്നു. അവ കാലികസാഹിത്യമല്ല. നാളത്തെ സാഹിത്യമാണ്. 'ഇസ്ലാം ബുദ്ധിജീവികളുടെ മതം' പ്രസിദ്ധപ്പെടുത്തിയപ്പോൾ അഭിനന്ദനങ്ങളുടെ പ്രവാഹമായിരുന്നു. അതിൽ ഞാൻ വെളിപ്പെടുത്തിയ ജ്ഞാനം വാഗ്ദത്ത മസീഹിന്റെ വാഗ്ദത്തപുത്രന്റേതാണ്. മർഹൂം ടി.പി. കുട്ട്യാമു സാഹിബാണ് ആദ്യമായി അഭിനന്ദനമറിയിച്ചത്. എനിക്ക് പരിചയമില്ലാത്ത ഒരു ക്രിസ്തീയ പ്രഫസർ അതിനെപ്പറ്റി, യുക്തിവാദി നേതാവിന്റെ എല്ലാ ആക്ഷേപങ്ങൾക്കും യുക്തിയുക്തമായ മറുപടി നൽകിയിട്ടുണ്ടെന്ന് 'മലയാള മനോരമ'യിലെ നിരൂപണത്തിലെഴുതിയപ്പോൾ ഞാൻ ആനന്ദംകൊണ്ടു. ആ ആത്മാനന്ദമാണ് എന്റെ സമ്പത്ത്. ഈ ആത്മാനന്ദങ്ങൾ എനിക്ക് ഒരുക്കിത്തന്നത് സത്യദൂതന്റെ താളുകളാണ്. നിശ്ചയമായും അഹ്മദിയ്യാ സാഹിത്യവും തെരഞ്ഞ് സത്യാന്വേഷികൾ ഓടിയെത്തുന്ന നാളുകൾ വരുന്നു! അത് എന്റെ ദൃഢവിശ്വാസമാണ്. കാരണം, മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ സാക്ഷാൽ പ്രതിപുരുഷനായ മഹ്ദീഇമാം, വാഗ്ദത്തമസീഹ്, ഉമ്മത്തീ നബി ആയ ഒരു മഹാത്മാവിന്റെ, യുഗപുരുഷന്റെ ശബ്ദമാണ് ആ സാഹിത്യത്തിന്റെ ജീവൻ. ആ ദിവ്യാത്മാവ് യുഗപ്രഭാവനായിരിക്കെ, ആത്മീയചക്രവർത്തിയായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ സാക്ഷാൽ പ്രതിബിംബമായിരിക്കെ, ഭാവിലോകം അവിടത്തേത് അല്ലാതാകുന്നതെങ്ങനെ? ഒന്നുകിൽ, ഈ യുഗത്തിലെ നഊദുബില്ലാഹ്' ഏറ്റവും വലിയ കള്ളൻ! അല്ലെങ്കിൽ, സത്യത്തിന്റെ അവതാരം!! ഇതിനിടയിൽ മറ്റൊരവസ്ഥയില്ല. കള്ളവാദിയാണെന്ന് കരുതുന്നവർ അത് സ്ഥാപിക്കാൻ സകല സാധനസാമഗ്രികളും ശക്തിയുക്തികളും ആയുധക്കോപ്പുകളുംകൊണ്ട് ആ മഹാത്മാവിനേയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തേയും എതിർത്തുകൊള്ളട്ടെ! സാമ്രാജ്യങ്ങൾ അണിനിരന്നാലും ഒരായിരം ആറ്റംബോംബുകൾ ഒന്നിച്ച് പ്രയോഗിച്ചാലും അഹ്മദിയ്യാപ്രസ്ഥാനം നശിക്കുകയില്ല! കാരണം അത് സത്യപ്രസ്ഥാനമാണ്. എന്തുകൊണ്ടെന്നാൽ, അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ശക്തി അല്ലാഹുവാണ്. അതിനെ നശിപ്പിക്കാൻ ശ്രമിച്ച ഭൂട്ടോവും സിയാ ഉൽഹക്കും ഫൈസലും കൃമികീടങ്ങൾ മാത്രം. അഹ്മദിയ്യാപ്രസ്ഥാന സ്ഥാപകർ സത്യാത്മാവാണെങ്കിൽ അവിടന്ന്തന്നെയാണ് അവസാനം ജയിക്കുക. അതുകൊണ്ട് എന്റെ പ്രയത്നങ്ങൾ ഭൗതികലാഭമുണ്ടാക്കിയില്ലെന്നുവന്നാലും വിഫലമായിപ്പോവുകയില്ല. ഈ പ്രസ്ഥാനം സത്യമാണെന്ന് വിശ്വസിക്കുന്നവർ അതിനായി പ്രയത്നിച്ചുകൊള്ളട്ടെ! ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടജന്തുക്കളായി ചിത്രീകരിക്കപ്പെട്ട സത്യവൈരികളായ, അസത്യത്തിന്റെ അടിമകളായ ഇന്നത്തെ ഉലമാക്കൾ എന്ത് കാട്ടിക്കൂട്ടിയാലും അവർ എളിമയിലും നാശത്തിലും പതിക്കുകയേയുള്ളൂ.

ഇന്നത്തെ തലമുറ സത്യത്തിനു നേരെ അലംഭാവവും അവഗണനയും പുലർത്തുന്നു. കാലം കാത്തു നിൽക്കുകയില്ല. ഇന്നുള്ളവരുടെ മക്കൾ അഥവാ പേരമക്കൾ, അതുമല്ലെങ്കിൽ അവരുടെ മക്കൾ അഹ്മദികളായിരിക്കും. ഇൻശാഅല്ലാഹ്! അവർ ഇന്നുള്ള അവിശ്വാസികളുടെമേൽ, ദൈവദൂതനെതിരിൽ പ്രവർത്തിച്ച തലമുറയുടെമേൽ ശാപം ചൊരിയുകയും ചെയ്യും. കാലം കുതിച്ചുമുന്നേറുകയാണ്. പുതിയ നൂറ്റാണ്ട് പിറക്കുകയാണ്. അഥവാ, പുതിയ സഹസ്രാബ്ദം പിറക്കാൻ ഇനി രണ്ട് കൊല്ലമേയുള്ളൂ. മുസ്ലിം യുവത, കേരള മുസ്ലിംയുവജനം എന്ത് ചിന്തിക്കുന്നു? ഈ ദിവ്യസത്യത്തെക്കുറിച്ച് അവർ അന്വേഷണബുദ്ധിയോടെ ചിന്തിക്കാൻ തയ്യാറില്ലേ? പാക്കിസ്ഥാനിലെ അധികാര രാഷ്ട്രീയക്കാരാണോ അവരുടെ ആത്മീയവിധികർത്താക്കൾ? ശപിക്കപ്പെട്ട മുല്ലായിസമാണോ അവരുടെ മാർഗ്ഗദർശകർ? അഥവാ, ദുർബല ന്യൂനപക്ഷം എന്നു കരുതി അഹ്മദികളെ അവർ എണ്ണിത്തള്ളുന്നുവോ? വിരലുകൾ കൊണ്ടെണ്ണാമായിരുന്ന യുവാക്കളാണ് ഇസ്ലാമിനെ ലോകശക്തിയാക്കി മാറ്റിയത് എന്ന് അവർ അറിയണം! എന്റെ യൗവനം മുഴുവനും ഞാൻ സത്യദൂതനുവേണ്ടി, അഹ്മദിയ്യാ പ്രസ്ഥാനത്തിനും ഇസ്ലാമിനും വേണ്ടിയാണ് വിനിയോഗിച്ചത്. ദൈവത്തിന്റെ പക്കൽ അത് സ്വീകൃതമായെങ്കിൽ ഞാൻ ധന്യനാകും. അതു മാത്രമാണ് എന്റെ പ്രാർത്ഥന. മുസ്ലിംയുവാക്കൾ, അഹ്മദിയുവാക്കൾ കാലഘട്ടത്തിന്റെ വിളി കേൾക്കുന്നുണ്ടോ? വേദനയറിയുന്നുണ്ടോ? എന്തോ?

ലോകത്തെ കീഴ്പ്പെടുത്തുക എന്നത് പ്രയാസപൂർണ്ണമായ പണിയാണ്. എങ്കിലും അത് മനുഷ്യസാധ്യമല്ലാത്തതല്ലല്ലൊ! അതുകൊണ്ട്, സത്യത്തിന്നെതിരിൽ ദജ്ജാലിയത്തിന്റെയും മറ്റ് ലോകശക്തികളുടേയും എതിർപ്പുകൾ നിസ്സാരം! മുഹമ്മദ്നബി(സ) വാഗ്ദാനം ചെയ്ത ഇസ്ലാമിന്റെ പുനരുത്ഥാനം, ഈ ലോകത്ത് പൂർവ്വവൽപ്രൗഢിയോടെ സംഭവിക്കുമെന്നത് തീർച്ച. ഒരു ആഗോളവിപ്ലവം ആസന്നമായിരിക്കുന്നു.

ആകയാൽ, ഞാൻ തൽക്കാലം വിരമിക്കുകയാണ്. എനിക്ക് വയസ്സ് 70-ആയി. എല്ലാവിധത്തിലും ബലഹീനതകൾ വർദ്ധിച്ചുവരുന്നു. യുവാക്കൾക്ക് രംഗം ഒഴിഞ്ഞുകൊടുക്കേണ്ടതുണ്ട്. സത്യദൂതൻ കൂടുതൽ ഊർജസ്വലമാകേണ്ടിയിരിക്കുന്നു. നീണ്ടകാലം എനിക്ക് സേവനം ചെയ്യാൻ സാധിച്ചതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. എന്നെ സഹായിച്ചവർക്കും എന്നോട് സഹകരിച്ചവർക്കുമെല്ലാം ഞാൻ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കട്ടെ. 'സത്യദൂതൻ' മേലിലും അതിന്റെ ദൗത്യവുമായി മുന്നേറണം. സത്യദൂതൻ അഹ്മദിയ്യാ ജമാഅത്തിന്റെ പത്രമാണ്. അതിനോടുള്ള എന്റെ ആത്മീയബന്ധം ഒരിക്കലും മുറിഞ്ഞുപോകാത്തതാണ്. അതിന്റെ അഭ്യുദയം എന്റെ സ്വപ്നമാണ്. ആകയാൽ, അതിനെ സഹായിക്കാൻ ആകുവോളം ഞാൻ ശ്രമിക്കും. അഹ്മദിയ്യാ സുബായി അമീറിന്റെയും മറ്റ് പ്രവർത്തകന്മാരുടേയും നേതൃത്വത്തിൽ അത് ഉത്തരോത്തരം പുരോഗമിക്കട്ടെ എന്ന ആശംസയോടെ, പ്രാർത്ഥനയോടെ ഞാനീ വരികൾ അവസാനിപ്പിക്കുന്നു. വസ്സലാം!

●

പഴയ
താളുകളിൽ

ഒബ്സർവർ

# ജൂതന്മാരുടെ ഭാവി: ഇസ്റായീൽ എങ്ങോട്ട്?

ഇസ്റായീൽ സ്റ്റേറ്റ് ഒരു യാഥാർത്ഥ്യമാണെന്നും 1967 ജൂൺ യുദ്ധത്തിനു മുമ്പുള്ള അതിർത്തികളിൽ അതിനു നിലനില്ക്കാൻ അർഹതയുണ്ടെന്നും കുവൈത്തിൽവെച്ച് യു.എ.ആർ പ്രസിഡന്റ് അൻവർ സാദത്ത് പ്രഖ്യാപിച്ചത് അന്താരാഷ്ട്രരംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. 1967നു മുമ്പുള്ള അതിർത്തികളെ ലംഘിക്കാൻ തങ്ങൾ സമ്മതിക്കുകയില്ലെന്ന് സോവിയറ്റ് റഷ്യൻനേതാക്കൾ അസന്ദിഗ്ദ്ധമായ ഭാഷയിൽ തന്നോട് പറഞ്ഞിരുന്നതായി സാദത്ത് വെളിപ്പെടുത്തി. ഇസ്റായീലിനെ കടലിലെറിയാനുള്ള ആപൽക്കരമായ നീക്കത്തിൽ തന്റെ ജനതയെ ബലികഴിക്കാൻ താൻ തയ്യാറല്ലെന്ന് സാദത്ത് വെട്ടിത്തുറന്ന് പറഞ്ഞു. (*ഇന്ത്യൻ എക്സ്പ്രസ്സ്, 16.5.1975*)

സോവിയറ്റ് റഷ്യയുടെ നില ഇതാണെങ്കിൽ ഇസ്റായീലിനെ ഇതേവരെ ആയുധശക്തിയിലൂടെ അനുഗ്രഹിച്ചുപോന്ന അമേരിക്കയുടെ നിലപാട് ഇതിനകം വ്യക്തമായിക്കഴിഞ്ഞിട്ടുള്ളതാണ്.

പാലസ്തീൻപ്രശ്നത്തിന് സമാധാനപരമായ പരിഹാരമുണ്ടാക്കാനുള്ള ഏത് നീക്കത്തിനും അത് അമേരിക്കയുടെ ഭാഗത്തുനിന്നായാലും സോവിയറ്റ് യൂണിയന്റെ ഭാഗത്തുനിന്നായാലും എന്നല്ല, സാത്താനിൽനിന്നായാൽപോലും താൻ അതിനുള്ള വാതിലുകൾ തുറന്നുവെച്ചിരിക്കുകയാണെന്ന് സാദത്ത് പ്രഖ്യാപിച്ചു.

ഇസ്റായീലിനെ ഭൂമുഖത്തുനിന്ന് തുടച്ചുനീക്കുമെന്ന നാസിറിന്റെ പ്രഖ്യാപനത്തിൽനിന്നും യു.എ.ആറിന്ന് ഇപ്രകാരം വഴിയോട്ട് പോകേണ്ടിവന്നിട്ടുള്ളത് തികച്ചും യാദൃശ്ചികമായ ഒരു സംഭവവികാസമല്ല. സോവിയറ്റ് റഷ്യയുടെ ബലത്തിന്മേലും സോവിയറ്റ് റഷ്യയിൽനിന്നുള്ള സഹായത്തിന്റെ ആക്കത്തിലുമാണ് യു.എ.ആർ ഇസ്റായീലിന്നെതിരായ പടനിര പടുത്തുയർത്തിവന്നത്. അറബികളെ സംബന്ധിച്ചിടത്തോളം റഷ്യയുടെ നേരെയുള്ള അനുനയങ്ങളും സൗഹാർദ്ദപ്രകടനങ്ങളുമെല്ലാം ഇസ്റായീലിനോടുള്ള സമീപനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. അമേരിക്കൻ താല്പര്യത്തിന്നെതിരിൽ റഷ്യ തങ്ങളെ അവസാനംവരെ സഹായിച്ചുകൊള്ളുമെന്നാണ് അവർ കണക്കുകൂട്ടിയിരുന്നത്. ഇസ്റായീലിനെ 'തുടച്ചുനീക്കാൻ' തങ്ങളില്ലെന്ന് ഇപ്പോൾ റഷ്യ വ്യക്തമാക്കിക്കഴിഞ്ഞിരിക്കുന്നു.

ഇസ്റായീലിന്റെ സ്ഥാപനത്തിന്ന് നിദാനമായ യു.എൻ. പ്രമേയത്തിന് അമേരിക്കയോടൊപ്പം റഷ്യയും ഉപഗ്രഹരാജ്യങ്ങളും വോട്ട് ചെയ്തിരുന്നു. അമേരിക്കയും റഷ്യയും ഒരുപോലെ ഇസ്റായീൽ സ്റ്റേറ്റിന്റെ സൃഷ്ടിപ്പിനുവേണ്ടി കരുനീക്കങ്ങൾ നടത്തിയിട്ടുണ്ട്. മധ്യപൂർവ്വദേശത്തെ തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനും അവിടെ കാലൂന്നുവാനും ദീർഘകാലാസൂത്രണങ്ങൾ നടത്തിപ്പോരികയായിരുന്ന റഷ്യ ഇസ്റായീലിനെ ഒരിക്കലും ഒരു ശത്രുരാജ്യമായി കണക്കാക്കിപ്പോന്നിട്ടില്ല. പാലസ്തീനിൽനിന്നും ബ്രിട്ടീഷ് സൈന്യത്തെ പിൻവലിക്കുന്നതാണെന്ന് ബ്രിട്ടീഷ് കൊളോണിയിൽ സെക്രട്ടറി മിസ്റ്റർ ക്രിച്ച് ജോൺസ് 1947-ൽ പ്രഖ്യാപിച്ചപ്പോൾ, പാലസ്തീനിൽനിന്നുള്ള ജൂതന്മാരുടെ അവസാനത്തെ പിൻവാങ്ങലായിരിക്കും അതെന്ന് പറഞ്ഞുകൊണ്ട് അതിനെ യു.എൻ. കൗൺസിലിൽ എതിർത്തത് ഏറ്റവും വലിയ കൊളോണിയൽ വിരുദ്ധശക്തിയായ റഷ്യയുടെ പ്രതിനിധി വൈഷിൻസ്കി അല്ലാതെ മറ്റാരുമായിരുന്നില്ല. ആ പരസ്യപ്രസ്താവനതൊട്ട് റഷ്യ ഇസ്റായീലിന് അഥവാ ജൂതന്മാർക്ക് പിന്നിലുണ്ടെന്ന് ലോകത്തിന് കാണാൻ കഴിഞ്ഞിരുന്നതാണ്. ഇതിനുശേഷമുള്ള റഷ്യയുടെ പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ നീക്കങ്ങളും ഇസ്റായീലിനെ നിലയുറപ്പിക്കുന്നതിനുവേണ്ടിയുള്ളതായിരുന്നുവെന്ന് കാണാൻ കഴിയും. എന്നാൽ, റഷ്യയുടെ സഹായത്തിൽ ആശ്രയം കൊണ്ടാണ് യു.എ.ആറിന്റേയും സിറിയയുടേയും നേതൃത്വത്തിൽ അറബ് രാഷ്ട്രങ്ങൾ ഇസ്റായീലിനെ തുടച്ചുനീക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. ഇപ്പോൾ ഇതെല്ലാം ഒരു വ്യാമോഹം മാത്രമാണെന്ന് ഈജിപ്തിനും അറബ് രാജ്യങ്ങൾക്കും ബോധ്യപ്പെട്ടിരിക്കുന്നു.

ഇസ്റായീലിന്റെ സ്ഥാപനം ദൈവികമായ ഒരു മഹാപ്രവചനത്തിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ടതാണ്. ഒരു രംഗസജീകരണം മാത്രമാണത്. ഇസ്റായീലിന്റെ നിലനില്പ് പ്രവചനത്തിൽ സൂചിതമായ കാലയളവ് വരെ തുടരും. ഇസ്റായീൽ ഒരു കാലഘട്ടത്തിന്റെ അടയാളമാകുന്നു. എല്ലാ ഉപാധി

കളോടും കൂടി ആ മഹാപ്രവചനം നിറവേറുന്നനാൾ വരെ അതിനെ നശിപ്പിക്കാനോ തുടച്ചുനീക്കാനോ സാധ്യമല്ലാത്തവിധം അതിന്റെ ശക്തിവലയം ഭദ്രമായിരിക്കുകതന്നെ ചെയ്യും. ഇസ്‌ലാമിന്റെ സത്യത്തിന്നെതിരായ ശക്തികളുടെ പ്രതീകമാണ് ഇസ്‌റായീൽ. 'സാലിഹീങ്ങളായ ദൈവദാസർക്ക്' വാഗ്ദാനം ചെയ്യപ്പെട്ട പാലസ്തീൻ പുണ്യഭൂമി ജൂതന്മാർക്ക് സ്ഥിരമായി അധീനത്തിൽവെച്ചിരിക്കാൻ സാധ്യമാവുന്നതല്ലെന്ന ആ പ്രവചനം ലോകത്തിനു മുഴുവനും നോക്കിക്കാണാവുന്ന ഒരു സത്യദൃഷ്ടാന്തമെന്നോണം അത്ഭുതകരമായി പുലരുകതന്നെ ചെയ്യും. എത്ര വലിയ ശക്തികൾക്കും ഇസ്‌റായീലിനെ രക്ഷിക്കാൻ സാധ്യമാവുന്നതല്ല. ഇത് തെളിയിക്കപ്പെടുന്നതിന് രണ്ട് വൻരാഷ്ട്രങ്ങൾ അണുവായുധ സജ്ജീകൃതങ്ങളായി അതിന്റെ രക്ഷക്ക് കാവൽനില്ക്കുകയാണിന്ന്. അമേരിക്കയുടേയും റഷ്യയുടേയും ഈ ഒത്തുനീക്കം ആ കൊച്ചുരാഷ്ട്രത്തിന്റെ നിലനില്പിന് സഹായകമായിരിക്കുമോ എന്നതാണ് സർവ്വപ്രധാനമായ പ്രശ്നം. പ്രത്യക്ഷത്തിൽ സഹായകമാണെന്ന് തോന്നാമെങ്കിൽ കൂടി സംഭവഗതികളുടെ അനിയന്ത്രിതമായ നീക്കത്തിൽ ഈ സഹായങ്ങളെല്ലാം ദുസ്വപ്നങ്ങളായി പരിണമിക്കുകയും അതോടൊപ്പം ഇസ്‌റായീൽ രാഷ്ട്രം ഭൂമുഖത്തുനിന്ന് നിഷ്കാസനം ചെയ്യപ്പെടുകയും ജൂതജനം അവരുടെ പൂർവ്വസ്ഥിതിയിലേക്ക് അധഃപതിക്കുകയും ചെയ്യും.

ഇസ്‌റായീൽ അമേരിക്കൻപക്ഷത്ത് ശക്തിയായി ചാഞ്ഞുനില്ക്കുകയും അറബികൾ റഷ്യയെ ഉറ്റുനോക്കിക്കൊണ്ടിരിക്കുകയും ചെയ്തിരുന്ന ഘട്ടത്തിൽ 1949 -ൽ അഹ്മദിയ്യാ ജമാഅത്തിന്റെ വന്ദ്യഇമാം ഹസ്‌റത്ത് മർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പ്രസ്താവിക്കുകയുണ്ടായി, ഇസ്‌റായീൽ ഒടുവിൽ റഷ്യൻ വലയത്തിലേക്ക് ആകർഷിക്കപ്പെടുമെന്നാണ് പ്രവചനങ്ങളിൽനിന്ന് മനസ്സിലാകുന്നതെന്ന്. (കമ്മ്യൂണിസവും ഡമോക്രസിയും- കമ്മ്യൂണസത്തെ നേരിടാൻ എന്നീ പുസ്തകങ്ങൾ നോക്കുക). പ്രത്യക്ഷത്തിൽ അന്ന് ഇതിന്റെ യാതൊരടയാളവും ഉണ്ടായിരുന്നില്ല. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ ചലനങ്ങളും ഈ വീക്ഷണത്തെ സാധൂകരിക്കുന്നതല്ലായിരുന്നു. എന്നാൽ, ഇന്ന് സംഭവഗതികൾ മറ്റൊരു വഴിക്ക് തിരിയുന്ന കാഴ്ചയാണ് കാണുന്നത്. എണ്ണ പ്രതിസന്ധി അമേരിക്കയേയും പശ്ചിമയൂറോപ്യൻ ശക്തികളേയും ഒരു വീണ്ടുവിചാരത്തിന് നിർബന്ധിച്ചു. ഈ അടിസ്ഥാനത്തിലാണ് മധ്യപൂർവ്വദേശത്തെ കിസിഞ്ചർദൗത്യം. അമേരിക്ക അറബികളുടെ നിലപാട് അംഗീകരിക്കേണ്ട സാഹചര്യത്തിലേക്ക് നീങ്ങാനിടയായി. തുടർന്ന് ഇസ്‌റായീലിനുള്ള അമേരിക്കൻ ആയുധ സപ്ലൈ ഗണ്യമായി വെട്ടിക്കുറക്കാൻ അമേരിക്കൻ അധികൃതന്മാർ തീരുമാനിച്ചിരിക്കുകയാണ്. അമേരിക്കയുടെ പുതിയ നയനീക്കങ്ങൾ ഇസ്‌റായീലിൽ അതിന്റേതായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാതിരുന്നിട്ടില്ല. ഇന്ന് അമേരിക്കക്കെതിരായ വികാരങ്ങളാണ് ഇസ്രായീലിൽ സ്വാധീനം ചെലുത്തിവരുന്നതെന്ന് കാണുന്നു. അമേരിക്കയോട് ചാഞ്ഞുനിൽക്കുന്നത് തങ്ങളുടെ താല്പര്യത്തിന് ഹാനികരമാണെന്ന് മനസ്സിലാക്കുന്ന നിമിഷം ജൂതന്മാർ അഥവാ ഇസ്‌റായീൽ റഷ്യൻപക്ഷത്ത് പരസ്യമായിതന്നെ ചേരാനും അതുവഴി തങ്ങളോടൊപ്പം ലോകത്തേയും ഒരു മഹാവിപത്തിലേക്ക് തള്ളിയിട്ടുകൊണ്ട് അമേരിക്കയെ വഞ്ചിക്കാനും തയ്യാറാകുമെന്നത് തീർച്ചയാണ്. ജൂതന്മാരുടെ ചരിത്രം വഞ്ചനയുടെ ചരിത്രമാണുതാനും.

തങ്ങളുടെ രക്ഷക്കുതകുമെന്ന് കരുതി പാശ്ചാത്ത്യ കോയ്മകൾ പുടത്തുയർത്തിയ ജൂതസ്റ്റേറ്റ് അവർക്കുതന്നെ ഒരു മഹാവിപത്തായി മാറുന്നകാലം വിദൂരമല്ലെന്നും ഹസ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) പാശ്ചാത്യ രാഷ്ട്രങ്ങളെ തന്റെ പുസ്തകത്തിൽ താക്കീത് ചെയ്തിരുന്നു. ഈ സംഭവവികാസം പ്രവചിക്കപ്പെട്ട ആ അണുയുദ്ധത്തിലാണ് ചെന്നെത്തുക. പാലസ്തീൻ കേന്ദ്രമാക്കിയുള്ള ഒരു ലോകമഹായുദ്ധത്തെ കുറിച്ച് ഹസ്‌റത്ത് അഹ്മദ്(അ) പ്രവചിച്ചിട്ടുണ്ട്. ആ പ്രവചനം നിശ്ചയമായും പുലരും. അതിന്റെ അന്ത്യമാകട്ടെ, ഇസ്‌ലാമിന്റെ വിജയോത്ഥാനവുമായിരിക്കും.

## തിരുനബിയുടെ തിരുമൊഴികൾ

### ഭർത്താവും ഭാര്യയും

"അവർ നിങ്ങൾക്ക് വസ്ത്രമാണ്. നിങ്ങൾ അവർക്കും വസ്ത്രമാകുന്നു." (വി.ഖു. 2:188)

തിരുനബി(സ) അരുളി: "നിങ്ങളുടെ ഭാര്യമാർ നിങ്ങൾക്ക് നിയമവിധേയരാക്കിത്തീർക്കുന്ന കരാറത്രെ നിങ്ങൾ ചെയ്യുന്ന കരാറുകളിൽവച്ച് ഏറ്റവും നിർബ്ബന്ധപൂർവ്വമായിട്ടുള്ളത്.

''നിധികളിൽ അത്യുത്തമം ഏതാണെന്നു ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഉത്തമ പത്നി! തന്റെ ഭർത്താവ് വീക്ഷിക്കുമ്പോൾ അവൾ അയാളെ സന്തുഷ്ടനാക്കുന്നു. തന്നോട് കല്പിക്കുമ്പോൾ അയാളെ അനുസരിക്കുന്നു. ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ അയാളുടെ മുതലുകൾ സൂക്ഷിക്കുന്നു.

"നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയോട് ഉത്തമരീതിയിൽ പെരുമാറുന്നയാളത്രെ."

"അല്ലാഹുവിന്റെ ദാസികളെ നിങ്ങൾ അടിക്കരുത്."

**2005–06ലെ 'ബദ്ർ' പത്രത്തിൽ പ്രസിദ്ധീകരിച്ച കേരളത്തിൽനിന്ന് വസിയ്യത്ത് ചെയ്തവരുടെ പേരും പിതാവിന്റെ പേരും സ്ഥലവും വസിയ്യത്ത് ചെയ്ത തിയ്യതിയും ബദ്ർ പത്രത്തിന്റെ ലക്കനമ്പറും താഴെ ചേർക്കുന്നു**

| | | | | |
|---|---|---|---|---|
| 15904 | പി.എ. സയ്ഫുദ്ദീൻ | s/o ബി.എ. ഹൈദ്രോസ് | പള്ളിപ്പുറം | 5.4.05 |
| 15905 | എം.ടി.ലുഖ്മാനുൽഹക്കീം | s/o എം.ടി. വീരാൻ | പള്ളിപ്പുറം | 6.4.05 |
| 15906 | പി. സഊദുട്ടി | s/o പി. കുഞ്ഞിഅഹ്മദ് | പള്ളിപ്പുറം | 6.4.05 |
| 15907 | വി.പി. സുഹ്റ | w/o പി. മുഹമ്മദ് | പള്ളിപ്പുറം | 6.4.05 |
| 15908 | പി. മുഹമ്മദ് | s/o പി. മദീദുണ്ണി | പള്ളിപ്പുറം | 16.4.05 |
| 15909 | വി.പി. മുഹ്യിദ്ദീൻകുട്ടി | s/o വി.പി. മുഹമ്മദ് | പള്ളിപ്പുറം | 6.4.05 |
| 15910 | വി.പി. അബ്ദുൽഖാദർ | s/o വി.പി. മുഹമ്മദ് | പള്ളിപ്പുറം | 6.4.05 |
| 15911 | കെ.പി.മുഹമ്മദ് | s/o കുഞ്ഞലവി | പത്തപ്പിരിയം | 1.4.05 |
| 15912 | പി. മുഹമ്മദ്കുട്ടി | s/o സൈനുദ്ദീൻഹാജി | പള്ളിപ്പുറം | 6.4.05(17) |
| 15913 | വി.പി.മൻസൂർ അഹ്മദ് | s/o വി.പി. സയ്ദ് | പള്ളിപ്പുറം | 5.4.05 |
| 15918 | കെ.ടി. മുബാറക്ക | w/o അബ്ദുൽ ശക്കീൽ | കൊടിയത്തൂർ | 1.5.05 |
| 15919 | പി.പി. സുബൈദ | w/o സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 |
| 15920 | സി. മുഹമ്മദ് സലീം | s/o സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 |
| 15921 | ഇബ്നുറശീദ് | s/o സയ്യിദ് അഹ്മദ് എം. | കൊടിയത്തൂർ | 1.4.05 |
| 15922 | വി.പി. സുബൈദ | w/o എം.സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 |
| 15923 | ശാഹ്ജഹാൻ അലി | s/o അബ്ദുൽഖാദിർ മാസ്റ്റർ | കൊടിയത്തൂർ | 1.1.04 |
| 15924 | സി.മുഹമ്മദ്അബ്ദുർറഹ്മാൻ | s/o സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 |
| 15925 | എം. സിറാജുദദ്ദീൻ | s/o എം.സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 |
| 15926 | യു. നദീറ ബാസിത്ത | w/o എം.സിറാജുദ്ദൻ | കൊടിയത്തൂർ | 1.5.05 |
| 15927 | കെ.പി. ആയിശ | w/o എം. അഹ്മദ് | കൊടിയത്തൂർ | 1.4.05 |
| 15928 | എം. അഹ്മദ്കുട്ടി | s/o എം.ഇമ്പിച്ചാലി | കൊടിയത്തൂർ | 1.4.05 |
| 15929 | എം. ഇമ്പിച്ചാലി | s/o എം. അഹ്മദ്കുട്ടി | കൊടിയത്തൂർ | 1.5.05 |
| 15930 | പി. മുഹമ്മദ് | s/o പി. അലിക്കുട്ടി | കൊടിയത്തൂർ | 1.5.05 |
| 15931 | എം. മരക്കാർ | s/o ഇമ്പിച്ചാലി | കൊടിയത്തൂർ | 1.4.05 |
| 15932 | എ.ടി. ശാഹ്ന | d/o ഇ. ശംസുദ്ദീൻ | കൊടിയത്തൂർ | 1.5.05 |
| 15933 | ഇ. ശംസുദ്ദീൻ | s/o എ.അഹ്മദ് | കൊടിയത്തൂർ | 1.5.05 |
| 15934 | ഇ. അഹ്മദ് | s/o ഇ. മാഹീൻ | കൊടിയത്തൂർ | 1.4.05 |
| 15935 | പി. ആയിശകുട്ടി | w/o എം. മുഹമ്മദ് | കൊടിയത്തൂർ | 1.4.05 |
| 15936 | എം. മഹ്മൂദ് | s/o എം. അഹ്മദ് | കൊടിയത്തൂർ | 1.4.05 |
| 15937 | എം. ശഫീഖ് അഹ്മദ് | s/o എം.സി. മുഹമ്മദ് | കൊടിയത്തൂർ | 1.5.05 (19/20) |
| 15948 | പി.പി. ഖദീജ | w/o ടി.കെ. റഫീഖ് | കൽക്കുളം | 1.4.82 |
| 15949 | ടി.കെ. റഫീഖ് | s/o ടി.കെ. അബൂക്കർ | കൽക്കുളം | 1.4.05 (21) |
| 15950 | ടി.എം. അബ്ദുൽജലീൽ | s/o ടി.കെ. മുഹമ്മദ് | കൽക്കുളം | 1.4.05 |
| 15951 | സയ്ല | w/o ടി.കെ. മുബാറക് | കൽക്കുളം | 1.4.05 |
| 15952 | ടി.കെ. മുഹമ്മദ് | s/o കെ.ടി. അലവി | കൽക്കുളം | 9.4.05 |
| 15953 | സി.ജെ. സുറയ്യ | w/o ടി.കെ. സഫ്ർ | കൽക്കുളം | 1.4.05 |
| 15954 | ടി.കെ. മുബാറക് | s/o ടി.കെ. ഹസ്സൻ | കൽക്കുളം | 1.4.05 |
| 15957 | ഹഫ്സ കരീം | w/o മുഹമ്മദ് കരീം | കാക്കനാട് | 8.4.05 |
| 15958 | പി. മുഹമ്മദ് കരീം | s/o എം.എ. ഫരീദ് | കാക്കനാട് | 8.4.05 |
| 15959 | സി.എച്ച്. നജീബ് | s/o ഇ.എം. ഹൈദ്രോസ് | കാക്കനാട് | 25.3.05 (22) |
| 15960 | സുബയ്ദ | w/o മുഹമ്മദ് മുഹ്യിദ്ദീൻ | കരുനാഗപ്പള്ളി | 13.5.05 |

ശേഷം 48–ൽ

# മജ്ലിസ് അൻസാറുല്ലാഹ് മേഖലാ ഇജ്ത്തിമാകൾ

**കേ**രള മജ്ലിസ് അൻസാറുല്ലായെ കേരള നാസിമിന്റെ കീഴിൽ ആറ് മേഖലകളായി തിരിച്ചതിനുശേഷമുള്ള മേഖല ഇജ്തിമാകൾ മജ്ലിസുകളിൽ പുതിയ ഉണർവ്വും ആവേശവും പകർന്നു. വളരെ വിജയപ്രദമായി സമാപിച്ച മേഖലാ സമ്മേളനങ്ങളുടെ ഇവിടെ ലഭിച്ച റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

**തിരുവനന്തപുരം മേഖല**

കരുനാഗപ്പള്ളി: മജ്ലിസ് അൻസാറുല്ലാഹ് തിരുവനന്തപുരം മേഖലാ ഇജ്തിമാ കരുനാഗപ്പള്ളി അഹ്മദിയ്യാ മുസ്ലിം മസ്ജിദിൽവെച്ച് മെയ് 28 ഞായറാഴ്ച നടന്നു. മാത്ര ഇബ്റാഹീം കുട്ടി സാഹിബിന്റെ തിലാവത്തുൽഖുർആനോടുകൂടി സമാരംഭം കുറിച്ച ഇജ്തിമാ യോഗത്തിൽ കരുനാഗപ്പള്ളി നാഇബ് അമീർ ശംസുദ്ദീൻ സാഹിബ് അധ്യക്ഷനായിരുന്നു. സോണൽ അമീർ ജനാബ് അബ്ദുൽ ജലീൽ സാഹിബ് ഇജ്തിമാ ഉദ്ഘാടനം ചെയ്തുകൊണ്ട് ഡേവിഞ്ചികോഡിനെ സംബന്ധിച്ച് സംസാരിച്ചു. ആദിനാട്, കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, മാത്ര, നിലമേൽ, കരുനാഗപ്പള്ളി മജ്ലിസുകളിലെ സയീമുമാർ ആശംസകൾ നേർന്നു. അനുസരണവും ഖിലാഫത്തും എന്ന വിഷയത്തെ അധികരിച്ച് മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ ക്ലാസ്സെടുത്തു. ഉച്ച കഴിഞ്ഞ് 2.30ന് കബീർ കരുനാഗപ്പള്ളിയുടെ ഖുർആൻ പാരായണത്തോടെ തർബിയ്യത്ത് യോഗം ആരംഭിച്ചു. നാസിം ഇലാഖ അഹ്മദ് ശരീഫ് സാഹിബായിരുന്നു അധ്യക്ഷൻ. മാത്ര ഹനീഫാസാഹിബ് പദ്യം ചൊല്ലി. മൗലവി ടി. ശഫീഖ് അഹ്മദ് സാഹിബ് കാലത്തിന്റെ 'ഇമാമിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. തുടർന്ന് നടന്ന ചോദ്യോത്തര സദസ്സിൽ മൗലവി ഇസ്മായീൽ സാഹിബ് ചോദ്യങ്ങൾക്ക് മറുപടി നൽകി. മത്സരങ്ങളിൽ വിജയിച്ചവർക്ക് മൗലവി മുഹമ്മദ് ഫാറൂഖ് സാഹിബ് സമ്മാനദാനം നിർവ്വഹിച്ചു. ഡോ. മൻസൂർ അഹ്മദ് സാഹിബ് ആദിനാട് സ്വാഗതവും നായിബ് നാസിം ഇലാഖ ഹംസാ സാഹിബ് നന്ദിയും പറഞ്ഞു. ദുആയോടെ യോഗം സമാപിച്ചു.

സെക്രട്ടറി തിരുവനന്തപുരം മേഖല

**എറണാകുളം മേഖല**

എറണാകുളം:- എറണാകുളത്ത് പുതുതായി നിർമ്മിച്ച പള്ളിയിൽവെച്ച് 25.06.06-ന് എറണാകുളം മേഖല മജ്ലിസ് അൻസാറുല്ലായുടെ പ്രഥമ മേഖല ഇജ്തിമാഅ് നടന്നു. 10 മണിക്ക് ആരംഭിച്ച യോഗത്തിൽ ജ:മുഹമ്മദ് മാസ്റ്റർ കാക്കനാട് വിശുദ്ധഖുർആൻ പാരായണം ചെയ്തു. കേരള നാസിം ജ:പി.പി. നാസിറുദ്ദീൻ സാഹിബ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും എറണാകുളം മജ്ലിസിലെ എം.എം. അബ്ദുർറഹീംസാഹിബ് പദ്യം ആലപിക്കുകയും ചെയ്തു. മേഖല നാസിം ജ: സജിത് പടിയത്ത് സാഹിബ് സ്വാഗതഭാഷണം നടത്തി. സംസ്ഥാന നാസിം തന്റെ അദ്ധ്യക്ഷ ഭാഷണത്തിൽ മജ്ലിസുകൾക്ക് ഇതേവരെ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനും എന്നാൽ മാത്രമേ അടുത്ത പരിപാടികൾ നമുക്ക് മജ്ലിസിന് മുമ്പിൽ വെക്കാൻ സാധിക്കുകയുള്ളൂ എന്നും ഓർമ്മിപ്പിച്ചു. ഇജ്തിമാഇ ദുആക്ക് സംസ്ഥാന നാസിം നേതൃത്വം നൽകി. മുഖ്യാതിഥിയായ മേഖല അമീർ ജ: ബി.ബി. അഹ്മദ് കബീർ സാഹിബ് തന്റെ ഭാഷണത്തിൽ അൻസാറുല്ലാഹ് എന്ന പ്രായം പ്രവർത്തനത്തിന്റെ പ്രായമാണെന്ന് മറക്കരുതെന്നും തിരുനബി (സ.അ) 40-ാമത്തെ വയസ്സിനുശേഷമാണ് അതായത്, അൻസാറുല്ലാഹ് ആയതിനുശേഷമാണ് ഇത്രമാത്രം പ്രവർത്തനങ്ങൾ കാഴ്ചവെച്ചതെന്നും ഓർമ്മിപ്പിച്ചു. തിരക്കുപിടിച്ച ഈ ജീവിതത്തിൽ ജമാഅത്ത് പ്രവർത്തനങ്ങൾ മറക്കരുതെന്നും മക്കളുടെ തർബിയത്ത് കാര്യത്തിൽ നാം വളരെയധികം ശ്രദ്ധിക്കേണമെന്നും ഇതിൽ ശ്രദ്ധിക്കാത്തതിന്റെ ഫലമായി കണ്ണീർ കുടിക്കുന്ന കുടുംബനാഥന്മാരെ നാം കാണുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആശംസ നേർന്ന മേഖല ഖാഇദ് ജ:ടി.കെ.അബൂബക്കർ സാഹിബ് അടുത്തകാലത്ത് ഭാരവാഹികളോടും ജമാഅത്തംഗങ്ങളോടും വഖ്ഫെ സിന്ദകികളായവരോടും ഹുസൂർ ഖുത്ബയിലൂടെ പറഞ്ഞ കാര്യങ്ങൾ നമ്മൾ എപ്പോഴും ഓർക്കുകയും ആ ഖുത്ബ പലവുരു വായിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ചായക്കുശേഷം നടന്ന തർബിയത്ത് ക്ലാസ്സിൽ മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങളുടെ വെളിച്ചത്തിൽ ജമാഅത്തംഗങ്ങൾ ജീവിതം ഏതുവിധം ക്രമപ്പെടുത്തണമെന്ന് സവിസ്തരം പ്രതിപാദിച്ചു. ആത്മീയമായി ആവേശം പകർന്ന ഈ ക്ലാസ്സിനുശേഷം നമസ്ക്കാരവും ഭക്ഷണവുമായിരുന്നു. തുടർന്ന് മത്സരപരിപാടികൾ നടന്നു. മത്സരപരിപാടികൾക്കുശേഷം നടന്ന ചോദ്യോത്തരസദസ്സിൽ മൗലവി എം.നാസിർ അഹ്മദ് സാഹിബ്, മൗലവി മൻസിൽ സാഹിബ് എന്നിവർ ചോദ്യങ്ങൾക്ക് മറുപടി നൽകി. സമാപനസമ്മേളനത്തിൽ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു. ദുആയോടുകൂടി ഇജ്തിമാ സമാപിച്ചു.

**പാലക്കാട് മേഖല**

തിരുവഴാംകുന്ന്: അതിശക്തമായ പ്രതികൂല കാലാവസ്ഥയിലും പാലക്കാട് മേഖലയിലെ 9 മജ്ലിസുകളുടേയും നിറഞ്ഞസാന്നിധ്യത്തിൽ 28.5.06-ന് തിരു

വഴാംകുന്ന് തബ്‌ലീഗ് സെന്ററിൽ പാലക്കാട് മജ്‌ലിസ് അൻസാറുല്ലാ മേഖലാ ഇജ്തിമാഅ് വിജയപൂർവ്വം സംഘടിപ്പിക്കുകയുണ്ടായി.

നന്മകൾ ആർജ്ജിക്കുന്നതിൽ അൻസാർ അംഗങ്ങൾ സമൂഹത്തിലും ജമാഅത്തിലും ഉന്നത മാതൃകയുള്ള വരായിത്തീരണമെന്ന് ഇജ്തിമാഅ് ഉദ്ഘാടനം ചെയ്തു കൊണ്ട് അഖിലേന്ത്യാ നാഇബ് സദ്ർ മൗലാനാ ഇനാ യത്തുല്ലാഹ് സാഹിബ് മണ്ടാശി ആഹ്വാനം ചെയ്തു. കാലത്തിന്റെ ഇമാമിനോടൊപ്പം ചുവടുകൾവെച്ച് ആത്മീയതയുടെ അഭൗമികമണ്ഡലത്തിലേക്ക് കുതി ച്ചുയരാനും അദ്ദേഹം അംഗങ്ങളോട് ആവശ്യപ്പെട്ടു. വെറുപ്പും വിദ്വേഷവും ഇല്ലാത്ത സ്വർഗ്ഗീയാന്തരീക്ഷം സൃഷ്ടിക്കാൻ കടപ്പെട്ടവരാണ് കാലത്തിന്റെ മസീ ഹിനെ തിരിച്ചറിഞ്ഞ അഹ്മദികൾ എന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി.

ഉദ്ഘാടനയോഗത്തിൽ മേഖലാ നാസിം എം.കെ. അബ്ദുൽ അസീസ് സാഹിബ് അധ്യക്ഷത വഹിച്ചു. മേഖലാ അമീർ പ്രൊഫ. എം.കെ. അബ്ദുൽകരീം സാഹിബ്, അൻസാറുല്ലാഹ് സംസ്ഥാന നാസിം പി. പി. നാസിറുദ്ദീൻ സാഹിബ് എന്നിവർ ആശംസകൾ നേർന്നു.

ശേഷം മൗലവി എച്ച്. ശംസുദ്ദീൻ കാവശ്ശേരി (അൽവസിയ്യത്ത്), മൗലവി ഹിദായത്തുല്ലാഹ്ഖാൻ സാഹിബ് സഖാഫി (നബി(സ)യുടെ ജീവിതം) എന്നി വർ ക്ലാസ്സെടുത്തു.

പള്ളിപ്പുറം വി.പി. മൊയ്തീൻകുട്ടി സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച ഇജ്തിമാഇൽ സി.പി. സിദ്ദീഖ് സാഹിബ് അലനല്ലൂർ പദ്യമാലപിച്ചു. ഉച്ചക്കു ശേഷം വിവിധ മത്സരപരിപാടികൾ അരങ്ങേറി. മൗലവി കെ. ഖമറുദ്ദീൻ സാഹിബ് ക്വിസ്മാസ്റ്ററായി രുന്നു.

ദുആയോടുകൂടി 4.30-ന് ഇജ്തിമാഅ് സമംഗളം സമാപിച്ചു.

**മലപ്പുറം മേഖല**

വാണിയമ്പലം:- മജ്‌ലിസ് അൻസാറുല്ലാഹ് മല പ്പുറം ഇലാഖ ഏകദിന ഇജ്തിമാഅ് 25.06.06-ന് വാണി യമ്പലം ജമാഅത്തിൽ വെച്ച് വളരെ വിജയകരമായി നടന്നു. അൽഹംദുലില്ലാഹ്.

രാവിലെ ജ:ടി.കെ. മഹ്മൂദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെ ഇജ്ത്തിമാഅ് ആരംഭിച്ചു. ടി.കെ. മുഹമ്മദ് (കുഞ്ഞു)സാഹിബ് പദ്യം ചൊല്ലി. നാസിം ഇലാഖ ജ:സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് സത്യ വാചകം ചൊല്ലിക്കൊടുത്തു. മലപ്പുറം മേഖലാ അമീർ ജ: മുഹമ്മദാലി മാസ്റ്റർ സാഹിബ് ഇജ്ത്തിമാഅ് ഉദ്ഘാ ടനം ചെയ്തു. ദുആക്ക് അദ്ദേഹം നേതൃത്വം നൽകി. ഉദ്ഘാടന പ്രസംഗത്തിൽ അമീർ സാഹിബ് ഹുസൂർ തിരുമനസ്സിന്റെ ഖുത്ബകളുടെ വെളിച്ചത്തിൽ ഓരോ രുത്തരിലും പരിശുദ്ധമായ മാറ്റം ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. അല്ലാഹുവിന്റെ തൃപ്തി




യായിരിക്കണം നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം നേടു ന്നതിനുവേണ്ടി നാം അഹോരാത്രം പരിശ്രമിക്കണ മെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. മേഖലാ നാസിം ഇലാഖ സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് അധ്യ ക്ഷത വഹിച്ചു. അൻസാറുല്ലായുടെ ബാധ്യതകളേയും ചുമതലകളേയും കുറിച്ച് അധ്യക്ഷൻ സംസാരിച്ചു. ഓരോ അൻസാർ സഹോദരനും അല്ലാഹുവിന്റെ സഹായിയായി പ്രവർത്തിക്കണമെന്ന് അദ്ദേഹം പറ ഞ്ഞു. മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത് സദർ സാഹി ബിന്റെ സന്ദേശം ജ:കെ.സിദ്ദീഖ് മൗലവി സാഹിബ് വായിച്ചുകേൾപ്പിച്ചു. അദ്ദേഹം തന്റെ സന്ദേശത്തിൽ ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബയും, അതു പോലെതന്നെ മറ്റു നിർദ്ദേശങ്ങൾ കേൾക്കുവാനും, അത് പ്രാവർത്തികമാക്കുവാനുമുള്ള സംവിധാനം ഉണ്ടായിരിക്കണമെന്നും സഹോദരന്മാരെ ഉണർത്തു കയുണ്ടായി. മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് 'ദഅ്വത്തെ ഇലല്ലാഹ്' എന്ന വിഷയത്തെ ക്കുറിച്ചും മൗലവി ടി.കെ. മഹ്മൂദ് സാഹിബ് 'വിശു ദ്ധഖുർആൻ പഠനം' എന്ന വിഷയത്തെക്കുറിച്ചും ടി. കെ. മഹ്മൂദ് സാഹിബ് 'വസിയ്യത്തി'നെകുറിച്ചും ക്ലാസ്സെടുത്തു. ആരോഗ്യപരിപാലനക്ലാസ്സിൽ ഡോക്ടർ വസീം അഹ്മദ് സാഹിബ് (കോഴിക്കോട്) സഹോദര ന്മാരുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. വൈജ്ഞാനിക മത്സരങ്ങളിൽ വിജയികളായവർക്ക് അമീർ സാഹിബ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഖുത്ബ ക്വിസ്സിന് മുഅല്ലിം ടി.കെ. മഹ്മൂദ് സാഹിബ് നേതൃത്വം നൽകി. നായിബ് നാസിം ഉമൂമി ടി.കെ. അമീറലി സ്വാഗതവും, വാണിയമ്പലം സയീം പി. അലവിഹാജി നന്ദിയും പറഞ്ഞു. ദുആയോടുകൂടി ഇജ്ത്തിമാഅ് അവസാനിച്ചു.

**കണ്ണൂർമേഖല**

മജ്‌ലിസ് അൻസാറുല്ലായുടെ കണ്ണൂർമേഖലാ ഇജ്തിമാ 2006 ജൂൺ 4-ന് കണ്ണൂർടൗൺ പള്ളിയിൽ വച്ചുനടന്നു.

ഇജ്തിമാ ഉദ്ഘാടനം ചെയ്തുകൊണ്ട് മജ്‌ലിസ് അൻസാറുല്ലാ ഭാരത് നായിബ് സദർ ജ:ഇനായത്തു ല്ലാഹ് സാഹിബ് ഇജ്തിമായുടെ പ്രാധാന്യം, ദുആ യുടെ ആവശ്യകത, പുതിയ തലമുറയ്ക്ക് ശിക്ഷണം നൽകേണ്ടതിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച്


അൻസാറുല്ലായെ ഉദ്ബോധിപ്പിച്ചു. ഹുസൂർ തിരുമനസ്സിന്റെ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കേണ്ടതിനെക്കുറിച്ച് അദ്ദേഹം ഓർമ്മിപ്പിച്ചു. ഖുത്ബകൾ യഥാസമയം തർജ്ജമ ചെയ്ത് കേൾപ്പിക്കുന്നുണ്ടെന്നറിഞ്ഞതിൽ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി. മൗലവി ടി.എം. മുഹമ്മദ് സാഹിബ് അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തി. തുടർന്ന് മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് ഉപദേശപ്രസംഗം നടത്തി. യോഗത്തിൽ അൻസാറുല്ലാഹ് മേഖലാ നാസിം യു. മൻസൂർ സാഹിബ് അധ്യക്ഷത വഹിച്ചു. മേഖലാ അമീർ ജ:എൻ.കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ്, മജ്‌ലിസ് അൻസാറുല്ലാഹ് നാസിം കേരള ജ:പി.പി. നാസിറുദ്ദീൻ സാഹിബ് എന്നിവർ ആശംസിച്ചു. മൗലവി ശഫീഖ് അഹ്മദ് സാഹിബിന്റെ ഖുർആൻ പാരായണത്തോടെയാണ് യോഗം ആരംഭിച്ചത്. കൺവീനർ കെ.അബ്ദുൽ അസീസ് സ്വാഗതം പറഞ്ഞു.

തുടർന്ന് നടന്ന അനുമോദനയോഗത്തിൽ ജ: അബ്ദുല്ലാ സുബൈർ സാഹിബ്, പ്രൊഫ. പി. മുസഫർ അഹ്മദ് എന്നിവർ ക്ലാസ്സെടുത്തു. എസ്.എസ്. എൽസി, പ്ലസ് 2, ഡിഗ്രി പരീക്ഷകളിൽ വിജയിച്ച വിദ്യാർത്ഥികളെ അനുമോദിച്ചുകൊണ്ട് പ്രൊഫ.ബി. മഹ്മൂദ് അഹ്മദ് സാഹിബ് പ്രസംഗിച്ചു. വിജയികൾക്കുള്ള സമ്മാനദാനം കണ്ണൂർ ടൗൺ ജമാഅത്ത് പ്രസിഡന്റ് ബി.അബ്ദുസ്സലാം സാഹിബ് നിർവ്വഹിച്ചു. തദവസരത്തിൽ കണ്ണൂർ ടൗൺ ജമാഅത്തിൽ ഹുസൂറിന്റെ സ്കോളർഷിപ്പിനർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം നടത്തി. ഇജ്തിമായിൽ പദ്യം അവതരിപ്പിച്ച കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായിലെ കുട്ടികൾക്ക് ജ: ഇനായത്തുല്ലാഹ് സാഹിബ് പ്രത്യേക ക്യാഷ് അവാർഡ് നൽകുകയുണ്ടായി. അഡ്വ. ജമീൽ അഹ്മദ് സാഹിബ് നന്ദി പറഞ്ഞു. ദുആയോടെ ഇജ്തിമാഅ് തിരശ്ശീലവീണു.

●



**കൂടാളി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പുതുതായി രൂപംനൽകിയ ബിൽഡിംഗ് കോംപ്ലക്സിന്റെ ശിലാസ്ഥാപന കർമ്മം കേരള ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ നിർവ്വഹിക്കുന്നു**



**മൗലാനാ മുഹമ്മദ് ഉമർ എച്ച്.എ.**

*കോ-ഓർഡിനേറ്റിംഗ് ഓഫീസർ*

കേരളത്തിലെ ആറ് മേഖലകളുടെ അമീർമാർക്കിടയിലുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആവശ്യം വരുമ്പോൾ അവരുടെ യോഗം വിളിച്ച് ചേർക്കുന്നതിനും ജമാഅത്ത് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി നിസാറത്ത് ഇസ്‌ലാഹോ ഇർശാദിന്റെ അപേക്ഷപ്രകാരം മൗലാനാ മുഹമ്മദ് ഉമർ സാഹിബിനെ കോ-ഓർഡിനേറ്റിംഗ് ഓഫീസറായി 2.4.2006-ന് സദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാൻ നിയോഗിച്ചിരിക്കുന്നു. മൗലാനാ സാഹിബ് കേരളത്തിലെ ചീഫ് മിഷണറിയുമാണ്.

## വിശുദ്ധഖുർആൻ വാരം

മഞ്ചേരി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 10.07.06 മുതൽ 16.07.06 വരെ വിശുദ്ധഖുർആൻ വാരം കൊണ്ടാടി. യോഗത്തിൽ മൗലവി സഫർ അഹ്മദ് സാഹിബ് (വിശുദ്ധഖുർആന്റെ ലക്ഷ്യം), മൗലവി എം.പി. മുഹമ്മദ് സാഹിബ് (ഖുർആൻ പാരായണമുറകൾ), മൗലവി കെ.സിദ്ദീഖ് സാഹിബ് (വിശുദ്ധഖുർആനും കുടുംബജീവിതവും), മൗലവി ടി.കെ. മഹ്മൂദ് സാഹിബ് (വിശുദ്ധഖുർആനും സാമൂഹികജീവിതവും), മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ് (വിശുദ്ധഖുർആനും സൽസ്വഭാവങ്ങളും), മൗലവി ഗുലാം അഹ്മദ് ഇസ്മായീൽസാഹിബ് (വിശുദ്ധഖുർആനും സാമ്പത്തികത്യാഗവും), മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് കാവശ്ശേരി (വിശുദ്ധഖുർആൻ അക്ഷയനിധി) എന്നിവർ പ്രസംഗിച്ചു. പ്രസിഡന്റ് പി.പി. ഹസ്സൻകോയ, സഈം ടി.എം.എസ്സ്. മുല്ലക്കോയ തങ്ങൾ, ഖാഇദ് കെ. മുബാറക് അഹ്മദ്, സി.പി. അബ്ദുൽ അസീസ്, സി. എച്ച്. അബ്ദുൽ ഗഫൂർ, ടി.കെ. അമീറലി, മൗലവി പി. അബ്ദുന്നാസിർ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. സയ്യിദ് വദൂദ് തങ്ങൾ, പി.പി. ഹസ്സൻകോയ, കെ.മുബാറക്ക് അഹ്മദ്, കെ. സർമദ് അഹ്മദ്, സയ്യിദ് അബ്ദുൽ ഹാദി തങ്ങൾ, എം. അശ്റഫ്, ബി.എ. അബ്ദുർ റഹീം, ഫർഹാൻ ഹസ്സൻ എന്നിവർ ഖുർആൻ പാരായണം ചെയ്തു.

സി.എച്ച്. രോശൻ അലി, പി.പി. ഹസ്സൻ കോയ, കെ. മുബാറക് അഹ്മദ്, സയ്യിദ് അബ്ദുൽഹാദി എന്നിവർ പദ്യം ചൊല്ലി. ടി.കെ. അമീറലി നന്ദി പറഞ്ഞു.

●

# മഹിളാ സംസ്ഥാന സമ്മേളനം വിജയകരമായി സമാപിച്ചു;

## കണ്ണൂർമേഖല ഒന്നാം സ്ഥാനത്ത്

**കോ**ഴിക്കോട്: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മഹിളാസംഘടനയായ ലജ്നാ ഇമായില്ലായുടെ ദ്വിദിന സംസ്ഥാന സമ്മേളനം, ഇസ്‌ലാമിക മൂല്യങ്ങളെ മുറുക്കിപ്പിടിച്ചുകൊണ്ട് ലോകജനതയുടെ സമാധാനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുമെന്ന പ്രഖ്യാപനത്തോടെ സമാപിച്ചു. തലേന്നു മുതൽതന്നെ പ്രതിനിധികൾ കോഴിക്കോട് അഹ്മദിയ്യാ കോംപ്ലക്സിലേക്ക് എത്തിത്തുടങ്ങിയിരുന്നു. മഴക്കാലമായതിനാൽ എല്ലാവിധ മുൻകരുതലുകളും സംഘാടകർ നടത്തിയിരുന്നു. 22-ാം തിയ്യതി കൃത്യം 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. ഉദ്ഘാടന സമ്മേളനം 9.30 -ന് മൈമൂന സാഹിബയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. സംസ്ഥാന സദ്റും യോഗാദ്ധ്യക്ഷയുമായ അമത്തുൽ ഹഫീസ് സാഹിബായുടെ നേതൃത്വത്തിൽ പ്രതിനിധികൾ ഏകശബ്ദത്തിൽ പ്രതിജ്ഞയെടുത്തു. അഖിലേന്ത്യാ സദ്ർ ബുശ്റ പാശാ സാഹിബ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുടുംബങ്ങളിൽ ആത്മീയാന്തരീക്ഷം സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിനായി നമസ്കാരം കൃത്യനിഷ്ഠയോടെ അനുഷ്ഠിക്കേണ്ടതിനെ സംബന്ധിച്ചും ബുശ്റാ സാഹിബ തന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. ഇക്കാലഘട്ടത്തിൽ യത്തീംകളെ പരിപാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ച അഖിലേന്ത്യാ സദ്ർ വാഗ്ദത്ത മഹ്ദി മസീഹിന്റെ സഹധർമ്മിണിയും സത്യവിശ്വാസികളുടെ മാതാവുമായ നുസ്റത്ത് ജഹാംബീഗം സാഹിബയുടെ നമസ്കാരത്തിലുള്ള അതീവതാല്പര്യത്തെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് പറഞ്ഞു: "ഒരിക്കൽ ഗ്രാമീണരായ ചില മുസ്‌ലിം സ്ത്രീകൾ ഉമ്മുൽ മുഅ്മിനീനെ കാണാൻ വന്നു. നമസ്കാരത്തിന്റെ സമയം കഴിഞ്ഞിട്ടും അവർ നമസ്കരിക്കാത്തതുകണ്ടപ്പോൾ എന്താണ് നമസ്കരിക്കാത്തതെന്ന് ചോദിച്ചു. കൈക്കുഞ്ഞുങ്ങളുള്ളതുകൊണ്ട് വസ്ത്രം നജ്സാണെന്നും അതുകൊണ്ട് തങ്ങൾ വീട്ടിൽപോയി നമസ്കരിക്കാമെന്നും അവർ പറഞ്ഞു.'' വളരെ സൗമ്യമായി ഉമ്മുൽ മുഅ്മിനീൻ അവരെ ഉപദേശിച്ചു: "അല്ലാഹു അനുവദിച്ചിട്ടുള്ള പ്രത്യേക ദിനങ്ങളൊഴിച്ച് എപ്പോഴും ഏത് പരിതസ്ഥിതിയിലും നമസ്കാരം കൃത്യമായി അനുഷ്ഠിക്കേണ്ടത് ഒരു മുസ്‌ലിം സ്ത്രീക്ക് നിർബന്ധമാണ്. ഇത്തരം ഒഴികഴിവുകൾ ശരിയല്ല. അല്ലാഹു നൽകിയിരിക്കുന്ന മഹത്തായ അനുഗ്രഹമാണ് മക്കൾ. അവർ നിങ്ങൾക്ക് ശാപമായിത്തീരാൻ പാടില്ല. അതുകൊണ്ട് അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ അതാത് സമയങ്ങളിൽതന്നെ ചെയ്യേണ്ടതാണ്." മൗലാനാ മുഹമ്മദ് ഉമർ സാഹിബ് (ചീഫ് മിഷണറി, കേരള) ജനാബ് എ.പി. കുഞ്ഞാമു സാഹിബ് (മേഖലാ അമീർ, കോഴിക്കോട്), റസിയ ഹാരിസ് സാഹിബ (ആലപ്പുഴ), നസീമ സാഹിബ (അലനല്ലൂർ), ആയിശാ സാഹിബ (കോഴിക്കോട്) തുടങ്ങിയവർ ശിക്ഷണപരമായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി. സിദ്ദീഖാ സാഹിബ സ്വാഗതവും റസിയാബി സാഹിബ നന്ദിയും പറഞ്ഞു.

നമസ്കാരത്തിനും, ഭക്ഷണത്തിനുശേഷം മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബിന്റെ തർബിയ്യത്ത് ക്ലാസ്സുണ്ടായിരുന്നു. ലജ്നാ ഇമായില്ലാ പ്രവർത്തകർക്ക് ആത്മീയമായ കരുത്തും ആവേശവും പകരുന്നതായിരുന്നു മൗലവി സാഹിബിന്റെ ക്ലാസ്സ്. കുറഞ്ഞ സമയംകൊണ്ട് ഖുർആൻ പാരായണം, നമസ്കാരം, പർദ്ദ തുടങ്ങിയ ഗഹനമായ വിഷയങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് മൗലവി സാഹിബ് സംസാരിച്ചത്.

വൈകുന്നേരം നാലു മണിക്ക് ടൗൺ ഹാളിൽ പൊതുയോഗം നടന്നു. ഡോ. മുബാറക്കാബീവി സാഹിബ പഴയങ്ങാടിയായിരുന്നു അദ്ധ്യക്ഷം വഹിച്ചത്. അഖിലേന്ത്യാ സദ്ർ ബുശ്റ പാശാ സാഹിബ യോഗം ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ട്രീസാ പാലക്കൽ, പ്രൊഫ. സുചരിത ഹൊട്ട തുടങ്ങിയവർ ആശംസകൾ നേർന്നു.

ദൈവനിയുക്തനായ മഹ്ദീ മസീഹ്(അ)ന്റെ ഖലീഫ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ ഹൃദയസ്പൃക്കായ സന്ദേശം സംസ്ഥാന സദ്ർ സാഹിബ സദസ്സിനെ കേൾപ്പിച്ചു. സാജിദ മുസഫ്ഫർ കോഴിക്കോട്, അനീസ കലീം കരുനാഗപ്പള്ളി, ജുവൈരിയ ഗൗഹർ കണ്ണൂർ തുടങ്ങിയവർ പ്രസംഗിച്ചു. എം.വഹീദാസാഹിബയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച യോഗത്തിൽ നസീറാ സാഹിബ

സ്വാഗതവും നുസ്റത്ത് സാഹിബ നന്ദിയും പറഞ്ഞു.

മൗലവി സഫർ അഹ്മദ് സാഹിബ് ഞായറാഴ്ച തഹജ്ജുദ് നമസ്കാരത്തിനും സുബ്ഹി നമസ്കാരത്തിനും നേതൃത്വം നൽകി. അദ്ദേഹത്തിന്റെ ദർസുമുണ്ടായിരുന്നു. മൗലവി ഗുലാം അഹ്മദ് ഇസ്മായിൽ സാഹിബ് തർബിയ്യത്ത് ക്ലാസ്സ് നടത്തി. ഭൗതികലോകത്തോടുള്ള ഭ്രമം കാരണം കുട്ടികളിൽ വളർന്നുവരുന്ന ആത്മഹത്യാ പ്രവണതയെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പന്ത്രണ്ട് വയസ്സിനുള്ളിൽതന്നെ കുട്ടികളെ ഇത്തരം കാര്യങ്ങൾ പറഞ്ഞുകൊടുത്ത് ബോധവല്ക്കരണം നടത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചകഴിഞ്ഞ് ചേർന്ന സമാപനസമ്മേളനത്തിൽ താഹിറ സാഹിബ പഴയങ്ങാടി അദ്ധ്യക്ഷയായിരുന്നു. മൗലവി മുഹമ്മദ് ഉമർ സാഹിബ് ഉദ്ബോധനപ്രസംഗം നടത്തി. ജസീന സാഹിബ പത്തപ്പിരിയം സമ്മേളനം അവലോകനം ചെയ്തു. അഖിലേന്ത്യാ സദ്ർ ബുശ്റ പാശാ സാഹിബയും സംസ്ഥാന സദ്ർ അമത്തുൽ ഹഫീസ് സാഹിബയും വിവിധ മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനത്തിന് അർഹരായവർക്ക് സമ്മാനദാനം നിർവ്വഹിച്ചു. ശറീന പത്തപ്പിരിയത്തിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച സമാപനസമ്മേളനത്തിന് സിദ്ദീഖാ സാഹിബാ കോഴിക്കോടിന്റെ നന്ദിപ്രകടനത്തോടെ തിരശ്ശീലവീണു. ദുആയോടുകൂടി സമ്മേളനം സമാപിച്ചു. രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

മേഖലാ അടിസ്ഥാനത്തിൽനടന്ന വിവിധ മത്സരങ്ങളിൽ ഒന്നാം സ്ഥാനം കണ്ണൂരും, രണ്ടാം സ്ഥാനം കോഴിക്കോടും മൂന്നാംസ്ഥാനം കരുനാഗപ്പള്ളിയും കരസ്ഥമാക്കി. (സ്വ.ലേ.)

# പ്രൊ. മഹ്മൂദ് അഹ്മദിന് മലയാളഭാഷാ പുരസ്കാരം



കണ്ണൂർ: ഉത്തരകേരള കവിതാ സാഹിത്യവേദിയുടെ ഈ വർഷത്തെ മലയാളഭാഷാ പുരസ്കാരത്തിന് പ്രൊഫ. മഹ്മൂദ് അഹ്മദിനെ തിരഞ്ഞെടുത്തു. മലയാള സാഹിത്യത്തിനും പത്രപ്രവർത്തന രംഗത്തും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. പി.ആർ. നാഥൻ, ഇല്ലിക്കെട്ട് നമ്പൂതിരി, മലയത്ത് അപ്പുണ്ണി, രാവണപ്രഭു എന്നിവരടങ്ങിയ ജഡ്ജിങ് കമ്മിറ്റിയാണ് വിധി നിർണ്ണയിച്ചത്. ആഗസ്ത് 20-ന് കണ്ണൂർ സംഗീത കലാക്ഷേത്രത്തിൽ നടക്കുന്ന സമ്മേളനത്തിൽ പുരസ്കാരം നൽകും. ജനാബ് മഹ്മൂദ് അഹ്മദ് സാഹിബ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സംസ്ഥാന പബ്ലിക്കേഷൻ സെക്രട്ടറിയാണ്.

## ഖുർആൻ വാരം

കോഴിക്കോട്: കോഴിക്കോട് അഹ്മദിയ്യാ മുസ്‌ലിമിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 14 മുതൽ 20വരെ ഖുർആൻവാരം കൊണ്ടാടി. അമീർ എ.പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്തു. മൗലവി മുഹമ്മദ് ഉമർ സാഹിബ്, കെ.വി.ഈസക്കോയാ സാഹിബ്, കെ. മുഹമ്മദ് യൂസുഫ് സാഹിബ്, ഐ.കെ. അഹ്മദ്കുട്ടി സാഹിബ്, എ. മുഹമ്മദ് സലീം സാഹിബ്, ടി. അഹ്മദ് സയീദ് സാഹിബ് തുടങ്ങിയവർ വിവിധ വിഷയങ്ങളെ അധികരിച്ച് സംസാരിച്ചു. കെ.വി. ഹസ്സൻകോയ സാഹിബ് നന്ദി പറഞ്ഞു.

**43-ാം പേജിൽ നിന്ന്**

| | | | | |
|---|---|---|---|---|
| 15961 | എം. ശഫീഖ് അഹ്മദ് | s/o മുഹമ്മദ് മുഹ്‌യിദ്ദീൻ | കരുനാഗപ്പള്ളി | 13.5.05 |
| 15962 | മുഹമ്മദ് മുഹ്‌യിദ്ദീൻകുഞ്ഞ് | s/o മുഹമ്മദ് അലി | കരുനാഗപ്പള്ളി | 6.5.05 (23) |
| 15968 | സാബിറ സക്‌രിയ്യ | w/o പി.എ. സക്‌രിയ്യ | പള്ളുരുത്തി | 23.2.05 |
| 15969 | എം.എം. സുലൈമാൻ | s/o എം. മുഹമ്മദ് | ചേലക്കര | 7.5.05 |
| 15970 | പി.എസ്. മർയം ബീവി | w/o എം. ഇബ്റാഹിം കുട്ടി | ചേലക്കര | 7.4.05 |
| 15971 | വി.ടി. ശരീഫ് | s/o ടി. മുഹമ്മദ് | ചേലക്കര | 6.4.05 |
| 15972 | വൈ. സൈനബ് | w/o എം.എം. സുലൈമാൻ | ചേലക്കര | 7.5.05 |
| 15973 | കെ. നാസർ | s/o കെ.കെ. മുഹ്‌യിദ്ദീൻ | ചേലക്കര | 7.4.05 |
| 15974 | എ. സുലേഖ | w/o ടി. മുഹമ്മദ് മുസ്‌ലിയാർ | ചേലക്കര | 6.4.05 |
| 19975 | മുഹമ്മദ് ടി. മുസ്‌ലിയാർ | s/o എൻ. കുട്ടിമുസ്‌ലിയാർ | ചേലക്കര | 6.4.05 (24,25) |

(ബദ്ർ പത്രത്തിന്റെ ലക്കം നമ്പറാണ് അവസാനം കൊടുത്തിരിക്കുന്നത്. വസിയ്യത്ത് അംഗീകരിക്കുന്നതിനു മുമ്പേ ഇത് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നത് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അത് കേന്ദ്രത്തിൽ അറിയിച്ച് തിരുത്താൻ വേണ്ടിയാണ്. അതിനാൽ വസിയ്യത്ത് ചെയ്ത മൂസിമാർ തങ്ങളുടെ വസിയ്യത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള ബദ്ർ പത്രം നോക്കി തങ്ങൾ എഴുതിക്കൊടുത്ത രേഖകൾ ശരിയാണോ എന്ന് പരിശോധിക്കുക. എന്തെങ്കിലും നീക്കാനോ ചേർക്കാനോ ഉണ്ടെങ്കിൽ സെക്രട്ടറി ബിഹിശ്തി മഖ്ബറയെ അറിയിക്കുക.)